മാധുവാണി

രജതസ്മൃതി

അമൃതവാഹിനി

സദ്ഗുരു ശ്രീ മാതാ അമൃതാനന്ദമയീദേവി

മാതൃവാണി
രജതസ്മൃതി

മാതൃവാണി
രജതസ്മൃതി

അമൃതവാഹിനി

സദ്ഗുരു ശ്രീ മാതാ അമൃതാനന്ദമയീദേവി

മാതാ അമൃതാനന്ദമയീമിഷൻ ട്രസ്റ്റ്
അമൃതപുരി പി.ഒ., കൊല്ലം-690 546, കേരളം.

AMRITAVAHINI (MALAYALAM)
Collection of Amma's Teachings
Compiled By: Swami Jnanamritananda Puri
Matruvani Rajatasmriti - Selections from 25 years of Matruvani

Published by
Mata Amritanandamayi Mission Trust
Amritapuri PO Kollam Dist Keralam INDIA 690 546
Email: mam@amritapuri.org, Website: www.amritapuri.org

2008 September First Edition1000, 2019-1000

Type setting and layout
Amrita DTP, Amritapuri

Printed at
Amrita Offset Printers, Amritapuri

Copyright © 2014 by Mata Amritanandamayi Mission Trust.
All rights reserved. No part of this publication may be stored in a retrieval system, transmitted, reproduced, transcribed or translated into any language, in any form, by any means without the prior agreement and written permission of the publisher.

ഉള്ളടക്കം

ആമുഖം 9

ഹിന്ദുസംസ്കൃതി 13

ഹിന്ദുസംസ്കൃതിയുടെ ഏകരൂപത 15

ഹിന്ദുസംസ്കൃതി – വിശ്വസംസ്കൃതി 17

ഹിന്ദുസംസ്കൃതി – സംക്ഷിപ്തരൂപരേഖ 19

ഈ നിഗമനങ്ങൾ നിരർത്ഥകങ്ങൾ 23

ഹിന്ദുധർമ്മം 26

ഹിന്ദുധർമ്മത്തിന്റെ വിശാലരൂപം 30

ആശ്രമവ്യവസ്ഥ – സ്വാതന്ത്ര്യപ്രാപ്തിക്കുവേണ്ടി ... 33

രാമരാജ്യത്തിന്റെ സ്വരൂപം 36

പ്രണവം 39

സംസ്കൃതി, രഥത്തിന്റെ രണ്ടു ചക്രങ്ങൾ 41

ഭാരതീയസംസ്കൃതിയിൽ ധനത്തിനുള്ള സ്ഥാനം 44

സന്ധ്യാനാമം മുടക്കരുതു് 48

അഭിവാദനം 53

തീർത്ഥാടനകേന്ദ്രങ്ങൾ 58

ഹോളി – ഒരു വിശകലനം 61

ബിംബാരാധന: തത്ത്വവും വിശകലനവും 66

ഉന്നതവിദ്യാഭ്യാസം 73

സമത്വം സംസ്കൃതിയുടെ സർവ്വസ്വം 78

മുജ്ജന്മസംസ്കാരം 85

മരണം: ഹൈന്ദവവീക്ഷണം 89

ശവദാഹസംസ്കാരം 98

വ്യാപാരത്തിലൂടെ ധനാർജ്ജനം 101

ചന്ദനസുഗന്ധം 109

വേദം സ്വതഃപ്രമാണം

വേദങ്ങൾ 116

പ്രവൃത്തിധർമ്മം നിവൃത്തിധർമ്മം

ഈ ദോഷങ്ങൾ ദൂരികരിക്കൂ 134

ജന്മോദ്ദേശ്യം 139

ഗൃഹസ്ഥാശ്രമവും ദാമ്പത്യവും 149

ഭാര്യാഭർത്തൃബന്ധം 155

ആമുഖം

അനാദികാലം മുതല്ക്കേ ഭാരതത്തിൽ പ്രവഹിച്ചുകൊണ്ടിരിക്കുന്ന ആദ്ധ്യാത്മികധർമ്മത്തെ ഓരോ കാലഘട്ടത്തിലും യുഗാനുരൂപമായി ആവിഷ്കരിക്കാൻ അവതാരഗുരുക്കന്മാർ ആവിർഭവിച്ചിട്ടുണ്ടു്. ഇന്നു് അമ്മ – സദ്ഗുരു ശ്രീ മാതാ അമൃതാനന്ദമയീദേവി – ഈ മഹത്തായ ദൗത്യം നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണു്. കാലാതിവർത്തി

യായ സനാതനധർമ്മമൂല്യങ്ങൾക്കനുസരിച്ച് ഇന്നത്തെ ലോകത്തെ വാർത്തെടുക്കുന്ന ഈ ദിവ്യദൗത്യത്തിൽ അമ്മ ജീവിതത്തിന്റെ ഒരു മേഖലയും സ്പർശിക്കാതെ വിടുന്നില്ല. ലോകരുടെ വൈയക്തികജീവിതം, കുടുംബജീവിതം, വിവിധ സാമൂഹ്യവിഷയങ്ങൾ, ആരോഗ്യരംഗം, വിദ്യാഭ്യാസരംഗം, പാരിസ്ഥിതികവിഷയങ്ങൾ എന്നിങ്ങനെ തുടങ്ങി വിശ്വശാന്തിവരെയുള്ള സകലവിഷയങ്ങളിലും അമ്മയുടെ സജീവസാന്നിദ്ധ്യം കാണാം. ബ്രഹ്മനിഷ്ഠയും ത്യാഗവും അടിസ്ഥാനമായ ആദ്ധ്യാത്മികധർമ്മത്തിൽ സ്ഥിതി ചെയ്തുകൊണ്ടു് അമ്മ ലോകജീവിതത്തിന്റെ സമസ്തമേഖലകളിലും ഭാവാത്മകമായ പരിവർത്തനം വരുത്തിക്കൊണ്ടിരിക്കുന്നു. ധാർമ്മികമൂല്യങ്ങൾ സമൂഹത്തിൽനിന്നു് അപ്രത്യക്ഷമാകാൻ തുടങ്ങിയ ഒരു കാലഘട്ടത്തിലാണു് അമ്മ തന്റെ അവതാരദൗത്യം ആരംഭിച്ചതു്. മൂല്യങ്ങളുടെ പുനഃപ്രതിഷ്ഠയാണു് എല്ലാ പ്രശ്നങ്ങൾക്കുമുള്ള മൗലിക പരിഹാരം. ഇതാണു് അമ്മ ചെയ്തുകൊണ്ടിരിക്കുന്നതും. ഇതിനായി അമ്മ പല മാർഗ്ഗങ്ങളും അവലംബിക്കുന്നു. അമ്മ നല്കുന്ന ദർശനം മുതൽ അമ്മ നടത്തുന്ന വൻസംരംഭങ്ങൾവരെ എല്ലാം സമൂഹത്തിൽ മൂല്യങ്ങളുടെ പുനഃപ്രതിഷ്ഠ സാധിതമാക്കുന്നു. ഇങ്ങനെയെല്ലാം അമ്മയുടെ ധർമ്മസംസ്ഥാപനദൗത്യം മുന്നേറുന്നു.

ഈ ദൗത്യത്തിൽ അച്ചടിമാധ്യമങ്ങളിലൂടെയുള്ള പ്രസിദ്ധീകരണങ്ങളും മഹത്തായ പങ്കു നിർവ്വഹിക്കുന്നുണ്ടു്. അമ്മയുടെ ജീവിതചരിത്രവും ഉപദേശങ്ങളും ഗ്രന്ഥരൂപേണ ഇന്നു് അനേകം ഭാഷകളിൽ ലഭ്യമാണു്. അമ്മയുടെ ശിഷ്യരുടെയും ഭക്തരുടെയും രചനകളും പ്രസിദ്ധീകൃതമായിട്ടുണ്ടു്. ഇത്തരം പ്രസിദ്ധീകരണങ്ങളിൽ മാതാ

അമൃതാനന്ദമയീമഠത്തിന്റെ മുഖ്യ ആനുകാലികപ്രസിദ്ധീകരണമായ മാതൃവാണിമാസികയുടെ സ്ഥാനം മുൻനിരയിലാണു്. കഴിഞ്ഞ 25 വർഷമായി അമ്മയുടെ ജീവിതത്തെയും ഉപദേശങ്ങളെയും ഭാരതത്തിന്റെ ആദ്ധ്യാത്മികധർമ്മത്തെയുംക്കുറിച്ചു ജനങ്ങളെ ബോധവാന്മാരാക്കുന്നതിൽ മാതൃവാണി വലുതായ പങ്കാണു വഹിച്ചുവരുന്നതു്.

മാതൃവാണി അതിന്റെ രജതജൂബിലി വർഷത്തിലേക്കു പ്രവേശിക്കുന്ന ഈ സന്ദർഭത്തിൽ മുൻലക്കങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ചില പംക്തികളിലെ രചനകളെല്ലാം സമാഹരിച്ചു്, 'മാതൃവാണി രജതസ്മൃതി'യെന്ന പേരിൽ ഓരോ ചെറുപുസ്തകമായി ഇറക്കുകയാണു്. തങ്ങൾ മാസംതോറുമായി വായിച്ച പംക്തികളിലെ രചനകൾ ഒരിടത്തു് ഒന്നിച്ചുകിട്ടുന്നതു മാതൃവാണി വായനക്കാർക്കു ഹൃദ്യമായ ഒരു അനുഭവമായിരിക്കുമെന്നാണു പ്രതീക്ഷ. മാതൃവാണിയിലൂടെ ഈ രചനകളെ പരിചയപ്പെടാത്തവർക്കോ, ഇവയൊരു നൂതനനിധിയായും അനുഭവപ്പെടും. മാതൃവാണി രജതസ്മൃതിയിൽ ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ഇരുപത്തിയഞ്ചു ഗ്രന്ഥങ്ങളിലൊന്നാണു് 'അമൃതവാഹിനി' എന്ന ഈ ഗ്രന്ഥം. ധർമ്മകുതുകികളായ സഹൃദയർ ഈ ഗ്രന്ഥത്തെ സഹർഷം സ്വാഗതം ചെയ്യുമെന്ന വിശ്വാസത്തോടെ അമ്മയുടെ പാദപദ്മങ്ങളിൽ നിവേദിച്ചുകൊണ്ടു്, അമ്മയുടെ പ്രസാദരൂപത്തിൽ ഈ ഉപഹാരം നിങ്ങളുടെ മുന്നിലവതരിപ്പിക്കുന്നു.

പ്രസാധകൻ

നിഷ്കളങ്കമായ പുഞ്ചിരി നമ്മെ ഈശ്വരനിലേക്കുയർത്തും

പ്രേമസ്വരൂപികളും ആത്മസ്വരൂപികളുമായിരിക്കുന്ന എല്ലാവർക്കും നമസ്കാരം.

ലോകത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള മക്കൾ ഇന്നിവിടെയുണ്ടു്. ഊണും ഉറക്കവും ഉപേക്ഷിച്ചാണു മക്കൾ ഇവിടെ എത്തിയിരിക്കുന്നതു്. ഇന്നത്തെ ദിവസം ത്യാഗത്തിന്റെ ദിവസമാണു്. നമ്മുടെ ജീവിതത്തിലേക്കു്, നമ്മുടെ ഉള്ളിലേക്കു നോക്കി തെറ്റുകൾ കണ്ടെത്തി തിരുത്തുവാൻ നമുക്കു ശ്രമിക്കാം. അതാണു നമ്മുടെ ജീവിതത്തിൽ വേണ്ടതു്.

അന്യരുടെ ദുഃഖം അറിയാൻ ശ്രമിക്കുക.

മക്കൾ ചുറ്റും ഒന്നു കണ്ണോടിക്കുക. അവയെ ഒന്നു വിശകലനം ചെയ്യുക. ലോകത്തിന്റെ ഇന്നത്തെ അവസ്ഥ എന്തെന്നു് ഒന്നു മനസ്സിലാക്കുക. അതിനുള്ള ദിവസമാണിന്നു്. ലോകത്തിലുള്ള ജനങ്ങൾ ഏതെല്ലാം തരത്തിലാണു കഷ്ടപ്പെടുന്നതു്. അവരുടെ ജീവിതം നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഒരു വർഷം മുൻപു നടന്ന ഒരു സംഭവം അമ്മ ഓർ

ക്കുക യാണു്. ബോംബെയിലുള്ള മക്കൾ പറഞ്ഞറിഞ്ഞതാണു്. ബോംബെയിൽ ഒരു സ്ഥലത്തു് ഒരാൾക്കു ഷുഗറിന്റെ അസുഖമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലിൽ ഒരു മുറിവുണ്ടായി. അതു പഴുത്തു വലിയ വ്രണമായി. ഡോക്ടറെ കാണിച്ചപ്പോൾ "ആ കാലു മുറിച്ചു മാറ്റണം, അല്ലെങ്കിൽ പഴുപ്പു മുകളിലേക്കു ബാധിക്കും, അതു വലിയ പ്രശ്നം സൃഷ്ടിക്കും" എന്നു പറഞ്ഞു. അദ്ദേഹം വളരെ വിഷമിച്ചു. കാലു നഷ്ടപ്പെടുമെന്നുള്ള ദുഃഖം മാത്രമല്ല, ആ ഓപ്പറേഷനു പത്തുപതിനായിരം രൂപ വേണ്ടിവരും. പ്രത്യേകിച്ചൊരു സ്ഥിരവരുമാനമില്ലാത്ത മനുഷ്യനാണു്. കിട്ടുന്നതു കുടുംബം പുലർത്താൻതന്നെ തികയുന്നില്ല. കാലിനു് അസുഖം വന്നതിനുശേഷം പഴയതുപോലെ ജോലിക്കു പോകുവാനും സാധിക്കുന്നില്ല. ഡോക്ടർ കുറിച്ചുകൊടുത്ത മരുന്നു വാങ്ങുവാൻതന്നെ പണമില്ലാതെ വിഷമിക്കുകയാണു്. അങ്ങനെയുള്ള ഒരാൾ എങ്ങനെ ഓപ്പറേഷനു പണം കണ്ടെത്തും? അദ്ദേഹം ആകെ വിഷമിച്ചു. ഒരു ദിവസം ആ സാധു റെയിൽവേപാളത്തിനടുത്തുചെന്നിട്ടു്, ട്രെയിൻ വരുന്ന സമയം കാൽ പാളത്തിലേക്കു വച്ചുകൊടുത്തു. ട്രെയിൻ കയറി ആ കാലു മുറിഞ്ഞു. പക്ഷേ, രക്തം വാർന്നൊഴുകി ആൾ മരണത്തിന്റെ വക്കിലെത്തി. ആളുകൾ അദ്ദേഹത്തെയെടുത്തു് ആശുപത്രിയിലാക്കി. നടന്ന സംഭവത്തെക്കുറിച്ചു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, "എനിക്കു കാലു മുറിക്കാൻ പണമില്ല. കാലു മുറിച്ചു മാറ്റാതെ ഈ ആ സുഖം കാരണം ജീവിക്കാനും കഴിയില്ല. ഓപ്പറേഷനു പണമില്ലാത്ത എന്റെ മുൻപിൽ മറ്റൊരു വഴിയുമുണ്ടായിരുന്നില്ല. അതുകൊണ്ടു് ഇങ്ങനെ ചെയ്യേണ്ടിവന്നു."

മക്കൾ ആ ജീവിതത്തിലേക്കു് ഒന്നു കണ്ണോടിക്കുക.

ഇന്നു നമുക്കു് ആശുപത്രിയുണ്ടു്. എല്ലാവർക്കും സൗജന്യമായി ചെയ്യുവാൻ പറ്റുന്നില്ലെങ്കിലും പല സാധുക്കൾക്കും അവിടെ സൗജന്യമായി ഓപ്പറേഷൻ ചെയ്തുകൊടുക്കുന്നുണ്ടു്. പക്ഷേ, അവർ ആശുപത്രി വിട്ടതിനുശേഷം കഴിക്കേണ്ട മരുന്നുകളുണ്ടു്. അതു വാങ്ങുവാൻ പലർക്കും പണമില്ല. ഓപ്പറേഷൻ കഴിഞ്ഞു കുറച്ചു ദിവസമെങ്കിലും വിശ്രമിക്കണമെന്നു പറഞ്ഞതിനാൽ ജോലിക്കു പോകുവാൻ സാധിക്കുന്നില്ല. ആ കുടുംബങ്ങൾ പട്ടിണികൊണ്ടു തളർന്നു കിടക്കുന്ന അവസ്ഥ നമുക്കു കാണുവാൻ സാധിക്കും. ചുറ്റും ഒന്നു കണ്ണോടിച്ചാൽ, ഇങ്ങനെ കഷ്ടപ്പെടുന്ന, ഒരു നേരത്തെ ആഹാരത്തിനു വകയില്ലാതെ ദുരിതമനുഭവിക്കുന്ന എത്ര കുടുംബങ്ങളെ വേണമെങ്കിലും കാണുവാൻ സാധിക്കും. ഈ സമയം നമ്മൾ ആഡംബരത്തിനും മറ്റു് അനാവശ്യകാര്യങ്ങൾക്കും ചെലവുചെയ്യുന്ന പണത്തെക്കുറിച്ചു് ഓർക്കുക. അതുണ്ടെങ്കിൽ, ഒരു സാധുവിനു മരുന്നു വാങ്ങുവാൻ കഴിയും, ഒരു കുടുംബത്തിനു് ഒരു നേരത്തെ ഭക്ഷണത്തിനു മതിയാകും, ഒരു സാധുക്കുട്ടിയുടെ വിദ്യാഭ്യാസത്തിനു നല്കി അതിന്റെ ഭാവി ശോഭനമാക്കുവാൻ സാധിക്കും. ഈ ഒരു മനോഭാവം – പരസ്പരം സ്നേഹിക്കാനും സേവിക്കാനുമുള്ള ഒരു ഭാവം – ആണു നമ്മൾ ആദ്ധ്യാത്മികത്തിൽ ഉണർത്തിയെടുക്കേണ്ടതു്.

നാമെല്ലാം ഒരു ശൃംഖലയിലെ കണ്ണികളാണു്

നമ്മൾ ഒറ്റപ്പെട്ട ഒരു ദ്വീപല്ല, ഒരു ശൃംഖലയിലെ കണ്ണികളാണു്. നമ്മൾ ചെയ്യുന്ന ഓരോ കർമ്മവും അറിഞ്ഞോ അറിയാതെയോ മറ്റുള്ളവരെ സ്വാധീനിക്കുന്നുണ്ടു്. ഈ ലോകത്തു നടന്നിട്ടുള്ള എല്ലാ യുദ്ധങ്ങളും, ഏതെങ്കിലും

ഒരു മനുഷ്യന്റെ ഉള്ളിൽ ഉദിച്ച വിദ്വേഷത്തിന്റെ ഫലമാണു്. ഒരു വ്യക്തിയുടെ ചിന്ത, പ്രവൃത്തി, എത്രയോ ആളുകൾക്കു നാശമുണ്ടാക്കി! ഹിറ്റ്ലർ ഒരു വ്യക്തിയാണു്. പക്ഷേ, അദ്ദേഹത്തിന്റെ കർമ്മങ്ങൾ എത്ര ആളുകളെയാണു ബാധിച്ചിട്ടുള്ളതു്. നമ്മുടെ ചിന്ത മറ്റുള്ളവരെയും, മറ്റുള്ളവരുടെ ചിന്ത നമ്മളെയും ബാധിക്കുന്നുണ്ടു് എന്നറിഞ്ഞു്, എപ്പോഴും നല്ല ചിന്തകൾ മാത്രം ഉൾക്കൊള്ളുവാൻ നാം ശ്രദ്ധിക്കണം. അവരു മാറാതെ ഞാൻ മാറില്ല എന്നു ചിന്തിക്കാതെ അവരു മാറിയില്ലെങ്കിലും നമ്മൾ മാറാൻ ശ്രമിക്കണം. അപ്പോൾ തീർച്ചയായും മാറ്റം സംഭവിക്കുന്നു. അതാണു് ആദ്ധ്യാത്മികം പഠിപ്പിക്കുന്നതു്.

ഇന്നത്തെ ദിവസം ത്യാഗത്തിന്റെ ദിവസമാണെന്നു് അമ്മ പറഞ്ഞു. ത്യാഗത്തിൽക്കൂടിയേ നമ്മുടെ സംസ്കാരത്തെ ഉദ്ധരിക്കാൻ കഴിയൂ. ഋഷികൾ നമുക്കു തന്ന സംസ്കാരം നമ്മളിൽ ഉണർത്തേണ്ടതിനെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണീ ദിവസം. ബാഹ്യമായ ആഡംബരത്തിനോ ആഘോഷത്തിനോ വേണ്ടിയുള്ള ദിനമല്ലിതു്. വ്യക്തിബോധം മറന്നു്, നല്ല കർമ്മങ്ങളിൽ മുഴുകി അവയിലാനന്ദിക്കുമ്പോൾ മാത്രമാണു ജീവിതം ഉത്സവമായി മാറുന്നതു്. ഉല്ലാസവും സംസ്കാരവും കൂടി ഒന്നുചേരണം. അതാണു ജീവിതത്തെ ഉത്സവമാക്കി മാറ്റുന്നതു്. സംസ്കാരത്തോടുകൂടിയുള്ള ഉല്ലാസം ഒരു കൊച്ചു കുഞ്ഞിന്റെ പുഞ്ചിരിപോലെയാണു് – നിഷ്കളങ്കമായ പുഞ്ചിരി. അതു നമ്മളെ ഈശ്വരനിലേക്കുയർത്തും. എന്നാൽ, സംസ്കാരരഹിതമായ ഉല്ലാസം, കർമ്മം നമ്മളെ മൃഗീയതയിലേക്കു താഴ്ത്തും.

നമുക്കറിയാം, ഇന്നു ലോകത്തിൽ എല്ലാ രീതിയിലും സംസ്കാരം തകർന്നുകൊണ്ടിരിക്കുകയാണു്. രാഷ്ട്രീയത്തിലാകട്ടെ, വിദ്യാഭ്യാസത്തിലാകട്ടെ, കുടുംബജീവിതത്തിലാകട്ടെ സംസ്കാരം തകർന്നു കൊണ്ടിരിക്കുകയാണു്. ആദ്ധ്യാത്മികത്തിൽനിന്നും ഊർജ്ജം ഉൾക്കൊണ്ടു മാത്രമേ ഈ സംസ്കാരത്തെ ഉദ്ധരിക്കുവാൻ കഴിയൂ. നമ്മുടെ ജീവിതത്തിനു ശക്തി പകരുന്ന സയൻസാണു് ആദ്ധ്യാത്മികം. നമ്മുടെ ജീവിതത്തിനു സൗന്ദര്യം നല്കുന്ന കലയാണു് ആദ്ധ്യാത്മികം.

സംസ്കാരത്തെ ഉൾക്കൊള്ളുക.

ഇന്നത്തെ കുട്ടികളും യുവാക്കളും പാശ്ചാത്യസംസ്കാരത്തെയാണു് അനുകരിച്ചു കാണുന്നതു്. നമുക്കില്ലാത്ത പല നല്ല ഗുണങ്ങളും അവരിൽ കണ്ടെന്നിരിക്കാം. എന്നാൽ നമ്മുടെ മൂല്യങ്ങളെ, സംസ്കാരത്തെ പാടെ മറന്നു പാശ്ചാത്യരീതികളെ അന്ധമായി അനുകരിക്കുന്നതാണു് ഇന്നു കണ്ടുവരുന്നതു്. അതു പ്ലാസ്റ്റിക്കു് ആപ്പിൾ കടിക്കുന്നതുപോലെയാണു്. ശിവൻ ബ്രഹ്മാവിന്റെ വേഷം കെട്ടുന്നതുപോലെയാണു്. അതിലൂടെ നമുക്കു നമ്മുടെ യഥാർത്ഥവ്യക്തിത്വം നഷ്ടമാകുന്നു. അതിനാൽ നമ്മൾ വളർന്ന സംസ്കാരത്തിലേക്കു നമ്മൾ തിരിയാൻ ശ്രമിക്കണം. അതിനുവേണ്ടി കുഞ്ഞുങ്ങളിൽ ചെറുപ്പം മുതലേ ആ സംസ്കാരം ഊട്ടിയുറപ്പിക്കുവാൻ അമ്മമാർ ശ്രദ്ധിക്കണം. സമയം ഇനിയും വൈകിയിട്ടില്ല. മുതിർന്നവർ നമ്മുടെ സംസ്കാരം എന്തെന്നറിഞ്ഞു്, ഇളം തലമുറയ്ക്കു പകർന്നുകൊടുക്കണം. എന്നാൽ ഇന്നുള്ള പല അച്ഛനമ്മമാരും എന്താണു ചെയ്യുന്നതു്? കുട്ടികളോടു പറയും, നീ നന്നായി പഠിച്ചു ഡോക്ടറാകണം, എഞ്ചിനീയറാകണം,

കലക്ടറാകണം–ഇതു മാത്രമേ അവർക്കുപദേശിക്കുവാനുള്ളൂ. ഇതു വേണ്ടെന്നോ തെറ്റാണെന്നോ അമ്മ പറയുന്നില്ല. അതോടൊപ്പം നമ്മളിലെ മാനുഷികമൂല്യങ്ങളെക്കൂടി ഉദ്ധരിക്കുവാനുള്ള മാർഗ്ഗം നമ്മൾ ജീവിച്ചു കാണിച്ചു കൊടുക്കണം. അതുമാത്രമേ അമ്മ പറയുന്നുള്ളൂ.

കൊച്ചുകുട്ടികളുടെ മനസ്സ്, പുതിയതായി സിമന്റു ചെയ്ത തറപോലെയാണ്. അതിൽ പതിയുന്ന കാല്പാടുകൾ മായുകയില്ല. അതവിടെ തെളിഞ്ഞുകിടക്കും. അതിനാൽ ചെറുപ്പകാലത്തുതന്നെ അവരിൽ നല്ല സംസ്കാരം വളർത്താൻ നമ്മൾ ശ്രമിക്കണം. ആദ്യം പകർന്നു നല്കുന്ന ഈ സംസ്കാരമാണ് അവരുടെ ജീവിതത്തിന്റെ ആണിക്കല്ല്. നമുക്കെല്ലാം നമ്മുടെ കുട്ടികൾ പഠിച്ചു മിടുക്കരായി ധാരാളം പണം സമ്പാദിച്ചു സുഖമായി ജീവിക്കുന്നതു കാണാൻ ആഗ്രഹമുണ്ട്. എന്നാൽ ആദ്ധ്യാത്മികസംസ്കാരമില്ലെങ്കിൽ, എത്ര വിദ്യ നേടിയാലും, ഏതു പദവിയിലെത്തിയാലും, എത്ര ധനം നേടിയാലും അതുകൊണ്ടു മാതാപിതാക്കൾക്കും സമൂഹത്തിനും ശാന്തിയും സമാധാനവും കിട്ടണമെന്നില്ല. ഇതെല്ലാം നേടാനവസരം കൊടുത്തിട്ടും മക്കളുടെ കുത്തഴിഞ്ഞ ജീവിതം കണ്ടു് കണ്ണീരു കുടിക്കുന്ന ധാരാളം കുടുംബങ്ങളെ അമ്മയ്ക്കറിയാം. അതിനാൽ എല്ലാറ്റിനും അടിസ്ഥാനം നല്ല സംസ്കാരമാണ്. അതാണ് ഏതൊരു അച്ഛനും അമ്മയും മക്കൾക്കു കൊടുക്കേണ്ട ഏറ്റവും വിലപിടിച്ചതും നശിക്കാത്തതുമായ സ്വത്ത്. പുസ്തകങ്ങളിൽക്കൂടിയോ സ്കൂളിൽക്കൂടിയോ മാത്രം പകർന്നു കൊടുക്കുവാൻ പറ്റുന്ന ഒന്നല്ല സംസ്കാരം. അതിന് ആദ്യം വേണ്ടതു നമ്മുടെ ജീവിതം സംസ്കാര സമ്പന്നമാക്കുകയാണ്. നമ്മളിൽ മാറ്റമുണ്ടാക്കാതെ അടുത്ത തലമുറയിൽ മാറ്റമുണ്ടാക്കാൻ സാധി

ുകയില്ല. ഇന്നു നമ്മൾ കനകം കൊടുത്തു കാക്ക
പ്പാന്നു സമ്പാദിക്കുകയാണു്. ഈ മണ്ണിന്റെ ആത്മീയ
സംസ്കാരം കളഞ്ഞുകുളിക്കാതെതന്നെ നമുക്കു സമ്പത്തു
നടാൻ കഴിയും. ആദ്ധ്യാത്മികവും ഭൗതികവും പരസ്പ
രവിരുദ്ധങ്ങളല്ല. ഒന്നിനുവേണ്ടി മറ്റൊന്നു തള്ളേണ്ടതില്ല.

അദ്ധ്യാപകർ; യന്ത്രം, കുട്ടികൾ; ഭിത്തി

നമ്മുടെ കുട്ടികൾ ഇന്നു പലതരം വിഷയങ്ങളെപ്പറ്റി കൂടുതൽ അറിവുള്ളവരാണു്. എന്നാൽ ആദ്ധ്യാത്മികതയില്ലാത്ത അവരുടെ അറിവുകളെല്ലാം അടിത്തറയില്ലാതെ പണിതുയർത്തിയ വീടുപോലെയായിരിക്കുന്നു. ഇന്നു സ്കൂളും കോളേജുമെല്ലാം ഒരു യുദ്ധക്കളംപോലെയാണു്. യുദ്ധക്കളത്തിലെ വെട്ടും കുത്തുമെല്ലാം ഇന്നു വിദ്യാലയങ്ങളിൽ കാണാം. രാഷ്ട്രീയത്തിന്റെ പേരിലായാലും മറ്റെന്തിന്റെ പേരിലായാലും.

രാഷ്ട്രീയത്തെ അമ്മ തള്ളിപ്പറയുകയല്ല. ഓരോന്നിനും ഓരോ സ്ഥാനമുണ്ടു്. അതുമാത്രമേ അവിടെ പാടുള്ളൂ. വിദ്യാലയത്തിൽ വിദ്യാഭ്യാസത്തിനു കൂടുതൽ പ്രാധാന്യം നല്കി നമ്മൾ പഠിക്കാൻ ശ്രമിക്കണം. ഒപ്പം സംസ്കാരം വളർത്താനും കഴിയണം. ഇന്നാകട്ടെ, ഏതു വിധത്തിലെങ്കിലും ഒരു സർട്ടിഫിക്കറ്റു നേടണമെന്നല്ലാതെ വിദ്യാഭ്യാസംകൊണ്ടു സംസ്കാരം നേടാൻ വിദ്യാർത്ഥിക്കോ, അതിനവർക്കു പ്രചോദനം കൊടുക്കാൻ അദ്ധ്യാപകർക്കോ താത്പര്യമില്ല. എന്തിനുവേണ്ടിയാണു തങ്ങൾ പഠിക്കുന്നതെന്ന ബോധംപോലും ഇന്നത്തെ കുഞ്ഞുങ്ങൾക്കില്ല. ഇതുമൂലം കുഞ്ഞുങ്ങളിൽ ശരിയായ ജ്ഞാനമോ സംസ്കാരമോ കാണുന്നില്ല. വിദ്യാലയങ്ങളിൽ കുട്ടികൾ അദ്ധ്യാപകരോടു കാട്ടേണ്ട മര്യാദകൾ പാലിക്കുന്നില്ല.

അതിനാൽ അവിടെ അദ്ധ്യാപകർ യന്ത്രങ്ങളെപ്പോലെയായി; കുട്ടികൾ ഭിത്തിപോലെയും. അവിടെ ഹൃദയം ഹൃദയത്തോടു സംസാരിക്കുന്നില്ല. കുട്ടികൾക്കു വേണ്ട ഏകതയുടെ ബോധം അവരിൽ ഉണരുന്നില്ല. അവർ എന്തിനു വേണ്ടിയാണോ വിദ്യാലയങ്ങളിൽ പോകുന്നത്, അതു മറന്നു് അവർ വേറൊന്നായി മാറുകയാണു്. ഇന്നത്തെ നമ്മുടെ വിദ്യാഭ്യാസം എങ്ങനെയെന്നുവച്ചാൽ ഉടുപ്പിനുവേണ്ടി ശരീരത്തെ മുറിക്കുന്നതുപോലെയാണു്. ചെരിപ്പിനുവേണ്ടി കാലുമുറിച്ചു ചെറുതാക്കുന്നതുപോലെയാണു്. ഇന്നു വിദ്യാഭ്യാസം കഴിഞ്ഞെത്തുന്നവർ നടക്കുന്ന കംപ്യൂട്ടർ പോലെയായിത്തീർന്നിരിക്കുന്നു. ശവത്തിനു മേക്കപ്പിട്ടിരിക്കുന്നതുപോലെ ആയിരിക്കുന്നു. ഹൃദയം അവിടെ നഷ്ടപ്പെട്ടു പോയിരിക്കുന്നു.

ഇന്നു നമ്മൾ ജോലിക്കുവേണ്ടി ജീവിക്കുന്നു; ജീവിക്കാൻ വേണ്ടിയല്ല ജോലി ചെയ്യുന്നതു്. എല്ലാ രീതിയിലും ജീവിതം യാന്ത്രികമായിത്തീർന്നിരിക്കുന്നു.

അമ്മ ഒരു കഥ ഓർക്കുന്നു, ഒരിക്കൽ ഒരാൾ തന്റെ സ്നേഹിതനെ കാണാൻ ചെന്നു. ആ സമയത്തു് അയാൾ തന്റെ തോട്ടം നനയ്ക്കുകയാണു്. ഹോസുമായി ഓരോ ചെടിയുടെ ചുവട്ടിലും അയാൾ കുറച്ചുനേരം പോയി നില്ക്കും. എന്നിട്ടു് അടുത്ത ചെടിയുടെ അടുത്തേക്കു നീങ്ങും. പക്ഷേ ഹോസിൽനിന്നു വെള്ളം വീഴുന്നതു കാണാനുണ്ടായിരുന്നില്ല. ഇതു കണ്ട സുഹൃത്തു ചോദിച്ചു, "നിങ്ങൾ എന്താണീ കാണിക്കുന്നതു്? വെള്ളമില്ലാതെ നിങ്ങളെങ്ങനെയാണു തോട്ടം നനയ്ക്കുന്നതു്? ആ ഹോസിനു വല്ല ഊട്ടയുമുണ്ടോ എന്നു നോക്കു്!"

ഇതു കേട്ടപ്പോൾ സുഹൃത്തു പറഞ്ഞു, "ആ ചെടികളെ

അങ്ങൊന്നു ശ്രദ്ധിച്ചുനോക്കൂ." അപ്പോഴാണു് അദ്ദേഹം അതു ശ്രദ്ധിച്ചതു്, അവിടെയുണ്ടായിരുന്നതെല്ലാം പ്ലാസ്റ്റിക്കു ചെടികളാണു്. ഇതുപോലെയാണു് ഇന്നു നമ്മുടെ അവസ്ഥയും. നമ്മളെല്ലാം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതു പ്ലാസ്റ്റിക്കു പൂന്തോട്ടങ്ങളാണു്. അവിടെ ജീവന്റെ തുടിപ്പില്ല, ജീവന്റെ പരിമണമില്ല, ജീവൻ സ്പന്ദിക്കുന്ന സൗന്ദര്യമില്ല. നമുക്കു യന്ത്രങ്ങൾ ഉപയോഗിക്കാം; എന്നാൽ ജീവിതം തന്നെ യാന്ത്രികമായിത്തീരാൻ പാടില്ല. ഇന്നു, നമ്മുടെ ഹൃദയമെല്ലാം തകർന്നു കൊണ്ടിരിക്കുകയാണു്. ഹൃദയത്തിന്റെ ഭാഷ നമുക്കു നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണു്. വെറും യന്ത്രങ്ങളെപ്പോലെ നാം ചലിച്ചുകൊണ്ടിരിക്കുന്നു.

അറിവും ബോധവും

നമുക്കെല്ലാം അറിവുണ്ടു്, എന്നാൽ ബോധമില്ല. ഇതുമൂലം നമ്മൾ എന്തിനുവേണ്ടിയാണോ ജനിച്ചതു്, അതു നേടാനാവുന്നില്ല. നമ്മൾ ഒന്നു ചിന്തിക്കുന്നു, പക്ഷേ, പറയാൻ ഭാവിക്കുന്നതൊന്നും, പറയുന്നതു വേറൊന്നുമാണു്. പ്രവർത്തിക്കുന്നതു് ഇതൊന്നുമല്ലതാനും. ഇങ്ങനെയായിത്തീർന്നിരിക്കുന്നു നമ്മുടെ ജീവിതം. നമ്മൾ ഏതോ ഒരു അർദ്ധസ്വപ്നത്തിൽ കഴിയുന്നതുപോലെയാണു്. നമുക്കൊക്കെ ഇത്ര വയസ്സായിട്ടും, ശരിയായ ബോധത്തെ നമ്മുടെ ചിന്തയിലോ, വാക്കിലോ പ്രവൃത്തിയിലോ ഉണർത്താൻ കഴിയുന്നില്ല.

ഇതു പറയുമ്പോൾ ഒരു കഥ അമ്മ ഓർക്കുകയാണു്, ഒരിക്കൽ അച്ഛൻ തന്റെ മകനെ വിളിച്ചുണർത്തുകയാണു്, "മോനേ, മോനേ, എഴുന്നേല്ക്കൂ, എഴുന്നേല്ക്കൂ. നിനക്കു സ്കൂളിൽ പോകേണ്ട സമയമായി. നീ എന്താ എഴുന്നേല്ക്കാ

ത്തതു്?" എന്നിങ്ങനെ പറഞ്ഞുകൊണ്ടു മകനെ പിടിച്ചു കുലുക്കുകയാണു്.

അപ്പോൾ മകൻ പറയുകയാണു്, "എനിക്കു സ്കൂളിൽ പോകാൻ ഇഷ്ടമില്ലച്ഛാ."

"അതെന്താ മോനേ നിനക്കിഷ്ടമില്ലാത്തതു്?"

"അച്ഛാ സ്കൂളിൽ പോകുന്നതു വെറും ബോറാ."

"അതെന്തുകൊണ്ടാ നിനക്കു ബോറാകുന്നതു്?"

"അതോ! സ്കൂളിലെ കുട്ടികളൊക്കെ എന്നെ കളിയാക്കും."

"ഓ അങ്ങനെയാണോ? ശരി മോനേ, നീ പറഞ്ഞ മൂന്നു കാര്യങ്ങളും ഞാനിപ്പോൾ കേട്ടു. അതേപോലെ എനിക്കും നിന്നോടു മൂന്നു കാര്യങ്ങൾ പറയാനുണ്ടു്. അതുകൂടി നീ കേൾക്കണം," അച്ഛൻ പറഞ്ഞു.

"ശരി, അച്ഛൻ പറഞ്ഞുകൊള്ളൂ," മകൻ സമ്മതിച്ചു.

"മകനേ, സ്കൂളിൽ പോകുക എന്നതു നിന്റെ കടമയാണു്. രണ്ടാമതു്, വയസ്സു നിനക്കമ്പതായി. മൂന്നാമതു്, നീ ആ സ്കൂളിലെ പ്രിൻസിപ്പലാണു്."

അമ്പതു വയസ്സായിട്ടും, മടിപിടിച്ചു സ്കൂളിൽ പോകാതിരിക്കുന്ന ആ പ്രിൻസിപ്പലിന്റെ അവസ്ഥയിലാണു് ഇന്നു നമ്മളും. ഏതോ ഒരു ഉറക്കത്തിലാണു നമ്മളിന്നു കഴിയുന്നതു്. വാക്കിലോ പ്രവൃത്തിയിലോ ശരിയായ ബോധം വരുന്നില്ല. അതിനാൽ നമ്മൾ ഉണരേണ്ടതു് ഉള്ളിൽനിന്നാണു്. അവിടെനിന്നുമാണു നമ്മൾ ശരിക്കും വളരേണ്ടതു്. അപ്പോൾ മാത്രമേ അറിവിനോടൊപ്പം ബോധം ഉണരുകയുള്ളൂ. സിഗറ്റു വലിക്കുന്നതു് ആരോഗ്യത്തിനു ഹാനികരമാണെന്നു സിഗറ്റു പാക്കറ്റിൽത്തന്നെ

എഴുതിയിട്ടുണ്ടു്. ഈ അറിവു സിഗറ്റു വലിക്കുന്ന എല്ലാവർക്കും ഉണ്ടുതാനും. എന്നിട്ടും അവർ സിഗറ്റു വലിക്കുന്നു. എന്തിനു്, പുകവലി കാൻസറിനു കാരണം ആകുമെന്നറിഞ്ഞിട്ടും പുകവലിക്കുന്നു. പക്ഷേ, കാൻസർ പിടിപെടുമ്പോൾ അവരിൽ ബോധം ഉണരും. ബോധമുണരുമ്പോൾ തെറ്റിൽനിന്നും പിന്തിരിയാൻ ശ്രമിക്കും. പിന്നെ ആഗ്രഹമുണ്ടെങ്കിലും സിഗറ്റു വലിക്കുകയില്ല. വലിച്ചാൽ മരിക്കുമെന്ന ബോധം ഉണർന്നു. അതിനാലാണു് അമ്മ പറയുന്നതു്, ബോധമില്ലാത്തതുകൊണ്ടാണു നമ്മൾ തെറ്റുകൾ ചെയ്യുന്നതു് എന്നു്.

ഒരിക്കൽ ഒരാൾ ഒരു ഗുരുവിനെ സമീപിച്ചിട്ടു പറഞ്ഞു, "ഗുരോ, എന്റെ ജോലി മോഷണമാണു്. അങ്ങനെ മോഷ്ടിച്ചു കിട്ടുന്നതുകൊണ്ടാണു ഞാൻ ജീവിക്കുന്നതു്. എനിക്കു് ഈ തെറ്റിൽനിന്നും മോചിതനാകണമെന്നാഗ്രഹമുണ്ടു്. അതിനു് അങ്ങെന്നെ അനുഗ്രഹിക്കണം."

ഗുരു പറഞ്ഞു, "നിനക്കു മോഷണം നിർത്താനാകുകയില്ലെങ്കിൽ നീ മോഷ്ടിച്ചതിനുശേഷം ആ വിവരം അവരോടു പറയുക. അല്ലെങ്കിൽ പറഞ്ഞതിനു ശേഷം മോഷ്ടിക്കുക."

അദ്ദേഹം ഗുരുവിനെ വണങ്ങി യാത്രയായി. ഒരു ദിവസം ആ കള്ളൻ മോഷ്ടിക്കാനായി ഒരു വീട്ടിൽ കയറി. അലമാരയുടെ പൂട്ടു തുറന്നു വിലപിടിപ്പുള്ള മാല കൈയിലെടുക്കുവാൻ ഭാവിക്കവേ, പെട്ടെന്നാണു ഗുരുവിന്റെ വാക്കു് ഓർമ്മയിൽ വന്നതു്. 'ഞാനിതെടുത്തിട്ടു് ഉടമസ്ഥനോടു വിവരം പറഞ്ഞാൽ എന്നെ അവർ പോലീസിലേല്പിക്കും. പോലീസിൽനിന്നു തല്ലു കിട്ടും. ജയിലിലടയ്ക്കും.' ഇത്രയും ഓർത്തപ്പോഴേക്കും കൈ പെട്ടെന്നു

പിൻവലിഞ്ഞു. എന്നാൽ വീണ്ടും അതെടുക്കുവാൻ മനസ്സു് പ്രേരിപ്പിച്ചു. പക്ഷേ, സാധിച്ചില്ല. അതു മൂലമുണ്ടാകുന്ന ശിക്ഷകളെക്കുറിച്ചോർത്തപ്പോൾ, അതെടുക്കുവാനായില്ല. പിന്തിരിഞ്ഞുപോന്നു. അടുത്തദിവസവും മോഷ്ടിക്കുവാനായില്ല. അയാൾ അവിടെനിന്നുമിറങ്ങി ഗുരുവിന്റെ സമീപം എത്തി. ഗുരുവിനോടു പറഞ്ഞു, "അങ്ങെന്തു വിഡ്ഢിത്തമാണു് എന്നോടു പറഞ്ഞതു്. അങ്ങു പറഞ്ഞിരിക്കുന്നതു്, ഒന്നുകിൽ മോഷ്ടിച്ചിട്ടു പറയണം, അല്ലെങ്കിൽ പറഞ്ഞിട്ടു മോഷ്ടിക്കണം എന്നല്ലേ! പിന്നെ എങ്ങനെ മോഷ്ടിക്കുവാൻ സാധിക്കും?"

ഗുരു പറഞ്ഞു, "നീ മോഷ്ടിക്കാതിരിക്കുവാൻ വേണ്ടിയാണു ഞാൻ അതു് ഉപദേശിച്ചതു്. എന്റെ വാക്കുകൾ നീ ഓർത്തപ്പോൾ ആ സാഹചര്യത്തിൽ ശരിയായ ബോധം നിന്നിൽ വന്നു. നീ ചെയ്യുവാൻ പോകുന്ന പ്രവൃത്തിയുടെ ഭവിഷ്യത്തു് എന്തെന്നു നീ മനസ്സിലാക്കി. അതിന്റെ ദോഷത്തെക്കുറിച്ചു ചിന്തിച്ചു. അതു നിന്നെ തെറ്റു ചെയ്യുന്നതിൽനിന്നും പിന്തിരിയുവാൻ സഹായിച്ചു."

നമ്മൾ ചെയ്യുന്ന ഓരോ കർമ്മത്തിന്റെയും ഭവിഷ്യത്തിനെക്കുറിച്ചു നമുക്കു ബോധമുണ്ടായാൽപ്പിന്നെ, നമുക്കു തെറ്റു ചെയ്യുവാൻ സാധിക്കയില്ല. ഈ ബോധം ഇല്ലാത്തതു കൊണ്ടാണു നമ്മൾ തെറ്റു ചെയ്യുന്നതു്.

നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും പൂർണ്ണസ്വാതന്ത്ര്യവും ഉത്സാഹവും നിറഞ്ഞതായിരിക്കണം. ജീവിതം ഉത്സവമായിത്തീരണം. പക്ഷേ, ഇതിനു നമുക്കു കഴിയുന്നുണ്ടോ? ജീവിതത്തെക്കുറിച്ചു് ആരോടു ചോദിച്ചാലും ദുഃഖത്തിന്റെ കഥകളേ പറയുവാനുള്ളൂ. എന്താണിതിനു കാരണം? മമത. മമതകൊണ്ടാണു നമുക്കു ദുഃഖമുണ്ടാ

കുന്നതു്. ഈ മമതവച്ചുകൊണ്ടിരിക്കുന്നതുമൂലം നമുക്കെന്തെങ്കിലും ഫലമുണ്ടോ? അതിൽനിന്നും നമുക്കെന്തെങ്കിലും കിട്ടുവാനുണ്ടോ? ഇവിടെയിരിക്കുന്ന മക്കളെല്ലാവരും, ഇവിടെയിരുന്നുകൊണ്ടു വീട്ടുകാരെക്കുറിച്ചു ചിന്തിച്ചാൽ അതുകൊണ്ടു് അവർക്കെന്തെങ്കിലും പ്രയോജനമുണ്ടോ? നമുക്കെന്തെങ്കിലും പ്രയോജനമുണ്ടോ? സമയമത്രയും നഷ്ടമായതു മാത്രം മിച്ചം.

വാസ്തവത്തിൽ നമ്മൾ എപ്പോഴും ഏകരാണു്. കൂട്ടത്തിലിരിക്കുമ്പോഴും നമ്മൾ ഒറ്റയാണു്. ഒറ്റയ്ക്കിരിക്കുമ്പോഴും ഒറ്റയാണു്. അങ്ങനെയല്ലാത്ത ഏതെങ്കിലും അവസരമുണ്ടോ? ഇല്ല. എന്നിട്ടും നമ്മൾ മറ്റുള്ളവരെ ആശ്രയിച്ചാണു കഴിയുന്നതു്. മറ്റൊരാളുടെ ചിരിയിലാണു് ഇന്നു നമ്മുടെ ജീവിതം. മറ്റൊരാളോടുള്ള ദ്വേഷ്യത്തിലാണു് ഇന്നു നമ്മുടെ ജീവിതം. ഒരാൾ ചിരിച്ചാൽ നമ്മൾ സന്തോഷിക്കും. ഒരാൾ ദ്വേഷിച്ചാൽ നമ്മൾ ദുഃഖിക്കും. ഒരുപക്ഷേ ആത്മഹത്യ ചെയ്യുവാനും മടിക്കില്ല. അതല്ലെങ്കിൽ എതിരാളിയെ കൊല്ലാനായിരിക്കും പുറപ്പാടു്. ഇങ്ങനെ നാം നമ്മുടെ സ്വരൂപം വിട്ടു മറ്റൊന്നായിക്കൊണ്ടിരിക്കുകയാണു്. ഒരു നിമിഷംപോലും നമ്മൾ നമ്മളിലല്ല. അതിനാൽ നമ്മൾ ഓരോ കർമ്മത്തിലും ഈ ബോധം കൊണ്ടുവരാൻ, കർമ്മത്തിൽ ജാഗ്രത കൊണ്ടുവരാൻ ശ്രമിക്കണം. അതിനുള്ള എളുപ്പമാർഗ്ഗമാണു ധ്യാനം.

ചിന്തകളും ധ്യാനവും

ധ്യാനം സ്വർണ്ണംപോലെ മൂല്യമുള്ളതാണെന്നു് അമ്മ എപ്പോഴും ഓർമ്മിപ്പിക്കാറുണ്ടു്. ഭൗതികൈശ്വര്യത്തിനും മുക്തിക്കും ശാന്തിക്കും ധ്യാനം നല്ലതാണു്. കണ്ണടച്ചു് ഒരു പ്രത്യേക ആസനത്തിൽ അനങ്ങാതിരിക്കുന്നതു

മാത്രമല്ല ധ്യാനം. നമ്മുടെ പ്രവൃത്തികളെക്കുറിച്ചും വാക്കുകളെക്കുറിച്ചും, ചിന്തകളെക്കുറിച്ചും ബോധം നിലനിർത്തുന്നതാണു ശരിയായ ധ്യാനം. ചിന്തകളാകുന്ന ചെറിയ ജലബിന്ദുക്കളാണു വാക്കായി പ്രവൃത്തിയായി വളർന്നു വലിയ നദിയാകുന്നതു്. ഒരു ചെറിയ ചിന്ത പ്രവൃത്തിയായി രൂപംകൊണ്ടു വളർന്നു് ഒരു വലിയ നദിപോലെ നമ്മളിൽനിന്നും പ്രവഹിക്കുന്നു. പിന്നെ അതു നമ്മുടെ കൈയിലല്ല. ഒരു നദിയെ അതിന്റെ തുടക്കത്തിൽ ഒരു കല്ലുകൊണ്ടുപോലും തടഞ്ഞുനിർത്താനോ അതിന്റെ ഗതി തിരിച്ചുവിടാനോ പ്രയാസമില്ല. എന്നാൽ ആ നീർച്ചാലു വളർന്നു് ഒരു വലിയ നദിയായാൽ അതിനെ നിയന്ത്രിക്കാൻ പ്രയാസമാണു്. അതിനാൽ നമ്മൾ ഏറ്റവും അധികം ശ്രദ്ധിക്കേണ്ടതു നമ്മുടെ ചിന്തകളെയാണു്. ചിന്ത വാക്കും, വാക്കു പ്രവൃത്തിയുമായിക്കഴിഞ്ഞാൽ പിന്നീടതിന്റെ ഗതി മാറ്റുക പ്രയാസമാണു്. അതിനാലാണു നമ്മുടെ ചിന്തകളിലും വാക്കുകളിലും പ്രവൃത്തികളിലും വളരെയേറെ ശ്രദ്ധ വേണമെന്നു പറയുന്നതു്. ഒരച്ചിനു കേടു സംഭവിച്ചാൽ അതിൽ വാർക്കുന്ന എല്ലാ സാധനങ്ങളും തകരാറോടു കൂടിയതായിരിക്കും. അതുപോലെ മനസ്സിനെ ആദ്യം ശരിയാക്കിയില്ലെങ്കിൽ അതിൽനിന്നുണ്ടാകുന്ന വാക്കുകളും പ്രവൃത്തികളും ശരിയായി വരില്ല. അതിനാൽ ആദ്യം വേണ്ടതു്, നമ്മുടെ മനസ്സിനെ വശത്താക്കുകയാണു്. മനസ്സിനെ നമ്മുടെ കൈപ്പിടിയിലൊതുക്കുവാൻ പറ്റുന്ന ഏകമാർഗ്ഗം ധ്യാനമാണു്. നമ്മളിലെ നിശ്ശബ്ദതയെ നമ്മൾ അനുഭവിച്ചറിയുന്ന ഒരു തത്ത്വമാണു ധ്യാനം.

വിവേകബുദ്ധിയുടെ മഹത്ത്വം

പല മക്കളും പറയാറുണ്ടു്, "ഈശ്വരൻ നമ്മളെ സൃഷ്ടിച്ചിരിക്കുന്നതു്, സ്വാതന്ത്ര്യത്തോടെ അവനവന്റെ ഇഷ്ടത്തിനനുസരിച്ചു ജീവിക്കാനല്ലേ, ഈ ശരീരം തന്നിരിക്കുന്നതു സുഖിക്കാനല്ലേ" എന്നു്. ശരിയാണു്! ശരീരം തന്നിരിക്കുന്നതു സുഖസൗകര്യങ്ങൾ അനുഭവിക്കാനാണു്. റോഡുണ്ടാക്കിയിരിക്കുന്നതു വാഹനങ്ങൾ ഓടിക്കാനാണു്. എന്നാൽ സ്വന്തം ഇഷ്ടത്തിനു്, നിയമങ്ങൾ ലംഘിച്ചു വാഹനം ഓടിച്ചാൽ അപകടമുണ്ടാകും. ശ്രദ്ധയില്ലാതെ ഇഷ്ടത്തിനു നടന്നാൽ അപകടമുണ്ടാകും. എല്ലാത്തിനും അതിന്റെതായ ധർമ്മമുണ്ടു്. ധർമ്മം വിട്ടു് എന്തു ചെയ്താലും — വാക്കായാലും പ്രവൃത്തിയായാലും– നമ്മുടെ വ്യക്തിത്വമാണു് അവിടെ നഷ്ടമാകുന്നതു്.

ഒരാൾ കടൽത്തീരത്തുകൂടി നടക്കുകയായിരുന്നു. അവിടെ വഴിയിൽനിന്നു വിചിത്രമായ ഒരു കുപ്പി അദ്ദേഹത്തിനു കിട്ടി. അതു തുറന്നുനോക്കിയപ്പോൾ അതിൽനിന്നും ഒരു ഭൂതം പ്രത്യക്ഷമായി. ഇതുകണ്ടു ഭയന്നുനിന്ന അദ്ദേഹത്തോടു ഭൂതം പറഞ്ഞു, "നീ ഭയക്കേണ്ട. വളരെനാളായി ബന്ധനത്തിൽക്കഴിഞ്ഞ എന്നെ മോചിപ്പിച്ചതിനാൽ ഞാൻ നിന്റെ സഹായിയാണു്. നിനക്കു ഞാൻ മൂന്നു വരങ്ങൾ തരാം, ചോദിച്ചുകൊള്ളൂ." അയാൾ ആദ്യത്തെ വരം ആവശ്യപ്പെട്ടു. "എന്നെ ഈ ലോകത്തിലെ ഏറ്റവും വലിയ പണക്കാരനാക്കണം". "ഭും..." ഭൂതം ഒന്നു ശബ്ദിച്ചു. കോടിക്കണക്കിനു രൂപാ അദ്ദേഹത്തിന്റെ മുന്നിൽ കുമിഞ്ഞുകൂടി. "എനിക്കു ലോകത്തിലെ ഏറ്റവും വലിയ കൊട്ടാരം വേണം". "ഭും..." ഭൂതം രണ്ടാമതൊന്നു ശബ്ദിച്ചു. മുന്നിൽ വലിയ കൊട്ടാരം ഉയർന്നു. മൂന്നാമത്തെ വരമായി അദ്ദേഹം ചോദിച്ചു, "എന്നെ ലോകത്തിൽ എല്ലാ സ്ത്രീകളും ഇഷ്ടപ്പെടുന്ന വിധത്തിലാ

ക്കണം!" "ഭും... ഭും..." ഭൂതം മൂന്നാമതും ശബ്ദിച്ചു. നിമിഷത്തിനുള്ളിൽ അദ്ദേഹം ഒരു ചോക്ലേറ്റായി മാറി.

ആ സാഹചര്യത്തിൽ വേണ്ടത്ര ശ്രദ്ധയോടെ വാക്കുകൾ ഉപയോഗിക്കുവാൻ കഴിയാതിരുന്നതു മൂലം, അദ്ദേഹത്തിനു് ഒന്നും നേടുവാനായില്ല, തന്നെത്തന്നെ നഷ്ടമായി. അതാണു് അമ്മ പറയുന്നതു്, നമ്മുടെ വാക്കുകളും പ്രവൃത്തികളും ശ്രദ്ധിച്ചില്ലെങ്കിൽ, നമ്മുടെ വ്യക്തിത്വംതന്നെ നമ്മളിൽനിന്നും നഷ്ടമാകും എന്നു്.

ഒരു ജീവിക്കും നല്കാത്ത വരദാനമാണു് ഈശ്വരൻ മനുഷ്യനു നല്കിയിരിക്കുന്നതു്, വിവേകബുദ്ധി. ഈ വിവേകബുദ്ധി വേണ്ടവണ്ണം ഉപയോഗിക്കാതെ നമ്മൾ നീങ്ങിയാൽ, നഷ്ടമാകുന്നതു നമ്മുടെ ജീവിതംതന്നെയായിരിക്കും. അതിനാൽ നമ്മുടെ ഓരോ കർമ്മത്തിന്റെ പിന്നിലെയും ലക്ഷ്യം ഈ വിവേകബുദ്ധിയെ ഉദ്ധരിച്ചെടുക്കുക എന്നതായിരിക്കണം. കാരണം വിവേകം നിറഞ്ഞ കർമ്മത്തിൽക്കൂടി മാത്രമേ ജീവിതത്തിൽ ശാശ്വതവിജയം കണ്ടെത്താൻ സാധിക്കൂ.

അഹങ്കാരവും കോപവും

നമ്മുടെ മിക്ക പ്രശ്നങ്ങൾക്കും കാരണം നമ്മളിലെ 'ഞാൻ' ഭാവമാണു്. എന്നാൽ ഈ 'ഞാനി'നെ നമുക്കൊന്നെടുക്കാനോ, കൊടുക്കാനോ കഴിയില്ല. പിന്നെ എങ്ങനെ ഇതിനെ ഇല്ലാതാക്കാം എന്നു ചോദിച്ചാൽ അതിനൊരു വഴിയേയുള്ളൂ – വിനയഭാവം. വിനയത്തിൽക്കൂടിയേ 'ഞാൻ'എന്ന ഭാവത്തെ ഇല്ലായ്മ ചെയ്യാൻ സാധിക്കൂ. "ഞാൻ യജമാനൻ" എന്നു പറയുമ്പോൾ സത്യത്തിൽ നമ്മൾ ഈ 'ഞാൻ ഭാവ'ത്തിനു ദാസനായി മാറുകയാണു്. ജീവിതത്തിന്റെ ആനന്ദം നുകരാൻ നമുക്കു് ഇന്നു്

ഏറ്റവും വലിയ തടസ്സമായി നില്ക്കുന്നതും ഞാനെന്ന ഭാവവും അവനവനെക്കുറിച്ചുള്ള ചിന്തകളുമാണു്. തന്നെ മറന്നു് അന്യനെ സ്നേഹിക്കാൻ നമുക്കു കഴിയുന്നില്ല. തനിക്കു് എല്ലാം കിട്ടണം, എല്ലാം എടുക്കണം എന്ന ഭാവമാണു് ഇന്നുള്ളതു്. ഈ ഭാവം മാറാതെ ജീവിതാനന്ദം അനുഭവിക്കാൻ പറ്റുകയില്ല. കണ്ണുകൾ ഇല്ലാത്തതുമൂലം അന്ധത ബാധിച്ചവരെ പിന്നെയും നയിക്കാം. കണ്ണില്ലെങ്കിലും അവർ പ്രേമം നിറഞ്ഞ ഒരു ഹൃദയത്തിനുടമയാകാം. എന്നാൽ അഹങ്കാരത്തിന്റെ അന്ധത ബാധിച്ചാൽ നാം പരിപൂർണ്ണമായും അന്ധകാരത്തിലാകും. അഹം ഉളവാക്കുന്ന അന്ധത നമ്മെ കൂരിരുട്ടിലേക്കു തള്ളും. ഈ അജ്ഞാനം കാരണം നാം ഉണർന്നിരുന്നാലും ഉറങ്ങുന്ന അവസ്ഥയിലാണു്. എന്നാൽ ഈ അഹങ്കാരത്തെ മറികടക്കുമ്പോൾ നാം സ്വയം ലോകത്തിനു് ഒരു അർപ്പണവസ്തുവായിത്തീരുന്നു. അന്യരിൽ ഈശ്വരഭാവം കാണാൻ കഴിയുമ്പോൾ നമ്മളിൽ വിനയം തനിയേ ഉണ്ടാകും. അഹങ്കാരം ഇല്ലാതാകാൻ ഏറ്റവും ആവശ്യം ഈ വിനയമാണു്. താൻ യജമാനനാണെന്നല്ല, ദാസനാണെന്നു കരുതുന്നവനാണു പ്രേമത്തിന്റെ ലോകത്തിൽ പ്രഭുവാകുന്നതു്.

'ഞാൻ' ഭാവത്തിൽനിന്നുമാണു കോപം വരുന്നതു്. ഈ കോപത്തെ അടക്കാനും പാടില്ല., പുറത്തേക്കു വിടാനും പാടില്ല എന്നു പറയും. കോപത്തെ ഉള്ളിലടക്കിയാൽ, തനിക്കുതന്നെ ദോഷമാണു്. അതു മനസ്സിൽ ഉമിത്തീപോലെ ഇരുന്നു നീറും. അതു ടെൻഷനായി മാറും. നമ്മുടെ ഓരോ കർമ്മത്തിലും ആ കോപം നിഴലിക്കും. ഉള്ളിൽ കൊണ്ടുനടക്കുന്ന കോപവും താപവും നമ്മളെ രോഗികളാക്കി മാറ്റും. പുറത്തേക്കുവിട്ടാൽ ലോകത്തിനും

ദോഷമായിത്തീരും. അതിനാലാണു കോപം രണ്ടു തല യും മൂർച്ചയുള്ള പിടിയില്ലാത്ത വാളു പോലെയാണെന്നു പറയുന്നതു്. അതു ഉപയോഗിക്കുന്നവനെയും ലക്ഷ്യമാ ക്കുന്നവനെയും മുറിപ്പെടുത്തും. കോപം, കോപിക്കുന്ന വനേയും ഏറ്റുവാങ്ങുന്നവനെയും അപകടപ്പെടുത്തും. ശരീരത്തിലുണ്ടാവുന്ന മുറിവു വേഗം പൊറുക്കും. കോ പത്താൽ പറയുന്ന വാക്കുകൾ ഉണ്ടാക്കുന്ന മുറിവു് ഉണ ങ്ങുകയില്ല. അതിനാൽ കോപം വരുന്നു എന്നറിഞ്ഞാൽ, അതു പ്രകടിപ്പിക്കുകയോ ഉള്ളിൽ അമർത്തുകയോ അല്ല, അതിനെ വിവേകബുദ്ധികൊണ്ടു് ഇല്ലാതാക്കുകയാണു വേണ്ടതു്. നമ്മൾ കോപിച്ചിരിക്കുന്ന സമയം എടുക്കുന്ന തീരുമാനങ്ങൾ ഉടനെ നടപ്പാക്കാൻ പോകരുതു്. കോപി ച്ചിരിക്കുമ്പോൾ വായിൽ വരുന്നതു് അതേപോലെ വിളിച്ചു പറയരുതു്. ക്ഷമയും വിവേകവും ഒന്നു മാത്രമാണു കോപത്തിനുള്ള മറുമരുന്നു്. കോപം നമ്മുടെ ദുർബ്ബ ലതയാണെന്നു് ആദ്യം മനസ്സിലാക്കണം. ദേഷ്യത്തോ ടുകൂടി ആർക്കെങ്കിലും കത്തെഴുതുകയാണെങ്കിൽ, അത യയ്ക്കുന്നതിനു മുൻപു്, പല തവണയായി പത്തു പ്രാവ ശ്യമെങ്കിലും വായിക്കണം. അങ്ങനെയാകുമ്പോൾ കോ പത്തിന്റെ ചൂടു നിറഞ്ഞ പല വാക്കുകളും വാചകങ്ങളും നമുക്കൊഴിവാക്കുവാൻ സാധിക്കും. തല്ക്കാലത്തെ ദേഷ്യ മൊന്നടങ്ങിയശേഷം വിവേകപൂർവ്വം ചിന്തിക്കുമ്പോൾ നമ്മുടെതന്നെ ദൗർബ്ബല്യത്തെ നമുക്കു മനസ്സിലാക്കുവാ നുള്ള കഴിവു ലഭിക്കും. ചിന്തകളെ തെളിഞ്ഞ കണ്ണാടി യിൽ എന്നപോലെ കാണുവാൻ കഴിയും. കോപത്തിന്റെ നിസ്സാരത മനസ്സിലാകും. ക്ഷമിക്കുന്നതിന്റെ മഹത്ത്വം ബോദ്ധ്യമാകും.

നമ്മൾ ഒരാൾക്കൂട്ടത്തിൽ നില്ക്കുമ്പോൾ എവിടെനിന്നോ

ഒരു കല്ലു നമ്മുടെ ദേഹത്തുവീണു എന്നു കരുതുക. ആ കല്ലു വീണു നമ്മുടെ ദേഹം മുറിഞ്ഞു. കല്ലെടുത്തെറിഞ്ഞ ആളെ കണ്ടുപിടിക്കാൻ പോകുന്നതിനു മുൻപു് ആ മുറിവു കഴുകി മരുന്നു വയ്ക്കുവാൻ നമ്മൾ തയ്യാറാകണം. അതല്ലെങ്കിൽ ആളെ കണ്ടുപിടിക്കുവാൻ ആ തിരക്കിലൂടെ ഓടുന്നതിനിടയിൽ ആ മുറിവിൽ പൊടിയും മറ്റും കയറി അതുണങ്ങാൻ കാലതാമസം വരും. അഥവാ, ആളെ കണ്ടുപിടിച്ചു ശകാരം കഴിയുമ്പോഴായിരിക്കും അറിയുക, വേറെ ആരെങ്കിലും എറിഞ്ഞതോ, അതല്ലെങ്കിൽ കൈപ്പിഴമൂലം വന്നുവീണതോ ആണു് ആ കല്ലെന്നു്. ഇത്രയൊക്കെ കഷ്ടപ്പെട്ടു്, ആളെ കണ്ടെത്തി അടി കൊടുത്താലും നമ്മുടെ കാലിന്റെ വേദന, സമയത്തിനു മരുന്നു വയ്ക്കാത്തതുമൂലം കൂടുന്നതല്ലാതെ കുറയുന്നില്ല. ദേഷ്യം നമ്മുടെ മനസ്സിന്റെ വ്രണം പോലെയാണു്. ആദ്യം അതുണക്കാനാണു നോക്കേണ്ടതു്. അതിനാൽ ഈ സമയം മനസ്സിൽ വരുന്ന ചിന്തകളെ സാക്ഷിഭാവത്തിൽ നോക്കിക്കാണാൻ ശ്രമിക്കണം. ചിന്തകളുടെ പിന്നാലെ പോയാൽ അവ വാക്കായും പ്രവൃത്തിയായും വളരും. നമ്മെ കുഴപ്പത്തിൽ ചാടിക്കുകയും ചെയ്യും.

കോപത്തിനു പാത്രമാകുന്നവനേക്കാൾ ദോഷം സംഭവിക്കുന്നതു കോപിക്കുന്നവനുതന്നെയാണു്. ഇതു പറയുമ്പോൾ ഓർമ്മ വരുന്നതു് ഒരു ബസ്സിലെ കണ്ടക്ടറുടെ കഥയാണു്. ആ ബസ്സു് എല്ലാ ദിവസവും സ്ഥിരമായി ഒരു സ്റ്റോപ്പിൽ നിർത്താറുണ്ടു്. ഒരുദിവസം അവിടെനിന്നും ആറരയടി ഉയരവും അതിനുതക്ക വണ്ണവുമുള്ള ഒരു മനുഷ്യൻ ആ ബസ്സിൽ കയറി. സാധാരണപോലെ കണ്ടക്ടർ ചെന്നു ടിക്കറ്റു നീട്ടി. അപ്പോൾ അദ്ദേഹം പറയുകയാണു്, "കേശവൻകുട്ടിക്കു ടിക്കറ്റാവശ്യമില്ല" എന്നു്. മറുപടികേട്ടു

കണ്ടക്ടർ ആകെക്കൂടി ആ മനുഷ്യനെ ഒന്നു നോക്കി. ആജാനുബാഹു. ഒത്തവണ്ണം. അതിനുതക്ക ഉയരം. എല്ലിച്ച പ്രകൃതക്കാരനായ കണ്ടക്ടർക്കു് ഒന്നുകൂടി ടിക്കറ്റു ചോദിക്കാൻ പേടി. അയാളുടെ കൈയൊന്നു ദേഹത്തു വീണാൽ, താൻ താഴെ വീണതുതന്നെ. കണ്ടക്ടർ ഒന്നും പറയാതെ തിരിയെവന്നു തന്റെ സീറ്റിലിരുന്നു. അടുത്ത ദിവസവും ഇതുതന്നെ സംഭവിച്ചു. തടിയൻ കഴിഞ്ഞ ദിവസത്തെ സ്റ്റോപ്പിൽനിന്നുതന്നെ ബസ്സിൽ കയറി. കണ്ടക്ടർ ടിക്കറ്റു ചോദിച്ചപ്പോൾ "കേശവൻകുട്ടിക്കു ടിക്കറ്റാവശ്യമില്ല" എന്ന പഴയ മറുപടിതന്നെ. കണ്ടക്ടർക്കു ഉള്ളിൽ ദ്വേഷ്യം തിളച്ചുപൊന്തി. ഇവനെ എങ്ങനെയെങ്കിലും ഒന്നു മര്യാദ പഠിപ്പിക്കണം. ഇതുമാത്രമായി ചിന്ത. മനസ്സിന്റെ സ്വസ്ഥത മുഴുവൻ നഷ്ടമായി. അടുത്ത ദിവസങ്ങളിലും അയാൾ ബസ്സിൽ കയറുന്നുണ്ടു്. കണ്ടക്ടറുടെ ടെൻഷൻ ഒന്നുകൂടി വർദ്ധിച്ചു. കുറെദിവസം വളരെ പാടുപെട്ടു്, സ്വയം നിയന്ത്രിച്ചു് അയാളെ ബസ്സിൽ കയറ്റി. പിന്നീടു് ഒട്ടും നിയന്ത്രിക്കാൻ പറ്റില്ലെന്ന അവസ്ഥയായി. അയാളുടെ ആരോഗ്യം കാണുമ്പോൾ ഒന്നും പറയുവാനും കഴിയുന്നില്ല. മനസ്സിന്റെ സ്വസ്ഥത മുഴുവൻ നഷ്ടമായി. ഇതുകാരണം വീട്ടിൽ ചെന്നാൽ ഭാര്യയോടു മിണ്ടില്ല; കുട്ടികളോടു സംസാരിക്കില്ല. എപ്പോഴും ടെൻഷൻ തന്നെ. എങ്ങനെയും അയാളെ ഒരു പാഠം പഠിപ്പിക്കണം അതു മാത്രമായി ചിന്ത. അവസാനം കുറെ നാളത്തേക്കു ലീവെടുക്കാൻ തന്നെ തീരുമാനിച്ചു. അങ്ങനെ അവധി വാങ്ങി. നല്ലൊരു കരാട്ടെ മാസ്റ്ററെ തേടിപ്പിടിച്ചു കരാട്ടെ പഠിക്കുവാൻ തുടങ്ങി. കരാട്ടെ മാത്രം പോരെന്നു തോന്നിയിട്ടു മറ്റു ചില അഭ്യാസമുറകൾകൂടി പഠിച്ചു. ഇനി ആ തടിയനോടു ഒരു കൈ നോക്കാം എന്ന വിശ്വാ

സത്തിൽ വീണ്ടും ജോലിയിൽ പ്രവേശിച്ചു. അന്നും ആ തടിയൻ ബസ്സിൽ കയറി. കണ്ടക്ടർ ഒട്ടും താമസിയാതെ, ചെന്നു ടിക്കറ്റു നീട്ടി. അയാൾ പഴയ മറുപടിതന്നെ പറഞ്ഞു. "കേശവൻ കുട്ടിക്കു ടിക്കറ്റാവശ്യമില്ല". "സാദ്ധ്യമല്ല, നിങ്ങൾ ടിക്കറ്റെടുത്തേ പറ്റൂ. നിങ്ങൾ ടിക്കറ്റെടുക്കാതെ വണ്ടി ഇവിടെനിന്നും വിടുന്ന പ്രശ്നമില്ല. നിങ്ങൾ മര്യാദയ്ക്കു ടിക്കറ്റെടുക്കുന്നുണ്ടോ?"

"ക്ഷമിക്കൂ, കേശവൻകുട്ടിക്കു ടിക്കറ്റാവശ്യമില്ല." ഇതു പറഞ്ഞുകൊണ്ടു് അയാൾ ഷർട്ടിന്റെ പോക്കറ്റിൽ കൈയിട്ടു് ഒരു കാർഡു് എടുത്തു കാണിച്ചുകൊണ്ടു പറഞ്ഞു. "ഇതു നോക്കൂ."

അയാൾ ഒരു ഉയർന്ന ഉദ്യോഗസ്ഥനാണു്. ടിക്കറ്റെടുക്കാതെ യാത്ര ചെയ്യുവാനുള്ള പാസ്സു് അദ്ദേഹത്തിനുണ്ടായിരുന്നു.

ഇവിടെ ആരാണു മോശക്കാരനായതു്. ആ കണ്ടക്ടർ എത്ര ദിവസം ലീവെടുത്തു നഷ്ടം വരുത്തി. എത്ര ടെൻഷൻ അനുഭവിച്ചു. പല മുറകളും പഠിക്കുന്നതിനു വേണ്ടി എത്ര പണം ചെലവാക്കി. വീട്ടിലെ ശാന്തി നഷ്ടമായി. എന്തൊക്കെ കഷ്ടതകൾ സഹിക്കേണ്ടി വന്നു. ഇതൊക്കെകൊണ്ടു് എന്തെങ്കിലും നേട്ടമുണ്ടായോ, അതുമില്ല. കോപം മൂലം ഇതുപോലെയുള്ള നഷ്ടങ്ങളാണു നമുക്കു സംഭവിക്കുന്നതു് എന്ന കാര്യം നമ്മൾ മറക്കരുതു്. കോപം വരുമ്പോൾ എടുത്തുചാടുകയോ അതുള്ളിലടക്കുകയോ അല്ല ചെയ്യേണ്ടതു്. മനസ്സിനെ കഴിവതും ശാന്തമാക്കി വിവേകപൂർവ്വം ചിന്തിക്കണം. അങ്ങനെയായാൽ കോപം വരുത്തിവയ്ക്കുന്ന ഒട്ടുമുക്കാലും പ്രശ്നങ്ങളും നമുക്കൊഴിവാക്കാൻ കഴിയും.

ശരണാഗതി

മക്കളേ, ഇന്നു നമ്മൾ അനേക കാര്യങ്ങളെക്കുറിച്ചു ചിന്തിച്ചു വിഷമിക്കുകയാണു്. കൈ മുറിഞ്ഞാൽ മുറിവു നോക്കിയിരുന്നു വിഷമിച്ചതുകൊണ്ടോ, കരഞ്ഞതുകൊണ്ടോ മുറിവുണങ്ങുകയില്ല. അതു സെപ്റ്റിക്കാകുകയേ ഉള്ളൂ. അതിനാൽ മുറിവു കഴുകി മരുന്നു വയ്ക്കുകയാണു വേണ്ടതു്. പല കാര്യങ്ങളെക്കുറിച്ചും ആവശ്യമില്ലാതെ ചിന്തിച്ചു മനസ്സിന്റെ ടെൻഷൻ വർദ്ധിപ്പിക്കുക ഇന്നു നമ്മുടെ സ്വഭാവമായിത്തീർന്നിരിക്കുന്നു. ടെൻഷൻ നമ്മുടെ മനസ്സിനെയും ശരീരത്തെയും എത്രകണ്ടു് ഉലയ്ക്കുമെന്നു മക്കൾ മനസ്സിലാക്കണം. ടെൻഷനാണു കൂടുതൽ രോഗങ്ങൾക്കും കാരണമായിത്തീരുന്നതു്.

ഇതിൽനിന്നുമുള്ള മോചനം ശരണാഗതിയിലൂടെ മാത്രമേ സാദ്ധ്യമാകൂ. അവിടത്തോടുള്ള സമർപ്പണം നമ്മുടെ എല്ലാ ഭാരങ്ങളും കുറച്ചുതരും. വാസ്തവത്തിൽ കാര്യങ്ങൾ ഒന്നുംതന്നെയും നമ്മുടെ ഇച്ഛയ്ക്കനുസരിച്ചല്ല നടക്കുന്നതു്. അടുത്ത ശ്വാസംപോലും നമ്മോടൊപ്പം ഉണ്ടാകുമെന്നുള്ളതിനു് യാതൊരു ഉറപ്പുമില്ല. അതിനാൽ, എല്ലാം അവിടുത്തേക്കു സമർപ്പിച്ചുകൊണ്ടു കർമ്മം ചെയ്യുക എന്നതു മാത്രമാണു് നമുക്കു ചെയ്യുവാനുള്ളതു്. പക്ഷേ, ഞാൻ ചെയ്യുന്നു എന്ന ഭാവം ഉണ്ടാകാൻ പാടില്ല. അവിടുത്തെ ശക്തികൊണ്ടു കർമ്മം ചെയ്യുന്നു എന്നുള്ള ഭാവമാണു വേണ്ടതു്. കർമ്മം അവിടുത്തെ പൂജയായി കണ്ടു ചെയ്യണം. ഈ ഒരു സമർപ്പണഭാവത്തെയാണു നമ്മൾ വളർത്തേണ്ടതു്.

ഈശ്വരൻ സകലരുടെയും ഉള്ളിൽ അന്തര്യാമിയായി വസിക്കുന്നുണ്ടു്. അവിടുന്നു് ഓരോ നിമിഷവും നമ്മളോ

ടു പ്രേമപുരസ്സരം മൃദുവായി സരളതയോടെ സംസാരിക്കുന്നുമുണ്ടു്. പക്ഷേ, അതിനു ചെവി കൊടുക്കാനുള്ള ക്ഷമ നമുക്കില്ല. അതു കേൾക്കാനുള്ള കാതും നമുക്കില്ല. അതിനാൽ വീണ്ടും വീണ്ടും നമ്മൾ തെറ്റുകൾ ചെയ്യുന്നു. ദുഃഖം അനുഭവിക്കുന്നു. അവിടുത്തെ ആ വാക്കുകൾ കേൾക്കുവാനും അനുസരിക്കുവാനുമുള്ള ശിഷ്യഭാവം നാം ഉണർത്തിയെടുക്കണം. എപ്പോൾ നമ്മളിൽ ഈ ശിഷ്യഭാവം ഉണരുന്നുവോ, അവിടുത്തെ അനുസരിക്കാൻ തയ്യാറായി ശ്രദ്ധയോടും ഭക്തിയോടും പ്രേമത്തോടും വിനയത്തോടും അവിടുത്തെ സമീപിക്കുന്നുവോ, അപ്പോൾ അവിടുന്നു ഗുരുഭാവം കൈക്കൊണ്ടു് നമ്മെ നയിക്കാൻ തയ്യാറാകും.

അർജ്ജുനനും കൃഷ്ണനും ഒന്നിച്ചു കഴിഞ്ഞവരാണു്–സുഹൃത്തുക്കളെപ്പോലെ. എന്നാൽ ആ സമയത്തൊന്നും ഭഗവാൻ അർജ്ജുനനു ഗീത ഉപദേശിച്ചില്ല. അർജ്ജുനനിൽ ശിഷ്യഭാവം ഉണർന്നപ്പോഴാണു ഗീത ഉപദേശിച്ചുകൊടുത്തതു്. അതിനാൽ, ശിഷ്യഭാവമാണു നമ്മളിൽ ഉണർത്തിയെടുക്കേണ്ടതു്. ശിഷ്യഭാവം എന്നാൽ ശരണാഗതിയാണു്. ആ സമയം പ്രപഞ്ചത്തിലുള്ളതെല്ലാം നമ്മുടെ ഗുരുവായി മാറുകയാണു്. ഓരോ അനുഭവവും ഗുരുവായി മാറുന്നു. ഈ ഒരു ഭാവമില്ലെങ്കിൽ, എത്ര അനുഭവമുണ്ടായാലും നമ്മൾ ഒന്നും പഠിക്കുകയില്ല.

ശരണാഗതിയെക്കുറിച്ചു ചിന്തിക്കുമ്പോൾ, രാധയുടെ കഥയാണു് ഓർമ്മ വരുന്നതു്. വൃന്ദാവനത്തിൽനിന്നും ഭഗവാൻ മഥുരയ്ക്കു പോയ സമയം, ഗോപികളെയോ രാധയെയോ ആരെയും കൂടെ കൊണ്ടുപോയില്ല. അതിൽ അവർ വളരെ ദുഃഖിതരായിരുന്നു. ഈ സമയം മഥുര

യിൽനിന്നു വൃന്ദാവനത്തിലെത്തിയ ഉദ്ധവർ രാധയോടു ചോദിച്ചു. "ഭഗവാൻ തിരിച്ചു വരണമെന്നോ അല്ലെങ്കിൽ തങ്ങളെക്കൂടി മഥുരയിലേക്കു കൊണ്ടുപോകണമെന്നോ ഒക്കെയുള്ള സന്ദേശങ്ങൾ ഗോപികൾ ഭഗവാനു് അയച്ചു കാണുന്നു. രാധമാത്രം അങ്ങനെയുള്ള സന്ദേശമൊന്നും നല്കിക്കണ്ടില്ല. എന്താണതു്?"

രാധ പറഞ്ഞു, "വീട്ടിലെ യജമാനൻ പുറത്തുപോകുമ്പോൾ ജോലിക്കാരനെ കൊണ്ടുപോവുകയോ കൊണ്ടുപോകാതിരിക്കുകയോ ചെയ്യാം. കൊണ്ടുപോയില്ലെങ്കിൽ സേവകൻ എന്തു ചെയ്യും? വീടും പരിസരവും എല്ലാം വൃത്തിയാക്കി, അദ്ദേഹം ഏല്പിച്ചിരിക്കുന്ന ജോലികളെല്ലാം ചെയ്തു് അ ത്തയും കാത്തിരിക്കും. ഞാൻ ഭഗവാന്റെ ദാസിയാണു്. അതുപോലെ എന്നെ കൊണ്ടുപോകാനോ കൊണ്ടുപോകാതിരിക്കാനോ ഉള്ള അധികാരം ഭഗവാനുണ്ടു്. അവിടുന്നെന്നെ കൊണ്ടുപോയിരുന്നെങ്കിൽ അതില്പരം സന്തോഷം എനിക്കു വേറെയില്ല. അതേസമയം കൊണ്ടു പോകാത്തതിൽ ഞാൻ ദുഃഖിച്ചു തളരുന്നുമില്ല. ഞാൻ എന്റെ ഹൃദയമാകുന്ന ശ്രീ കോവിൽ വൃത്തിയാക്കി പ്രേമമാകുന്ന ദീപം തെളിയിച്ചു കാത്തിരിക്കുകയാണു്. ഒരു ദാസി എന്ന നിലയിൽ അതാണെന്റെ കടമ. അതുകൊണ്ടാണു ഭഗവാനു ഞാൻ പ്രത്യേകസന്ദേശം അയയ്ക്കാത്തതു്."

ഈയൊരു മനോഭാവമാണു് ഈശ്വരനോടു നമുക്കുണ്ടാകേണ്ടതു്. ഇതാണു് ശരിയായ ഒരു ഭക്തന്റെ ഭാവം - ദാസഭാവം. ഈ ഒരു ശരണാഗതിയിൽക്കൂടിയേ നമുക്കു് ആത്മതത്ത്വത്തെ പ്രാപിക്കാൻ കഴിയൂ.

കർമ്മം ആനന്ദപൂർണ്ണമാക്കുക

എനിക്കെന്തു നേടാം എന്നു ചിന്തിക്കുന്നതിലുപരി, എനിക്കെന്തു നല്കാൻ സാധിക്കും എന്നു നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ചെയ്യുന്ന ഓരോ കർമ്മവും ആനന്ദകരമാക്കിത്തീർക്കേണ്ടതു്, കർമ്മത്തിൽ ആനന്ദം നുകരേണ്ടതു്, നമ്മുടെ ആവശ്യമാണു്. എങ്ങനെയാണു് അതു സാധിക്കുക? കർമ്മത്തിൽ ബുദ്ധിയും ഹൃദയവും ഒന്നു ചേരുമ്പോഴാണു് അതിന്റെ ശരിയായ ഫലം ലഭിക്കുന്നതു്. ഒരു തള്ളയ്ക്കു തന്റെ കുഞ്ഞിനെ നോക്കുകയെന്നതു ക്ഷീണമുണ്ടാക്കുന്ന ജോലിയല്ല. എന്നാൽ ആയയ്ക്കു് അതു് ആയാസമുള്ള അദ്ധ്വാനമാണു്. കർമ്മമല്ല, അതിനോടുള്ള മനോഭാവമാണു നമുക്കു് ആനന്ദവും ദുഃഖവും നല്കുന്നതു്.

സാധാരണ നമ്മൾ കർമ്മം ചെയ്യുന്നതു നമ്മുടെ സന്തോഷത്തിനു വേണ്ടിയാണു്. എന്നാൽ, അതു മറ്റുള്ളവർക്കുകൂടി ആനന്ദകരമായിരിക്കാൻ നാം ശ്രദ്ധിക്കണം. ഒരാളെ കൊല്ലുന്നതു്, കൊലയാളിക്കു സന്തോഷകരമാണെങ്കിലും, അതു മറ്റുള്ളവരുടെ ദുഃഖത്തിനു കാരണമാകുന്നു. അതിനാൽ അങ്ങനെയുള്ള കർമ്മം കർമ്മയോഗമാകുന്നില്ല. ഏതൊരു കർമ്മവും അനുഷ്ഠിക്കുമ്പോൾ നമുക്കെന്തുനേടാം എന്നതിലുപരി മറ്റുള്ളവർക്കു് എന്തു നല്കാൻ കഴിയും എന്നുകൂടി ചിന്തിക്കേണ്ടതാണു്. അതാണു കർമ്മയോഗം.

സംതൃപ്തിയാണു് ഏറ്റവും വലിയ ധനം. ലോകത്തിലെ ഏറ്റവും വലിയ ദരിദ്രനാണെങ്കിലും, സംതൃപ്തിയുണ്ടെങ്കിൽ അവനാണു ധനികൻ. ധനികനാണെങ്കിലും, സംതൃപ്തിയില്ലെങ്കിൽ അവനാണു ദരിദ്രൻ. അതിനാൽ ഉള്ളതിൽ സംതൃപ്തിയടയാൻ ശ്രമിക്കുക.

ഒരേ അമ്മയുടെ വയറ്റിൽനിന്നും പിറന്ന രണ്ടു

കുട്ടികൾ. ഒരാൾ കളക്ടറായി. മറ്റെയാൾ ക്ലർക്കുമായി. ക്ലർക്കായ ആൾ, തനിക്കു ക്ലർക്കാകാനേ കഴിഞ്ഞുള്ളു വല്ലോ എന്നു ചിന്തിച്ചു വിഷമിച്ചാൽ വല്ല പ്രയോജനവുമുണ്ടോ? അതേസമയം ജോലി വേണ്ടവണ്ണം ശ്രദ്ധയോടെ ചെയ്താൽ, പ്രമോഷൻ കിട്ടി നല്ല സ്ഥാനത്തേക്കുയരുവാൻ കഴിയും. മുകളിലേക്കു നോക്കാൻ പോയാൽ ദുഃഖമാണു്. തന്നെക്കാൾ താഴെ ജോലി ചെയ്യുന്ന എത്രയോ പേരുണ്ടു്. എന്തുകൊണ്ടു് അവരെക്കുറിച്ചു ചിന്തിച്ചുകൂടാ. വിവേകപൂർവ്വം ചിന്തിച്ചാൽ ഏതൊരു സാഹചര്യത്തിലും സംതൃപ്തി കണ്ടെത്താൻ കഴിയും. എങ്കിലേ നമുക്കു സമാധാനത്തോടെ ജീവിക്കാൻ സാധിക്കൂ. വളരാൻ കഴിയൂ.

ഒരിക്കൽ, ഒരാളെ വളരെനാളത്തെ കാത്തിരിപ്പിനുശേഷം ജോലിക്കുള്ള ഇന്റർവ്യൂവിനു ക്ഷണിച്ചു. അദ്ദേഹം ഇന്റർവ്യൂവിനു പോയെങ്കിലും ജോലി കിട്ടിയില്ല. അതിൽ നിരാശനായി അദ്ദേഹം ഏകാന്തമായ ഒരു സ്ഥലത്തു വന്നു്, താടിക്കു കൈയും കൊടുത്തു വിദൂരതയിലേക്കു നോക്കിയിരിക്കുകയാണു്. ഈ സമയം ആരോ പിന്നിൽ വന്നു് അദ്ദേഹത്തിന്റെ തോളിൽ തട്ടി. തിരിഞ്ഞുനോക്കുമ്പോൾ നിറമുള്ള കണ്ണട ധരിച്ച ഒരു ബാലൻ. ഏകാന്തമായിരിക്കുന്ന തന്നെ ശല്യം ചെയ്തതിൽ ദേഷ്യം തോന്നിയെങ്കിലും അതു പുറമേ പ്രകടിപ്പിക്കാതെ, എന്താണു കാര്യമെന്നു കുട്ടിയോടു ചോദിച്ചു. കുട്ടി ഒരു വാടിയ പൂവു് അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തുകൊണ്ടു പറഞ്ഞു "നോക്കൂ, എത്ര ഭംഗിയുള്ള പൂവു്!" ആ വാടിയ കാട്ടു പൂവു കണ്ടു ദേഷ്യം വന്നെങ്കിലും, അതു് ഉള്ളിലടക്കികൊണ്ടു് അയാൾ പറഞ്ഞു, "ങാ, നല്ല പൂവാണു്." കുട്ടി വീണ്ടും പറഞ്ഞു. "നോക്കൂ, എന്തൊരു മണമാണു് ഈ

പൂവിനു്." കുട്ടിയുടെ തുടരെയുള്ള സംസാരം അയാളുടെ ദേഷ്യം കൂട്ടിയതേയുള്ളൂ. 'ഈ പയ്യനെന്താ, വട്ടുണ്ടോ? വാടിയ ഈ കാട്ടുപൂവിനു് എന്തു മണമാണുള്ളതു്.' ഇങ്ങനെ ഉള്ളിൽ ചിന്തിച്ചുകൊണ്ടു്, ആ പയ്യനെ ഒഴിവാക്കാൻവേണ്ടി അദ്ദേഹം പറഞ്ഞു "ങാ, ശരിയാണു്, നല്ല മണമുണ്ടു്, നല്ല ഭംഗിയുമുണ്ടു്." ഇതു കേട്ടു സന്തോഷത്തോടെ ആ കുട്ടി പറഞ്ഞു "ഞാൻ ഇതു് അങ്ങയ്ക്കുവേണ്ടി കൊണ്ടുവന്നതാണു്. ഇതു് അങ്ങെടുത്തു കൊള്ളൂ. ഈശ്വരൻ അങ്ങയെ അനുഗ്രഹിക്കട്ടെ!" ഇത്രയും പറഞ്ഞു് ആ ബാലൻ ഹൃദ്യമായി പുഞ്ചിരിച്ചു. ആ ചിരികണ്ടു യുവാവിന്റെ മനസ്സിലെ ഭാരം കുറഞ്ഞു. അയാൾ ആ കുട്ടിക്കു നന്ദി പറഞ്ഞു.

തറയിൽ എന്തോ മുട്ടുന്ന ശബ്ദംകേട്ടു് അയാൾ തിരിഞ്ഞു നോക്കുമ്പോൾ, ആ കുട്ടി, തന്റെ കൈയിലുള്ള വടി തറയിൽ തട്ടിതട്ടി പോവുകയാണു്. അപ്പോഴാണു് അയാൾക്കു മനസ്സിലായതു്, ആ കുട്ടി അന്ധനാണെന്നു്. ആ നിമിഷം തന്റെ കൈയിലിരുന്ന പൂവു ലോകത്തിലെ ഏറ്റവും മനോഹരമായ പുഷ്പമായി ആ യുവാവിനു് അനുഭവപ്പെട്ടു.

അദ്ദേഹം ഓടിച്ചെന്നു് അവനെ പുണർന്നു കണ്ണീർ വാർത്തുകൊണ്ടു പറഞ്ഞു. "ഇതു വാടിയ പുഷ്പമല്ല, നിന്റെ ഹൃദയത്തിൽ വിടർന്ന പുഷ്പമാണു്." ആ കുട്ടിയുടെ നിഷ്കളങ്ക ഹൃദയത്തിന്റെ സൗന്ദര്യവും സുഗന്ധവുമാണു് ആ പൂവിലൂടെ അയാൾ നുകർന്നതു്.

അദ്ദേഹം ചിന്തിക്കുകയാണു് – താൻ ജോലി കിട്ടാത്തതിൽ ദുഃഖിച്ചിരിക്കുന്നു. ജീവൻ വെടിയാൻപോലും ചിന്തിച്ചു. ഈ കുട്ടിയാകട്ടെ രണ്ടു കണ്ണുമില്ലെങ്കിലും

അവൻ എത്ര സന്തോഷവാനായിരിക്കുന്നു. അതുപോലെ മറ്റുള്ളവരെയും സന്തോഷിപ്പിക്കുന്നു.

മറ്റുള്ളവരോടു് ഇതുപോലെയൊരു ഭാവം പുലർത്തുവാൻ നമുക്കും കഴിയണം. നമ്മുടെ ദുഃഖം മറ്റുള്ള പലരുടെയും ദുഃഖത്തെ അപേക്ഷിച്ചു് എത്രയോ നിസ്സാരമാണു്. ഇതു മനസ്സിലാക്കി ഇപ്പോഴുള്ള സാഹചര്യങ്ങളിൽ സന്തോഷത്തോടെ ജീവിക്കുവാൻ നമുക്കു സാധിക്കണം.

ജീവിതത്തിൽ ആനന്ദം നുകരുവാൻ ഇന്നു നമുക്കു് ഏറ്റവും വലിയ തടസ്സമായി നില്ക്കുന്നതു്, നമ്മളെക്കുറിച്ചുതന്നെയുള്ള ചിന്തകളാണു്. തന്നെമറന്നു് അന്യരെ സ്നേഹിക്കുവാൻ ഇന്നു നമുക്കു കഴിയുന്നില്ല. തനിക്കു് എല്ലാം കിട്ടണം, എല്ലാം എടുക്കണം എന്ന ഭാവമാണു് ഇന്നുള്ളതു്. ഈ അഹങ്കാരം മാറാതെ ജീവിതാനന്ദം അനുഭവിക്കുവാൻ പറ്റുകയില്ല. കണ്ണില്ലാത്തവനെ പിന്നെയും നയിക്കാം; പ്രേമമുള്ള ഒരു ഹൃദയമുണ്ടെങ്കിൽ. എന്നാൽ ഹൃദയത്തിനു് അന്ധത ബാധിച്ചവനെ നയിക്കാൻ പ്രയാസമാണു്. അഹം ഉളവാക്കുന്ന അന്ധത നമ്മെ കൂരിരുട്ടിലേക്കു തള്ളും. ഈ അജ്ഞാനം കാരണം നാം ഉണർന്നിരുന്നാലും ഉറങ്ങുന്ന അവസ്ഥയിലാണു്. ഈ അഹങ്കാരത്തെ മറികടക്കുമ്പോൾ നാം സ്വയം ലോകത്തിനു് അർപ്പണവസ്തുവായിത്തീരും. അഹങ്കാരത്തിന്റെ തിമിരം ബാധിച്ചവനു് ഒരിക്കലും ലോകത്തിന്റെ സൗന്ദര്യം നുകരുവാൻ കഴിയില്ല.

മനുഷ്യർ തമ്മിൽ ജനനംകൊണ്ടും ജീവിതസാഹചര്യങ്ങൾകൊണ്ടും വ്യത്യസ്തത പുലർത്തുന്നവരായിരിക്കാം. എന്നാൽ മരണം എല്ലാവർക്കും പൊതുവായുള്ളതാണു്. എന്നാൽ അഹങ്കാരത്തെ മറികടക്കുന്നവൻ മരണ

ത്തിലും മരിക്കുന്നില്ല.

അമ്മയ്ക്കു ജന്മദിനമുണ്ടെന്നോ അതു് ആഘോഷിക്കണമെന്നോ ഒരിക്കലും അമ്മ ചിന്തിച്ചിട്ടില്ല. ഇതു് മക്കളുടെ സങ്കല്പം പൂവണിഞ്ഞതാണു്. നമുക്കെല്ലാം ഈശ്വരസ്മരണയിൽ ഒന്നിച്ചുകൂടാനും ദുഃഖത്തിന്റെയും ദുരിതങ്ങളുടെയും അന്ധകാരത്തിൽ സ്നേഹത്തിന്റെയും ശാന്തിയുടെയും ദീപം തെളിക്കാൻ മക്കളൊരുക്കിയ അവസരമാണിതു്. ഇതിനെ പ്രേമത്തിന്റെ ദീപാവലിയെന്നു വിളിക്കാം. ഇങ്ങനെയുള്ള ദീപാവലി നമുക്കു ദിവസവും ആഘോഷിക്കാൻ കഴിയണം. ചിരിക്കാൻ കഴിയാത്ത ജീവിതങ്ങൾക്കും കണ്ണുനീർ വറ്റാത്ത മുഖങ്ങൾക്കും പ്രതീക്ഷയുടെ കിരണമായിത്തീരട്ടെ ഇതു്.

എല്ലാവരും ഒരമ്മമക്കളാണെന്ന ബോധം ഉണർത്താൻ സഹായിക്കുന്നതുകൊണ്ടു മക്കളുടെ ആനന്ദത്തിൽ അമ്മയും പങ്കുചേരുന്നു. ഇന്നു മക്കൾ അമ്മയുടെ പാദപൂജ ചെയ്തു. എന്നാൽ അമ്മയ്ക്കു് അതിലുമുപരിയായ സന്തോഷം നല്കുന്നതു്, മക്കൾ, മക്കളുടെ അകത്തും പുറത്തുമുള്ള ഓടകൾ വൃത്തിയാക്കുമ്പോഴാണു്. മക്കളുടെ ഈ അദ്ധ്വാനം അദ്ധ്വാനമല്ല; സേവനമാണു്. സേവനം ഈശ്വരൻ തരുന്ന ഒരവസരമാണു്. ഈ മനോഭാവത്തോടെ സമൂഹത്തെ സേവിക്കുമ്പോൾ അതു് ഈശ്വരപൂജയായി മാറും.

ഭൗതികതയ്ക്കു് അമിതപ്രാധാന്യം നല്കുന്ന ഒരു ലോകത്തിലാണു് ഇന്നു നാം ജീവിക്കുന്നതു്. ജീവിതത്തിന്റെ ചൈതന്യവും സൗന്ദര്യവും നമുക്കു നഷ്ടമായിരിക്കുന്നു. ഇന്നത്തെ ലോകത്തിൽ കണ്ടുവരുന്ന ഒട്ടേറെ ദൃശ്യ

ങ്ങളിലൂടെ നമുക്കൊന്നു കണ്ണോടിക്കാം.

ഒന്നു്, കടലിന്നടിയിലെ കാര്യങ്ങളെക്കുറിച്ചും ശൂന്യാകാശത്തിലെ കാര്യങ്ങളെക്കുറിച്ചും പഠിക്കുവാൻ മനുഷ്യൻ ധാരാളം പണം ചെലവിട്ടു പഠനയാത്രകൾ സംഘടിപ്പിക്കാറുണ്ടു്. എന്നാൽ ഇവയെക്കാളൊക്കെ നമ്മുടെ വളരെ അടുത്തുള്ള നമ്മുടെ ഉള്ളിലെ ലോകത്തെക്കുറിച്ചു പഠിക്കുവാൻ നമ്മൾ ഒരു യാത്രയും ചെയ്യുന്നില്ല.

രണ്ടു്, കൂടുതൽ കൂടുതൽ വലിയ സ്ക്രീനുകൾ ഉള്ള ടി.വി. കളാണു് ഇന്നു പലർക്കും പ്രിയം. എന്നാൽ സ്ക്രീൻ വലുതാകുന്നതിനനുസരിച്ചു മനസ്സിന്റെ സ്ക്രീൻ ചുരുങ്ങിവരുന്നതായിട്ടാണു നാം കാണുന്നതു്. അതിനെയാണു വലുതാക്കേണ്ടതു്. സ്വാർത്ഥതയും അഹങ്കാരവുമാണു മനസ്സിന്റെ സ്ക്രീനിനെ ചെറുതാക്കുന്നതു്.

മൂന്നു്, ഏറ്റവും ചെറിയ അഴുക്കിനെപ്പോലും വലിച്ചെടുക്കു വാൻ ശക്തിയുള്ള വാക്വംക്ലീനറുകൾ നമ്മൾ കണ്ടുപിടിച്ചു. എന്നാൽ നമ്മുടെ മനസ്സിനുള്ളിൽ കൂടിവരുന്ന അഴുക്കുകൾ നീക്കം ചെയ്യേണ്ടതിനെക്കുറിച്ചു നാം ബോധവാന്മാരാകുന്നില്ല.

നാലു്, പല വീടുകളിലും പ്രകൃതിദൃശ്യങ്ങളുടെ അതിമനോഹരങ്ങളായ ചിത്രങ്ങൾ ചുമരുകളിൽ പതിച്ചിരിക്കുന്നതു കാണാം. ഇതിൽനിന്നു മനസ്സിലാകുന്നതു്, ഈ ചിത്രങ്ങൾ നാം വളരെ ഇഷ്ടപ്പെടുന്നു എന്നാണല്ലോ. എന്നാൽ അതേസമയം നമുക്കു ചുറ്റു മുള്ള വൃക്ഷങ്ങൾ നാം മുറിച്ചുമാറ്റുന്നു. കാവുകളെല്ലാം വെട്ടിത്തെളിക്കുന്നു. കുളങ്ങളെല്ലാം മൂടുന്നു. പണ്ടു്, എല്ലാവരും ഈശ്വരനെപ്പോലെ ആരാധിച്ച നദികളെ മലിനമാക്കുന്നു.

ജീവിതത്തെ സുന്ദരമാക്കുന്നതും വികൃതമാക്കുന്നതും

നമ്മുടെ മനസ്സാണു്. ആ മനസ്സിനെ വേണം ആദ്യം നാം ഭംഗി യാക്കാൻ. അപ്പോൾ തീർച്ചയായും നമുക്കു ശാന്തിയും സമാധാനവും നുകരാൻ പറ്റും. പണ്ടു ദേവാസുരന്മാർ തമ്മിൽ ഇടയ്ക്കിടെ യുദ്ധങ്ങൾ നടന്നിരുന്നു. അക്കാലത്തു് അവർ വ്യത്യസ്തലോകങ്ങളിലാണു ജീവിച്ചിരുന്നതു്. എന്നാൽ, ശ്രീരാമന്റെ കാലമായപ്പോഴേക്കും അസുരന്മാർ അടുത്ത രാജ്യത്തിലേക്കു കുടിയേറി. ശ്രീകൃഷ്ണന്റെ കാലത്താകട്ടെ, അസുരന്മാർ സ്വന്തം കുടുംബത്തിൽത്തന്നെയായി. എന്നാൽ, ഇക്കാലത്തു് അസുരന്മാർ വീണ്ടും അടുത്തു. അവർ നമ്മുടെ ഉള്ളിൽത്തന്നെയാണു്. ഈ ശത്രുവിനെയാണു നമ്മൾ നശിപ്പിക്കേണ്ടതു്.

ആരാണു നമ്മുടെ ശത്രുക്കൾ? ആരാണു് ആ അസുരന്മാർ? അഹങ്കാരവും വിദ്വേഷവും സ്വാർത്ഥതയുംതന്നെ. ഈ ശത്രുക്കളെ പരാജയപ്പെടുത്തുവാൻ നമ്മുടെ ഉള്ളിലെ ചതുരംഗപ്പടയെ നാം ശക്തമാക്കണം. വിവേകം, വിനയം, സേവനം, ഈശ്വരപ്രേമം ഇവയാണു് ആ ചതുരംഗസേന. ഈ സേനയുടെ സഹായത്തോടെ ജീവിതമാകുന്ന യുദ്ധം ചെയ്താൽ തീർച്ചയായും നമുക്കു ശാശ്വതമായ ശാന്തിയും സമാധാനവും കണ്ടെത്താൻ കഴിയും.

ഈ ഗുണങ്ങൾ വളർത്താൻ കഴിയണമെങ്കിൽ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും നമുക്കു ശ്രദ്ധ ഉണ്ടായിരിക്കണം. നടപ്പിലും ഇരിപ്പിലും നോട്ടത്തിലുമെല്ലാം ജാഗ്രത പുലർത്തണം. എന്നാൽ ഇന്നു് അധികംപേരും കഴിഞ്ഞതിനെക്കുറിച്ചും വരാൻപോകുന്നതിനെക്കുറിച്ചും സദാസമയവും ചിന്തിച്ചുകഴിയുന്നു. ആഗ്രഹങ്ങൾ സാധിച്ചുകിട്ടാനുള്ള പരക്കംപാച്ചിലിൽ ഒരു കർമ്മവും ശരി

യായിച്ചെയ്യുവാൻ നമുക്കു കഴിയുന്നില്ല.

ഇന്നത്തെ സമൂഹത്തിലെ ഏറ്റവും വലിയ രോഗം ഏതെന്നു ചോദിച്ചാൽ അതു്, 'തിരക്കുരോഗം' ആണു്. താഴെ മുതൽ ഏറ്റവും മുകളിലുള്ളവർക്കുവരെ തിരക്കാണു്. മുലപ്പാലിന്റെ മണം മാറാത്ത കുട്ടികളും പറയുന്നതു കേൾക്കാം, "ഞാൻ അല്പം തിരക്കിലാണു്" എന്നു്. ഈ തിരക്കുരോഗം ഒരു പകർച്ചവ്യാധിപോലെ പടരുന്നു.

എന്നാൽ ഈ തിരക്കുരോഗികൾക്കു പലപ്പോഴും യഥാർത്ഥ ജീവിതത്തിൽ പലതും പൂർത്തീകരിക്കാൻ കഴിയാറില്ല. ഒരു കർമ്മത്തിൽനിന്നു മറ്റൊന്നിലേക്കു ചാടി അവസാനം ഒന്നും ചെയ്യാൻ കഴിയാതെ നിരാശരായിത്തീരുന്നവരാണു് ഇവരിൽ പലരും. ഒരാൾ രാവിലെ എഴുന്നേറ്റു, ഭക്ഷണം കഴിച്ചു, പത്രംവായനയും കഴിഞ്ഞു. അപ്പോൾ അയാൾ ചിന്തിച്ചു, 'കാറൊന്നു കഴുകിയാലെന്താ?' കാറിന്റെ താക്കോൽ കൈയിലെടുത്തു ഗ്യാരേജിലേക്കു നടക്കുമ്പോൾ മേശപ്പുറത്തു കിടക്കുന്ന എഴുത്തുകൾ കണ്ടു. ഒരുനിമിഷം ചിന്തിച്ചു, 'അയ്യോ, ഇന്നലെ വന്ന എഴുത്താണല്ലോ, എന്തെങ്കിലും അത്യാവശ്യമാണെങ്കിലോ, അതു വായിച്ചിട്ടാകാം കാറു കഴുകുന്നതു്!' കത്തു പൊട്ടിച്ചപ്പോഴാണു ചിന്തിച്ചതു്, 'ഹോ, ഇന്നു കറന്റുബിൽ അടയ്ക്കേണ്ട അവസാനത്തെ ദിവസമാണല്ലോ. ചെക്കു ബുക്കു് എവിടെയാണു്?' ചെക്കുബുക്കു തിരയാൻ തുടങ്ങിയപ്പോഴാണു തലേന്നു രാത്രി ജ്യൂസു കുടിച്ച ഗ്ലാസ്സു് ജനാലപ്പടിയിൽ ഇരിക്കുന്നതു കണ്ടത്. 'ഛെ, അതു കഴുകിവച്ചില്ലല്ലോ. തത്കാലം അടുക്കളയിൽ കൊണ്ടുവയ്ക്കാം, പിന്നെ കഴുകാം, ആദ്യം ചെക്കുബുക്കു തിരയാം. അതാണല്ലോ ആവശ്യം.' ഗ്ലാസ്സുമെടുത്തു മുന്നോ

ട്ടു പോകുമ്പോൾ അടുക്കളയിൽ നിറച്ചു് അഴുക്കു കിടക്കുന്നു. 'ആരെങ്കിലും വന്നുകേറിയാൽ എന്തു വിചാരിക്കും, അതു വൃത്തിയാക്കാം' എന്നു വിചാരിക്കുമ്പോൾ വേസ്റ്റു പാത്രം നിറഞ്ഞിരിക്കുന്നു. അതുകൊണ്ടിടാൻ തുടങ്ങുമ്പോഴാണു ടി.വി. മോണിറ്റർ മാറിയിരിക്കുന്നതു കാണുന്നതു്. 'ഹൊ, ഇതു പിള്ളേരുടെ പണിയാണു്!' അതു ശരിക്കുവയ്ക്കാൻ തുടങ്ങിയപ്പോഴാണു വെളിയിലേക്കൊന്നു നോക്കാൻ ഇടയായതു്. 'അയ്യോ, പൂന്തോട്ടം വല്ലാതെ കരിഞ്ഞു കിടക്കുന്നു. രണ്ടു ദിവസമായി വെള്ളം ഒഴിച്ചിട്ടു്.' 'വെള്ളം ഒഴിക്കണോ ചെക്കുബുക്കെടുക്കണോ?' സംശയമായി. 'ചെക്കുബുക്കാണല്ലോ അത്യാവശ്യമായി വേണ്ടതു്.' അങ്ങനെ ഓരോന്നു ചിന്തിച്ചും വിചാരിച്ചും ദിവസത്തിന്റെ അന്ത്യമെത്തി. ചെക്കുബുക്കു കിട്ടിയപ്പോഴേക്കും ബാങ്ക് അടച്ചിരുന്നു. കാറു കഴുകിയില്ല, കത്തുകൾ വായിച്ചില്ല, കറന്റുബില്ലടച്ചില്ല, ഗ്ലാസ്സു വൃത്തിയാക്കാതെ അടുക്കളയിൽത്തന്നെ കിടക്കുന്നു, ചെടിക്കു വെള്ളം ഒഴിച്ചില്ല. ചുരുക്കത്തിൽ ഒന്നും നടന്നില്ല.

'കഷ്ടം! ഇന്നത്തെ ദിവസം ഒന്നും ചെയ്യാൻ കഴിഞ്ഞില്ലല്ലോ ഈശ്വരാ!' എന്നു ചിന്തിച്ചിരിക്കുമ്പോൾ ഒരു കാര്യം മനസ്സിലായി, 'ഇന്നു മുഴുവൻ ഭയങ്കര തിരക്കായിരുന്നു.'

ഇതാണു് ഇന്നു പലരുടെയും സ്ഥിതി. എന്താണിതിനു കാരണം? നൂറുകൂട്ടം കാര്യങ്ങളാണു മനസ്സിൽ. എന്നാൽ ഒന്നുംതന്നെ ശരിയായിച്ചെയ്യുവാൻ കഴിയുന്നില്ല. ഈ നിമിഷത്തിലാണു നമ്മൾ കഴിയേണ്ടതു്. എന്നാൽ ഈ നിമിഷത്തിൽ ഒരിക്കലും നമുക്കു കഴിയാൻ പറ്റുന്നുമില്ല. നമുക്കെപ്പോഴും പല ചിന്തകളാണു്. ഇതുമൂലം ചെയ്യേണ്ട കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കാൻ കഴിയുന്നില്ല. ഭാവിയി

ലെ കാര്യങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ തെറ്റൊന്നുമില്ല. എന്നാൽ ഏതൊരു പ്രവൃത്തി ചെയ്യുമ്പോഴും അതിലായിരിക്കണം ശ്രദ്ധ. ഒരു പാലത്തിന്റെ പ്ലാൻ വരയ്ക്കുമ്പോൾ അതിലായിരിക്കണം പൂർണ്ണശ്രദ്ധ. പാലം കെട്ടുമ്പോഴാകട്ടെ കെട്ടുന്നതിലായിരിക്കണം ശ്രദ്ധ. അതുകൊണ്ടു് ഈ നിമിഷത്തിൽ കഴിയുക. അപ്പോൾ തീർച്ചയായിട്ടും നമുക്കു ജീവിതത്തിൽ ശാന്തി അനുഭവിക്കാൻ കഴിയും.

ഇന്നത്തെ കാലഘട്ടത്തിന്റെ മുഖമുദ്ര എന്തെന്നു ചോദിച്ചാൽ, അതു ടെൻഷനാണു്. ടെൻഷൻ കാരണമാണു മിക്ക രോഗങ്ങളും നമുക്കുണ്ടാകുന്നതു്. ഇന്നു പലരും പേസ്മേക്കർവച്ചാണു ജീവിക്കുന്നതു്. അമ്മ പറയുന്നതു ഹൃദയത്തിൽ 'പീസ്മേക്കർ' പ്രതിഷ്ഠിച്ചാൽ 'പേസ് മേക്കർ' മിക്കതും ഒഴിവാക്കാൻ സാധിക്കും എന്നാണു്. ആ പീസ്മേക്കർ ആദ്ധ്യാത്മികതയാണു്. നമ്മുടെ എല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാനം എന്തെന്നു മനസ്സിലാക്കി അവ എങ്ങനെ പരിഹരിക്കാം എന്നു പഠിപ്പിക്കുന്നതാണു് ആദ്ധ്യാത്മികത.

ജീവിതത്തിൽ വിഷമഘട്ടങ്ങൾ നേരിടേണ്ടിവരുമ്പോൾ നമ്മൾ പലപ്പോഴും കാര്യത്തെയാണു മാറ്റാൻ ശ്രമിക്കുന്നതു്, അതിന്റെ കാരണത്തെയല്ല. അതുകൊണ്ടു ദുഃഖം ഇരട്ടിയായിത്തീരുകയാണു ചെയ്യുന്നതു്.

ഒരു കൊച്ചുകുട്ടി വിശന്നു കരയുകയാണു്. അതിന്റെ തള്ള കളിപ്പാട്ടങ്ങൾ കൊടുത്തു കുഞ്ഞിനെ സമാധാനിപ്പിക്കാൻ ശ്രമിക്കുന്നുണ്ടു്. കുഞ്ഞു തത്കാലം അടങ്ങിയിരുന്നേക്കാം. പക്ഷേ, വിശപ്പു കൂടുമ്പോൾ പത്തിരട്ടി ശക്തിയായി വിളിവയ്ക്കും. വിശപ്പു മാറ്റിയാലേ ആ കുഞ്ഞി

ന്റെ കരച്ചിലിനു ശമനമുണ്ടാവുകയുള്ളൂ. ഇതുപോലെ പ്രശ്നങ്ങളുടെ അടിസ്ഥാനകാരണങ്ങൾ മനസ്സിലാക്കി, അതുവേണം നാം പരിഹരിക്കേണ്ടതു്. പലപ്പോഴും നാം പരിഹാരം കണ്ടെത്തുന്നതു മറ്റൊരു പ്രശ്നത്തെ ഏറ്റെടുത്തുകൊണ്ടാണു്.

ഒരാളുടെ കൈ മുറിഞ്ഞു. അയാൾ പ്രസ്സിലാണു ജോലി ചെയ്യുന്നതു്. ആശുപത്രിയിൽ ചെന്നു ഡോക്ടറെ കണ്ടു. കൈയുടെ മുക്കാൽഭാഗവും അറ്റിരുന്നു. കൈ ചേർത്തു തുന്നിക്കെട്ടിയതിനുശേഷം ഡോക്ടർ രോഗിയോടു സഹതാപം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു, "എന്തായാലും ഭാഗ്യമായി ഇടതുകൈയാണല്ലോ മുറിഞ്ഞതു്. വലതുകൈ ആയിരുന്നുവെങ്കിൽ എന്തു കഷ്ടമായേനെ. ഭാഗ്യമുണ്ടു്, വലതുകൈയ്ക്കൊന്നും സംഭവിച്ചില്ലല്ലോ!"

"അതല്ലേ ഡോക്ടറേ, എന്റെ മിടുക്കു്! ജോലി ചെയ്യുമ്പോൾ എന്റെ വലതുകൈ ആണു മെഷീനിലുണ്ടായിരുന്നതു്. ബ്ലെയ്ഡ് ഒടിഞ്ഞുവരുന്നതു കണ്ടപ്പോൾ വലതുകൈ മാറ്റി, ഞാൻ അവിടെ ഇടതുകൈ വച്ചു." ഇതായിരുന്നു രോഗിയുടെ മറുപടി. ഇതുപോലെയാണു ഇന്നു നമ്മുടെ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതും. ഒരു പ്രശ്നത്തെ പരിഹരിക്കാൻ ശ്രമിക്കുമ്പോൾത്തന്നെ നാം പുതിയൊരു പ്രശ്നത്തെ സൃഷ്ടിക്കുകയാണു ചെയ്യുന്നതു്. അതിനാൽ പ്രശ്നങ്ങളുടെ അടിസ്ഥാനകാരണം കണ്ടെത്തി അതു പരിഹരിക്കുകയാണു വേണ്ടതു്.

നമ്മൾ ഒറ്റപ്പെട്ട ദ്വീപുകളല്ല, ഒരേ ശൃംഖലയിലെ കണ്ണികളാണു്. മറ്റുള്ളവർ മാറിയിട്ടു്, ഞാൻ മാറാം എന്നു ചിന്തിക്കുന്നതു ശരിയല്ല. മറ്റുള്ളവർ മാറുന്നതിനുവേണ്ടി കാത്തു നില്ക്കാതെ നമ്മൾ സ്വയം മാറാൻ തയ്യാറാകണം

ഇതിലൂടെ സമൂഹത്തിൽ പരിവർത്തനങ്ങൾ സൃഷ്ടിക്കാൻ കഴിയും.

വനത്തിനോടു ചേർന്നു് ഒരു ഗ്രാമമുണ്ടു്. അവിടെ വഴിവിളക്കുകൾ ഒന്നുമില്ല. ഇതുമൂലം രാത്രികാലങ്ങളിൽ അവിടെ കൊള്ളകൾ വർദ്ധിച്ചു. വഴിയാത്രക്കാരെ പിടിച്ചുപറിക്കുന്നതു സ്ഥിരം സംഭവമായി. ചിലപ്പോൾ കൊലപാതകങ്ങളും നടന്നു. ഇങ്ങനെ കുറ്റകൃത്യങ്ങൾ പെരുകുന്നതു കണ്ടു നാട്ടുകാർ ഉദ്യോഗസ്ഥരെ സമീപിച്ചു നാട്ടിൽ വഴിവിളക്കുകൾ സ്ഥാപിക്കുവാൻ അപേക്ഷിച്ചു. അവർ പല തവണ അപേക്ഷകൾ നല്കിയിട്ടും മേലധികാരികളെ നേരിൽക്കണ്ടു പറഞ്ഞിട്ടും പ്രയോജനമൊന്നും ഉണ്ടായില്ല. ഇരുട്ടിന്റെ മറവിലെ കുറ്റ കൃത്യങ്ങൾക്കു യാതൊരു കുറവും സംഭവിച്ചതുമില്ല. ഒരു ദിവസം അവിടെയുള്ള താമസക്കാരിൽ ഒരാളിനു തോന്നി, തന്റെ വീടിനു മുന്നിൽ ഒരു റാന്തൽവിളക്കു കത്തിച്ചുവച്ചാലോ എന്നു്! അത്രയും സ്ഥലത്തു പ്രകാശം കിട്ടുമല്ലോ! അദ്ദേഹം തന്റെ വീടിനു മുന്നിൽ വഴിയോടു ചേർന്നു് ഒരു റാന്തൽവിളക്കു കത്തിച്ചു. അതു വഴിയിലൂടെ പോകുന്നവർക്കു് പ്രകാശം നല്കി. ഇതു കണ്ടപ്പോൾ അടുത്ത വീട്ടുകാരനു് അതു നല്ല ഭംഗിയുള്ളതായിത്തോന്നി. അദ്ദേഹവും തന്റെ വീടിനു മുന്നിലെ വഴിയരികിൽ ഒരു റാന്തൽവിളക്കു കത്തിച്ചുവച്ചു. ഇതു കണ്ട അടുത്ത വീട്ടുകാരും അതു തന്നെ ചെയ്തു. അങ്ങനെ എല്ലാ വീട്ടുകാരും വീടിനു മുന്നിൽ റാന്തൽ വിളക്കു കത്തിച്ചുവച്ചു. അതോടെ ആ ഗ്രാമത്തിലാകെ പ്രകാശം നിറഞ്ഞു. കൊള്ളയും കൊലയും ഇല്ലാതെയായി. കള്ളന്മാരുടെ ശല്യവും കുറഞ്ഞു. ഒരാളിൽനിന്നാരംഭിച്ച സത്പ്രവൃത്തി ആ നാട്ടിൽ മുഴുവൻ വലിയ പരിവർത്തനത്തിനു കാരണമായി.

ഇന്നു ലോകത്തിൽ കാണുന്ന യുദ്ധങ്ങളുടെയും ഭീകരാക്രമണങ്ങളുടെയും മുഖ്യകാരണം വ്യക്തിമനസ്സുകളിലെ സംഘർഷമാണു്. അതിനാൽ വ്യക്തിമനസ്സു് മാറ്റിയെടുക്കണം. മാറ്റം വ്യക്തിമനസ്സിൽനിന്നു് ആരംഭിച്ചാൽ നമുക്കു സമൂഹത്തിലാകെ പരിവർത്തനം സൃഷ്ടിക്കുവാൻ കഴിയും.

നമ്മുടെ ജീവിതത്തിന്റെ നല്ലൊരു പങ്കു ബാല്യത്തിൽ കഴിഞ്ഞു പോയി. ആ സമയം കളിച്ചും രസിച്ചും കഴിച്ചു കൂട്ടി. പകുതിയോളം ഉറക്കത്തിനു ചെലവായി (അഥവാ അത്ര ഉറങ്ങിയില്ലെങ്കിലും സാധാരണ ഉണർന്നിരിക്കുമ്പോൾപോലും നമ്മൾ ഒരുതരം ഉറക്കത്തിലാണു്, അർദ്ധബോധാവസ്ഥയിലാണു്). പിന്നെ ശേഷിക്കുന്നതെത്ര സമയമാണു്? അതുതന്നെ പല കാര്യങ്ങളെക്കുറിച്ചുമുള്ള ടെൻഷനിലാണു്. നമ്മൾ ജീവിതത്തിൽ ഒന്നും കൊണ്ടുവരുന്നുമില്ല, കൊണ്ടുപോകുന്നുമില്ല. അതിനാൽ ഇനിയുള്ള സമയമെങ്കിലും നല്ലതു പറഞ്ഞും നല്ലതു പങ്കുവച്ചും ജീവിതം ഉത്സവമാക്കിത്തീർക്കുകയാണു വേണ്ടതു്. ഇതിനു കഴിയണമെങ്കിൽ വിവേകം ആവശ്യമാണു്. ഇന്നു് ആളുകൾ പരസ്പരം സംസാരിക്കുന്നതുപോലും വിവേകത്തോടെയല്ല, അന്യോന്യം മനസ്സിലാക്കിക്കൊണ്ടുമല്ല. എന്താണു സംസാരിക്കുന്നതെന്നുതന്നെ അറിയുന്നില്ല. അതിനാൽ, മറ്റുള്ളവരെ ഉൾക്കൊള്ളാനോ അവർക്കു നമ്മെ മനസ്സിലാക്കുവാനോ വഴിതെളിയുന്നില്ല.

നമ്മുടെ ജീവിതത്തിൽ നന്നായി ആശയവിനിമയം നടത്തുന്നതിനു നാലു കാര്യങ്ങൾ ആവശ്യമാണെന്നു പറയും. 1. എഴുത്തു് 2. വായന. 3. സംസാരം. 4. ശ്രവണം. ഇതിൽ ആദ്യത്തെ മൂന്നു കാര്യത്തിലും നമുക്കു കുട്ടി

ക്കാലം മുതല്ലേ ധാരാളം പരിശീലനം ലഭിക്കുന്നുണ്ടു്. പക്ഷേ, ശ്രദ്ധിച്ചു കേൾക്കുക എന്നതിൽ നമുക്കു തീരെ പരിശീലനം കിട്ടിയിട്ടില്ല. അതുകൊണ്ടു് അധികംപേരും വളരെ മോശക്കാരായ കേൾവിക്കാരാണെന്നു പറയാം. ഈശ്വരൻ മനുഷ്യനു രണ്ടു ചെവികളും ഒരു വായയും തന്നിട്ടുണ്ടു്. എന്താണിതിന്നർത്ഥം – സംസാരിക്കുന്നതിന്റെ ഇരട്ടി നാം കേൾക്കാൻ തയ്യാറാകണം. പക്ഷേ, നാം നേരെ മറിച്ചാണു് ഇപ്പോൾ ചെയ്യുന്നതു്. തീരെ കേൾക്കാതെ നാം സംസാരിച്ചുകൊണ്ടേയിരിക്കുന്നു.

ഒരിടത്തു് ഒരു വ്യാപാരി ഉണ്ടായിരുന്നു. അയാൾക്കു് എപ്പോഴും ബിസിനസ്സിനെക്കുറിച്ചു മാത്രമായിരുന്നു ചിന്ത. ഒരിക്കൽ ആശുപത്രിയിൽക്കിടക്കുന്ന ഒരു സുഹൃത്തിനെ അയാൾ സന്ദർശിച്ചു. പതിവനുസരിച്ചുള്ള കുശലം ചോദിച്ചു, "നിങ്ങൾക്കെങ്ങനെയുണ്ടു്?" സുഹൃത്തു പറഞ്ഞു, "വളരെ മോശമാണു്, ഓരോ ദിവസം കഴിയുന്തോറും എന്റെ സ്ഥിതി വഷളായിക്കൊണ്ടിരിക്കുകയാണു്." ചോദ്യം ചോദിച്ചതല്ലാതെ വ്യാപാരി ഉത്തരം ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. സുഹൃത്തു സൗഖ്യമാണെന്നാണു പറഞ്ഞതെന്നു കരുതി അദ്ദേഹം പറഞ്ഞു, "അതു വളരെ നന്നായി. പിന്നെ എന്തൊക്കെ മരുന്നുകളാണു നിങ്ങൾ കഴിക്കുന്നതു്?"

സുഹൃത്തിനു നീരസം തോന്നി. അയാൾ പറഞ്ഞു, "വിഷം! വിഷം! അതാണു് ഇപ്പോൾ കഴിച്ചുകൊണ്ടിരിക്കുന്നതു്." പിന്നെയും തീരെ ശ്രദ്ധിക്കാതിരുന്ന വ്യാപാരി പറഞ്ഞു, "അതു വളരെ ശക്തിയുള്ള മരുന്നാണു്. അതിരിക്കട്ടെ ആരാണു നിങ്ങളുടെ ഡോക്ടർ?" സുഹൃത്തിനു് അരിശം സഹിക്കുവാൻ കഴിഞ്ഞില്ല. അദ്ദേഹം പറഞ്ഞു, "കാലൻ! കാലൻ!"

വ്യാപാരി പറഞ്ഞു, "അദ്ദേഹമാണു നിങ്ങൾക്കു പറ്റിയ ഡോക്ടർ. നിങ്ങൾ ഒട്ടും വിഷമിക്കേണ്ട."

ഇതുകേട്ടതും ദേഷ്യം സഹിക്കാനാവാതെ രോഗി തന്റെ മൂക്കിലും മറ്റും ഘടിപ്പിച്ചിരിക്കുന്ന റ്റ്യൂബുകൾ വലിച്ചെറിഞ്ഞു ചാടിയെഴുന്നേറ്റു വ്യാപാരിയെ കഴുത്തിനു പിടിച്ചുതള്ളി. നമ്മൾ നല്ല കേൾവിക്കാരായില്ലെങ്കിൽ ഇതുപോലിരിക്കും. കേൾക്കുവാനുള്ള കല നാം അറിഞ്ഞിരിക്കണം. നാം നല്ല കേൾവിക്കാർ ആയിത്തീർന്നാൽ, ജീവിതത്തിൽ അതു വലിയൊരു നേട്ടമായിരിക്കും. നമ്മളോടു സംസാരിക്കുന്നവർക്കെല്ലാം അതുകൊണ്ടു സന്തോഷം അനുഭവപ്പെടുകയും ചെയ്യും. ഓരോ സാഹചര്യത്തിലും ശരിയായി പ്രവർത്തിക്കാനും പല പ്രശ്നങ്ങളെയും ഒഴിവാക്കാനും ഇതു സഹായിക്കും.

വിവേകരഹിതമായ സംസാരം പല പ്രശ്നങ്ങൾക്കും കാരണമാകും. മിക്കപ്പോഴും തെറ്റായ സംസാരത്തിൽനിന്നാണു കലഹങ്ങളും വിദ്വേഷങ്ങളും ഉടലെടുക്കുന്നതു്. അമ്മ സാധാരണ പറയാറുണ്ടു്, ദേഷ്യം രണ്ടുവശവും മൂർച്ചയുള്ള കത്തി പോലെയാണു് – ലക്ഷ്യമാക്കുന്നവനും പിടിക്കുന്നവനും അപകടമുണ്ടാകും. അതിനാൽ ക്ഷമയാണു നമ്മൾ വളർത്തിയെടുക്കേണ്ടതു്.

വിദ്വേഷം പുലർത്തുക എന്നാൽ നമ്മൾ സ്വയം വിഷം കഴിച്ചു മറ്റുള്ളവർ മരിക്കണമെന്നു് ആഗ്രഹിക്കുന്നതുപോലെയാണു്. നമുക്കു സാധാരണ വീൽച്ചെയറിലിരിക്കുന്ന ഒരു വികലാംഗനെ കാണുമ്പോൾ മനസ്സിൽ സഹതാപം തോന്നുക സ്വാഭാവികമാണു്. സ്വന്തം ദേഷ്യം നിയന്ത്രിക്കാൻ കഴിയാത്ത ഒരാളും ഇതുപോലെ വികലാംഗനാണു്. പക്ഷേ, അയാളുടെ വികലത നാം പുറമെ കാ

ണുന്നില്ലെന്നു മാത്രം. ശാരീരികമായ അംഗവൈകല്യ മുള്ളയാളോടു നമുക്കു സഹതാപം തോന്നുന്നതുപോലെ ദേഷ്യമുള്ള ആളോടും നമുക്കു സഹതാപം തോന്നേണ്ട താണു്. ഒരുപക്ഷേ നമ്മുടെ സ്നേഹവും സഹതാപവും കൊണ്ടു് അവരിൽ പരിവർത്തനം സംഭവിച്ചെന്നിരിക്കും.

അഹങ്കാരമാകുന്ന രോഗത്തെ ജയിക്കാനുള്ള ഒരേ യൊരു ഔഷധം സ്നേഹമാണു്. ആരോടെങ്കിലും നമുക്കു് ആത്മാർത്ഥ മായ സ്നേഹമുണ്ടെങ്കിൽ അയാളോടു നമുക്കു് അസൂയയോ, മത്സരബുദ്ധിയോ ദേഷ്യമോ തോന്നില്ല. ഒരാളോടു് ഇഷ്ടമുണ്ടെങ്കിൽ സൗന്ദര്യമില്ലെങ്കിലും നമ്മൾ സൗന്ദര്യം വച്ചുകെട്ടും. ഇഷ്ടമില്ലെങ്കിൽ സൗന്ദര്യമുണ്ടെ ങ്കിലും നമ്മൾ വൈരൂപ്യം കാണും. രണ്ടിനും കാരണം മനസ്സാണു്.

ആരോ വരാന്തയിൽ നില്ക്കുന്നതു കണ്ട ഗൃഹനാഥ ജോലിക്കാരിയോടു പറഞ്ഞു, "ആനയെപ്പോലെ ഒരാൾ വെളിയിൽ നില്ക്കുന്നു. നീ ആരെന്നു പോയി നോക്കി വാ." ജോലിക്കാരി പുറത്തുപോയി നോക്കിയിട്ടു വന്നു പറഞ്ഞു. "കൊച്ചമ്മേ, വന്നിരിക്കുന്നതു കൊച്ചമ്മയുടെ നാടുവിട്ടു പോയ മൂത്തമകനാണെന്നു തോന്നുന്നു." ഇതുകേട്ടതും വീട്ടുകാരി ഓടിച്ചെന്നു മകനെ കെട്ടിപ്പിടിച്ചുകൊണ്ടു പറയുകയാണു്, "പൊന്നുമോനേ, നീ ഇത്രകാലം എവിടെ യായിരുന്നു! നീ വല്ലാതെ മെലിഞ്ഞു പോയല്ലോ! എത്ര ക്ഷീണിച്ചിരിക്കുന്നു!" സ്വന്തം മകനാ ണെന്നറിഞ്ഞപ്പോൾ, പ്രേമം വന്നപ്പോൾ ഇങ്ങനെയായി. അതുപോലെ നമ്മിൽ പ്രേമം വന്നാൽ നമുക്കു് അസൂയയെയും വിദ്വേഷത്തെയും ഒക്കെ അതിജീവിക്കാൻ സാധിക്കും. നമുക്കു വേണമെങ്കിൽ സ്നേഹത്തെയും വളർത്താം വിദ്വേഷത്തെയും വളർത്താം.

രണ്ടിനും കാരണം മനസ്സാണു്.

സ്നേഹവും വിവേകവും ഈശ്വരൻ നമുക്കു തന്നിരിക്കുന്ന വരദാനമാണു്. ഇവ രണ്ടും വേണ്ടപോലെ ഉപയോഗിച്ചാൽ നമുക്കു് ഈശ്വരനെ കണ്ടെത്താം. എന്നാൽ നമുക്കുള്ളിൽ ഈ ഗുണങ്ങളുണ്ടെങ്കിലും നാം അവയെ മിക്കപ്പോഴും ഉപയോഗിക്കാറില്ല. അങ്ങനെ ഉപയോഗിക്കാതിരിക്കുന്ന കഴിവുകൾ സ്വയം നശിക്കാനിടയായിത്തീരും. പാമ്പുകൾക്കു പണ്ടു കാലുകൾ ഉണ്ടായിരുന്നുവെന്നും ഉപയോഗിക്കാതെ അവ കാലക്രമേണ ഇല്ലാതായതാണെന്നും ശാസ്ത്രജ്ഞന്മാർ പറയുന്നു. അതുപോലെ മനുഷ്യൻ മൂന്നു വർഷം അനങ്ങാതിരുന്നാൽ നടക്കാനുള്ള ശേഷി കുറയുമെന്നാണു പറയുന്നതു്. അതിനാൽ നമ്മിലെ സ്നേഹത്തെ ഉദ്ധരിച്ചെടുക്കാൻ ശ്രമിക്കണം. പ്രേമവും ജീവിതവും രണ്ടല്ല, ഒന്നാണു്. പ്രേമത്തിന്റെ മാധുര്യമില്ലാത്ത ജീവിതം വിണ്ടുവരണ്ട മരുഭൂമിക്കു തുല്യമാണു്. വിട്ടുപിരിയാതെ ഒന്നിച്ചുചേർന്നിരിക്കുന്ന വാക്കും അർത്ഥവുംപോലെയാണു ജീവിതവും പ്രേമവും. അതിനാൽ ജീവിതത്തിൽ പ്രേമത്തെയാണു നാം ഉണർത്തിയെടുക്കേണ്ടതു്. ഇതിലൂടെ നാം നമ്മുടെ ജീവിതത്തിൽ മാത്രമല്ല, സമൂഹത്തിലും ശാന്തി നിലനിർത്തുകയാണു ചെയ്യുന്നതു്.

ഒരു പുഷ്പം മൊട്ടായിരിക്കുമ്പോൾ അതിനെ വലിച്ചു വിടർത്താൻ ശ്രമിച്ചാൽ അതിന്റെ പരിമണമോ ഭംഗിയോ അറിയാൻ കഴിയില്ല. സ്വാഭാവികമായി വിടരാൻ അനുവദിച്ചാലേ അതറിയൂ. ഇതുപോലെ ക്ഷമയെ ഉണർത്തി ജീവിതത്തിലെ നിത്യാനിത്യത്തെ അറിയുക. ചുള്ളിക്കമ്പിലെ കിളിയെപ്പോലെയാകണം നമ്മൾ. അതു ചുള്ളി

ക്കമ്പിലിരുന്നു് ഇര തിന്നും ഉറങ്ങും. പക്ഷേ, ഒരു കാറ്റു വരുമ്പോൾ ചിറകു വിടർത്തുന്നതു കാണാം. അതിനറിയാം, ഈ കാറ്റിനെ ചെറുത്തു കമ്പുതന്നെ രക്ഷിക്കില്ലെന്നു്. പ്രാപഞ്ചികലോകം ഉണക്കച്ചുള്ളിക്കമ്പുപോലെയാണു്. ഈ ലോകത്തു ജീവിക്കുമ്പോൾ ഓരോ കർമ്മം ചെയ്യുമ്പോഴും ആ ഈശ്വരസ്മരണ വിടാൻ പാടില്ല. അവിടുന്നു മാത്രമാണു ശാശ്വതമെന്നറിയണം. അവിടുത്തെ സ്മരണ ഉണർത്തി നമ്മുടെ ജീവിതത്തിൽ സ്നേഹത്തെ വളർത്തിയെടുക്കണം.

പ്രേമമാണു ജീവിതം എന്നു് അനുഭവിച്ചറിയണം. അതു നമ്മുടെ ഓരോ കർമ്മത്തിലും പ്രതിഫലിക്കണം. അതായിരിക്കട്ടെ നമ്മുടെ ജീവിതലക്ഷ്യം.

പ്രയത്നവും കൃപയും

പ്രാർത്ഥനകൾ പലതിന്റെയും അവസാനം 'ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ' എന്നു നാം ചൊല്ലാറുണ്ടു്. എന്താണിതുകൊണ്ടു് ഉദ്ദേശിക്കുന്നതു്? ഈശ്വരാ, സമസ്ത പ്രകൃതിയിൽനിന്നും എനിക്കു ശാന്തിയുണ്ടാകണേ, ചുറ്റുപാടിൽനിന്നും എനിക്കു ശാന്തിയുണ്ടാകണേ, എന്നിൽനിന്നും എനിക്കു ശാന്തിയുണ്ടാകണേ. ഇതാണു് ആ മൂന്നു ശാന്തികൾകൊണ്ടു് അർത്ഥമാക്കുന്നതു്.

ചുഴലിക്കാറ്റു്, ഭൂകമ്പം, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയവയിൽനിന്നു നമുക്കു ദുരിതങ്ങളുണ്ടാകാം. ഈശ്വരനു മാത്രമേ ഇതിൽനിന്നും നമ്മളെ രക്ഷിക്കാനാകൂ. അതിനാൽ, ഈവക ദുരിതങ്ങൾക്കൊന്നിനും ഇടനല്കാതെ, അവിടുന്നു ഞങ്ങൾക്കു ശാന്തി പ്രദാനം ചെയ്യണേ എന്നാണു് ആദ്യത്തെ ശാന്തികൊണ്ടുദ്ദേശിക്കുന്നതു്. അയലത്തുകാരിൽനിന്നോ, മറ്റുള്ളവരിൽ

നിന്നോ നമുക്കു ബുദ്ധിമുട്ടുകൾ നേരിടാം. അങ്ങനെ നമ്മുടെ ശാന്തിക്കു ഭംഗം വരാതെയിരിക്കണമെന്നാണു പ്രാർത്ഥനയിലെ രണ്ടാമത്തെ ശാന്തികൊണ്ടു് അർത്ഥമാക്കുന്നതു്. മൂന്നാമതു പറയുന്ന ശാന്തി, നമ്മളിൽത്തന്നെയാണു കണ്ടെത്തേണ്ടതു്. എന്നിൽനിന്നു് എന്റെ ശാന്തിക്കു ഭംഗം വരാതിരിക്കാനാണു് ആ പ്രാർത്ഥന. ഇതാണു മുഖ്യമായി വേണ്ടതും. ആദ്യം പറഞ്ഞ രണ്ടിലും കാര്യങ്ങൾ നമുക്കനുകൂലമല്ലാതെ വന്നാലും പേടിക്കേണ്ടതില്ല, ഹൃദയത്തിൽ ശാന്തിയുണ്ടെങ്കിൽ അവയെ അതിജീവിക്കാം. ലോകത്തുനിന്നു് എന്തു പ്രതിബന്ധം വന്നാലും അവയെ ധീരതയോടെ സ്വീകരിക്കാം. ചുറ്റുപാടുകളിൽനിന്നും പ്രശ്നങ്ങൾ ഉണ്ടായാൽത്തന്നെ, ഉദാഹരണമായി അയൽക്കാരിൽനിന്നാണെങ്കിൽ, മറ്റൊരു ദിക്കിലേക്കു മാറിത്താമസിക്കാം. അല്ലെങ്കിൽ പോലീസിനെ അറിയിച്ചു് ആശ്വാസം നേടാം. കള്ളന്മാരുടെ ശല്യമാണെങ്കിൽ നായയെ വളർത്താം. ഇങ്ങനെ ഏതെങ്കിലും വിധത്തിൽ പരിഹാരങ്ങൾ നോക്കാവുന്നതാണു്. എന്നാൽ ഉള്ളിൽ ശാന്തിയില്ലെങ്കിൽ, മറ്റു രണ്ടു രീതിയിൽ ശാന്തി ലഭിച്ചാലും നമുക്കു പ്രയോജനമില്ല, നമുക്കു് ആ ശാന്തി അനുഭവിക്കാൻ കഴിയില്ല. അതിനാൽ ഏറ്റവും മുഖ്യമായിവേണ്ടതു നമ്മുടെതന്നെ കൃപയാണു്– ആത്മകൃപയാണു്. അവനവൻ ശ്രമിക്കാതെ ഈ ആത്മകൃപ നേടാനാവില്ല. നമ്മിൽ അഹങ്കാരം ഇരിക്കുന്നിടത്തോളം ഈ ആത്മകൃപ നേടുക പ്രയാസമാണു്. എല്ലാത്തിനും തടസ്സമായി നില്ക്കുന്നതു് അഹങ്കാരമാണെന്നു പറയുവാൻ ഇതാണു കാരണം.

കൃപ നേടണമെങ്കിൽ അഹങ്കാരത്തെ മാറ്റുകതന്നെ വേണം. ശ്രദ്ധയുണ്ടെങ്കിൽ ഇതൊരു പ്രയാസമുള്ള കാര്യമല്ല. നമ്മുടെ ഓരോ വാക്കും പ്രവൃത്തിയും ശരി

യായ ചിന്തയിൽനിന്നുമാണു വരുന്നതെന്നു് ഉറപ്പു വരുത്തണം. ഇതിനു നമ്മുടെ ഭാഗത്തുനിന്നും പ്രയത്നം ആവശ്യമാണു്. സൂര്യൻ എല്ലായിടത്തും പ്രകാശം പരത്തിയാലും മുറിയടച്ചിരുന്നാൽ പ്രയോജനമില്ല. പ്രകാശം ലഭിക്കണമെങ്കിൽ മുറിയുടെ വാതിലുകൾ തുറന്നിടണം. അതിനുകൂടി തയ്യാറാകാതെ സൂര്യനെ പഴിപറഞ്ഞിട്ടു കാര്യമില്ല. ഉറങ്ങുന്നവനെ ഉണർത്താൻ കഴിയും. എന്നാൽ ഉറക്കം നടിക്കുന്നവനെ ഉണർത്താൻ കഴിയില്ല. ഒരു പരിശ്രമത്തിനും തയ്യാറാകാതെ മടിപിടിച്ചിരിക്കുന്നവർക്കു്, ആത്മകൃപയ്ക്കായി പ്രയത്നിക്കാത്തവർക്കു് ഈശ്വരൻ കൃപ ചൊരിഞ്ഞാൽക്കൂടി അതു സ്വീകരിക്കാൻ കഴിയില്ല.

വിനയപൂർവ്വമായ പ്രയത്നത്തിന്റെകൂടെ വന്നുചേരുന്നതാണു കൃപ. വിനയമാണു കർമ്മത്തിനു മധുരം പകരുന്നതു്. കർമ്മത്തിൽ ബുദ്ധിയും ഹൃദയവും ഒന്നുചേരണം. അപ്പോൾ എല്ലാ കൃപയും നമ്മളിൽ വന്നണയും. അതു നമ്മുടെ ജീവിതത്തിനു സംതൃപ്തി പകരും. ഇതിനാവശ്യമായി വേണ്ടതു വിനയമാണു്.

ഈശ്വരൻ സർവ്വചരാചരങ്ങളിലും കുടികൊള്ളുന്ന ചൈതന്യമാണു്. സർവ്വജീവരാശികളോടുമുള്ള നമ്മുടെ കാരുണ്യമാണു് ഈശ്വരകൃപയായി തിരിയെ നമ്മളിലേക്കു് എത്തുന്നതു്. അതിനാൽ അവിടുത്തെ കൃപ നേടണമെങ്കിൽ, നമ്മുടെ നോക്കിലും വാക്കിലും പ്രവൃത്തിയിലും കാരുണ്യം കിനിയുവാൻ ശ്രദ്ധിക്കണം.

സുഖവും ദുഃഖവും കർമ്മഫലങ്ങൾ

നമുക്കു മറ്റുള്ളവരെ നിയന്ത്രിക്കാൻ സാധിച്ചേക്കാം. എന്നാൽ പലപ്പോഴും സ്വയം നിയന്ത്രിക്കുവാൻ നമുക്കു കഴിയുന്നില്ല. എടുത്തുചാടി പലതും പറയുകയും പ്രവർ

ത്തിക്കുകയും ചെയ്യും. ഇതുമൂലം പിന്നീടു് ഇരട്ടി കഷ്ട തകൾ അനുഭവിക്കേണ്ടിവരുന്നു.

നമ്മൾ മേലുദ്യോഗസ്ഥരോടു ദേഷ്യപ്പെടാറില്ല. കാരണം ജോലി പോകുമെന്നറിയാം. ഉന്നതസ്ഥാനങ്ങളിൽ സ്വാ ധീനമുള്ളവരോടു ദേഷ്യം കാട്ടാറില്ല. അവർ പോലീസി ലേല്പിക്കും, നല്ല ശിക്ഷ ലഭിക്കും എന്നറിയാം. നമ്മൾ ദേഷ്യപ്പെടാറുള്ളതു നമ്മുടെ കീഴ്ജീവനക്കാരോടാണു്. അവരോടു് ആവശ്യമില്ലാതെ കോപിക്കുന്നു. അവർ പൊ തുജനങ്ങളുടെ നേരെ ദേഷ്യപ്പെടുന്നു. അല്ലെങ്കിൽ വീട്ടിൽ ഭാര്യയോടും കുട്ടികളോടും ദേഷ്യം തീർക്കുന്നു. കുളത്തിൽ വീണ കല്ലു സൃഷ്ടിക്കുന്ന ഓളങ്ങൾപോലെ നമ്മുടെ കോപത്തിന്റെ തരംഗങ്ങൾ സമൂഹത്തിൽ ആകെ പടരുന്നു. അതിൽനിന്നാണു് ഇന്നു കാണുന്ന അസ്വസ്ഥ തകളും സംഘർഷ്ങ്ങളും രൂപംകൊള്ളുന്നതു്. തന്നെ ക്കാൾ താഴെയുള്ളവരോടാണു പരമാവധി ക്ഷമിക്കേ ണ്ടതു്. കാരണം, അവരുടെ ഉള്ളുരുകിയുള്ള പ്രാർത്ഥന ശാപമായിത്തീരും. "ഈശ്വരാ, ഞാനിതൊന്നും അറിഞ്ഞ തേയല്ല, എന്നിട്ടും അവരിങ്ങനെയൊക്കെ എന്നെ പറ യുന്നു. ഈശ്വരാ, അവിടുന്നു മാത്രമേ എനിക്കു തുണയാ യിട്ടുള്ളൂ." എന്നിങ്ങനെയുള്ള അവരുടെ നിസ്സഹായ തയോടെയുള്ള പ്രാർത്ഥന ഉയരുന്നതു വിങ്ങുന്ന ഹൃദ യത്തിൽനിന്നുമാണു്. അതിന്റെ ശക്തി അപാരമാണു്. ആ ശോകതരംഗങ്ങൾ നമ്മളിലേക്കു പാഞ്ഞടുക്കും. അതു നമ്മുടെ ശരീരത്തിനു ചുറ്റുമുള്ള ഓറയിൽ വ്യാപിക്കും. നമ്മുടെ ചീത്തസമയങ്ങളിൽ നമുക്കു് അനുഭവിക്കേ ണ്ടിവരുന്ന കഷ്ടതകൾ ഇങ്ങിനെയുള്ള സന്ദർഭങ്ങളുടെ ഫലമായുണ്ടാകുന്നതാണു്.

നമ്മൾ ചെയ്യുന്ന കർമ്മങ്ങൾക്കനുസരിച്ച് ഓറയ്ക്കു വ്യത്യാസം സംഭവിക്കും. ചീത്ത കർമ്മങ്ങൾ- അന്യർക്കു വേദനയുണ്ടാക്കുന്ന കർമ്മങ്ങൾ - ചെയ്യുമ്പോൾ ഓറ ഇരുണ്ടതാകും. അതു കൃപ ലഭിക്കുന്നതിനു തടസ്സമാകും. കണ്ണാടിക്കൂട്ടിനുള്ളിൽ വിളക്കു കത്തിച്ചുവച്ചാൽ, പുകപിടിച്ചു ഗ്ലാസ്സ് കറുക്കും. ഇതു കാരണം പകലാണെങ്കിലും പുറത്തെ സൂര്യപ്രകാശം അകത്തേക്കു കടക്കില്ല. അതുപോലെത്തന്നെ അകത്തു വെളിച്ചമുണ്ടെങ്കിലും അതു പുറത്തേക്കു കാണുകയുമില്ല. ഇതു പോലെയാണ്, ദുഷ്കർമ്മങ്ങൾ മൂലം ഓറ ഇരുണ്ടാലത്തെ അവസ്ഥ. കൃപ നമ്മളിലെത്തുന്നതിന് അതു തടസ്സമാകുന്നു. നമ്മൾ പ്രയത്നിച്ചാൽക്കൂടി, ഉടനെ ഫലം കണ്ടെത്താൻ കഴിഞ്ഞു എന്നു വരില്ല. അതിനാൽ കൃപയ്ക്കു തടസ്സമാകുന്ന ചീത്ത കർമ്മങ്ങൾ ഒഴിവാക്കുവാൻ മക്കൾ പ്രത്യേകം ശ്രദ്ധിക്കണം.

ശനി, രാഹു, ചൊവ്വ എന്നിവയുടെ ദശാപഹാര സന്ധികളിലാണു വ്യക്തിജീവിതത്തിൽ കഷ്ടതകൾ കൂടുതലായും കണ്ടുവരുന്നത്. ബിസിനസ്സു നഷ്ടമാകുക, വിവാഹബന്ധം തകരാറിലാവുക, കുടുംബത്തിൽ കലഹമുണ്ടാകുക, പിതാവിന്റെയോ സ്വന്തക്കാരുടെയോ രോഗം കാണാൻ പോകുമ്പോൾ വഴിയിൽ അപകടം സംഭവിക്കുക, ഭർത്താവു മരിച്ച വിവരം എത്തുന്നതിനുമുൻപേ മകൻ മരിക്കുക, ചെയ്യാത്ത തെറ്റുകൾക്കു ശിക്ഷ അനുഭവിക്കേണ്ടി വരിക – ഇങ്ങനെ ഓരോരോ പ്രശ്നങ്ങൾ ഈ ദശാസന്ധികളിൽ വന്നുകൊണ്ടിരിക്കും. ഇതിനു കാരണമെന്താണ്? മുൻപുചെയ്ത കർമ്മങ്ങൾതന്നെ. അതിനാൽ ഇന്നുള്ള കർമ്മങ്ങൾ വളരെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ നാളത്തെ കാര്യം ശോഭനമാകൂ. വിധി

എന്നു പറയുന്നതും ഇതുതന്നെ. ഇന്നലത്തെ കർമ്മമാണു് ഇന്നത്തെ വിധിയായിത്തീരുന്നതു്. ഇന്നത്തെ കർമ്മം ശുദ്ധമായാൽ മാത്രമേ നാളത്തെ വിധി നമുക്കു് അനുകൂലമാകൂ. ഇതിനൊക്കെ യുക്തി എന്തെന്നു ചോദിച്ചാൽ, ഓരോരുത്തരുടെയും അനുഭവം എന്നു മാത്രമേ പറയുവാൻ കഴിയൂ. പലരുടെയും ജീവിതം കണ്ടുപഠിച്ചതിൽനിന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണിതു്.

ഇന്നു സംഭവിക്കുന്നതിനെക്കുറിച്ചോർത്തു തളർന്നിട്ടു കാര്യമില്ല. കഴിഞ്ഞതു കഴിഞ്ഞു. ഇനിയുള്ള നിമിഷങ്ങളിൽ ശ്രദ്ധിച്ചു നീങ്ങുവാൻ ശ്രമിക്കുക. സുഖദുഃഖങ്ങൾ ലോകത്തിന്റെ സ്വഭാവമാണെന്നറിയണം. അതു ക്ലോക്കിന്റെ പെൻഡുലംപോലെയാണു്, സുഖം – ദുഃഖം; സുഖം–ദുഃഖം. സുഖത്തിലേക്കുള്ള ആയമെടുപ്പു തിരിച്ചു ദുഃഖത്തിലേക്കെത്തുവാനാണു്. അതുപോലെ മറിച്ചും. ഇതിനെ രണ്ടിനെയും സന്തുലിതമായ മനഃസ്ഥിതിയോടെ സ്വീകരിക്കാൻ പഠിപ്പിക്കുന്ന തത്ത്വമാണു് ആദ്ധ്യാത്മികം. അതിനു് ഈശ്വരങ്കലുള്ള സമർപ്പണമാണു വേണ്ടതു്. വിജയം വരുമ്പോൾ ആകാശംമുട്ടെ ചാടാതെയും, തോല്വി വരുമ്പോൾ കടലിൽ താഴുന്ന കപ്പലുപോലെ മുങ്ങിപ്പോകാതെയും ഇരിക്കണം. വിജയം വരുമ്പോൾ അവിടുത്തെ കൃപയാണെന്നു കണ്ടു സമർപ്പണഭാവം ഒന്നുകൂടി ഉറപ്പിക്കണം. തോല്വി വരുമ്പോൾ അതു് എന്തുകൊണ്ടു സംഭവിച്ചു എന്നു സ്വയം ചിന്തിച്ചു മന സ്സിലാക്കി വീണ്ടും ഉത്സാഹത്തോടുകൂടി പ്രയത്നിക്കണം. പല പ്രാവശ്യം പരമാവധി ശ്രമിച്ചിട്ടും വിജയം കാണാതെ വന്നാൽ മാത്രമേ അതു് അവിടുത്തെ ഇച്ഛയാണെന്നു കണ്ടു സമാധാനിക്കാവൂ.

ലക്ഷ്യബോധം

മനസ്സു് ഒരു തെരുവുപോലെയാണു്. തെരുവിൽക്കൂടി നടക്കുമ്പോൾ ചുറ്റിനും പല കാഴ്ചകളും കാണും. അപ്പുറത്തും ഇപ്പുറത്തും വഴക്കു നടന്നെന്നിരിക്കും. മുൻപിൽ തെരുവു സർക്കസ്സു നടക്കുന്നുണ്ടാകും. വഴിവാണിഭക്കാർ കാണും. പല മേളങ്ങളും നടക്കും. ഇതിനിടയിൽ വഴിയാത്രക്കാർ മുന്നോട്ടുതന്നെ നടക്കും. കാരണം, അവർ ഇറങ്ങിത്തിരിച്ചിരിക്കുന്നതു് ഇതു കാണുവാനല്ല. അവരുടെ ലക്ഷ്യസ്ഥാനം ഇതല്ല. ഇതേപോലെ മനസ്സിൽ പല ചിന്തകളും കയറിവരും. അതു് അതിന്റെ സ്വഭാവമാണു്. ആ ചിന്തകളുമായി കൂട്ടുകൂടി അവിടെ നില്ക്കുവാനല്ല നമ്മൾ ഇറങ്ങിത്തിരിച്ചിരിക്കുന്നതു്. നമുക്കു പോകേണ്ടതു മുന്നോട്ടാണു്. വഴക്കടിക്കുന്നവരെ പിടിച്ചു മാറ്റാൻ നിന്നാൽ നമ്മളും അതിൽപ്പെട്ടുപോകും. ചിന്തകൾ അവയുടെ വഴിക്കു പോകട്ടെ. അവയ്ക്കു പ്രാധാന്യം നല്കേണ്ടതില്ല. നമുക്കു മുന്നോട്ടുപോകാം. നമ്മുടെ ലക്ഷ്യം മറ്റൊന്നാണു്. മനസ്സിലേക്കു നോക്കിയാൽ അഴുക്കേ കാണുവാനുള്ളൂ എന്നു ചിന്തിച്ചു വിഷമിക്കേണ്ടതില്ല. ചെളിയിൽ നിന്നല്ലേ താമരയുണ്ടാകുന്നതു്. അതിനാൽ മനസ്സിലെ അഴുക്കുകളെക്കുറിച്ചു ചിന്തിക്കാതെ, നമ്മൾ നമ്മുടെ സാധന തുടരുക. മന്ത്രജപം മുടങ്ങാതിരിക്കുവാൻ ശ്രദ്ധിക്കുക. ഇതിനു കഴിയുമെങ്കിൽ നമ്മൾ തീർച്ചയായും ലക്ഷ്യത്തോടടുത്തുകൊണ്ടിരിക്കുകയാണു്.

സ്വയം മാറുക

ലോകത്തെ സമൂലം മാറ്റിമറിക്കുവാൻ നമുക്കു കഴിയില്ലായിരിക്കാം. എന്നാൽ നമ്മളിൽ മാറ്റം വരുത്തുവാൻ നമുക്കു സാധിക്കും. വ്യക്തിയിൽ നിന്നാണല്ലോ സമൂഹം

ഉണ്ടാകുന്നതും രാഷ്ട്രം ജനിക്കുന്നതും. അതിനാൽ വ്യക്തി മനസ്സാണു് ആദ്യം വൃത്തിയാക്കേണ്ടതു്. ഇതിൽക്കൂടിയല്ലാതെ ലോകത്തിന്റെ സ്വഭാവം മാറ്റാൻ പറ്റുകയില്ല.

ഇതു പറയുമ്പോൾ അമ്മ ഒരു കഥ ഓർക്കുകയാണു്. ഒരാൾ തന്റെ കുട്ടിയെ ഒരു വണ്ടിയിൽ ഇരുത്തി ഉരുട്ടിക്കൊണ്ടു പോവുകയാണു്. ഈ സമയം കുട്ടി കരയുവാൻ തുടങ്ങി. എത്ര ശ്രമിച്ചിട്ടും കുട്ടി കരച്ചിൽ നിർത്തുന്നില്ല. അച്ഛൻ പറഞ്ഞു, "മാധവാ അടങ്ങു്, മാധവാ അടങ്ങു്" എന്നു്. എന്നിട്ടും കുട്ടി കരച്ചിൽ നിർത്തുന്നില്ല. സഞ്ചിയിലുണ്ടായിരുന്ന പല കളിപ്പാട്ടങ്ങളും എടുത്തുകൊടുത്തു. ഇത്രയുമായിട്ടും കുട്ടി കരച്ചിൽ തുടർന്നു. പിന്നീടു ചോക്ലേറ്റ് എടുത്തു കൊടുത്തു. തുടർന്നും കുട്ടി കരഞ്ഞുകൊണ്ടേയിരുന്നു. അച്ഛൻ പിന്നെയും പറയുവാൻ തുടങ്ങി "മാധവാ അടങ്ങു്, മാധവാ അടങ്ങു്." ഇതെല്ലാം കണ്ടുകൊണ്ടു് ഒരു സ്ത്രീ ആ വഴിയേ അവരോടൊപ്പം നടക്കുന്നുണ്ടായിരുന്നു. അവർ ആ മനുഷ്യനോടു പറഞ്ഞു "നിങ്ങൾ എത്ര ക്ഷമയുള്ള മനുഷ്യനാണു്. ഈ കുട്ടി ഇത്രയും കരഞ്ഞു ബഹളംവച്ചിട്ടും നിങ്ങൾക്കു ദേഷ്യം വന്നില്ലല്ലോ? എനിക്കാണെങ്കിൽ ഇത്രയും ക്ഷമിക്കുവാൻ കഴിയുകയില്ല." ഇതും പറഞ്ഞുകൊണ്ടു് ആ സ്ത്രീ കുട്ടിയോടായി ചോദിച്ചു "മോനേ, മാധവാ, നീ എന്തിനാണിങ്ങനെ കരയുന്നതു്? നിനക്കെന്തു വേണം? പറയൂ മോനേ". ഇതു കേട്ടപ്പോൾ ആ കുട്ടിയുടെ അച്ഛൻ പറഞ്ഞു "അവന്റെ പേരല്ല മാധവൻ. മാധവൻ എന്നതു് എന്റെ പേരാണു്. അവന്റെ പേരു മുകുന്ദൻ എന്നാണു്."

ഇതുപോലെയാണു ലോകത്തിന്റെ കാര്യവും. ലോകത്തെ നിയന്ത്രിക്കുവാൻ നമുക്കു കഴിയില്ല, അടങ്ങേണ്ടതു

നമ്മളാണു്. ലോകത്തിന്റെ സ്വഭാവം മാറ്റുക വിഷമമാണു്. പക്ഷേ, നമ്മുടെ മാറ്റംകൊണ്ടു ലോകത്തിനു മാറ്റം വരുന്നതായി കാണുവാൻ സാധിക്കും.

പശുവിനെ സ്നേഹിക്കുന്നതു പാലിനു വേണ്ടിയാണു്. കറവനിന്നു, വീണ്ടും ഗർഭിണിയാകുന്നില്ല എന്നു കണ്ടാൽ അതിനെ ഇറച്ചിക്കു വില്ക്കും. ഇതുപോലെ ലോകത്തിന്റെ സ്നേഹം ഒരു വസ്തുവിന്റെ പിന്നിലാണു്. അങ്ങനെയുള്ള ലോകത്തെ ആശ്രയിച്ചു നിന്നാൽ നമുക്കു ദുഃഖിക്കുവാനേ സമയം കാണുകയുള്ളൂ. നമ്മുടെയെല്ലാം ആഗ്രഹം, എല്ലാവരും നമ്മളെ സ്നേഹിക്കണമെന്നാണു്. എന്നാൽ നമുക്കു് എല്ലാവരെയും സ്നേഹിക്കുവാൻ കഴിയുന്നുണ്ടോ? അതൊട്ടില്ലതാനും. നമുക്കു ചിലപ്പോൾ ചിലരോടു് ഇഷ്ടം കാണും. എന്നാൽ അവർ നമ്മളെ ഇഷ്ടപ്പെട്ടുകൊള്ളണമെന്നില്ല. അതേസമയം നമ്മളെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ചിലരുണ്ടായെന്നും വരും. പക്ഷേ, അവരോടുള്ള നമ്മുടെ മനോഭാവം ചിലപ്പോൾ വെറുപ്പായിരിക്കും. ഇങ്ങനെ നമ്മുടെ സ്നേഹം ചിലരിൽ മാത്രമൊതുങ്ങുന്നതും അവർ നമ്മളെ സ്നേഹിക്കണമെന്ന ആഗ്രഹവുമാണു് ജീവിതത്തിലെ മുക്കാൽപങ്കു ദുഃഖങ്ങളുടെയും കാരണം. ലോകത്തിന്റെ സ്വഭാവം മനസ്സിലാക്കി നീങ്ങുന്നതുകൊണ്ടു മാത്രമേ ഈ ദുഃഖം ഒഴിവാക്കുവാൻ കഴിയൂ. അഗ്നിക്കു പ്രകാശം മാത്രം മതി, ചൂടു പാടില്ല എന്നു് ആഗ്രഹിക്കുന്നതിൽ അർത്ഥമില്ല. ഏതെങ്കിലും വ്യക്തിയെ ആശ്രയിച്ചു നില്ക്കുന്ന സ്നേഹം ജീവിതത്തിൽ അല്പനേരം വെളിച്ചം തന്നെന്നിരിക്കും. എന്നാൽ തീർച്ചയായും അതിന്റെ പൊള്ളലും നമുക്കു് ഏല്ക്കേണ്ടി വരും. കാരണം നമ്മുടെ സ്നേഹം പവിത്രമല്ല എന്നതുതന്നെ. ലോകത്തിന്റെ സ്നേഹത്തെ ആശ്രയിച്ചു ദുഃഖം തരണം ചെയ്യാൻ ശ്രമിക്കുന്നതു കട

ലാസുതോണിയിൽ കയറി സമുദ്രം കടക്കാൻ തുനിയുന്നതുപോലെയാണു്. അതിനാൽ നമുക്കു നമ്മുടെതായ ഒരു കാഴ്ചപ്പാടു് ഉണ്ടാകേണ്ടതു് ആവശ്യമാണു്. മറ്റുള്ളവർ നമുക്കെന്തു ചെയ്യുന്നു, നമ്മളോടെങ്ങനെയാണു പെരുമാറുന്നതെന്നു ചിന്തിക്കാതെ, മറ്റുള്ളവർക്കുവേണ്ടി നമുക്കു് എന്തുചെയ്യുവാൻ കഴിയും എന്നു ചിന്തിക്കുന്ന ഒരു മനോഭാവത്തെ ഉണർത്തിയെടുക്കുകയാണു് ആവശ്യം. അതിലൂടെ മാത്രമേ ജീവിതത്തിൽ ശാന്തി നേടുവാൻ കഴിയൂ.

ഗൃഹസ്ഥധർമ്മം

ലോകത്തു ശാന്തിയും സമാധാനവും പുലരണമെന്നു് ആഗ്രഹിക്കുന്നുവെങ്കിൽ, അതിനു തുടക്കം കുറിക്കേണ്ടതു കുടുംബത്തിൽനിന്നുമാണു്. ശരിയായ ശാന്തി ലോകത്തിൽനിന്നു കിട്ടുകയില്ല, അതു് ഈശ്വരനിൽനിന്നു മാത്രമേ കിട്ടുകയുള്ളൂ. അതിനാൽ ദുഃഖങ്ങളിൽനിന്നു മുക്തി നേടണമെങ്കിൽ നമ്മൾ മുറുകെപ്പിടിക്കേണ്ടതു് ഈശ്വരനെയാണു്. അവിടുത്തെ നമ്മുടെ ഉറ്റ സുഹൃത്തും ആശ്രയവുമായി കരുതണം. മനുഷ്യനിൽ മാത്രമല്ല, പശുവിലും പട്ടിയിലും പൂച്ചയിലും പക്ഷികളിലും സസ്യങ്ങളിലും എല്ലാം ഒരേ ഈശ്വരൻ തന്നെയാണു കുടികൊള്ളുന്നതെന്നാണു നമ്മുടെ സംസ്കാരം നമ്മെ പഠിപ്പിക്കുന്നതു്. ഇങ്ങനെ സർവ്വതിലും ഈശ്വരഭാവം കാണാൻ കഴിഞ്ഞാൽ അവിടെ വെറുപ്പിനും വിദ്വേഷത്തിനും സ്ഥാനമെവിടെ? ഭർത്താവിന്റെ സ്നേഹമാകട്ടെ, ഭാര്യയുടെ സ്നേഹമാകട്ടെ, കുഞ്ഞിന്റെ സ്നേഹമാകട്ടെ, വളർത്തു മൃഗങ്ങളുടെയോ ചെടികളുടെയോ സ്നേഹമാകട്ടെ അതെല്ലാം വരുന്നതു് ഏകനായ ഈശ്വരനിൽനിന്നാണെന്നറി

യുമ്പോൾ, ആ സ്നേഹം പൂനിലാവുപോലെ പ്രകാശവും കുളിർമ്മയും മാത്രം പകരുന്നതായിത്തീരും. ഈ ഒരു ഭാവമാണു കുടുംബജീവിതത്തിന്റെയും സമൂഹത്തിന്റെയും താളലയത്തിനു് ആവശ്യമായി വേണ്ടതു്. നമ്മൾ വളർത്തേണ്ടതു്.

കുടുംബത്തിലെ പ്രശ്നങ്ങൾ– ശാരീരികവും മാനസികവുമായ തൊണ്ണൂറു ശതമാനം പ്രശ്നങ്ങളും– കഴിഞ്ഞ കാല വേദനകളിലും ദുഃഖങ്ങളിലുംനിന്നു് ഉടലെടുത്ത മുറിവുകളാണു്. ഇത്തരം ഉണങ്ങാത്ത അനവധി മുറിവുകളും വഹിച്ചുകൊണ്ടാണു നമ്മൾ ഓരോരുത്തരും നടക്കുന്നതു്. ഇതുണങ്ങാനുള്ള മാർഗ്ഗം പരസ്പരം ഹൃദയം തുറന്നു് ഉള്ളിലുള്ളതു പങ്കു വയ്ക്കുക എന്നതാണു്– ഭാര്യ ഭർത്താവുമായും ഭർത്താവു ഭാര്യയുമായും. ചില ആൺമക്കൾ ഭാര്യ എന്തെങ്കിലും പറഞ്ഞാൽ, അത്ര ശ്രദ്ധിച്ചു കേൾക്കുവാനുള്ള ഭാവം കാണിക്കുകയില്ല. സ്ത്രീകളെ വെറും ദുർബ്ബലരായിട്ടാണു കാണുന്നതു്. സ്ത്രീകൾ പറയുന്നതിൽ ഒരു കഴമ്പുമില്ലെന്നാണു് അവരുടെ ഭാവം. സ്ത്രീകളിൽ ദുർബ്ബലത്വം ഇല്ലെന്നല്ല, ഉണ്ടു്. ഓരോന്നിനും അതിന്റെതായ സ്വഭാവമുണ്ടു്. ഒരു കുട്ടിയുടെ സ്വഭാവം മനസ്സിലാക്കി നീങ്ങുക എന്നതു് ഒരു അച്ഛന്റെ ധർമ്മമാണു്; അമ്മയുടെ ധർമ്മമാണു്. ചില സ്ത്രീകളിൽ ദൗർബ്ബല്യമുണ്ടു്. അവർ നിസ്സാരകാര്യങ്ങൾക്കു വളരെ പ്രാധാന്യം കല്പിക്കാറുണ്ടു്. അതു് പറഞ്ഞു കരയാറുണ്ടു്. പക്ഷേ, മനുഷ്യൻ ജനിച്ചിരിക്കുന്നതു് സ്നേഹത്തിനു വേണ്ടിയാണു്. അതിനാൽ അവരുടെ വിഷമം അല്പസമയം കേൾക്കാൻ പുരുഷൻ തയ്യാറാകണം. അതുപോലെത്തന്നെ സ്ത്രീകളും.

സ്ത്രീകൾക്കു പൊതുവേ, അവരുടെ മനസ്സിലെ വികാരങ്ങൾ ഉള്ളിലടക്കാൻ കഴിയാറില്ല. അതവർ പുറമേ പ്രകടിപ്പിക്കും. എന്നാൽ പുരുഷന്മാർ പൊതുവേ അങ്ങനെയല്ല, അവർ കഴിവതും ഉള്ളിലൊതുക്കും. പുരുഷന്മാർ, സ്ത്രീകളും തങ്ങളെപ്പോലെയാകണം എന്നു ചിന്തിക്കാതെ അവർ പറയുന്നതു കേൾക്കുവാനുള്ള ക്ഷമ കാണിക്കണം. സ്ത്രീകളെ ഒരു ഭോഗവസ്തുവായോ, ജോലിക്കാരിയായോ മാത്രം കാണരുതു്. സ്നേഹത്തിനുവേണ്ടി ദാഹിക്കുന്ന ഒരു ഹൃദയം അവർക്കുമുണ്ടു്. അതിനാൽ അവർ പറയുന്നതു തള്ളിക്കളയാതെ, കേൾക്കുവാനുള്ള ക്ഷമയും സമയവും പുരുഷന്മാർ കണ്ടെത്തണം. അതിനു പുരുഷന്മാർ തയ്യാറാകാത്തതിനാലാണു് അവർ തങ്ങളുടെ ഹൃദയം പങ്കുവയ്ക്കുവാൻ മറ്റുള്ളവരെ തേടുന്നതു്. ഇതുപോലെ പുരുഷന്റെ ഹൃദയമറിഞ്ഞു നീങ്ങുവാൻ സ്ത്രീകളും തയ്യാറാകണം. അല്ലെങ്കിൽ അവരും തങ്ങളുടെ ഹൃദയം പകരാൻ മറ്റുള്ളവരെ ആശ്രയിച്ചെന്നിരിക്കും. ഭർത്താക്കന്മാർ ജോലി കഴിഞ്ഞു വീട്ടിലെത്തുന്നതു മേലുദ്യോഗസ്ഥരുടെ വഴക്കും കേട്ടുകൊണ്ടായിരിക്കും. ഈ സമയം ഭാര്യമാർ മുഖം വീർപ്പിച്ചു ദേഷ്യത്തോടെയിരുന്നാൽ അവർ ഒന്നുകൂടി അസ്വസ്ഥരാകും. അതിനാൽ അവരുടെ മനഃസ്ഥിതി മനസ്സിലാക്കുവാനുള്ള ശ്രമം സ്ത്രീകളുടെ ഭാഗത്തുമുണ്ടാകണം. ഇങ്ങനെ പരസ്പരം ഹൃദയം തുറന്നു വികാരം പങ്കുവയ്ക്കുമ്പോഴാണു നമ്മുടെ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാകുന്നതു്. പരസ്പരം വിശ്വാസവും സ്നേഹവും വർദ്ധിക്കുമ്പോൾ നമ്മുടെ പ്രശ്നങ്ങളും കുറയും. വിശ്വാസവും സ്നേഹവും കുറയുമ്പോഴാണു പ്രശ്നങ്ങൾ വർദ്ധിക്കുന്നതു്. സ്നേഹമാണു് എല്ലാറ്റിനും അടിസ്ഥാനം. അതു് അറിഞ്ഞോ അറിയാതെയോ നമ്മൾ തള്ളുകയാണു്.

സ്ത്രീകൾക്കു മൂന്നു ഭാവങ്ങൾ ഉണ്ടായിരിക്കണമെന്നു പറയും. അമ്മയുടെ ഭാവം, ഭാര്യയുടെ ഭാവം, കാമുകിയുടെ ഭാവം. ഇതുപോലെ പുരുഷനു പുരുഷന്റെതായ ധർമ്മമുണ്ടു്. അതവർ പാലിക്കണം. സ്നേഹമാണു ജീവിതത്തിന്റെ അടിസ്ഥാനം. അതു് അറിഞ്ഞോ അറിയാതെയോ നമ്മൾ തള്ളുകയാണു്. അതിനാൽ പരസ്പരം സ്നേഹിച്ചു നമ്മളെല്ലാം ഒന്നാകുക. 'ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്നു പറയുമ്പോൾ അവിടെ ഞാനും നീയും വരുന്നു. അതിനാൽ ഞാൻ സ്നേഹമാണു്, സ്നേഹസ്വരൂപമാണു് എന്ന ഒരു ഭാവമാണു വേണ്ടതു്. ഈ ഒരു ഭാവം വളർത്തുവാൻ നമുക്കു കഴിഞ്ഞാൽ, എല്ലാവരെയും സ്നേഹിക്കുവാൻ നമുക്കു കഴിയും. ലോകം സ്വർഗ്ഗമായിമാറും.

സ്ത്രീക്കും പുരുഷനും തുല്യത എന്നൊക്കെ എല്ലാവരും പറയാറുണ്ടു്. എന്നാൽ ഫലത്തിൽ അതുകണ്ടുവരുന്നില്ല. മിക്കയിടത്തും സ്ത്രീകളെ പിന്തള്ളിയാണു കാണുന്നതു്. സ്ത്രീയെ ഒഴിവാക്കി ഒരു സാമൂഹ്യപുരോഗതി കൈവരിക്കുക എന്നു പറഞ്ഞാൽ ഒറ്റച്ചിറകുവച്ചു പറക്കാൻ ശ്രമിക്കുന്നതുപോലെയാണു്. അതുപോലെ സ്ത്രീകൾ പുരുഷന്മാരെ ബാഹ്യമായി അനുകരിച്ചല്ല തുല്യത കൈവരിക്കേണ്ടതു്. സ്ത്രീകൾ തങ്ങൾക്കു സ്വാഭാവികമായി ലഭിച്ചിട്ടുള്ള ഗുണങ്ങൾ നഷ്ടപ്പെടുത്താതെതന്നെ പൗരുഷവും വിവേകബുദ്ധിയും നിശ്ചയദാർഢ്യവും കൈവരിക്കുകയാണു വേണ്ടതു്. പുരുഷനുകൂടി ജന്മം നല്കുന്നവളാണു സ്ത്രീ. ആർക്കും നല്കാത്ത ഒരു വരദാനം ഈശ്വരൻ സ്ത്രീക്കു നല്കിയിട്ടുണ്ടു്– മാതൃത്വം. അതു നഷ്ടമാക്കിക്കൊണ്ടു മറ്റെന്തു നേടിയാലും അർത്ഥമില്ല. അതിനാൽ സ്ത്രീ ക്ഷമയുള്ളവളാകണം. സ്ത്രീയുടെ ക്ഷമയാണു

നമ്മുടെ നാടിന്റെ താളലയം ഇന്നും നിലനിർത്തുന്നതു്. സ്ത്രീയുടെ ക്ഷമയ്ക്കു് ഒരു രാജ്യത്തെത്തന്നെ ഉദ്ധരിക്കുവാൻ കഴിയും. സൃഷ്ടിക്കു കാരണം സ്ത്രീയായതിനാൽ ക്ഷമിക്കുവാനും സ്നേഹിക്കുവാനുമുള്ള കഴിവു് അവൾക്കു ജന്മസിദ്ധമായുണ്ടു്. നമ്മുടെ പെൺകുട്ടികൾക്കു പാശ്ചാത്യസ്ത്രീകളുടെ തന്റേടവും ഉള്ളിൽ ഭാരതസ്ത്രീയുടെ സംസ്കാരവും ഉണ്ടാകണം. നമ്മുടെ സംസ്കാരത്തെ എന്തു വില കൊടുത്തും സംരക്ഷിക്കേണ്ടതു് ആവശ്യമാണു്. അതു നഷ്ടമാക്കുവാൻ പാടില്ല.

മക്കളേ, ജീവിതത്തിൽ വിജയവും പരാജയവും സ്വാഭാവികമാണു്. വിജയം മാത്രമായ ഒരു ജീവിതമോ, പരാജയം മാത്രമായ ഒരു ജീവിതമോ കാണുക സാദ്ധ്യമല്ല. രണ്ടും ചേർന്നതാണു ജീവിതം. അതിനാൽ, വിജയം വരുമ്പോൾ ആകാശംമുട്ടെ ചാടാതെയും തോല്വിയിൽ കപ്പൽപോലെ മുങ്ങിപ്പോകാതെയും ശ്രദ്ധിക്കണം. രണ്ടിനെയും പ്രസാദബുദ്ധിയോടെ സ്വീകരിക്കാൻ കഴിയണം. ക്ഷേത്രത്തിൽനിന്നും പ്രസാദം സ്വീകരിക്കുമ്പോൾ ചിലപ്പോൾ അതിൽ ഉറുമ്പു കിടക്കാം, ചിലപ്പോൾ കല്ലു കണ്ടെന്നിരിക്കാം. നമ്മൾ അതു് എടുത്തുമാറ്റിയിട്ടു ഭക്തിപൂർവ്വം കഴിക്കും. അതുപോലെ ഏതു സാഹചര്യത്തെയും പ്രസാദബുദ്ധിയോടെ സ്വീകരിക്കുവാൻ കഴി യണം.

ഒരിടത്തു് ഒരു അലക്കുകാരൻ ഭാര്യയോടും മകനോടുംകൂടി താമസിച്ചിരുന്നു. അയാൾ തുണികൾ അലക്കാൻ കൊണ്ടു പോയിരുന്നതും അലക്കിയ തുണികൾ വീടുകളിൽ എത്തിച്ചിരുന്നതും തലയിൽ ചുമന്നാണു്. നാളുകൾ കഴിഞ്ഞതോടെ അദ്ദേഹത്തിനു പ്രായം വർദ്ധിച്ചു. പഴ

യതുപോലെ തുണികൾ തലയിൽ ചുമന്നുകൊണ്ടു പോകുവാൻ വയ്യാതെയായി. അതിനാൽ തുണികൾ ചുമക്കുന്നതിനായി ഒരു കഴുതയെ വാങ്ങുവാൻ തീരുമാനിച്ചു. അതുവരെ സ്വരൂപിച്ച സമ്പാദ്യം എല്ലാംകൂടി കൂട്ടിനോക്കിയപ്പോൾ ഒരു കഴുതയെ വാങ്ങുന്നതിനുള്ള പണം തികയും.

ഒരുദിവസം രാവിലെ അലക്കുകാരൻ മകനെയും കൂട്ടി കഴുതയെ വാങ്ങുവാനായി യാത്രതിരിച്ചു. ആ സമയം ഭാര്യ അടുത്തുള്ള ഗ്രാമത്തിലെ ബന്ധുക്കളെ കാണുന്നതിനായും പുറപ്പെട്ടു. കഴുതയെ വില്ക്കുന്ന സ്ഥലമെത്തണമെങ്കിൽ രണ്ടു മൂന്നു ഗ്രാമങ്ങൾ പിന്നിട്ടുപോകണം. കഴുതയെ വാങ്ങിക്കഴിഞ്ഞപ്പോഴേക്കും നേരം ഉച്ചകഴിഞ്ഞു. പൂജാമുറിയിൽ വയ്ക്കുവാനായി ഭഗവാന്റെ ഒരു ചില്ലിട്ട ചിത്രംകൂടി വാങ്ങിയതിനുശേഷം അവർ സ്വന്തം ഗ്രാമത്തിലേക്കു യാത്ര തിരിച്ചു. സമയം വളരെ വൈകിയതിനാൽ, ഭക്ഷണമൊന്നും കഴിക്കാതിരുന്ന മകൻ തളർന്നിരുന്നു. അലക്കുകാരൻ കഴുതയെ വഴിയരികിലുള്ള ഒരു കുറ്റിയിൽ കെട്ടിയിട്ടു. മകനെ അതിനടുത്ത് ഒരു മരത്തണലിൽ തോർത്തു വിരിച്ചു കിടത്തിയശേഷം അയാൾ മകനു ഭക്ഷണം വാങ്ങിക്കൊണ്ടുവരാനായി അടുത്തുള്ള സത്രം അന്വേഷിച്ചു യാത്രയായി. തളർച്ച കാരണം മകൻ പെട്ടെന്നുതന്നെ ഉറങ്ങിപ്പോയി.

ഭക്ഷണം വാങ്ങി തിരിയെ എത്തിയ അലക്കുകാരനു് അവിടെ കിടന്നുറങ്ങുന്ന മകനെ മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ. കഴുതയെ കാണാനില്ല. അതുവരെ ഉണ്ടായിരുന്ന സമ്പാദ്യം മുഴുവൻ നല്കി വാങ്ങിയ കഴുതയാണു്. അതിനെ കള്ളന്മാർ മോഷ്ടിച്ചിരിക്കുന്നു. മകൻ ഉറ

ക്കത്തിലായതിനാൽ അവനും അറിഞ്ഞില്ല. പാവം ആകെ വിഷമിച്ചു. അവിടെയെല്ലാം അച്ഛനും മകനും കഴുതയെ അന്വേഷിച്ചു നടന്നു. കാണുന്നവരോടൊക്കെ കഴുതയെക്കുറിച്ചു തിരക്കി. കഴുതയെ കണ്ടവരാരുമില്ല. വൈകുന്നതുവരെ പല ദിക്കുകളിലും അലഞ്ഞു. തന്റെ കഴുതയെ മാത്രം കാണുവാനായില്ല. നേരം സന്ധ്യയായി. രാത്രി എന്തുചെയ്യണമെന്നറിയാതെ ആ അലക്കുകാരൻ മകനോടൊപ്പം വഴിയരികിൽ തളർന്നിരുന്നു.

'ഈശ്വരാ! ഞാനെന്റെ ജീവിതകാലം മുഴുക്കെ കഷ്ടപ്പെട്ടു് അദ്ധ്വാനിച്ചുണ്ടാക്കിയ പണംകൊണ്ടു വാങ്ങിയ കഴുതയാണു്. അതിനെ വാങ്ങാൻ ഇറങ്ങിത്തിരിക്കുമ്പോഴും നിന്നെ ഞാൻ മറന്നില്ല. നിന്നെ സ്മരിച്ചുകൊണ്ടാണു യാത്ര പുറപ്പെട്ടതു്. കഴുതയെ വാങ്ങിയപ്പോഴും നിന്നെ മറന്നില്ല; പൂജാമുറിയിൽ വയ്ക്കുവാനായി നിന്റെ നല്ല ഒരു ചിത്രവും കൂടി വാങ്ങി. എന്നിട്ടും നീയെന്നെ കൈവെടിഞ്ഞില്ലേ. ഇനി നിന്നെ പ്രാർത്ഥിച്ചതുകൊണ്ടെന്തു പ്രയോജനം?' ഇങ്ങനെ ആത്മഗതം ചെയ്തുകൊണ്ടു് അയാൾ താൻ വാങ്ങിയ ചിത്രം തറയിൽ എറിഞ്ഞുടച്ചു.

വിഷമവും നൈരാശ്യവും ക്ഷീണവും കാരണം ആ പാവം ആകെ തളർന്നു. ഒരു ചുവടുകൂടി മുന്നോട്ടുവയ്ക്കുവാൻ വയ്യാതെയായി. ഗ്രാമത്തിലെത്താൻ ഇനിയും വഴിയേറെ നടക്കണം. പോരാത്തതിനു മഴയും പെയ്തുതുടങ്ങി. അവസാനം മകനെയും കൂട്ടി അടുത്തുള്ള സത്രത്തിൽത്തന്നെ രാത്രി കഴിച്ചു കൂട്ടുവാൻ അയാൾ തീരുമാനിച്ചു.

അടുത്ത ദിവസം രാവിലെ കേട്ട വാർത്ത ആ അലക്കുകാരനെ ഞെട്ടിച്ചു. കഴിഞ്ഞ രാത്രിയിലെ മഴയിൽ സ്വന്തം ഗ്രാമത്തിൽ ഉരുൾപൊട്ടി പലരും മരിച്ചു. വാസ്തവത്തിൽ

കഴുതയെ നഷ്ടമായിരുന്നില്ലെങ്കിൽ സന്ധ്യയോടെ താൻ വീട്ടിലെത്തുമായിരുന്നു. എങ്കിൽ താനും മകനും ഇപ്പോൾ ജീവനോടെ ശേഷിക്കുമായിരുന്നില്ല. ഭാര്യ അടുത്ത ഗ്രാമത്തിലെ ബന്ധുവീട്ടിൽ പോയിരുന്നതിനാൽ അവരും രക്ഷപ്പെട്ടു. ഇതാലോചിച്ചപ്പോൾ, കഴുതയെ നഷ്ടമായെങ്കിലും സ്വന്തം കുടുംബത്തിന്റെ ജീവൻ രക്ഷിച്ച ഈശ്വരനെ സ്മരിച്ചു നന്ദിപൂർവ്വം കൈകൾ കൂപ്പി. കഴുതയെ നഷ്ടമായതോർത്ത് ഇന്നലെ ഈശ്വരനെ പഴിച്ചു, ശപിച്ചു. ഇപ്പോൾ ജീവൻ തിരിച്ചുകിട്ടിയതിൽ ആ സാധു സന്തോഷിക്കുകയാണു്. നമ്മൾ ശപിക്കുന്ന ഓരോ സാഹചര്യത്തിനും അതിന്റെതായ നല്ല ഒരു വശം കൂടിയുണ്ടു്. അതു കാണുവാനുള്ള കാഴ്ച വളർത്തിയാൽ മാത്രം മതി.

മക്കളേ, ജീവിതത്തിൽ വിഷമം വരുമ്പോൾ അതിൽ തളരുകയല്ല വേണ്ടതു്. അതിനു പിന്നാലെ ഒരു വിജയം കൂടിയുണ്ടായിരിക്കും. അതു മനസ്സിലാക്കി പ്രയത്നം തുടരുവാൻ നമുക്കു കഴിയണം. അതല്ലെങ്കിൽ, ആ പ്രതിസന്ധിയെ പൂർവ്വജന്മകർമ്മഫലമായി കാണുവാൻ സാധിക്കണം. അതുമല്ലെങ്കിൽ ഈശ്വരനിശ്ചയമായിരിക്കാം എന്നു കാണുവാനുള്ള ശേഷി മനസ്സിനു നല്കണം. എങ്കിൽ മാത്രമേ മുന്നോട്ടുപോകുവാൻ നമുക്കു കഴിയൂ. മറിച്ചായാൽ ജീവിതത്തിൽ വിഷമമൊഴിഞ്ഞ നേരമുണ്ടാകില്ല.

പലപ്പോഴും ഒരു നിസ്സാരകാര്യം മതി, ജീവിതത്തിൽ നമ്മളാകെ തളരാൻ. അതിനെ അതിജീവിച്ചു മുന്നോട്ടു പോകുവാനുള്ള ശക്തി നമുക്കു് ആർജ്ജിക്കാൻ കഴിയണം. വിജയത്തിനുവേണ്ടി ശ്രമിക്കുന്നവർക്കു മാത്രമേ പരാജയത്തെയും അഭിമുഖീകരിക്കേണ്ടി വരുകയുള്ളൂ. അതിനാൽ വിജയത്തിന്റെ പാതയിലെ തടസ്സങ്ങളെ

പുഞ്ചിരിയോടെ നേരിട്ടു മുന്നോട്ടു പോകുവാൻ നമുക്കു സാധിക്കണം. ഒരിക്കലും അവിടെ തളർന്നിരിക്കാൻ പാടില്ല. തളർന്നിരുന്നാൽ വിജയിക്കാനും സാധിക്കില്ല.

ഒരാൾ ബിസിനസ്സു് ചെയ്തു വലിയ നഷ്ടത്തിലായി. നഷ്ടം നികത്താനായി കടം വാങ്ങി വീണ്ടും ബിസിനസ്സു് നടത്തി. അവസാനം അതും നഷ്ടത്തിലായി. അങ്ങനെ കടത്തിൽ മുങ്ങിയ ആ മനുഷ്യൻ ആത്മഹത്യ ചെയ്യുവാൻ തീരുമാനിച്ചു കടപ്പുറത്തേക്കു നടന്നു. നേരം ഇരുട്ടിയതിനുശേഷം കടലിൽ ചാടുന്നതിനായി തീരുമാനിച്ചു് അയാൾ കടൽത്തീരത്തു് ഒരു പാറമേൽ ഇരുന്നു. അവിടെ കുട്ടികൾ കളിക്കുന്നുണ്ടായിരുന്നു. കുട്ടികൾ തീരത്തോടു ചേർന്നു നനവുള്ള കടൽമണ്ണുകൊണ്ടു അമ്പലങ്ങളും കൊട്ടാരങ്ങളും ഉണ്ടാക്കി കളിക്കുകയാണു്. അവരുടെ ഭാവനയ്ക്കനുസരിച്ചു പല രൂപങ്ങളും കടൽമണ്ണിൽ രൂപംകൊണ്ടു. അവർ നിർമ്മിക്കുന്ന അമ്പലവും കൊട്ടാരവും മറ്റും പണിതീർന്നു കഴിയുമ്പോൾ ഓരോരുത്തരും മാറിനിന്നു ഭംഗി ആസ്വദിക്കും. എന്നാൽ ഇടയ്ക്കിടെ ഉയർന്നുവന്ന ചില തിരകൾ അവരുണ്ടാക്കിയ രൂപങ്ങളെ അങ്ങനെത്തന്നെ വിഴുങ്ങി. അതുകാണുമ്പോൾ കുട്ടികൾ കൈകൾകൊട്ടി ആർത്തുചിരിക്കും. തിരകൾ പിൻവാങ്ങുമ്പോൾ വീണ്ടും മുന്നോട്ടു് ഓടിവന്നു ശില്പങ്ങൾ മെനയും. അടുത്ത നിമിഷം വീണ്ടും തിര വന്നു് അവയെല്ലാം തുടച്ചുമാറ്റും. അതുകാണുമ്പോഴും സന്തോഷത്തോടെ ആർത്തട്ടഹസിച്ചുകൊണ്ടു് അവർ പിന്നിലേക്കോടും. വീണ്ടും തിരിയെ വന്നു കളി തുടങ്ങും.

വളരെ നേരമെടുത്തു നിർമ്മിക്കുന്ന രൂപങ്ങളാണു് ഒരുനിമിഷംകൊണ്ടു തിരയിൽ ഇല്ലാതാകുന്നതു്. ആ കളി

രൂപങ്ങളുടെ ഭംഗി കണ്ടു് ആസ്വദിക്കുന്ന അതേ ഭാവത്തോടെ, ആ ഹ്ലാദത്തോടെതന്നെയാണു് ആ കുഞ്ഞുങ്ങൾ തിരയിൽ ഒലിച്ചുപോകുന്ന തങ്ങളുടെ ശില്പങ്ങളെ നോക്കിക്കാണുന്നതും. ആ മനുഷ്യൻ അദ്ഭുതത്തോടെ അതു നോക്കിനിന്നു. ഓരോ രൂപം മെനഞ്ഞുണ്ടാക്കുന്നതിലും അവർ ആനന്ദംകൊള്ളുന്നു. അതേസമയം അതിന്റെ നഷ്ടത്തിലും അവർ തളരുന്നില്ല. വാസ്തവത്തിൽ ആ നഷ്ടം അടുത്ത ശില്പം നിർമ്മിക്കുന്നതിനുള്ള ഊർജ്ജമായി മാറുകയായിരുന്നു. അവരാരുംതന്നെ തങ്ങളുടെ മൺശില്പങ്ങൾ നഷ്ടമായതോർത്തു കരഞ്ഞില്ല. വിഷമിച്ചു പിൻവാങ്ങിയതുമില്ല. കൂടുതൽ ആവേശത്തോടെ പുതിയവ നിർമ്മിക്കുവാനായി അവർ ഓടിയടുക്കുന്നതു കാണുന്നതുതന്നെ ആഹ്ലാദജനകമായ കാഴ്ചയായിരുന്നു.

ഇതെല്ലാം കണ്ടുകൊണ്ടുനിന്ന ജീവിതം അവസാനിപ്പിക്കാൻ തീരുമാനിച്ച ആ മനുഷ്യൻ ചിന്തിച്ചു, "ജീവിതത്തിൽ ഒരു നഷ്ടം സംഭവിച്ചപ്പോൾ ഞാൻ ജീവിതംതന്നെ ഉപേക്ഷിക്കാൻ തീരുമാനിച്ചു. അതേസമയം ഈ കുട്ടികളോ! വളരെ സമയമെടുത്തു മനോഹരമായി നിർമ്മിച്ച മൺശില്പങ്ങൾ, കടലെടുത്തു കൊണ്ടുപോകുമ്പോൾ പൊട്ടിച്ചിരിക്കുന്നു. ആ കുട്ടികളുടെ അത്രപോലും വിശാലത എനിക്കില്ലാതെ പോയല്ലോ! നഷ്ടങ്ങളിൽ തളരാതെ വീണ്ടും പ്രയത്നിച്ചു് ആ നഷ്ടം നേട്ടമാക്കാനുള്ള ആ കുട്ടികളുടെ കഴിവും ഭാവനയും അവരെ എപ്പോഴും ആഹ്ലാദഭരിതരാക്കുന്നു. ജീവിതത്തിൽ പഠിക്കേണ്ടതും പകർത്തേണ്ടതുമായ പാഠം." അങ്ങനെ ചിന്തിച്ചുകൊണ്ടു മരിക്കാനുള്ള തീരുമാനം ഉപേക്ഷിച്ചു് ആ മനുഷ്യൻ ജീവിക്കാനായി കൂടുതൽ പ്രയത്നിക്കാൻ തിരിയെപ്പോയി. ഇതിന്നർത്ഥം ഉള്ളതു നഷ്ടപ്പെടുത്തിക്കൊണ്ടു് ആഹ്ലാദിക്കുകയെ

ന്നല്ല, നഷ്ടത്തിലും വിഷമിച്ചു തളരാതിരിക്കുകയെന്നതാണു്.

നമ്മുടെ പ്രയത്നങ്ങളെയും അവയുടെ നേട്ടങ്ങളെയും ജീവിതത്തിലെ തിരകൾ വിഴുങ്ങാം. അവയുടെ മുന്നിൽ തളരാൻ പാടില്ല, പിന്തിരിയാൻ പാടില്ല. പ്രശ്നങ്ങളുടെ മുന്നിൽ തളരാതെ കൂടുതൽ പ്രയത്നിച്ചു മുന്നേറുകയാണു വേണ്ടതു്.

ഈ ഒരു കാഴ്ചപ്പാടുണ്ടായാൽ മതി. അപ്പോൾ നമുക്കു തളരാതെ നീങ്ങാൻ കഴിയും. നമ്മുടെ ജീവിതം മറ്റുള്ളവർക്കു കൂടി പ്രയോജനപ്രദമാക്കുവാൻ സാധിക്കും. അതിലൂടെ നിറഞ്ഞ സംതൃപ്തി അനുഭവിക്കാൻ കഴിയും.

പ്രേമസ്വരൂപികളും ആത്മസ്വരൂപികളുമായിരിക്കുന്ന എല്ലാവർക്കും നമസ്കാരം...

ഇവിടെ അനന്തപുരിയിൽ ശ്രീപദ്മനാഭ സ്വാമിയെക്കുറിച്ചു പ്രത്യേകിച്ചു പറയേണ്ടതില്ല. പഞ്ചസാരക്കുന്നിനു മുന്നിൽ ഇതു പഞ്ചസാരയാണെന്ന ബോർഡു വയ്ക്കേണ്ട ആവശ്യമില്ല. പദ്മനാഭസ്വാമി അനന്തശയനത്തിൽ ഉറങ്ങുകയാണെന്നു പറയുന്നു. എല്ലാവരെയും ഉണർത്താൻ വേണ്ടിയുള്ള ഉറക്കമാണതു്.

തൊണ്ണൂറു ശതമാനം മക്കളും ശാരീരികവും മാനസികവും ദുഃഖങ്ങൾകൊണ്ടു് ഓരോ നിമിഷവും നീറിനീറിക്കഴിയുകയാണു്. നീറിയതുകൊണ്ടു മാത്രം കാര്യമില്ലെന്നു നമുക്കറിയാം. എന്നാലും ടെൻഷനില്ലാതെ ജീവിക്കാൻ പറ്റുകയില്ല. അൻപതുശതമാനം രോഗത്തെയും കൊണ്ടുവരുന്നതു ടെൻഷനാണെന്നു പറയും. ജീവിതകാലം മുഴുവൻ തീരാരോഗിയും അല്പായുസ്സുമാകണോ? അല്ലെ

ങ്കിൽ അതിനുള്ള പ്രായോഗിക പരിഹാരം ശരണാഗതിയാണു്.

ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ വെള്ളമൊഴിച്ചാൽ അതു വൃക്ഷത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തും. അതു വേഗം വളരും. ഫലവും കിട്ടും. ശിഖരത്തിലാണു വെള്ളമൊഴിക്കുന്ന തെങ്കിൽ അതു വളരുകയുമില്ല, ഒരു ഫലവും കിട്ടുകയുമില്ല. നമ്മുടെ പ്രയത്നവും സമയവും നഷ്ടം. മക്കളിവിടെ അല്പസമയം മറ്റെല്ലാം മറന്നു് ഈ നിമിഷത്തിലിരിക്കാൻ നോക്കുക. ഇവിടിരുന്നു വീട്ടുകാരെപ്പറ്റി ചിന്തിച്ചാൽ അവർക്കും ഫലമില്ല, നമുക്കും ഫലമില്ല. ഈ നിമിഷം മാത്രമാണു നമുക്കുള്ളതു്. ഈ നിമിഷത്തിൽ വിവേകത്തോടെ നീങ്ങിയാൽ തീർച്ചയായും ഭാവി സുരക്ഷിതമാകും.

പല മക്കളും ഭാവിയെപ്പറ്റി ചിന്തിച്ചാണു വിഷമിക്കുന്നതു്. ഭാവിയെപ്പറ്റി ചിന്തിക്കണ്ട എന്നു് അമ്മ പറയുന്നില്ല. എന്നാലതു ഒരു മൂർഖൻപാമ്പുള്ള മാളത്തിനു ചുവട്ടിൽ ഉറങ്ങാൻ കിടക്കുന്നതുപോലെയാണു്. പാമ്പു കൊത്തുമോ എന്ന ചിന്തകൊണ്ടു് എങ്ങനെ ഉറക്കം കിട്ടും? ഇതുപോലെയാണു നമ്മുടെ ജീവിതം. ഭാവിയെപ്പറ്റി ചിന്തിച്ചു ചിന്തിച്ചു നീറുന്നു.

ഒരു എഞ്ചിനീയർ പ്ലാൻ വരയ്ക്കുമ്പോൾ വരയ്ക്കുന്നതിലായിരിക്കും ശ്രദ്ധ. കെട്ടുമ്പോൾ കെട്ടുന്നതിൽ ശ്രദ്ധിക്കും. അതുപോലെ നമുക്കും ഭാവിയെപ്പറ്റി ചിന്തിച്ചുറപ്പിക്കാം. ഈ നിമിഷത്തിൽ വിവേകത്തോടെ നീങ്ങാം. മറ്റു ഭാരങ്ങളെല്ലാം മക്കൾ പരമാത്മാവിൽ സമർപ്പിക്കൂ.

നമ്മുടെ കൈയിൽ ഒരു ഗ്ലാസു കാപ്പി ഉണ്ടെന്നിരിക്കട്ടെ. കുറച്ചു നേരം അതു് ഉയർത്തിപ്പിടിക്കാനത്ര പ്രയാ

സമില്ല. ഒരു മണിക്കൂറായാൽ കുറച്ചു വേദനിക്കും. ഒരു ദിവസം മുഴുവനങ്ങനെ ഉയർത്തിപ്പിടിച്ചാൽ അവസാനം ആശുപത്രിയിലാക്കേണ്ടിവരും. ഇതുപോലെയാണു നമ്മു ടെ വികാരവിചാരങ്ങൾ. അവയുടെ ഭാരം വല്ല പ്പോഴുമെ ങ്കിലും ഇറക്കി വയ്ക്കാതിരുന്നാൽ വേണ്ടതു ചിന്തിക്കുവാനോ പ്രവർത്തിക്കുവാനോ സാധിച്ചെന്നു വരില്ല. മനസ്സി ന്റെ സമനിലതന്നെ തെറ്റിയെന്നു വരാം. മനസ്സിന്റെ ഭാരം ഇറക്കിവയ്ക്കുന്ന പ്രക്രിയയെയാണു പ്രാർ ത്ഥന, ജപം, ധ്യാനം എന്നൊക്കെ പറയുന്നതു്.

അമ്മയെപ്പോഴും പറയും ധ്യാനം സ്വർണ്ണംപോലെ മൂല്യ മുള്ളതാണെന്നു്. ഭൗതികൈശ്വര്യത്തിനും മുക്തിക്കും ശാന്തിക്കും ധ്യാനം നല്ലതാണു്. അതിനു ചെലവാകുന്ന സമയം നഷ്ടമുള്ളതല്ല.

മനുഷ്യനു സാധാരണയായി വേണ്ട ബ്ലഡ്പ്രഷർ കുറ ഞ്ഞതു് എൺപതും കൂടിയതു നൂറ്റിയിരുപതുമാണു്. പ്ര ഷറിന്റെ അസുഖമുള്ള ഒരാളിനു ടെൻഷൻ വരുമ്പോൾ അതു നൂറ്റമ്പതിലോ ഇരുന്നൂറിലോ പോകാം. ഇതുമൂലം തലയിലെ ചെറിയ ഞരമ്പു പൊട്ടി ഒരുവശം തളർന്നു വെന്നു വരാം. ടെൻഷൻ എത്ര കണ്ടു നമ്മെ അകവും പുറവും തളർത്തുന്നുവെന്നു മക്കൾ മനസ്സിലാക്കണം. അതുകൊണ്ടാണു മനസ്സിന്റെ ഭാരം മക്കൾ പരമാത്മാ വിൽ സമർപ്പിക്കാൻ അമ്മ പറയുന്നതു്.

വള്ളം കെട്ടിയിട്ടു തുഴഞ്ഞാൽ അക്കരെയെത്തില്ല. അതി നാൽ ഞാനെന്ന ചിന്തയെ വിട്ടു് അവിടുത്തെ കൈയിൽ ഒരു പേന, അല്ലെങ്കിൽ ഒരു ബ്രഷു് എന്നുള്ള ഭാവനയിൽ തന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുക. അങ്ങനെയുള്ള ശരണാഗതി വരണം.

എന്നുവച്ചു പ്രയത്നിക്കണ്ട എന്നല്ല. പ്രയത്നത്തിനു് എപ്പോഴും പരിധിയുണ്ടു്. അതിനെ പൂർത്തീകരിക്കുന്നതു കൃപയാണു്. നമ്മൾ ദീർഘയാത്ര ചെയ്തു വീട്ടിൽ തിരിച്ചുവരുമ്പോൾ പറയും, യാത്ര വളരെ സുഖമായിരുന്നുവെന്നു്. പക്ഷേ, നമ്മൾ യാത്ര ചെയ്ത സമയത്തു നമ്മുടെ മുൻപിലും പിൻപിലുമായി എത്രയോ വണ്ടികൾ പോയി? അവ ഓടിച്ചിരുന്ന ഏതെങ്കിലും ഒരു ഡ്രൈവർക്കു് ഒരു നിമിഷത്തെ അശ്രദ്ധയുണ്ടായാൽ മതി, നമുക്കു മരണം പോലും സംഭവിക്കാം. അതൊന്നും കൂടാതെ നമ്മെ വീട്ടിൽ എത്തിച്ചതു കൃപ ഒന്നുമാത്രമാണു്.

കൃപ ലഭിക്കാൻ നമ്മൾ വാക്കിലും പ്രവൃത്തിയിലും വിനയം വളർത്തി എടുക്കണം. വിനയത്തിന്റെ ഭാഷയെന്നാൽ തലകുനിക്കലെന്നല്ല. വിനയത്തിന്റെ ഭാഷ സ്നേഹത്തിന്റെ ഭാഷയാണു്. മക്കളുടെ ഹൃദയത്തിലുള്ള നിസ്സ്വാർത്ഥതയുടെയും ഈശ്വരപ്രേമത്തിന്റെയും ദീപം ഈ ലോകത്തിനു വെളിച്ചമായിത്തീരട്ടെ!

ഒരു വേഴാമ്പലിനെപ്പോലെ ഈ ലോകം ശാന്തിയുടെയും പ്രേമത്തിന്റെയും തെളിനീരിനുവേണ്ടി കൊതിക്കുകയാണു്. ഭീകരാക്രമണവും യുദ്ധവും ഒരിടത്തല്ലെങ്കിൽ മറ്റൊരിടത്തു് ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതിന്റെ വാർത്തകൾ നമുക്കു ദിവസവും കേൾക്കാനുണ്ടു്. ഇപ്പോൾത്തന്നെ നിരവധി മനുഷ്യജീവനുകൾ ബലികഴിക്കപ്പെട്ടുകഴിഞ്ഞു.

ഈ അർത്ഥശൂന്യമായ നരബലി അവസാനിക്കണമെങ്കിൽ അവയുടെ കാരണങ്ങളിലേക്കു നമ്മൾ കടന്നുചെല്ലണം. ഭീകരാക്രമണം തടയാൻ സുരക്ഷാസംവിധാനങ്ങൾ സ്ഥാപനങ്ങളിലും വിമാനത്താവളങ്ങളിലും മറ്റും ഏർപ്പെ

ടുത്തിയിട്ടുണ്ടു്. സുരക്ഷാപരിശോധനകൾ കർശനമാക്കിയിട്ടുണ്ടു്. വളരെ നല്ലതാണതു്. എന്നാൽ അതുകൊണ്ടു മാത്രം ശാശ്വതമായ പരിഹാരമാകുന്നില്ല. ബോംബുകളെക്കാൾ ഏറ്റവും വിനാശകാരിയായ മറ്റൊരു സ്ഫോടകവസ്തുവുണ്ടു്. അതിനെ ഒരു യന്ത്രത്തിനും കണ്ടുപിടിക്കാൻ സാധിക്കില്ല എന്നുള്ളതാണു സത്യം: മനുഷ്യമനസ്സിലെ വെറുപ്പും വിദ്വേഷവും പകയുമാണതു്.

ഇതു പറയുമ്പോൾ അമ്മ ഒരു കഥ ഓർക്കുകയാണു്. ഒരു ഗ്രാമത്തിലെ മുഖ്യന്റെ നൂറാമത്തെ ജന്മദിനം ആഘോഷിക്കുകയാണു്. അഭിമുഖം നടത്താൻ വന്ന പത്രക്കാർ ചോദിച്ചു, "നൂറു വയസ്സുവരെ ജീവിച്ചതിൽ നിങ്ങൾക്കു് ഏറ്റവും അഭിമാനകരമായ നേട്ടമെന്താണു്?" അദ്ദേഹം പറഞ്ഞു, "നൂറു വയസ്സുവരെ ജീവിച്ചിട്ടും ഭൂമിയിൽ എനിക്കു് ഒരു ശത്രു പോലുമില്ല." "ആഹാ! എത്ര മഹത്തരമായിരിക്കുന്നു! ഇതെല്ലാവരും മാതൃകയാക്കേണ്ടതാണു്. ആകട്ടെ, എങ്ങനെയാണു നിങ്ങൾക്കിതു സാധിച്ചതു്?" ആശ്ചര്യത്തോടെ പത്രക്കാർ ചോദിച്ചു. ഗ്രാമമുഖ്യൻ പറഞ്ഞു, "എനിക്കു ശത്രുവായി വന്ന ഒരാളെപ്പോലും ഞാനീ ഭൂമിയിൽ ജീവനോടെ വച്ചിട്ടില്ല!"

പലരും ഈയൊരു കാഴ്ചപ്പാടിലാണു് ഇന്നു ശത്രുതയെ ഇല്ലാതാക്കുന്നതു്. ഇത്തരം വികാരങ്ങൾ പൂർണ്ണമായും തുടച്ചു മാറ്റാതെ സമൂഹത്തിൽ ശാന്തിയും സമാധാനവും കൊണ്ടുവരിക പ്രയാസമാണു്. ഭീകരാക്രമികളെ ഇല്ലാതാക്കാനും പ്രയാസമാണു്.

ഈയിടെയുണ്ടായ പ്രകൃതിക്ഷോഭത്തിനു് ഒരു കാരണം മനുഷ്യന്റെ അത്യാർത്തി മൂലം പ്രകൃതിയെ അമിതമായി ചൂഷണം ചെയ്തതാണു്. നമ്മൾ വരുംതലമുറയെ

ക്കുറിച്ചു ചിന്തിക്കുന്നില്ല. നമ്മുടെ പൂർവ്വികർ അങ്ങനെയായിരുന്നില്ല. അവർ പ്രകൃതിയെമാത്രം ആശ്രയിച്ചു ജീവിച്ചിരുന്നവരാണു്. കിടാവിനു കുടിക്കാനുള്ള പാലു നിർത്തിയിട്ടു പശുവിനെ കറക്കുന്നതുപോലെ അവർ വരും തലമുറയ്ക്കു വേണ്ടതു നിലനിർത്തിക്കൊണ്ടാണു തങ്ങളുടെ കാര്യങ്ങൾ നിറവേറ്റിയിരുന്നതു്. ഇന്നോ? എല്ലാം എനിക്കു്, എനിക്കു്... എന്നുള്ള ഭാവമാണു്. അനേക നിലകളുള്ള കെട്ടിടത്തിന്റെ മുകളിൽ താമസിക്കുന്നവർ താഴത്തെ നിലയിൽ തീ പിടിച്ചപ്പോൾ, "താഴത്തെ നിലയ്ക്കല്ലേ തീ പിടിച്ചതു്. നിങ്ങളുടെ കാര്യം നിങ്ങൾതന്നെ കൈകാര്യം ചെയ്താൽ മതി" എന്നു പറഞ്ഞു വെറുതെ ഇരിക്കുന്നതുപോലെയാണിതു്. നമ്മളുണർന്നു പ്രവർത്തിക്കാൻ വൈകുന്തോറും നമ്മുടെതന്നെ ഭാവി അന്ധകാരത്തിലാകും.

ഇന്നു വിനോദത്തിനും ഉല്ലാസത്തിനും നിരവധി മാർഗ്ഗങ്ങളുണ്ടു്. എന്നാൽ ജീവിതത്തിൽ ഇന്നു് ഏറ്റവും കൂടുതൽ ക്ഷാമം അനുഭവപ്പെടുന്നതു ഹൃദയത്തിൽനിന്നു വിടർന്ന ഒരു പുഞ്ചിരിക്കും പ്രേമത്തിന്റെ മണമൂറുന്ന ഒരു വാക്കിനും മറ്റുമാണു്. ഇന്നു യുവാക്കളിൽ മിക്കവർക്കും പ്രേമത്തെയും കാമത്തെയും വേർതിരിച്ചറിയാൻ പറ്റുന്നില്ല. പ്രേമത്തിന്റെ മുഖംമൂടിയണിഞ്ഞ കാമമാണു് ഇന്നു കണ്ടുവരുന്നതു്. ഇന്നു പുഞ്ചിരിപോലും മാർക്കറ്റിൽ ഏറ്റവും വിലപിടിപ്പുള്ള അലങ്കാരവസ്തുവായിത്തീർന്നിരിക്കുകയാണു്. എങ്ങനെ ചിരിക്കണം എന്നു പഠിപ്പിക്കുന്ന സ്ഥാപനങ്ങൾപോലുമുണ്ടു്. പക്ഷേ, പ്രേമത്തിന്റെ മാധുര്യമൂറുന്ന ഒരു വാക്കിനോ അല്ലെങ്കിൽ സ്നേഹമൂറുന്ന ഒരു ചിരിക്കോ തരാൻ കഴിയുന്ന ശാന്തിയും സമാധാനവും മറ്റുള്ളവയ്ക്കൊന്നിനും തരാൻ കഴിയുകയില്ല.

ഇതു പറയുമ്പോൾ അമ്മ ഒരു കഥ ഓർക്കുകയാണു്. കുത്തിയൊഴുകുന്ന നദിയുടെ മുകളിലെ പാലത്തിൽ ഒരാൾ നില്ക്കുകയാണു്; അനേകം തിക്താനുഭവങ്ങൾകൊണ്ടു ജീവിതംതന്നെ വെറുത്തു നദിയിൽച്ചാടി മരിച്ചാലെന്തു് എന്നു ചിന്തിച്ചുകൊണ്ടു്. അടുത്തനിമിഷം പിന്നെയും ഒരു ചിന്ത വന്നു, "ശരിയാണു്, ഈ ജീവിതത്തിലെന്നെ ആരും സ്നേഹിച്ചിട്ടില്ല എന്നതു സത്യംതന്നെയാണു്. ഇനിവരുന്ന ഒരാളിനെക്കൂടി ഒന്നു നോക്കാം. ഒരു പുഞ്ചിരിയോ ഒരു നല്ല വാക്കോ കിട്ടുന്നെങ്കിൽ പ്രതീക്ഷയോടെ ജീവിക്കാമെന്നുറപ്പിക്കാം. മറിച്ചാണു സംഭവിക്കുന്നതെങ്കിൽ ഈ നദിയിൽ ചാടി മരിക്കാം."

ഈ കഥയുടെ ബാക്കി പറയേണ്ടതു നമ്മൾ ഓരോരുത്തരുമാണു്. അടുത്തതായി കണ്ടുമുട്ടാൻ പോകുന്ന വ്യക്തി നമ്മളാണെങ്കിൽ അദ്ദേഹം എടുക്കുന്ന തീരുമാനമെന്തായിരിക്കും?

ഒരു നേരത്തെ ആഹാരത്തിനുപോലും വഴിയില്ലാത്തവരുണ്ടു്. താങ്ങാനാവാത്ത ജീവിതപ്രശ്നങ്ങളുള്ളവരുണ്ടു്. അവർക്കു സാന്ത്വനമേകാനും കരുത്തേകാനും തണലേകാനും ചുറ്റുമുള്ളവർ വരുന്നില്ലെന്നുള്ളതാണു കഷ്ടം. പക്ഷേ, നമ്മുടെ പൂർവ്വികർ അങ്ങനെയല്ലായിരുന്നു. ഇന്നു മനുഷ്യബന്ധങ്ങൾ നഷ്ടപ്പെട്ടു വരുകയാണു്. അങ്ങനെ ആശ നശിച്ച മനുഷ്യൻ ആത്മഹത്യയിൽ അഭയം തേടുകയാണു്. ആത്മഹത്യ ഒന്നിനും പരിഹാരമല്ലെന്നുള്ളതു മക്കൾ അറിയണം. അഥവാ അങ്ങനെ തോന്നിയാലും മക്കൾ അതിൽനിന്നു പിൻതിരിയണം.

നമ്മൾ സ്വന്തം ബാങ്കിലെ അക്കൗണ്ടുബുക്കെടുത്തു നോക്കാറുണ്ടു്. അക്കൗണ്ടിൽ പണം കൂടുതലുണ്ടെങ്കിൽ

നമ്മൾ സന്തോഷിക്കും; കടമാണേൽ എങ്ങനെ വീട്ടുമെന്നു ചിന്തിച്ചു ദുഃഖിക്കും. എന്നാൽ അതിനെക്കാൾ പ്രാധാന്യമേറിയ ഒരു അക്കൗണ്ടുബുക്കുണ്ടു്. അതു പല പ്പോഴും നമ്മൾ തുറന്നു നോക്കാറുമില്ല. മൂല്യങ്ങളുടെ കണക്കുബുക്കാണതു്. മൂല്യങ്ങൾ നമ്മിൽനിന്നു ചോർന്നു പൊയ്ക്കൊണ്ടിരിക്കുകയാണു്. നമ്മുടെ കഴിവും പ്രയത്നവുംകൊണ്ടു വിജയത്തിന്റെ ശിഖരത്തിൽ എത്തിപ്പിടിക്കാൻ സാധിക്കും. പക്ഷേ, വീഴാതെ അവിടെ പിടിച്ചുനില്ക്കണമെങ്കിൽ നമ്മുടെ ജീവിതത്തിൽ മൂല്യങ്ങൾ ആവശ്യമാണു്.

നമ്മൾ നല്ലവരാകാനും നമ്മുടെ ചിന്തയിലും വാക്കിലും നന്മ വരുത്താനും ശ്രമിക്കണം. തെറ്റുപറ്റിയാൽ അതു തിരുത്തി പശ്ചാത്തപിച്ചു മുന്നോട്ടു പോകാൻ കഴിയണം. അതാണു ശരിയായ വഴി. നമുക്കതു് അറിയില്ല. നമ്മളെപ്പോഴും കുറുക്കു വഴിയാണു നോക്കുന്നതു്. മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങൾ ചൂണ്ടി സ്വയം കേമനാണെന്നു് അഭിമാനിക്കുകയാണു്. അവർ കുറ്റക്കാരല്ലെങ്കിലും അവരിൽ കുറ്റം വച്ചുകെട്ടി സ്വന്തം മേന്മ തെളിയിക്കാൻ ശ്രമിക്കുന്നതാണു പലപ്പോഴും കാണുന്നതു്. വിജയമെങ്കിൽ അതെന്റെതു്, തോല്വിയാണെങ്കിൽ അതിനവകാശി മറ്റുള്ളവരും.

ഒരിടത്തു വിരുന്നു നടക്കുകയാണു്. ഒരാൾ പല പ്രാവശ്യം എഴുന്നേറ്റുപോയി ഭക്ഷണം വാങ്ങിച്ചു കഴിച്ചു. ഏഴാമതു പോകാനെഴുന്നേറ്റപ്പോൾ ഭാര്യ പറഞ്ഞു, "അയ്യേ! നിങ്ങളിങ്ങനെ പോയി ഭക്ഷണം വാങ്ങിക്കഴിച്ചാലോ? വിളമ്പുന്നവർ നിങ്ങളെപ്പറ്റി എന്തു വിചാരിക്കും?" "നീ വിഷമിക്കണ്ട." അയാൾ ഭാര്യയെ സമാധാനിപ്പിച്ചു, "എനിക്കു

വേണ്ടിയല്ല, നിനക്കു വേണ്ടിയാണു വാങ്ങുന്നതെന്നാണു ഞാൻ അവരോടു പറയുന്നതു്."

നമ്മുടെ ജീവിതത്തിൽ നാലു കാര്യങ്ങളാണു് ആവശ്യമെന്നു പറയും. ധർമ്മം, അർത്ഥം, കാമം, മോക്ഷം. ജീവിതത്തെ നിലനിർത്താനുള്ള നാലു തൂണുകളാണിവ. ധർമ്മബോധം ഇന്നു ലോകത്തു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. മോക്ഷത്തിനുള്ള ആഗ്രഹവും കുറഞ്ഞുവരുന്നു. അവശേഷിക്കുന്നതു് അർത്ഥവും കാമവുമാണു്. ഇതു കാരണം ഇന്നത്തെ സമൂഹം, രണ്ടു ടയറും പഞ്ചറായ ഒരു വാഹനം പോലായിരിക്കുന്നു. യഥാർത്ഥ പുരോഗതിയുണ്ടാകണമെങ്കിൽ അർത്ഥവും കാമവും മാത്രം പോരാ. നമ്മുടെ ജീവിതത്തിൽ ശരിയായ വീക്ഷണമുണ്ടാവണം. ആ വീക്ഷണം എല്ലാ വശങ്ങളും ഉൾക്കൊള്ളുന്നതും സമഗ്രവുമാകണം. ഇന്നു ജനങ്ങളിൽ ബുദ്ധിയും സാമർത്ഥ്യവും വികസിച്ചു. യുവാക്കൾക്കു വിദ്യാഭ്യാസവുമുണ്ടു്, എന്നാൽ മൂല്യങ്ങളില്ല. ധനത്തോടുള്ള സ്നേഹം, സ്നേഹമാകുന്ന ധനത്തെ നഷ്ടപ്പെടുത്തുകയാണു്. നമ്മുടെ വീക്ഷണം നമുക്കും മറ്റുള്ളവർക്കും നന്മ വരുത്തുന്നതായിരിക്കണം. വീക്ഷണം മാത്രം പോരാ, അതനുസരിച്ചുള്ള പ്രയത്നവും കൂടി ആവശ്യമാണു്.

ജീവിതത്തിൽ രണ്ടുതരത്തിലുള്ള വളർച്ചയുണ്ടു്. ഒന്നു്, പ്രായംകൊണ്ടുള്ള വളർച്ച. രണ്ടു്, പക്വതകൊണ്ടുള്ള വളർച്ച. പ്രായംകൊണ്ടുള്ള വളർച്ചയ്ക്കു പ്രത്യേകിച്ചു പ്രയത്നം വേണ്ട. അതു മനുഷ്യനും മൃഗങ്ങൾക്കും ജീവനുള്ള എല്ലാത്തിനും സ്വാഭാവികമായിട്ടുള്ളതാണു്. പക്വതകൊണ്ടുള്ള വളർച്ച മനുഷ്യനു മാത്രമുള്ള ഗുണമാണു്. പ്രായംകൊണ്ടുള്ള വളർച്ച മരണത്തിലേക്കും

പക്വതകൊണ്ടുള്ള വളർച്ച അമരത്വത്തിലേക്കുമാണു നമ്മെ നയിക്കുന്നതു്. ഉള്ളിൽ നടക്കേണ്ട പ്രക്രിയയാണതു്. ആത്മീയമായ അറിവാണു് ആ വഴി നമുക്കു തെളിച്ചുതരുന്നതു്.

ഒരു ഗ്ലാസ്സു വെള്ളം കിട്ടിയാൽ അതു കുടിക്കാനോ കുടിക്കാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യം നമുക്കുണ്ടു്. എന്നാൽ എല്ലാത്തിനും ആ സ്വാതന്ത്ര്യമില്ല. പെട്ടെന്നു് ഒരു മിനിറ്റു ദ്വേഷിക്കാൻ പറഞ്ഞാൽ നമുക്കു പറ്റില്ല. അങ്ങനെ ചെയ്താലും അതു് അഭിനയം മാത്രമാകും. കാരണം ദ്വേഷം എപ്പോൾ എങ്ങനെ വന്നുപോകുന്നെന്നു് അറിയാൻ പറ്റുന്നില്ല. ഈ അവബോധമുണ്ടെങ്കിൽ ഒരു വികാരവും നമ്മെ അടിമപ്പെടുത്തുകയില്ല.

ലോകത്തിലേക്കുംവച്ചു് ഏറ്റവും വലിയ 'സെയിൽസ്മാൻ' മനസ്സാണെന്നു പറയും. ഏതു് ആശയവും നമ്മിൽ അടിച്ചേല്പിക്കാൻ മനസ്സിനേ കഴിയൂ. അതു വാഗ്ദാനം ചെയ്യുന്നതൊന്നും നമുക്കു തരത്തില്ലെങ്കിലും നമ്മൾ അതിൽ കുടുങ്ങിപ്പോവുകയും ചെയ്യും.

ഇതു പറയുമ്പോൾ അമ്മ ഒരു കഥ ഓർക്കുകയാണു്. ഒരു 'സെയിൽസ്മാൻ' അദ്ദേഹത്തിന്റെ ബോസിനോടു ചെന്നു പറയുകയാണു്, "ഞാനീ അടുത്തകാലത്തു വെളിയിൽ ജോലി ചെയ്യുന്ന ഒരാളിനു് ഒരു വസ്തു വിറ്റു. സ്ഥലം വന്നു കാണാതെയാണു് അയാൾ കരാറെഴുതിയതു്. നാട്ടിൽ വന്നപ്പോഴാണു് സ്ഥലം കണ്ടതു്. വെള്ളക്കെട്ടു നിറഞ്ഞ ഭൂമിയാണു്. ചില ഭാഗങ്ങളിൽ ആറടിയോളം വെള്ളം കെട്ടിനില്ക്കുന്നതു കണ്ടു് അദ്ദേഹം പൈസ തിരിച്ചു നല്കാൻ ബഹളം വയ്ക്കുകയാണു്. ഞാനെന്തു ചെയ്യണം?" അപ്പോൾ ബോസ് പറഞ്ഞു, "നീ ഒരു സെ

യിൽസ്മാനാണെന്ന കാര്യം മറക്കരുതു്. നീയൊരു കാര്യം ചെയ്യു്. പമ്പിന്റെ ഏജൻസി എടുത്തിട്ടു രണ്ടു പമ്പു് അയാൾക്കു വില്ക്കാൻ നോക്കു്. അയാൾ വെള്ളം അടിച്ചു വറ്റിക്കട്ടെ."

മറ്റുള്ളവരെ പീഡിപ്പിച്ചായാലും നമുക്കെത്ര വലിയ ആളാകാം എന്ന രീതിയിലാണിന്നു നമ്മുടെ കഴിവുകളെ ഉപയോഗിക്കുന്നതു്. വേറെ രീതിയിലും നമുക്കു വേണമെങ്കിൽ പ്രവർത്തിക്കാം.

നമ്മുടെ മനസ്സു് പഴയ ഒരു ക്ലോക്കുപോലെയാണെന്നു പറയും. അതു് ഇടയ്ക്കിടെ കീ കൊടുത്താലേ ഓടത്തുള്ളൂ. അതുപോലെ നമ്മുടെ മനസ്സിനും ഇടയ്ക്കു സത്സംഗം കൊടുക്കണം. എങ്കിലേ നമ്മുടെ മനസ്സിൽ വേഗം വിവേകബുദ്ധി ഉദിക്കുകയുള്ളൂ. വിവേകബുദ്ധി വന്നാൽ പിന്നെ മറ്റൊരു ഈശ്വരനെ തേടേണ്ട ആവശ്യമില്ല.

പല മക്കളും അമ്മയോടു വന്നുപറയും, "അമ്മാ, ഈ ജന്മം ഞങ്ങളൊരു തെറ്റും ചെയ്തിട്ടില്ല. ഞങ്ങളുടെ അയലത്തുകാരാണെങ്കിൽ ധാരാളം തെറ്റുകൾ ചെയ്യുന്നു. അവർ ഈശ്വരനെ പ്രാർത്ഥിക്കുന്നില്ല. അവരു പനപോലെ വളരുകയും ചെയ്യുന്നു, ഞങ്ങൾ കഷ്ടപ്പെടുകയും ചെയ്യുന്നു. ഇതുകണ്ടു ഞങ്ങളുടെ ഈശ്വരവിശ്വാസം നഷ്ടപ്പെട്ടു" എന്നു്. അങ്ങനെ മക്കൾ ചിന്തിക്കരുതു്. അവർ പൂർവ്വജന്മത്തിൽ ഡിപ്പോസിറ്റു ചെയ്തു വന്നവരായിരിക്കും. നമ്മൾ ലോണുമെടുത്തു വന്നവരായിരിക്കും. എന്നു വിചാരിച്ചു് അവർ എടുത്തുചാടാൻ പാടില്ല. ഒരു ജന്മം കൊണ്ടു ജീവിതം അവസാനിക്കുന്നില്ല. മരണം അടുത്തതിന്റെ തുടക്കമാണു്. നമ്മൾ ഒരു വാചകം എഴുതി കുത്തിടുന്നതു് അടുത്തതു് എഴുതാൻവേണ്ടിയാണു്.

നമ്മുടെ ജീവിതത്തിൽ ചില ദശാസന്ധികളെക്കുറിച്ചു പ റയാറുണ്ടു്. ഇതിൽ വിശ്വാസമില്ലാത്തവരുമുണ്ടു്. ഇതു് ശാസ്ത്രീയമല്ല എന്നാണു് അവർ പറയുന്നതു്. അനുഭവമാ ണല്ലോ ഗുരു. കോടിക്കണക്കിനു് ആളുകളെ അമ്മ മുഖാ മുഖം കണ്ട തുകൊണ്ടു് ഇതു വിശ്വസിക്കാതിരിക്കാൻ പ്രയാസമാണു്. അതിനെപ്പറ്റി ചിന്തിച്ചു മക്കൾ വിഷമി ക്കാൻ വേണ്ടി പറയുകയല്ല. രോഗങ്ങളുണ്ടാവുക, അപ കടം വരുക, തീരാദുഃഖങ്ങൾ ഉണ്ടാവുക, ബന്ധങ്ങളകലുക, മരണം സംഭവിക്കുക തുടങ്ങിയവ ദശാസന്ധികളിൽ മാ റിമാറി സംഭവിക്കാറുണ്ടു്. ആരെങ്കിലും കരിനാളിനു മരി ച്ചാൽ തുടർച്ചയായി അഞ്ചു മരണങ്ങളുണ്ടാവുക. വേറെ ചില കരിനാളിനാണെങ്കിൽ മൂന്നു മരണമുണ്ടാവുക, ചില വീടുകളിൽ കുട്ടികൾ ജനിക്കാതിരിക്കുക, അല്ലെങ്കിൽ സ്ത്രീ കൾ വിധവകളാവുക, ചില കുടുംബങ്ങളിൽ പുരുഷന്മാർ അല്പായുസ്സായിക്കാണുക, ഇങ്ങനെ പലതും അമ്മയ്ക്കു കാണാനിടയായിട്ടുണ്ടു്. ഇതിനൊന്നും മതിയായ വിശദീ കരണമോ യുക്തിയോ കാണുന്നില്ല.

ചില നക്ഷത്രങ്ങളിൽ ചില സമയങ്ങളെ അമ്മക്കാലു്, അച്ഛൻകാലു്, മാമൻകാലു്, തൻകാലു് എന്നൊക്കെ പറയും. അമ്മക്കാലിൽ കുട്ടി ജനിച്ചാൽ തള്ള മരിക്കുന്ന തായി കാണാം. അച്ഛൻകാലാണെങ്കിൽ അച്ഛനു് അപക ടമുണ്ടാകും. തൻകാലിലാണെങ്കിൽ കുട്ടിക്കു തീരാരോ ഗങ്ങൾ കാണാം. ഇതൊക്കെ അനുഭവമാണു്. യുക്തി യിൽ വിശദീകരിക്കാൻ പറ്റുകയില്ല.

ഇതൊക്കെ ഓർത്തു ദുഃഖിച്ചു തളരാൻവേണ്ടിയല്ല അമ്മ ഇതുപറയുന്നതു്. അദ്വൈതമാണു സത്യം. ജീവി തത്തിൽ സുഖവും ദുഃഖവും ഉണ്ടാവും. ക്ലോക്കിന്റെ പെൻ

ഡുലംപോലെയാണു് ജീവിതം. സുഖത്തിൽനിന്നുള്ള ആയമെടുപ്പു ദുഃഖത്തിൽ വന്നുനില്ക്കാനാണു്. എന്നാൽ അതിനെ സന്തുലനം ചെയ്തു നിർത്തുന്നതാണു് ആദ്ധ്യാത്മികത. ഇവിടെ മനഃശക്തി കിട്ടണമെങ്കിൽ അദ്വൈതം വേണം. എന്നാലും കർമ്മകാണ്ഡത്തിൽ വിശ്വസിക്കാതിരിക്കാൻ പറ്റുന്നില്ല. പ്രവൃത്തിക്കു വൃത്തി വേണമല്ലോ. നമ്മളാരും ശാസ്ത്രം പഠിച്ചവരല്ല. അതുകൊണ്ടു തെറ്റുകൾ വരാതിരിക്കാൻ ശ്രമിച്ചുകൊണ്ടെങ്കിലും ഇരിക്കാമല്ലോ.

മൂന്നു തരത്തിലുള്ള പ്രാരബ്ധകർമ്മങ്ങളുണ്ടു്. ഒന്നു്, പ്രാർത്ഥനകൊണ്ടു മാറുന്നതു്. രണ്ടു്, ധാർമ്മികകാര്യങ്ങളൊക്കെ ചെയ്തു പ്രായശ്ചിത്തം ചെയ്താൽ മാറുന്നതു്. മൂന്നാമതു്, പ്രായശ്ചിത്തം ചെയ്താലും കുറച്ചു കഷ്ടമനുഭവിക്കേണ്ടി വരുന്നതു്. മരുന്നുകൊണ്ടു മാറുന്ന രോഗങ്ങളുണ്ടു്. ചിലതിനു് ഓപ്പറേഷൻ വേണം. ചില രോഗങ്ങൾ ഓപ്പറേഷൻ ചെയ്താലും തിരിച്ചുവരും. അവ അനുഭവിക്കുകതന്നെ വേണം.

എന്നാലും ആരുമറിയാത്തൊരു കരം നമ്മെ നയിക്കുന്നുണ്ടു് എന്നുള്ളതാണു സത്യം. അതുകൊണ്ടു ശുഭാപ്തിവിശ്വാസം കളയാൻ പാടില്ല. കാരണം, ഉടനെ കിട്ടുന്ന ഫലമുണ്ടു്, വൈകിവരുന്ന ഫലവുമുണ്ടു്. കഴിഞ്ഞ ജന്മം ഞാൻ പാപം ചെയ്തു എന്നുവച്ചു വിഷമിക്കുകയല്ല വേണ്ടതു്. അതു കാൻസലായ ചെക്കാണു്. കഴിഞ്ഞകാലം തിരിയെ വരുകയില്ല. നാളെ ഇന്നാകില്ല. നമുക്കുള്ളതു് ഈ നിമിഷം മാത്രമാണു്. ഉപ്പുവെള്ളത്തിൽ നല്ല വെള്ളമൊഴിച്ചു് അതിന്റെ കാഠിന്യം കുറയ്ക്കുന്നതുപോലെ നമ്മൾ പരമാത്മാവിൽ അർപ്പിച്ചുകൊണ്ടു അവിടുത്തെ നിരന്തരസ്മരണയാൽ കർമ്മങ്ങൾ ചെയ്യണം. അങ്ങനെ ദുഃഖാ

നുഭവങ്ങളുടെ കാഠിന്യം കുറച്ചു ജീവിതത്തിൽ മുന്നോട്ടു നീങ്ങാൻ ശ്രമിക്കണം.

ചിലർ എല്ലാം വിധിയാണെന്നു പറയാറുണ്ടു്. വിധി തന്നെ കർമ്മംകൊണ്ടു വരുന്നതാണു്. ജീവിതത്തിൽ ചില കാര്യങ്ങൾ വിധിയെന്നു വിശ്വസിക്കേണ്ടതുണ്ടു്. എന്നാൽ ചിലതു പ്രയത്നംകൊണ്ടു മാറ്റാൻ കഴിയുന്നവയുമാണു്.

ഉദാഹരണത്തിനു്, ഒരാളുടെ ശരീരഘടനയനുസരിച്ചു് ഉയരം അഞ്ചടിയേയുള്ളൂ. അയാൾ ഉയരം ആറടിയാക്കാൻ എന്തു മരുന്നു കഴിച്ചാലും, തലകീഴായി കെട്ടിത്തൂങ്ങിയാലും ഫലമില്ല. അതിനെ വിധിയെന്നു സ്വീകരിക്കാനേ കഴിയൂ.

എന്നുവച്ചു്, പരീക്ഷയ്ക്കു തോറ്റാൽ നമ്മൾ വിധിയെന്നു പറഞ്ഞിരിക്കുമോ? ഇല്ല. പിന്നെയും പ്രയത്നിക്കും. ഇന്റർവ്യൂവിനുപോയി ജോലി കിട്ടിയില്ല എന്നുവച്ചു വിധിയെന്നും പറഞ്ഞു വെറുതെ ഇരിക്കുമോ? വീണ്ടും വീണ്ടും പരമാത്മാവിൽ സമർപ്പിച്ചു പ്രയത്നിച്ചുകൊണ്ടിരിക്കണം. അപ്പോൾ തീർച്ചയായും അതു കൃപയെ കൊണ്ടുവരും. അല്ലാതെ നടന്നതെല്ലാം വിധിയാണെന്നു പറഞ്ഞു വെറുതെയിരിക്കാൻ പാടില്ല. പ്രയത്നം തുടരുകയാണു വേണ്ടതു്.

ലോകജീവിതത്തിൽ നമുക്കു ലോകത്തിൽനിന്നു നല്ലതു മാത്രം കിട്ടിയെന്നു വരില്ല. നല്ല അനുഭവങ്ങളെക്കാൾ ചീത്ത അനുഭവങ്ങളായിരിക്കും നമ്മെ കാത്തിരിക്കുന്നതു്. അതാണു ലോകസ്വഭാവം. അത്തരം സന്ദർഭങ്ങളെ നമ്മുടെ വളർച്ചയ്ക്കും വിജയത്തിനുമുള്ള ചവിട്ടുപടിയാക്കിത്തീർക്കാൻ നമ്മൾ പഠിക്കണം. അതിനു് ആത്മീയതയിലുറച്ച

വിവേകബുദ്ധി നമുക്കു് ആവശ്യമാണു്.

ഒരാൾ വളർത്തിയ കഴുത അടുത്തുള്ള പൊട്ടക്കിണറ്റിൽ വീണു. അയാൾ പൊക്കിയെടുക്കാൻ കുറെ ശ്രമിച്ചു. പറ്റിയില്ല. അവസാനം അയാൾ ചിന്തിച്ചു, "ഇനി കഷ്ടപ്പെട്ടു കെട്ടിപ്പൊക്കി എടുത്താലും പിന്നെ ഇതിനെക്കൊണ്ടു ജോലി ചെയ്യിക്കാൻ പറ്റത്തില്ല. അതിനെക്കാൾ എളുപ്പം ഇതിനെ ഇട്ടു കിണർ മൂടിക്കളയുന്നതാണു്. അതിനായി ജോലിക്കാരെ വിളിച്ചേല്പിച്ചു് അയാൾ മുറിയിലേക്കു പോയി. കുറച്ചു കഴിഞ്ഞപ്പോൾ ഒരു വിജയാരവം കേൾക്കാം. ഇറങ്ങി നോക്കിയപ്പോൾ തന്റെ കഴുത വീട്ടിലേക്കു നടന്നു വരുകയാണു്. എന്താണവിടെ സംഭവിച്ചതു്? കിണർ മൂടാൻ ഏല്പിച്ചവർ മണ്ണു കൊണ്ടിടുമ്പോൾ കഴുതയുടെ പുറത്തു് വീഴും. കഴുത ഒന്നു കുടയും. എന്നിട്ടു താഴെ വീണ മണ്ണിന്റെ മുകളിൽ കയറിനില്ക്കും. അങ്ങനെ മണ്ണിട്ടതെല്ലാം കുടഞ്ഞിട്ടു് അതിന്റെ മുകളിൽ കയറിക്കയറിനിന്നു്, കിണർ മൂടുകയും കഴുത പുറത്തു വരുകയും ചെയ്തു.

ഇതുപോലെ ലോകത്തിൽ മറ്റുള്ളവർ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും നമ്മെ ചെളി വാരി എറിഞ്ഞെന്നിരിക്കും. മനസ്സു് തളരാതെ അവയെല്ലാം കുടഞ്ഞുകളയണം. എങ്കിലേ മറ്റുള്ളവർ സൃഷ്ടിക്കുന്ന പ്രശ്നങ്ങളാകുന്ന പൊട്ടക്കിണറ്റിൽനിന്നു രക്ഷപ്പെട്ടു ജീവിതത്തിൽ വിജയം കൈവരിക്കാൻ സാധിക്കുകയുള്ളൂ. നമ്മുടെ മുന്നിൽ എല്ലാംകൊണ്ടും ഇരുട്ടു മൂടിയിരിക്കുന്ന ചില സാഹചര്യങ്ങൾ ഉണ്ടാകാറുണ്ടു്. തളരാൻ പാടില്ല. മുന്നോട്ടു്, മുന്നോട്ടു്... എന്നുള്ളതായിരിക്കണം നമ്മുടെ ലക്ഷ്യം.

ഒരിക്കൽ കുറെ ഒച്ചുകൾ ഇഴഞ്ഞുപോവുകയാണു്. എതിരെ കുറെ പക്ഷികൾ പറന്നുവരുന്നു. പക്ഷികൾ ഒച്ചു

കളോടു ചോദിച്ചു, "നിങ്ങളെങ്ങോട്ടു പോവുകയാണു്?" "ഇന്നയിടത്തൊരു കാടുണ്ടു്. അവിടേക്കു പോവുകയാണു്." അപ്പോൾ പക്ഷികൾ പറഞ്ഞു, "ഞങ്ങൾ അവിടെ നിന്നാണു വരുന്നതു്. ആ കാട്ടിലൊരു പഴവുമില്ല, ഒരു ഇലയുമില്ല, ആകെ ഉണങ്ങി നില്ക്കുകയാണു്. എന്തിനാണു വെറുതെ അങ്ങോട്ടു പോകുന്നതു്?" ഒച്ചുകൾ പറഞ്ഞു, "ഇല്ലില്ല. ഞങ്ങളവിടെ എത്തുമ്പോഴേക്കും അവ തളിരിടാനും മൊട്ടിടാനും തുടങ്ങും."

നോക്കുക. അവർ ഒന്നും മുന്നിൽ കാണുന്നില്ലെങ്കിലും ആത്മവിശ്വാസം കളയുന്നില്ല. അതുപോലെ മക്കൾ തളരാൻ പാടില്ല. മുന്നോട്ടു്, മുന്നോട്ടു്... എന്നുള്ളൊരു ഭാവം വച്ചു കൊണ്ടുപോവുക. കൃപ നമ്മെ തീർച്ചയായും രക്ഷിക്കും.

പല മക്കളും വന്നു പറയും ധ്യാനിച്ചിട്ടു്, അല്ലെങ്കിൽ ജപിച്ചിട്ടു്, ഏകാഗ്രത കിട്ടാത്തതുകൊണ്ടു ഞങ്ങളതു നിർത്തിവച്ചു എന്നു്. അതു പാടില്ല. നമ്മുടെ മനസ്സൊരു സൂപ്പർ മാർക്കറ്റുപോലെയാണു്. അവിടെ വേണ്ടുന്നതും വേണ്ടാത്തതുമൊക്കെ ഇരിക്കും. നമ്മൾ വാങ്ങിക്കാൻ പോകുന്നതു വാങ്ങി വരുക. ഗ്രാമത്തിലെ റോഡു പോലെയാണു മനസ്സെന്നു പറയും. അവിടെ കോഴി കാണും; താറാവു കാണും പട്ടിയുണ്ടു്; പൂച്ചയുണ്ടു്, കാളവണ്ടി പോകും; കുതിരവണ്ടി പോകും; വഴിയിൽ അടി നടക്കും; ഇടി നടക്കും ഉത്സവം കാണും. എന്നാലും നമ്മൾ മുന്നോട്ടു പോവുക. അതുപോലെ നമ്മുടെ മനസ്സിൽ വേണ്ടതും വേണ്ടാത്തതുമായ ചിന്തകൾ കേറിവരും. അവയ്ക്കത്ര ഗൗരവം കൊടുക്കണ്ട. മനസ്സിനു് ഏകാഗ്രത കിട്ടാൻ ശ്രമിക്കുന്നതു സമുദ്രം വറ്റിക്കാൻ ശ്രമിക്കുന്നതുപോലെയാണു്.

നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുക. എന്നാൽ മാത്രമേ ലക്ഷ്യ പ്രാപ്തിയുണ്ടാകൂ.

ഇപ്പോൾ നമ്മുടെയെല്ലാം കൈയിൽ ഫോണുണ്ടു്. യഥാർത്ഥത്തിൽ മറ്റൊരു ഫോൺ കൂടി നമുക്കു വേണം. അതു മന്ത്രജപമാകുന്ന ഫോണാണു്. സാധാരണ ഫോ ണിനു് എല്ലായിടവും റേഞ്ചു കിട്ടണമെന്നില്ല. പക്ഷേ, ഈശ്വരനെ എവിടിരുന്നു് എപ്പോൾ വിളിച്ചാലും അവി ടുന്നു തീർച്ചയായും കേൾക്കും. പ്രേമമുള്ളിടത്തു ദൂരം പ്രസക്തമല്ലെന്നു പറയും. ആകാശത്തിലാണു സൂര്യനെ ങ്കിലും ഭൂമിയിൽ താമര വിരിയുന്നില്ലേ? ഉള്ളിന്റെയുള്ളിൽ ഹൃദയമുരുകി പ്രാർത്ഥിച്ചാൽ തീർച്ചയായും അവിടുന്നു കേൾക്കും. എവിടെ, എങ്ങനെ, എന്നില്ല. ഈശ്വരൻ നമ്മു ടെ ഹൃദയത്തിലാണല്ലോ. ചെളിയിൽ താമര വിരിയാമെ ങ്കിൽ, ഈ അഴുക്കിൽ (ശരീരത്തിൽ) ഈശ്വരനിരിക്കാ മെങ്കിൽ എന്തുകൊണ്ടു ബാത്ത്റൂമിൽനിന്നു വിളിച്ചാലും അവിടുന്നു കേൾക്കുകയില്ല? ആ ഒരു ഭാവമുണ്ടെങ്കിൽ മറ്റൊന്നും നോക്കേണ്ട ആവശ്യമില്ല. ആത്മാർത്ഥത എത്ര യുണ്ടെന്നാണു നമ്മൾ നോക്കേണ്ടതു്. അതിനെയാണു നമ്മൾ ഉണർത്തിയെടുക്കേണ്ടതു്.

സനാതനധർമ്മത്തിൽ സൃഷ്ടിയും സ്രഷ്ടാവും രണ്ടല്ല. സമുദ്രവും തിരയും രണ്ടല്ല. സമുദ്രവും വെള്ളമാണു്, തി രയും വെള്ളമാണു്. അതുപോലെ സ്വർണ്ണത്തിൽ കമ്മലും മാലയുമുണ്ടു്. കമ്മലിലും മാലയിലും സ്വർണ്ണമുണ്ടു്. ഈ ശ്വരൻ ആ കാശത്തിനപ്പുറത്തല്ല, സകലചരാചരങ്ങളിലും കുടികൊള്ളുന്നുണ്ടു്. എല്ലാം ഈശ്വരനാണു്, ഈശ്വരന ല്ലാതെ ഒന്നുമില്ല, എന്നാണു സനാതനധർമ്മം പഠിപ്പിക്കു ന്നതു്. അതുകൊണ്ടു ജീവജാലങ്ങളെ സ്നേഹിക്കുക സേ

വിക്കുക എന്നുള്ളതും ഈശ്വരപൂജതന്നെയാണു്. നമുക്കു പക്ഷിക്ഷേത്രം, വൃക്ഷക്ഷേത്രം, ഗൗളിക്ഷേത്രം ഒക്കെയുണ്ടു്. എല്ലാത്തിലും സ്നേഹം ആരാധനയായി മാറുകയാണു്.

വെറും പത്തു രൂപയുടെ വിലയുള്ള തുണിയാണെന്നു പറഞ്ഞു് ഒരു കൊടിയിൽ നമ്മൾ തുപ്പുമോ? തുപ്പിയാൽ നമ്മളെ കൊല്ലാൻപോലും ചിലർ മടിക്കില്ല. കാരണം അവർ അതിൽ ഒരു ആദർശത്തെ കാണുന്നു. അവിടെ അവരിലെ സ്നേഹം ആരാധനയായി മാറിയതാണു്. അതു സ്വാഭാവികമായി വരും. സ്നേഹിക്കുന്ന വ്യക്തി നമുക്കൊരു വസ്തു തന്നാൽ അതു നമ്മൾ സൂക്ഷിച്ചുവയ്ക്കും. അതിൽ ആരെങ്കിലും ചവിട്ടിയാൽ നമുക്കു ദ്വേഷ്യം വരും. അതുപോലെ എല്ലാത്തിനെയും സ്നേഹിക്കുക എന്നുള്ളതാണു സനാതനധർമ്മം നമ്മെ പഠിപ്പിക്കുന്നതു്. അതിനാലാണു മലയെയും നദിയെയും പക്ഷികളെയും മൃഗങ്ങളെയുമൊക്കെ പൂജിച്ചതു്.

ഇതിനെയൊക്കെ ആരാധിച്ചവനെ പ്രാകൃതൻ, വിഡ്ഢി, എന്നു ചിലർ വിളിക്കും. പക്ഷേ, ഇന്നു മൃഗങ്ങളെയും വൃക്ഷങ്ങളെയും പ്രകൃതിയെയും സംരക്ഷിക്കുന്നതു് ഒരു പരിഷ്കാരമായി. സനാതനധർമ്മം പറഞ്ഞിട്ടുള്ളതു്, എല്ലാറ്റിനെയും ഈശ്വരനായി കണ്ടു സ്നേഹിക്കുക, സേവിക്കുക എന്ന തത്ത്വമാണു്.

ഏതുരീതിയിലുള്ള ഭക്തിയാണു നാം വളർത്തിയെടുക്കേണ്ടതു്?

ഒരു ദിവസം കൃഷ്ണൻ ഒരു ഗോപാലന്റെ വേഷം കെട്ടി. തലയിൽനിന്നു കിരീടമൊക്കെ മാറ്റി, ഒരു തോർത്തുമുണ്ടുടുത്തു്, ഭസ്മക്കുറിയിട്ടു വൃന്ദാവനത്തിലേക്കു് ഓടാൻ തുടങ്ങി. ഓരോ ഗോപികയോടും ഇങ്ങനെ ചെന്നു പറ

ഞ്ഞു, "ഗോപികളേ നിങ്ങളെ കൃഷ്ണൻ വിളിക്കുന്നു. ആദ്യം ചെല്ലുന്നതാരോ അവരുമായിട്ടേ ഭഗവാൻ നൃത്തം ചെയ്യൂ എന്നാണു പറഞ്ഞതു്." എവിടെയാണു കൃഷ്ണനെന്നു ഗോപികൾ ചോദിച്ചില്ല. ഗോപാലൻ പറഞ്ഞതുമില്ല.

കേട്ട പാതി കേൾക്കാത്ത പാതി, ഗോപികൾ യമുനയെ ലക്ഷ്യമാക്കി ഓടാൻ തുടങ്ങി. ഭർത്താവിനു ചോറു വിളമ്പിക്കൊണ്ടിരുന്ന ഗോപി തവിയോടുകൂടി ഓടി. മുറ്റം തൂത്തുകൊണ്ടിരുന്ന ഗോപികൾ ചൂലും പിടിച്ചുകൊണ്ടു് ഓടി. നെല്ലുകുത്തിക്കൊണ്ടിരുന്ന ഗോപി ഓടുമ്പോഴും കൈയിൽ ഉലക്കയുണ്ടു്. ഒരു കണ്ണെഴുതിക്കഴിഞ്ഞ ഗോപി അങ്ങനെ ഓടി. കുളിച്ചുകൊണ്ടു നിന്നവർ വസ്ത്രം മാറാൻ നില്ക്കാതെ ഓടി. അങ്ങനെ ഓരോരുത്തരും കേട്ട മാത്രയിൽ ഓടുകയാണു്. ഗോപാല വേഷം കെട്ടിയ കൃഷ്ണനിതെല്ലാം കണ്ടു ചിരിച്ചു ചിരിച്ചു പോവുകയും ചെയ്തു.

അങ്ങനെ രാധയുടെ ഗൃഹത്തിൽ ചെന്നു രാധയോടും കാര്യം പറഞ്ഞു. അപ്പോൾ രാധ പറഞ്ഞു, "നീ ഓടിയോടി വളരെ ക്ഷീണിച്ചിരിക്കുന്നല്ലോ. അകത്തു കയറി ഇരിക്കൂ." "ഇല്ല, ചേച്ചീ എളുപ്പം പോകണം. ആദ്യം ചെല്ലുന്നവരുമായിട്ടാണു കൃഷ്ണൻ നൃത്തം ചെയ്യുന്നതു്." "ഇല്ലില്ല, നീ ഓടിത്തളർന്നു വന്നതല്ലേ, അല്പം പാൽ കുടിച്ചിട്ടു പോകൂ." ഇതുകേട്ടു കൃഷ്ണൻ ഞൊണ്ടിഞൊണ്ടി വരാന്തയിലേക്കു കയറി. "എന്താണു നീ ഞൊണ്ടുന്നതു്?" "ഓടിയപ്പോൾ കാലിൽ ഒരു മുള്ളു കൊണ്ടതാണു്." "നീ കേറിയിരിക്കു്. ഞാനാ മുള്ളെടുത്തു തരാം." "വേണ്ട ചേച്ചീ, എന്റെ മുള്ളെടുത്തുകൊണ്ടിരുന്നാൽ ചേച്ചിക്കു കൃഷ്ണനുമായി നൃത്തം ചെയ്യാൻ പറ്റില്ല. വേഗം പോണം." "നിന്റെ കാലിലെ മുള്ളെടുക്കാതെ ഞാൻ പോ

യാൽ ഭഗവാനുമായി നൃത്തം ചെയ്യുമ്പോഴും ഈ മുള്ളായിരിക്കും എന്റെ ഹൃദയത്തിൽ കൊണ്ടുകേറുന്നതു്. ഭഗവാനോടൊത്തു നൃത്തം ചെയ്യാൻ പറ്റിയില്ലെങ്കിലും എനിക്കതു ദൂരെനിന്നെങ്കിലും കണ്ടുകൊണ്ടിരിക്കാമല്ലോ. അതുകൊണ്ടു നീ കേറിയിരിക്കു്" എന്നുപറഞ്ഞു് ആ കാലെടുത്തു തന്റെ മടിയിൽ വച്ചു രാധ മുള്ളെടുക്കാൻ കുനിഞ്ഞപ്പോൾ ഗോപാലവേഷം കെട്ടിയ കൃഷ്ണൻ ഒളിപ്പിച്ചുവച്ച ഓടക്കുഴലെടുത്തു ചുണ്ടോടു ചേർത്തു. ആ നാദം കേട്ടു രാധയുടെ കണ്ണിൽനിന്നു ധാരധാരയായി കണ്ണീരൊഴുകി ഭഗവാന്റെ പാദത്തിൽ വീണു. ആരുമായിട്ടാണു ഭഗവാൻ നൃത്തം വച്ചതു്? രാധയോടൊപ്പം.

നമ്മുടെ കർത്തവ്യങ്ങൾ വിട്ടോടുന്നതല്ല ഭക്തി. മുന്നിൽ നില്ക്കുന്നവരോടു സ്നേഹത്തോടെ സാന്ത്വനമോരാതെ ഓടുന്നതു ഭക്തിയാകുന്നില്ല. അതുകൊണ്ടാണു്, 'അർജ്ജുനാ, ത്രിലോകത്തിലും എനിക്കൊന്നും നേടാനില്ല, എങ്കിലും ഞാനിതാ കർമ്മം ചെയ്യുന്നു' എന്നു ഭഗവാൻ പറഞ്ഞതു്. മനഃസ്ഥിതി മാറ്റിയാൽ പരിസ്ഥിതിയും മാറുമെന്നാണു കൃഷ്ണൻ കാണിച്ചു കൊടുത്തതു്.

ബന്ധമില്ലാതെ, വെള്ളത്തിലെ വെണ്ണപോലെ, കർമ്മം ചെയ്യുന്ന ഒരു ഭാവമാണു നമ്മൾ ഉണർത്തിയെടുക്കേണ്ടതു്. അവിടുന്നു നമ്മെക്കൊണ്ടു ചെയ്യിക്കുന്നു. അതു നമ്മെ ബന്ധിക്കില്ല. നമുക്കു് ഒരു പൈപ്പുപോലെ ആകാം. ഈ ഒരു മനോഭാവമാണു ശരിയായ ഭക്തി. മറ്റുള്ളവരോടു കാരുണ്യം കാണിക്കാത്ത പ്രാർത്ഥന കഴുകാത്ത പാത്രത്തിൽ പാലൊഴിക്കുന്നതുപോലെയാണു്.

അതിനു നിഷ്കാമഭക്തിയാണു നമ്മൾ വളർത്തിയെടുക്കേണ്ടതു്. അടിസ്ഥാനമായി വേണ്ടതു സ്നേഹമാണു്.

ആ സ്നേഹം എവിടെനിന്നു തുടങ്ങണം? വീട്ടിൽനിന്നുതന്നെ വേണം. ഭാര്യ ഭർത്താവിന്റെ സ്നേഹം കൊതിക്കുന്നു. ഭർത്താവാകട്ടെ ഭാര്യയുടെ സ്നേഹം കിട്ടാനാഗ്രഹിക്കുന്നു. രണ്ടു യാചകർ ഒന്നിച്ചുകൂടിയിരിക്കുകയാണു്. രണ്ടുപേരും ജ്ഞാനികളല്ല, പരസ്പരം അറിയുവാനും കഴിയുന്നില്ല. എന്നാൽ, സ്നേഹം പ്രകടിപ്പിക്കുകയുമില്ല. കല്ലിനുള്ളിലെ തേൻകൊണ്ടു് ആർക്കാണു പ്രയോജനം? അതുകൊണ്ടു സ്നേഹം പ്രകടിപ്പിക്കുകതന്നെ ചെയ്യണം.

അതുപോലെ കുഞ്ഞുങ്ങളോടായാലും സ്നേഹം പങ്കുവയ്ക്കണം. നമ്മൾ അവർക്കു കാറും ബൈക്കും മറ്റും വാങ്ങിച്ചു കൊടുക്കും. ഉയർന്ന വിദ്യാഭ്യാസത്തിനുള്ള അവസരം നല്കും. എന്നാൽ ഇതൊക്കെ കൊടുത്താലും ഈ മൂല്യങ്ങളും സ്നേഹവും കൊടുത്തില്ലെങ്കിൽ അവർക്കു സ്നേഹം എടുക്കാനോ കൊടുക്കാനോ ഉള്ള ശക്തിയില്ലാതെ പോകും. കാർ സ്റ്റാർട്ടാക്കാൻ പെട്രോൾ മാത്രം പോരാ, ബാറ്ററിയും വേണം. അതുപോലെ നമ്മൾ ബാല്യത്തിൽ കൊടുക്കുന്ന മൂല്യങ്ങളാണു് അവരുടെ ജീവിതത്തിന്റെ ഉറപ്പു്.

വിദേശരാജ്യങ്ങളിൽ കൂടുതൽ മാനസികരോഗികളെ കാണാം. അവർക്കു് എല്ലാ സമ്പത്തുമുണ്ടു്. പക്ഷേ, ഭൗതികതയിൽ മാത്രം ജീവിക്കുന്നതുകൊണ്ടു് അവരുടെ മൂല്യങ്ങൾ കുറഞ്ഞിരിക്കുന്നു. എങ്കിലും ഇന്നവർ മൂല്യങ്ങളും തത്ത്വങ്ങളും മനസ്സിലാക്കി വരുന്നുണ്ടു്. എന്നാലിപ്പോൾ നമ്മളെങ്ങോട്ടാണു തിരിയുന്നതു്? ഒന്നും വേണ്ടെന്നല്ല. അമ്മ പറയുന്നതു്, മക്കൾ തത്ത്വം മനസ്സിലാക്കി മുന്നോട്ടുപോവുക. തീർച്ചയായിട്ടും നമുക്കു വിജയിക്കാൻ സാധിക്കും.

"അമ്മേ, കല്യാണം കഴിച്ചാലല്ലേ പൂർണ്ണരാവുകയുള്ളൂ? അപ്പോൾ ഇവിടുത്തെ ബ്രഹ്മചാരികളും ബ്രഹ്മചാരിണികളും എങ്ങനെയാ?" എന്നു പണ്ടൊക്കെ എന്നോടു പലരും ചോദിക്കാറുണ്ടു്. ശരിയാണു്; പണ്ടു് ഗുരുക്കന്മാർ ഗൃഹസ്ഥാശ്രമികൾതന്നെയായിരുന്നു. പക്ഷേ, തത്ത്വമറിഞ്ഞാണവർ പോയിരുന്നതു്. അതിനാൽ അന്നൊക്കെ അവർ പൂർണ്ണതയിലേക്കാണു പൊയ്ക്കൊണ്ടിരുന്നതു്. പക്ഷേ, ഇന്നു് എത്ര പേർ ആ തത്ത്വമറിഞ്ഞു നീങ്ങുന്നു? ഇന്നു പൂർണ്ണതയിലേക്കുള്ള യാത്ര എതിർദിശയിലേക്കാണു്. ഇതു പറയുമ്പോൾ ഒരു കഥ ഓർക്കുകയാണു്...

ഒരു കാട്ടിൽ സിംഹത്തിന്റെ കല്യാണം നടക്കുകയാണു്. കുറെ സിംഹങ്ങൾ കൂടിയിട്ടുണ്ടു്. ഒരു ഗ്രൂപ്പു പാട്ടുപാടുന്നു, വേറൊരു കൂട്ടം ഊത്തു് ഊതുന്നു, കുറെപ്പേർ നൃത്തം ചെയ്യുന്നു. ആ കൂട്ടത്തിൽ ഒരു എലിയും നൃത്തം ചെയ്യുന്നുണ്ടു്. അപ്പോഴൊരു സിംഹം ചോദിച്ചു, "നീ എലിയല്ലേ. നീയെന്തി നിവിടെ വന്നു നൃത്തം ചെയ്യുന്നു?" എലി പറഞ്ഞു, "എന്റെ അനിയന്റെ കല്യാണമാണിന്നിവിടെ നടക്കുന്നതു്. അതുകൊണ്ടാണു ഞാൻ നൃത്തം ചെയ്യുന്നതു്." "ഏയ്! ഞങ്ങൾ സിംഹങ്ങളാണു്. നീ എലിയാണു്. പിന്നെങ്ങനെ നിന്റെ അനിയനാകും ഈ സിംഹം?" "ഞാനുമൊരിക്കൽ അവനെപ്പോലെ സിംഹമായിരുന്നു. പിന്നെ എലിയായതു്, കല്യാണം കഴിച്ചപ്പോഴാണു്."

ആദ്ധ്യാത്മികവും ഭൗതികവും രണ്ടല്ല. തിരയിൽ നീന്തിപഠിച്ചവൻ സമുദ്രത്തിലെ തിര ആസ്വദിക്കുകയാണു്. അല്ലാത്തവർ തളരുന്നു. ഭൗതികതയിലെങ്ങനെ തളരാതെ മുന്നോട്ടു പോകണമെന്നാണു് ആദ്ധ്യാത്മികത പഠിപ്പിക്കുന്നതു്.

ഒരു മെഷീൻ വാങ്ങിയാൽ അതിന്റെ ബുക്കിൽ എങ്ങനെ അതു പ്രവർത്തിപ്പിക്കണമെന്നു പറയുന്നതുപോലെയാണു് ആദ്ധ്യാത്മികത. നമ്മുടെ ജീവിതം എങ്ങനെ കൊണ്ടുപോകണം എന്നുള്ള തത്ത്വം നമ്മൾ മനസ്സിലാക്കിയിരിക്കണം.

നമ്മുടെ രണ്ടു ചുണ്ടുകളും ചേരുമ്പോൾ പുറത്തുവരുന്ന ശബ്ദം ഒന്നാണു്. കണ്ണു രണ്ടുണ്ടെങ്കിലും കാഴ്ച ഒന്നാണു്. രണ്ടു വിളക്കുണ്ടായാലും അവയുടെ പ്രകാശം ഒന്നാണു്. അതുപോലെ ഭാര്യയും ഭർത്താവും രണ്ടു ശരീരമാണെങ്കിലും ഒരാത്മാവിന്റെ ഭിന്നമുഖങ്ങളാണു്. ശിവനും ശക്തിയും പുരാണത്തിൽ രണ്ടാണെങ്കിലും ശാസ്ത്രദൃഷ്ടിയിൽ ഒന്നാണു്. ഹൃദയത്തിന്റെ ചേർച്ചയാണു കുടുംബത്തിന്റെ സൗന്ദര്യവും ഭദ്രതയും. കല്യാണം കഴിക്കുന്നതു കുറവുകൾ പരിഹരിക്കാനാണു്, അല്ലാതെ പരസ്പരം മത്സരിച്ചു ഭരിക്കാനല്ല. ഈ ഒരു ഭാവത്തെയാണു നമ്മൾ വളർത്തിയെടുക്കേണ്ടതു്.

പല മക്കളും ചോദിക്കും ഈ ലൗകികപ്പാട്ടും ഈശ്വരപ്രാർത്ഥനയും തമ്മിലുള്ള വ്യത്യാസമെന്തെന്നു്. അകവും പുറവും മലിനമായിരിക്കുന്ന ഈ ലോകത്തു നാമസങ്കീർത്തനം ഈശ്വരനെ സാക്ഷാത്കരിക്കാനുള്ള ഉപാധിയിലൊന്നാണു്. വികാരം കൊള്ളുന്ന പാട്ടുപാടുമ്പോൾ, കേൾക്കുന്ന അന്തരീക്ഷത്തിലും നമ്മുടെ മനസ്സിലും അത്തരത്തിലുള്ള തരംഗത്തെ സൃഷ്ടിക്കുന്നു. ആ ലോകത്തിൽ സഞ്ചരിക്കുന്ന മനസ്സിന്റെ വിവേകം നഷ്ടപ്പെട്ടു മറ്റുള്ളവരെ പീഡിപ്പിക്കുന്നു. അതൊരു കല്ലരിമുറിയിൽ പോകുന്നതുപോലെയാണു്. ഈശ്വരപ്രാർത്ഥന ചൊല്ലുമ്പോൾ നമ്മിൽ നല്ല തരംഗങ്ങളുണരുന്നു. നമ്മുടെ ശരീ

രത്തിലെ സെല്ലുകളെ അവ ശുദ്ധീകരിക്കുന്നു. കേൾക്കുന്നവർക്കു ശ്രദ്ധയുണ്ടെങ്കിൽ അവരുടെ ഹൃദയം ആർദ്രമാകുന്നു. അതൊരു പെർഫ്യൂംഫാക്ടറിയിൽ പോകുന്നതുപോലെയാണു്. കടലിലെ ഉപ്പുവെള്ളം നീരാവിയായി ഉയർന്നു മഞ്ഞായി, മഴയായി വരുന്നതുപോലെ ഈശ്വരപ്രാർത്ഥന അകവും പുറവും നമുക്കു ശക്തി തരുന്നുണ്ടു്. അതിലൂടെ അകവും പുറവും; ജീവിതംതന്നെയും ഒരു സംഗീതമായി മാറുകയാണു്.

ഓരോ ഭാവത്തിനും അതിന്റെതായ തരംഗങ്ങളുണ്ടാവും. അതനുസരിച്ചുള്ള ഫലങ്ങളും ഉണ്ടാകും. ചിരിക്കുമ്പോഴുള്ള തരംഗമല്ല കോപിക്കുമ്പോൾ. ദ്വേഷ്യം രണ്ടുവശവും മൂർച്ചയുള്ള പിടിയില്ലാത്ത കത്തിപോലെ ലക്ഷ്യമാക്കുന്നവനും പിടിക്കുന്നവനും അപകടമുണ്ടാക്കും. അങ്ങനെയുള്ള സ്വഭാവങ്ങളെയാണു നമ്മൾ വ്യത്തിയിലേക്കു കൊണ്ടുവരേണ്ടതു്. ഒരമ്മ കുഞ്ഞിനോടു കാണിക്കുന്ന വാത്സല്യത്തിന്റെ തരംഗമല്ല, കാമത്തിനുള്ളതു്. സ്നേഹത്തിന്റെ തരംഗം വ്യത്യാസമുള്ളതായിരിക്കും.

മക്കളുടെ ഓരോ വാക്കിലും നോട്ടത്തിലും പ്രവൃത്തിയിലും ആ പ്രേമം നിറയട്ടെ. മക്കൾ ലോകത്തിന്റെ പ്രകാശദീപമായിത്തീരട്ടെ. കൃപ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

'ഓം നമഃശിവായ!'

പുതുവർഷമെന്നു കേൾക്കുമ്പോൾത്തന്നെ നമ്മുടെയുള്ളിൽ ഒരു പുതിയ ഉണർവ്വും ഉത്സാഹവും പ്രതീക്ഷയും നിറയാറുണ്ടു്. വർഷത്തിനു മഴയെന്നും അർത്ഥമുണ്ടല്ലോ. ഒരു പുതുമഴയുടെ കുളിർമ്മയും ഉന്മേഷവും പേറിക്കൊണ്ടാണു നവവത്സരം വന്നണയുന്നതു്. വളരു

ന്നവർക്കു് അതു പ്രതീക്ഷകളുടെ പൂക്കൾ സമ്മാനിക്കുന്നു, വളർന്നവർക്കു പുതിയ ഉത്തരവാദിത്വങ്ങളുടെ കനികളും. മനുഷ്യൻ എന്നും നല്ല നാളെയെക്കുറിച്ചു സ്വപ്നങ്ങൾ നെയ്യുന്നവനാണു്. ദുഃഖങ്ങളുടെ നടുവിലും ജീവിതത്തിനു നിറവും മണവും പകരുന്നതു് ആ സ്വപ്നങ്ങളാണു്. ആ ശുഭപ്രതീക്ഷ, ശുഭാപ്തിവിശ്വാസം നാം ഒരിക്കലും കൈവെടിയരുതു്.

പുതുവർഷപ്പിറവി പുതിയ തുടക്കങ്ങൾക്കുള്ള അവസരമാണു്. ദുഃഖസ്മൃതികളിൽനിന്നു മോചനം നേടി പുതിയൊരു കാൽവെയ്പിനുള്ള മുഹൂർത്തമാണതു്. കഴിഞ്ഞ കാലത്തിൽനിന്നു പാഠങ്ങൾ പഠിക്കാൻ, അവയുടെ വെളിച്ചത്തിൽ നമ്മുടെ ജീവിതത്തിൽ, ജീവിതരീതിയിൽ മാറ്റങ്ങൾ വരുത്താൻ നാം തയ്യാറാകണം. ജീവിതം ഒരു പൂന്തോപ്പുപോലെയാണു്. ഇലകൾ കരിയുന്നതും പൂക്കൾ വാടിക്കൊഴിയുന്നതും അവിടെ സ്വാഭാവികമാണു്. പഴമയുടെ ആ ജീർണ്ണതകളെ അപ്പോഴപ്പോൾ മാറ്റിയാൽ മാത്രമേ പുതിയ പൂക്കളും തളിരുകളും കൊണ്ടു കമനീയമായ ആ പൂന്തോപ്പിന്റെ സൗന്ദര്യം പൂർണ്ണമായി ആസ്വദിക്കാൻ നമുക്കു കഴിയുകയുള്ളൂ. അതിനാൽ കഴിഞ്ഞകാലം മനസ്സിലുണ്ടാക്കിയ കാലുഷ്യങ്ങളെ നമുക്കു് അടർത്തിക്കളയാം. മറവിയിലെ ഓർമ്മയാണു ജീവിതം. ക്ഷമിക്കേണ്ടതു നമുക്കു ക്ഷമിക്കാം. മറക്കേണ്ടതു മറക്കാം. പുതിയൊരു ഉണർവ്വോടെ ജീവിതത്തെ പുല്കാം.

വാസ്തവത്തിൽ പുതുവർഷം മാത്രമല്ല, നമ്മുടെ ജീവിതത്തിലെ ഓരോ ദിവസവും ഓരോ നിമിഷവും പുതുമയുള്ളതാകണം. പുതുതായി വിരിഞ്ഞ ഒരു പനിനീർപ്പൂവിനെ എന്നപോലെ ജീവിതത്തിലെ ഓരോ നിമിഷത്തെയും പു

തിയ ഉണർവ്വോടെ, പുതിയ പ്രതീക്ഷയോടെ സമീപിക്കാൻ നമുക്കു കഴിയണം.

കാലത്തിന്റെ ഒഴുക്കിനെക്കുറിച്ചു പുതുവർഷം നമ്മെ ഓർമ്മിപ്പിക്കുന്നു. നഷ്ടപ്പെട്ട മറ്റെന്തും തിരിച്ചുകിട്ടിയേക്കാം. എന്നാൽ പോയകാലം ഒരിക്കലും തിരിച്ചുവരുകയില്ല. അതിനാൽ മതിമറന്നു് ആഹ്ലാദിക്കാൻ മാത്രമുള്ളതല്ല പുതുവർഷപ്പിറവി. വിവേകത്തെ ഉണർത്താനുള്ള അവസരം കൂടിയാണതു്. ഉല്ലാസത്തോടൊപ്പം സംസ്കാരവും ഒത്തുചേർന്നാലേ ലോകത്തിൽ ശാന്തിയും ആനന്ദവും നിലനില്ക്കൂ. ഓരോ നിമിഷവും ജാഗ്രതയോടെ വിവേകത്തോടെ മക്കൾ ജീവിക്കണം. ജീവിതമെന്നതു് എടുക്കലും കൊടുക്കലുമാണു്. കുറച്ചു് എടുക്കാനും കൂടുതൽ കൊടുക്കാനും നാം തയ്യാറായാൽ കർമ്മം കൊണ്ടുതന്നെ കർമ്മപാശത്തെ അഴിക്കാൻ നമുക്കു കഴിയും.

സ്നേഹമാണു ജീവിതത്തിന്റെ ഏറ്റവും വലിയ മൂലധനം. അതാണു ജീവിതത്തെ എന്നും പുതുമയുള്ളതാക്കിത്തീർക്കുന്നതു്. സ്നേഹത്തിലും ഐക്യത്തിലും സാഹോദര്യത്തിലുമാണു ജീവിതത്തിന്റെ ധന്യതയെന്നതു പുതുവത്സരപ്പിറവിയുടെ ഈ നിമിഷത്തിൽ, പോരാ! ഈ വർഷം മുഴുവൻ അനുനിമിഷം മക്കൾ ഓർക്കണം.

പുതുവർഷം വന്നണയുമ്പോൾ നമ്മുടെ മനസ്സാകുന്ന പൂന്തോപ്പിൽ ആയിരം പൂക്കൾ ഒന്നിച്ചുവിരിയുന്നു, ആയിരം വർണ്ണങ്ങൾ പൊട്ടിവിടരുന്നു. പുതിയ പ്രതീക്ഷകളും പുതിയ സങ്കല്പങ്ങളും മനസ്സിൽ നിറയുന്നു. പുതുമ എന്നും നമുക്കു് ആകർഷകമാണു്. എന്നാൽ യഥാർത്ഥത്തിൽ ആ പുതുമ നമ്മുടെ ഉള്ളിലാണു്. ഒരു കുട്ടി

എത്ര ആനന്ദത്തോടെ ലോകത്തെ നോക്കിക്കാണുന്നു! എല്ലാറ്റിലും അവനു പുതുമയാണു്. കാരണം അവന്റെ ഉള്ളിൽ പുതുമയുണ്ടു്, പ്രേമമുണ്ടു്. അതിനാൽത്തന്നെ സൗന്ദര്യവുമുണ്ടു്. അതുകൊണ്ടു് അവൻ ചുറ്റും പുതുമ കാണുന്നു. ലോകത്തിലെ ഓരോ വസ്തുവും സുന്ദരവും ആനന്ദദായകവുമായി അവനു തോന്നുന്നു. ഈയൊരു ഭാവം, മനസ്സിലെ പുതുമ, ലോകത്തോടുള്ള പ്രേമഭാവം നമ്മുടെയുള്ളിൽ സൂക്ഷിക്കുവാൻ നമുക്കു കഴിഞ്ഞാൽ ഒരു ദിവസം മാത്രമല്ല, എന്നും നമുക്കു പുതുമ നിറഞ്ഞ പുതുവത്സരമായിരിക്കും.

പുതുവർഷത്തെ വരവേല്ക്കുമ്പോൾ ഇത്തവണ വലിയ ഒരു ദുഃഖവും നമ്മുടെ മനസ്സിൽ നിറയുന്നു. ഇറാനിലെ പ്രകൃതി ദുരന്തത്തിൽ പതിനായിരങ്ങൾക്കു ജീവൻ നഷ്ടപ്പെട്ടു. ലോകത്തിന്റെ നാനാഭാഗത്തുമുള്ളവർ തങ്ങളുടെ സഹായം ആ രാജ്യത്തിനു നല്കുവാൻ തയ്യാറായി. 'മരണത്തിൽ വൈരത്തിനു സ്ഥാനമില്ല' എന്നാണു പഴമൊഴി. ജീവിതത്തിൽ വലിയ ഒരു ആപത്തു വരുമ്പോൾ 'ആരെങ്കിലും ഒന്നു രക്ഷിക്കണേ' എന്നു മാത്രമേ നാം ചിന്തിക്കാറുള്ളൂ. ശത്രുതകൾ അവിടെ മറക്കുന്നു. ജാതിയുടെയും മതത്തിന്റെയും വ്യത്യാസങ്ങൾ മറക്കുന്നു. എന്നാൽ ഇന്നു പലപ്പോഴും മരണത്തിന്റെ മുന്നിൽപ്പോലും വൈരം മറക്കാൻ നമുക്കു സാധിക്കുന്നില്ല. ഇതു വളരെ വേദനാജനകമാണു്. മനുഷ്യൻ എല്ലാ മതങ്ങളെക്കാളും എല്ലാ തത്ത്വശാസ്ത്രങ്ങളെക്കാളും വലുതാണു്. മതവും തത്ത്വശാസ്ത്രവും രാഷ്ട്രീയവുമെല്ലാം മനുഷ്യനുവേണ്ടിയാണു്. അല്ലാതെ മനുഷ്യൻ അവയ്ക്കുവേണ്ടിയാവരുതു്. സ്നേഹമാണു് എല്ലാ മതങ്ങളുടെയും സാരം. സ്നേഹമാകുന്ന നൂലിൽ കോർത്ത മണികളാണു നാമെല്ലാം. ആ ഭാവം ഉൾക്കൊ

ണ്ടു മരിച്ചവരുടെ ആത്മശാന്തിക്കുവേണ്ടിയും വേദന അനുഭവിക്കുന്നവർക്കു് ആശ്വാസത്തിനുവേണ്ടിയും നമുക്കു പ്രാർത്ഥിക്കാം. ഇതുപോലുള്ള ദുരന്തങ്ങൾ ആർക്കും സംഭവിക്കരുതേ എന്നും നമുക്കു പരമാത്മാവിനോടു പ്രാർത്ഥിക്കാം.

മധുരിക്കുന്ന കുറെ ഓർമ്മകളും കയ്പേറിയ കുറെ ഓർമ്മകളും തന്നിട്ടായിരിക്കുമല്ലോ പോയ വർഷം കടന്നുപോയതു്– സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും സന്തോഷത്തിന്റെയും അനുഭവങ്ങൾ. പുതിയ വർഷത്തിലും ആ ഓർമ്മകൾ നമ്മുടെയുള്ളിൽ നാം ഉണർത്തുകയും അതിൽനിന്നു പ്രചോദനം നേടുകയും വേണം. എന്നാൽ പരാജയത്തിന്റെയും വിദ്വേഷത്തിന്റെയും അനുഭവങ്ങൾ നമ്മൾ മറക്കുകയും പൊറുക്കുകയും ചെയ്തു മുന്നോട്ടുപോകണം. മറവിയിലെ ഓർമ്മയാണു ജീവിതം. കഴിഞ്ഞകാലത്തെക്കുറിച്ചുള്ള മറവിയാണു കൂടുതൽ ഉത്സാഹത്തോടെ ജീവിതത്തെ ഉൾക്കൊള്ളുവാൻ നമ്മെ സഹായിക്കുന്നതു്. ജീവിതം ഒരു പൂന്തോട്ടമാണു്. ഇലകൾ കരിയുന്നതും ചില്ലകൾ ഉണങ്ങുന്നതും അവിടെ സ്വാഭാവികമാണു്. ഭൂതകാലത്തിൽ കൊഴിഞ്ഞ കരിയിലകൾ ഉണങ്ങിപ്പൊടിഞ്ഞു പുതിയ നാമ്പുകളുടെ തളിരുകളും വളരാനുള്ള വളമായിത്തീരുന്നു. ഇതുപോലെ കഴിഞ്ഞകാല തെറ്റുകളും ദുഃഖാനുഭവങ്ങളും നമ്മുടെ വളർച്ചയ്ക്കുള്ള വളമാക്കി മാറ്റുവാൻ നമുക്കു കഴിയണം. അപ്പോൾ ഉത്സാഹത്തോടെയും ഉന്മേഷത്തോടെയും ജീവിതത്തെ പുല്കുവാനും ജീവിതം സന്തോഷപൂർണ്ണമാക്കുവാനും നമുക്കു കഴിയും.

മനസ്സിലെ തിന്മകളുടെ കളകൾ പറിച്ചു നന്മയുടെ

പുതിയ വിത്തുകൾ പാകാനുള്ള അവസരമാണു പുതുവത്സരം. മറക്കേണ്ടതു മറന്നു്, പൊറുക്കേണ്ടതു പൊറുത്തു പുതിയ ഒരു സ്നേഹവായ്പോടെ ജീവിതത്തെയും ലോകത്തെയും നമുക്കു് ആശ്ലേഷിക്കാം. നമ്മുടെ സ്വാർത്ഥതയിൽ സന്തോഷം കണ്ടെത്തുന്നതിനു പകരം മറ്റുള്ളവരുടെ ക്ഷേമത്തിൽ സന്തോഷം കണ്ടെത്തുവാൻ കഴിഞ്ഞാൽ ജീവിതം ധന്യമായി. നമ്മുടെ ദുഃശീലങ്ങൾക്കും ആഡംബരങ്ങൾക്കും വേണ്ടി എത്രയോ പണം നാം പാഴാക്കുന്നു, ആരോഗ്യം നഷ്ടപ്പെടുത്തന്നു. ആ സ്വാർത്ഥത വെടിഞ്ഞു് ഒരു നേരത്തെ ആഹാരത്തിനു വകയില്ലാത്തവർക്കും കഷ്ടപ്പെടുന്നവർക്കുംവേണ്ടി ആ പണം ചെലവഴിക്കുവാൻ നാം തയ്യാറായാൽ അതു നമ്മുടെയും അവരുടെയും ജീവിതത്തിൽ പ്രകാശം പരത്തും. അത്തരം ഒരു മാറ്റം നമ്മുടെ ജീവിതത്തിൽ വരുത്തുവാൻ കഴിഞ്ഞാൽ പുതുവത്സരം മുഴുവൻ നമുക്കു പുതുമ നിറഞ്ഞതാകും. അപ്പോഴാണു ജീവിതം അർത്ഥപൂർണ്ണമാകുന്നതു്.

സ്വാർത്ഥതയുടെയും വിദ്വേഷത്തിന്റെയും മഞ്ഞുകാലത്തെ ഉപേക്ഷിച്ചു സ്നേഹത്തിന്റെയും ശാന്തിയുടെയും ഐക്യത്തിന്റെയും പുതിയ ഒരു വസന്തത്തെ നമ്മുടെ ഉള്ളിൽ നമുക്കു് ഉണർത്താം. കുറെക്കൂടി വിജ്ഞാനവും വിവേകവും ആർജ്ജിച്ച, കുറെക്കൂടി ആരോഗ്യപൂർണ്ണവും സമാധാനപൂർണ്ണവും ഐശ്വര്യപൂർണ്ണവുമായ ഒരു പുതിയ കേരളം, ഒരു പുതിയ ഭാരതം, ഒരു പുതിയ ലോകം ഈ പുതുവർഷത്തിൽ നമുക്കു സാക്ഷാത്കരിക്കാം.

ഹൃദയങ്ങളിൽ ദുഃഖഭാരവുമായി പുതുവത്സരത്തെ നാം സ്വാഗതം ചെയ്യുന്ന നിമിഷമാണല്ലോ ഇതു്. ഈ

നിമിഷത്തിൽ ആഹ്ലാദിക്കാൻ നമുക്കു കഴിയുന്നില്ല. അതിനുള്ള അവസരവുമല്ലിതു്. നമ്മിലുള്ള സ്നേഹത്തെയും കാരുണ്യത്തെയും ഉണർത്താനുള്ള നിമിഷമാണിതു്. മനസ്സുകൊണ്ടു പ്രാർത്ഥിക്കാനും കൈകൾകൊണ്ടു പ്രവർത്തിക്കാനുമുള്ള സമയമാണിതു്. പൊലിഞ്ഞുപോയ ജീവിതങ്ങളെ തിരിച്ചെടുക്കാൻ നമുക്കു് ഒരിക്കലും കഴിയില്ല. എങ്കിലും ജീവിച്ചിരിക്കുന്ന ദുഃഖിതർക്കു സാന്ത്വനവും ആശ്വാസവും പകരുന്നതിൽ നമ്മുടെതായ പങ്കു നിർവ്വഹിക്കാൻ നമുക്കു് ഓരോരുത്തർക്കും കഴിയും. ദുരന്തംകൊണ്ടു് ഇരുൾമൂടിയ ജീവിതങ്ങളിൽ സാന്ത്വനത്തിന്റെയും സഹായത്തിന്റെയും ദീപങ്ങൾ നമുക്കു കൊളുത്തിവയ്ക്കാം. അതാണു് ഇപ്പോൾ നമ്മുടെ മുമ്പിലുള്ള കർത്തവ്യം.

ജീവിതത്തിന്റെ നഷ്ടങ്ങളെക്കുറിച്ചോർത്തു നാം വിലപിച്ചിരിക്കരുതു്. ജീവിതമാകുന്ന വലിയ മൂലധനം ഇപ്പോഴും നമ്മുടെ മുൻപിലുണ്ടു്. അതുകൊണ്ടു നേടാൻ കഴിയുന്ന വലിയ ലാഭത്തെക്കുറിച്ചു നാം ചിന്തിക്കണം. ദുഃഖങ്ങളുടെ നടുവിലും ജീവിതത്തിനു ചൈതന്യം പകരുന്നതു ശുഭാപ്തിവിശ്വാസമാണു്. ആ ശുഭാപ്തിവിശ്വാസം നാം ഒരിക്കലും കൈ വെടിയരുതു്.

കാലത്തിന്റെ പ്രവാഹത്തെക്കുറിച്ചു് ഓർക്കുന്ന സമയമാണു പുതുവത്സരപ്പിറവി. സമയത്തിന്റെ വിലയെക്കുറിച്ചു നാം ബോധവാന്മാരാകേണ്ട നിമിഷം! ഒരു നിഴൽ പോലെ മൃത്യു നമ്മുടെ ഓരോരുത്തരുടെയും പിറകിലുണ്ടു്. ശരീരമാകുന്ന വാടകവീട്ടിൽനിന്നു് ഏതുനിമിഷവും നാം ഇറങ്ങേണ്ടിവരും. മരണം നമ്മെ കീഴ്പ്പെടുത്തുന്നതിനു മുമ്പു വലിയ കാര്യങ്ങൾ നമുക്കു ചെയ്തുതീർ

ക്കേണ്ടതായിട്ടുണ്ട്. പിന്തിരിഞ്ഞു നോക്കി സ്വയം വിലയിരുത്താനും മുന്നോട്ടു നോക്കി കർമ്മ നിരതരാകാനുമുള്ള അവസരമാണിത്. ഈ ജീവിതയാത്രയ്ക്കു നാം ഇറങ്ങിത്തിരിച്ചത് എന്തിനാണ്? നമ്മുടെ ലക്ഷ്യമെന്താണ്? ശരിയായ വഴിയിലൂടെയാണോ നാം മുന്നോട്ടു പോകുന്നത്? അതോ വഴിതെറ്റിയോ? ആത്മപരിശോധനയ്ക്കും ദൃഢനിശ്ചയങ്ങൾക്കുമുള്ള സമയമായി.

ഒരു കച്ചവടക്കാരൻ ദിവസവും ലാഭനഷ്ടങ്ങളുടെ കണക്ക് എടുക്കുന്നതുപോലെ നമ്മളും ജീവിതത്തിന്റെ ലാഭനഷ്ടങ്ങളെക്കുറിച്ചു കണക്കെടുക്കണം. പോയവർഷം നാം ആദ്ധ്യാത്മികപാതയിൽ എത്രകണ്ടു മുന്നേറി? സമയം അനാവശ്യമായി പാഴാക്കിയോ? നമ്മിലെ ദുർവ്വാസനകളെയും ദുർഗ്ഗുണങ്ങളെയും ജയിക്കാൻ നാം വേണ്ടപോലെ പരിശ്രമിച്ചോ? പ്രേമം, വിശ്വാസം, ശ്രദ്ധ, വൈരാഗ്യം, കാരുണ്യം.... തുടങ്ങിയ ഗുണങ്ങൾ വളർത്താൻ കഴിഞ്ഞോ? ഈ പുതുവത്സരത്തിലെങ്കിലും ലക്ഷ്യബോധത്തോടെ ഓരോ നിമിഷവും ചെലവഴിക്കാൻ നാം ദൃഢനിശ്ചയം ചെയ്യണം.

നമ്മുടെ പാതയിലെ വിഘ്നങ്ങൾ കണ്ടു നാം നിരാശരാകരുത്. ചുറ്റുമുള്ള ഇരുൾകണ്ടു മക്കൾ ഭയക്കരുത്. മക്കളുടെ കൈയിൽ ഒരു ദീപമുണ്ട്. വിശ്വാസമാകുന്ന ദീപം. ഓരോ കാൽവയ്പിലും ആ വെളിച്ചം, ആ കൃപ നമ്മെ നയിച്ചുകൊള്ളും. ചിലപ്പോൾ മുന്നോട്ടുള്ള യാത്രയിൽ നാം വീണുപോയെന്നിരിക്കും. എന്നാൽ വീണുപോയെന്നു കരുതി അവിടെത്തന്നെ കിടക്കരുത്. എഴുന്നേല്ക്കണം. പതറാതെ വീണ്ടും മുന്നോട്ടു നടക്കണം. ഓരോ പരാജയവും നമുക്കു പഠിക്കാനുള്ള പാഠമാണ്. നിരാ

ശനാകാനല്ല; കൂടുതൽ കരുത്താർജ്ജിച്ചു പ്രയത്നം തുടരാനുള്ള സമയമാണു്. പ്രഭാതത്തെ ഗർഭത്തിലേറ്റിയാണു് ഓരോ സന്ധ്യയും വരുന്നതെന്നു നാം ഓർക്കണം. ഇരുൾ ഒരിക്കലും അധികം നീണ്ടുനില്ക്കില്ല. സമയമാകുമ്പോൾ തീർച്ചയായും പ്രഭാതം പൊട്ടിവിടരും.

ഈ യാത്രയിൽ നാം ഒറ്റയ്ക്കല്ല, എന്നു നാം ഒരിക്കലും മറക്കരുതു്. അവിടുന്നു് എപ്പോഴും നമ്മുടെ കൂടെയുണ്ടു്. നമ്മുടെ കൈപിടിക്കാൻ അവിടുത്തെ അനുവദിക്കുക. എവിടെ സമർപ്പണമുണ്ടോ, അവിടെ തീർച്ചയായും കൃപയുണ്ടാവും, വിജയമുണ്ടാവും.

വീണ്ടും പുതുവർഷം വന്നെത്തി. പുതുവർഷപ്പിറവി എന്നതു നമ്മളിലെല്ലാം ഉത്സാഹവും ഉന്മേഷവും പ്രതീക്ഷയും നിറയ്ക്കുന്ന ഒരവസരമാണു്. ശുഭാപ്തിവിശ്വാസമാണല്ലോ ജീവിതത്തെ മുന്നോട്ടു കൊണ്ടുപോകുന്നതു്. ഇക്കഴിഞ്ഞ വർഷം ലോകത്തിനു വളരെയേറെ ദുഃഖങ്ങളും ദുരിതങ്ങളും നല്കിയിട്ടാണു കടന്നുപോയതു്. പ്രകൃതിദുരന്തങ്ങളുണ്ടായി ലക്ഷങ്ങൾ മരിച്ചു. അതിലേറെപ്പേർക്കു ബന്ധുക്കളും വീടും കുടിയുമെല്ലാം നഷ്ടപ്പെട്ടു. ഭീകരാക്രമണങ്ങളിലും യുദ്ധങ്ങളിലും എത്രയോ പേർ മരിച്ചു! വരാൻപോകുന്ന വർഷമെങ്കിലും കുറെക്കൂടി നല്ലതായിരിക്കുമെന്നു നമ്മൾ പ്രതീക്ഷിക്കുന്നു. വെടിയൊച്ചകളുടെയും; കുട്ടികളുടെയും മുതിർന്നവരുടെയും കരച്ചിലിന്റെയും ശബ്ദത്തിനു പകരം പക്ഷികളുടെ കള കൂജനങ്ങളും കുട്ടികളുടെ പൊട്ടിച്ചിരികളും പുതുവർഷത്തിൽ കേൾക്കാൻ കഴിയുമെന്നു നമ്മൾ പ്രതീക്ഷിക്കുന്നു.

എന്നാൽ വെറുതെ പ്രതീക്ഷിച്ചതുകൊണ്ടുമാത്രം

ആയില്ല. അക്കങ്ങൾ മാറിയതുകൊണ്ടു മാറ്റമുണ്ടാകില്ല. മാറ്റം ഉണ്ടാകണമെങ്കിൽ നമ്മുടെ ഭാഗത്തുനിന്നു പ്രയത്നം കൂടി ആവശ്യമാണു്. എന്നാലേ നമ്മളുടെ പ്രതീക്ഷകൾ സഫലമാകൂ. കഴിഞ്ഞതിനെയോർത്തു ദുഃഖിക്കുകയോ അലസന്മാരായിരിക്കുകയോ ചെയ്യാതെ നമ്മളെല്ലാം ഉത്സാഹപൂർവ്വം പ്രയത്നിച്ചു മുന്നോട്ടുപോകുന്ന ഒരു വർഷമാകട്ടെ ഈ പുതുവർഷം. കഴിഞ്ഞകാലത്തെ അനുഭവങ്ങളിൽനിന്നു പാഠങ്ങൾ ഉൾക്കൊള്ളുവാൻ നമുക്കു കഴിയണം. പരാജയങ്ങളെയും വീഴ്ചകളെയും വിജയത്തിലേക്കുള്ള ചവിട്ടുപടികളാക്കി മാറ്റുവാൻ നമ്മൾ വിചാരിച്ചാൽ നമുക്കു കഴിയും.

സാധകരെ സംബന്ധിച്ചിടത്തോളം പുതുവർഷപ്പിറവി യെന്നതു് ഉള്ളിലേക്കു നോക്കുവാനുള്ള ഒരവസരമാണു്. കഴിഞ്ഞ വർഷത്തെ വിലയിരുത്തി നമുക്കു് ആദ്ധ്യാത്മികപാതയിൽ എത്ര മുന്നോട്ടുപോകാൻ കഴിഞ്ഞുവെന്നു പരിശോധിക്കണം. എന്നിട്ടു് ഉറച്ച തീരുമാനങ്ങൾ എടുക്കണം. സാധാരണ നമ്മൾ പുതുവർഷസമയത്തു തീരുമാനങ്ങൾ എടുക്കാറുണ്ടു്, എന്നാൽ കുറച്ചുദിവസത്തേക്കു മാത്രമേ അവ നാം പാലിക്കാറുള്ളൂ. നമ്മുടെ തീരുമാനങ്ങൾ ഉപേക്ഷിക്കുവാൻ നാം എന്തെങ്കിലും ന്യായീകരണം കണ്ടെത്തും. ഒരു പുതുവത്സരാഘോഷസമയത്തു് ഒരു ചെറുപ്പക്കാരൻ തന്റെ സുഹൃത്തിനോടു് ഒരു സിഗറ്റിനുവേണ്ടി ചോദിച്ചു.

സുഹൃത്തു പറഞ്ഞു, "പുതുവർഷത്തിൽ നീ സിഗറ്റു വലി നിർത്തുമെന്നാണല്ലോ പറഞ്ഞതു്."

അപ്പോൾ ചെറുപ്പക്കാരൻ പറഞ്ഞു, "ഞാൻ പുകവലി നിർത്തിക്കൊണ്ടിരിക്കുകയാണു്. അതിന്റെ ഒന്നാംഘട്ട

ത്തിലാണു്."

"എന്താണാവോ ഒന്നാംഘട്ട"മെന്നു സുഹൃത്തു ചോദിച്ചു.

"ഇനി ഞാൻ വിലകൊടുത്തു സിഗറ്റു വാങ്ങില്ല. സുഹൃത്തുക്കളുടെ കൈയിൽനിന്നു കിട്ടുന്നതേ വാങ്ങിക്കുകയുള്ളൂ. ഇതാണു് ഒന്നാംഘട്ടമെന്നു ഞാൻ പറഞ്ഞതു്."

ഇങ്ങനെയായിരിക്കരുതു നമ്മുടെ പ്രതിജ്ഞകൾ. ദൃഢനിശ്ചയത്തോടെ നമ്മുടെ തീരുമാനങ്ങൾ നമ്മൾ പാലിക്കണം.

ഒരു വസ്തുവിനോടു പ്രേമമുണ്ടെങ്കിൽ നമുക്കു് എപ്പോഴും അതു പുതുമ നിറഞ്ഞതായിത്തോന്നും. പ്രേമം നഷ്ടപ്പെട്ടാൽ പുതുമ നഷ്ടപ്പെടും. അതുപോലെ ജീവിതത്തെ പുതുമ നിറഞ്ഞതാക്കുന്നതു നമുക്കു മറ്റുള്ളവരോടുള്ള സ്നേഹമാണു്. ഇന്നു് നമുക്കെല്ലാം തിരക്കാണു്. മറ്റുള്ളവർക്കുവേണ്ടി ചിന്തിക്കുവാൻ നമുക്കു സമയമില്ല. അതുകാരണം നമ്മൾ ഒറ്റപ്പെടുന്നു. ജീവിതം വിരസമായിത്തീരുന്നു. പുതുവർഷത്തിൽ എല്ലാ ദിവസവും മറ്റുള്ളവർക്കുവേണ്ടി നല്ല കാര്യങ്ങൾ ചെയ്യാൻ കുറച്ചു സമയമെങ്കിലും നമ്മൾ തയ്യാറാകണം. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ചെറിയ ചെറിയ പ്രവൃത്തികൾപോലും ലോകത്തു വലിയ സന്തോഷമുണ്ടാക്കും.

മറ്റുള്ളവരെ സഹായിക്കുന്നതു വെറും അംഗീകാരത്തിനു വേണ്ടി മാത്രമാകരുതു്. പുതുവർഷത്തിനു പല വീടുകളിലും അലങ്കാരലൈറ്റുകൾ തൂക്കിയിടാറുണ്ടു്. കാണുന്നവർക്കു് അതു സന്തോഷം പകരുന്നു. എന്നാൽ രാത്രി ഏറെ വൈകി ആരും നോക്കാനില്ലാത്തപ്പോഴും

അവ പ്രകാശം ചൊരിഞ്ഞു കൊണ്ടേയിരിക്കുന്നു. ഇതു പോലെ നമ്മളും പ്രശസ്തിയും അംഗീകാരവും നോക്കാതെ നന്മ ചെയ്തുകൊണ്ടേയിരിക്കണം.

ദൈവം നമുക്കു മുഖം നല്കിയിട്ടുണ്ടു്. അവിടെ സ്നേഹത്തിന്റെ ഭാവം വരുത്തണമോ, ദേഷ്യത്തിന്റെ ഭാവം വരുത്തണമോയെന്നതു് നമ്മുടെ കൈയിലാണു്. നമ്മൾ പുഞ്ചിരിച്ചാൽ അതു കാരണം മറ്റുള്ളവരുടെ ചുണ്ടിലും പുഞ്ചിരി വിടരും. നമ്മുടെ ഉള്ളിൽ ശാന്തിയും സ്നേഹവുമുണ്ടെങ്കിൽ മറ്റുള്ളവരിലും അതു പടരും. അന്തരീക്ഷം തന്നെ ആനന്ദം നിറഞ്ഞതാകും. അങ്ങനെ, പോയവർഷത്തെക്കാൾ കുറെക്കൂടി നല്ല ഒരു കുടുംബം, ഒരു രാഷ്ട്രം, ഒരു ലോകം പടുത്തുയർത്തുവാൻ ഈ വർഷത്തിൽ നമുക്കു കഴിയട്ടെ.

അമ്മയുടെ മക്കൾ ലോകത്തിൽ സ്നേഹത്തിന്റെയും ശാന്തിയുടെയും സന്ദേശവാഹകരാകട്ടെ. മക്കളുടെയെല്ലാം ജീവിതത്തിൽ ശാന്തിയും സന്തോഷവും നിറയുവാൻ അമ്മ പരമാത്മാവിൽ സമർപ്പിക്കുന്നു.

മക്കളേ,

ഋഷികളുടെ നാടാണു ഭാരതം. ലോകത്തിനു് എക്കാലത്തും നന്മയും ശ്രേയസ്സും നല്കുന്ന സംസ്കാരമാണു് അവർ നമുക്കു പകർന്നു നല്കിയതു്. ആ സംസ്കാരം നമുക്കു് അമ്മ യാണു്. അതിനെ നാം സംരക്ഷിക്കുകയും ഉദ്ധരിക്കുകയും വേണം. 'മാതൃ ദേവോ ഭവ', 'പിതൃ ദേവോ ഭവ', 'ആചാര്യ ദേവോ ഭവ', 'അതിഥി ദേവോ ഭവ' ഇതാണു നമ്മുടെ പൂർവ്വികർ ഉപദേശിച്ചതു്. അങ്ങനെയാണു് അവർ ജീവിച്ചു കാണിച്ചതു്. ഈ സ്നേഹമാണു സമൂഹത്തെ

കൂട്ടിയിണക്കുന്ന കണ്ണി. ഇന്നു് ആ കണ്ണി പൊട്ടി ഓരോ വ്യക്തിയും ഓരോ ദ്വീപായി മാറുന്ന കാഴ്ചയാണു നാം കണ്ടുവരുന്നതു്. പാശ്ചാത്യസം സ്കാരത്തിൽനിന്നു നമുക്കു പലതും പഠിക്കുവാനുണ്ടു്. എന്നാൽ അതോടൊപ്പം നാം നമ്മുടെ സംസ്കാരം കാത്തുസൂക്ഷിക്കുകയും വേണം. ഇന്നു സർവ്വത്ര അനുകരണമാണു്. നമ്മുടെ ജീവിതംതന്നെ അനുകരണമായി മാറിയിരിക്കുന്നു. നമ്മുടെ സംസ്കാരത്തെ നഷ്ടമാക്കി മറ്റൊന്നു് ഉൾക്കൊള്ളുന്നതു് ഉടുപ്പിനനുസരിച്ചു ശരീരത്തെ വെട്ടിമുറിക്കുന്നതുപോലെയാണു്, വിശപ്പടക്കാൻ കൃത്രിമ ആപ്പിൾ കടിക്കുന്നതു പോലെയാണു്. അതുകാരണം നമ്മിലെ സ്വാഭാവികത നഷ്ടമാവുന്നു; നാം ശാരീരികമായും, മാനസികമായും ദുർബ്ബലരായിത്തീരുന്നു.

നാം കുട്ടികൾക്കു സ്നേഹം കൊടുക്കുകയും ഒപ്പം ബോധത്തെ ഉദ്ധരിക്കുകയും വേണം. ബോധവത്കരണം എന്നു പറഞ്ഞാൽ, സാധാരണ പുല്ലിലൂടെ കുറെനാൾ നടന്നാൽ വഴി തെളിയും. എന്നാൽ പാറക്കല്ലിലൂടെ എത്ര നടന്നാലും വഴി തെളിയില്ല. നനഞ്ഞ കളിമണ്ണുപയോഗിച്ചു പാത്രം ഉണ്ടാക്കിയാൽ അതു നന്നായി കിട്ടും. അതുപോലെ ചെറുപ്പത്തിൽ കുട്ടികൾക്കു സംസ്കാരം കൊടുത്തു വളർത്തിയാൽ പെട്ടെന്നു് അവരെ ഉദ്ധരിച്ചു കൊണ്ടുവരുവാൻ പറ്റും. ഇരുട്ടുമുറിയിലെ ചെടി സൂര്യപ്രകാശത്തിനു നേരെ വളരും. അതുപോലെ കുട്ടികൾ സ്നേഹവും അംഗീകാരവും ശ്രദ്ധയും ആഗ്രഹിക്കുന്നു. അതു കിട്ടുന്നിടത്തേക്കു പോകുവാൻ അവർ തയ്യാറാകും. അതിനാൽ അതുകൂടി അവർക്കു നല്കാൻ നാം തയ്യാറാകണം.

പണ്ടു്. സമൂഹത്തിൽ പ്രചരിച്ചിരുന്ന കളികൾക്കും കലകൾക്കുമെല്ലാം പ്രചോദനം ആദ്ധ്യാത്മികതയായിരുന്നു. ഇതുമൂലം അവ മനസ്സുകളിൽ നല്ല സംസ്കാരങ്ങളെയാണു് ഉണർത്തിയിരുന്നതു്. എന്നാൽ ഇന്നു ടി.വി.യും സിനിമയും മറ്റും സംസ്കാരത്തിനു ഭീഷണിയായിത്തീരുകയാണു്. കലയുടെ ആത്മീയമായ അടിസ്ഥാനം പുനരുദ്ധരിക്കേണ്ടതു സമൂഹത്തിന്റെ താളലയം നിലനിർത്താൻ ആവശ്യമാണു്.

എല്ലാവരും സ്വാതന്ത്ര്യം ആഗ്രഹിക്കുന്നു. എല്ലാവരും അവരുടെ അവകാശങ്ങളെക്കുറിച്ചു മാത്രം ചിന്തിക്കുന്നു. കർത്തവ്യം മറക്കുന്നു. ഒരിടത്തു് അമിതമായ സ്വാതന്ത്ര്യം ഉണ്ടെങ്കിൽ അതു മറ്റൊരിടത്തു മുറിവുണ്ടാക്കും. ഇതു നമ്മൾ മറക്കരുതു്. സ്വാർത്ഥത വർദ്ധിച്ചു് അധർമ്മം വളരുമ്പോഴാണു പ്രകൃതിയുടെ താളലയം നഷ്ടമാകുന്നതു്. നിയന്ത്രണമില്ലാതെ മനസ്സിലുയരുന്ന ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്താൻ പോയാൽ അതു് നമ്മെ നിരാശയിലേക്കേ നയിക്കുകയുള്ളൂ. ഒരാഗ്രഹം സാധിച്ചാലുടൻ ഇരട്ടി ആഗ്രഹങ്ങൾ അവിടെ വന്നു കഴിയും. അതിനാൽ ആവശ്യവും അനാവശ്യവും തിരിച്ചറിഞ്ഞു് ആഗ്രഹങ്ങളെ നിയന്ത്രിക്കുവാൻ നാം പഠിക്കണം. എടുക്കുക എന്നതിലുപരി കൊടുക്കുക എന്ന ധർമ്മംകൂടി ഉണ്ടെന്നു നാം ഉൾക്കൊള്ളണം. ഇല്ലെങ്കിൽ നമ്മുടെ ധർമ്മംതന്നെ നശിച്ചുപോകും.

സ്ത്രീ സഹോദരിയാണു്, അമ്മയാണു്, ഭാര്യയുമാണു്. പുരുഷൻ സഹോദരനാണു്, പിതാവാണു്, ഭർത്താവുമാണു്. ഓരോന്നിനെയും അതാതിന്റെ സ്ഥാനത്തു ശുദ്ധമായ ഭാവത്തിൽ വീക്ഷിക്കുവാൻ നമുക്കു സാധിക്കണം.

സദാചാരവും സംസ്കാരവും നഷ്ടമാകാതെ സൂക്ഷിക്കുവാനും നിലനിർത്തുവാനും നമുക്കു കഴിയണം. ഭാര്യാഭർത്തൃബന്ധത്തിൽ ഇരുവരും ഒരാത്മാവെന്ന ഏകത്വബോധം ഉണരണം. അതുപോലെ മുതിർന്നവരെയും ഗുരുജനങ്ങളെയും സ്നേഹിക്കാനും ബഹുമാനിക്കാനും നാം കുട്ടികളെ പരിശീലിപ്പിക്കണം.

കുടുംബജീവിതത്തെയും സമൂഹജീവിതത്തെയും പ്രകൃതിയെത്തന്നെയും താങ്ങിനിർത്തുന്ന സ്നേഹത്തെ നാം നമ്മുടെ ഉള്ളിൽ പുനരുദ്ധരിക്കണം. കുട്ടികൾക്കും യുവാക്കൾക്കും മാതാപിതാക്കളോടും ഗുരുജനങ്ങളോടുമുള്ള കടമ, വ്യക്തിക്കു സമൂഹത്തോടുള്ള കടമ, വിദ്യാർത്ഥികൾക്കു് അദ്ധ്യാപകരോടുള്ള കടമ, മുതിർന്നവർക്കു് ഇളംതലമുറയോടുള്ള കടമ, ഓരോ പൗരനും രാഷ്ട്രത്തോടുള്ള കടമ – ഇവയെല്ലാം ജനഹൃദയങ്ങളിൽ ഉണർത്താൻ നാം ശ്രമിക്കണം.

നമ്മെ പ്രസവിച്ച അമ്മ നമുക്കു തന്നതു തിരിച്ചു കൊടുക്കാൻ നമുക്കൊരിക്കലും കഴിയില്ല. പത്തുമാസം ചുമന്നു പ്രസവിച്ചു നമ്മെ വളർത്തിയ നമ്മുടെ അമ്മയോടുള്ള കടപ്പാടു തീർക്കാൻ നമുക്കു സാധിക്കില്ല. പക്ഷേ, അമ്മയുടെ ജീവിതത്തിൽ വേദന അനുഭവിക്കുന്ന സന്ദർഭങ്ങളിൽ അതു പങ്കുവയ്ക്കാനും അമ്മയെ അനുസരിക്കാനും സ്നേഹിക്കുവാനും അമ്മയുടെ ആവശ്യങ്ങൾ യഥാവസരം നിറവേറ്റാനുമുള്ള ഒരു മനഃസ്ഥിതി നാം വളർത്തിയെടുക്കണം.

നമ്മുടെ സംസ്കാരവും നമ്മുടെ മാതൃഭൂമിയും നമുക്കമ്മയാണു്. ആ സംസ്കാരവുമായുള്ള ബന്ധം നഷ്ടപ്പെട്ടാൽ നാം നൂലുപൊട്ടിയ പട്ടങ്ങൾപോലെയാകും. ആ സം

സ്മാരത്തെ ഉദ്ധരിക്കുകയും മാതൃഭൂമിയെ സേവിക്കുകയും ചെയ്യേണ്ടതു നമ്മുടെയെല്ലാം ധർമ്മമാണു്. സംസ്കാരത്തെയും ധർമ്മത്തെയും ഉദ്ധരിക്കുക വഴി ശാന്തിയും ഐശ്വര്യവും പുലരുന്ന ഒരു രാഷ്ട്രവും ഒരു ലോകവും പടുത്തുയർത്തുവാൻ നമുക്കു കഴിയും. പ്രകൃതിയുടെതന്നെ താളലയം പുനഃസ്ഥാപിക്കുവാൻ കഴിയും.

അതിനായി മക്കളെല്ലാവരും നിശ്ചയദാർഢ്യത്തോടെ ഒത്തൊരുമിച്ചു പ്രയത്നിക്കുക. മക്കളുടെ പ്രയത്നം സഫലമാകുവാൻ അമ്മ പരമാത്മാവിൽ അർപ്പിക്കുന്നു.

സ്വാതന്ത്ര്യം കിട്ടിയിട്ടു 55 വർഷങ്ങൾ പിന്നിട്ടുവെങ്കിലും ഇന്നും നമ്മുടെ രാഷ്ട്രത്തിലെ ജനങ്ങൾ പലവിധത്തിലുള്ള പരാധീനതകൾ അനുഭവിക്കുന്നു. ഇതിന്റെ കാരണങ്ങൾ മനസ്സിലാക്കി രാജ്യത്തിന്റെ നന്മയ്ക്കായി ഒത്തൊരുമിച്ചു പ്രയത്നിക്കുവാൻ ദൃഢനിശ്ചയം ചെയ്യുവാനുള്ള അവസരമാണിതു്.

സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും നന്മയ്ക്കായി നിസ്സ്വാർത്ഥമായി എല്ലാവരും ഒത്തൊരുമിച്ചു പ്രയത്നിക്കുകയും അതിന്റെ സദ്ഫലങ്ങൾ ഒന്നിച്ചനുഭവിക്കുകയും ചെയ്യുമ്പോഴാണു നമ്മുടെ സ്വാതന്ത്ര്യം യാഥാർത്ഥ്യമായിത്തീരുന്നതു്. അതിനുള്ള കർമ്മധീരതയും ഉത്സാഹവുമാണു് ഈ അവസരത്തിൽ രാഷ്ട്രത്തിനാവശ്യം.

ഇന്നു നമ്മുടെ രാജ്യം അലസതയിലും സ്വാർത്ഥതയിലും ആണ്ടുപോയിരിക്കുന്നു. ഏറ്റവും കുറച്ചു ജോലി ചെയ്തു് ഏറ്റവും കൂടുതൽ വേതനം കൈപ്പറ്റുവാനാണു് എല്ലാവരും ആഗ്രഹിക്കുന്നതു്. ദിവസവും ഇപ്പോൾ ചെയ്യുന്ന ജോലിസമയത്തെക്കാൾ ഒരു മണിക്കൂർ അധികം

പ്രതിഫലം പ്രതീക്ഷിക്കാതെ ജോലി ചെയ്യുവാൻ മക്കൾ തയ്യാറാകണം. ഏറ്റവും കുറച്ച് എടുക്കുക, ഏറ്റവും കൂടുതൽ കൊടുക്കുക – അതായിരിക്കണം നമ്മുടെ ആദർശം. അങ്ങനെ നമ്മൾ ഓരോരുത്തരും വിചാരിച്ചാൽ മാത്രമേ ശാന്തിയും ഐശ്വര്യവും നിറഞ്ഞ ഒരു രാഷ്ട്രം – ഒരു ലോകം പടുത്തുയർത്തുവാൻ നമുക്കു കഴിയൂ.

ഏറ്റവും കുറച്ചു ലോകത്തിനു കൊടുത്ത് ആവുന്നത്ര എടുക്കുക എന്ന നമ്മുടെ മനോഭാവം നമ്മെ സ്വാതന്ത്ര്യത്തിലേക്കല്ല, അടിമത്തത്തിലേക്കാണു നയിക്കുക. സ്വാതന്ത്ര്യം എന്നാൽ, നിയന്ത്രണമില്ലാതെ തന്നിഷ്ടംപോലെ കഴിയുക എന്നല്ല; സ്വാർത്ഥതയുടെ മേലുള്ള വിജയ മാണു യഥാർത്ഥ സ്വാതന്ത്ര്യം.

ഏറ്റവും അധികം സ്വാതന്ത്ര്യം അനുഭവിക്കുന്ന സമൂഹമായി നമ്മൾ ഉയർത്തിക്കാട്ടാറുള്ളതു പാശ്ചാത്യരെയാണു്. എന്നാൽ ആഴത്തിൽ ചിന്തിക്കുമ്പോൾ മാനസികമായും ഭൗതികമായും ഏറ്റവും അധികം ദുരിതമനുഭവിക്കുന്നവരും അസ്വാതന്ത്ര്യത്തിൽ കഴിയുന്നവരും അവിടെത്തന്നെയാണെന്നു കാണുവാൻ കഴിയും. അവിടെ വളരെയധികം സ്വാതന്ത്ര്യമുണ്ടു്. എന്നാൽ മാതാപിതാക്കൾക്കു സ്വന്തം കുട്ടികളെ ശാസിക്കുവാൻപോലുമുള്ള അധികാരമില്ല. ഇതുമൂലം കുട്ടികൾ വഴി തെറ്റുന്നു. അമിതസ്വാതന്ത്ര്യം നല്കി വളർത്തിയാൽ കുട്ടികൾ സാഹചര്യത്തെ അതിജീവിക്കാൻ അശക്തരായിത്തീരും. പ്രതിബന്ധങ്ങൾക്കു മുന്നിൽ അവർ തളർന്നു വീഴും. സംഘർഷവും നിരാശയും വളർന്നു് അവർ മാനസികരോഗികളായിത്തീരും. ഒടുവിൽ ഈ അമിതസ്വാതന്ത്ര്യം അവരെ തടവറയിലാണു് – മാനസികമായും ശാരീരിക

മായും- എത്തിക്കുന്നതു്.

സമൂഹം കുട്ടികൾക്കു് അനിയന്ത്രിതമായ സ്വാതന്ത്ര്യം നല്കിയിരിക്കുന്നതുമൂലം മാതൃപുത്രബന്ധം തകരുന്നു. മാതാവിന്റെ സംരക്ഷണവും വാത്സല്യവും കുട്ടികൾക്കു ലഭിക്കുന്നില്ല. അതുപോലെതന്നെ കുട്ടികളുടെ സ്നേഹവും സാമീപ്യവു നല്കുന്ന ആനന്ദം മാതാപിതാക്കൾക്കും നഷ്ടപ്പെടുന്നു. അവർ ഒറ്റപ്പെടുന്നു. വൃദ്ധസദനങ്ങളിൽ ആശ്രയം തേടുന്നു.

എന്നാൽ നമ്മുടെ സംസ്കാരം പഠിപ്പിക്കുന്നതു മാതാപിതാക്കളെ ഈശ്വരനായിക്കണ്ടു സ്നേഹിക്കുവാനും സേവിക്കുവാനുമാണു്. മാതാപിതാക്കൾ വാർദ്ധക്യത്തിലെത്തുമ്പോൾ അവരുടെ ശുശ്രൂഷയും സംരക്ഷണവും കടമയായി കണ്ടു നിർവ്വഹിക്കുക എന്നതു പുത്രധർമ്മമായി ഇവിടുള്ളവർ കരുതിയിരുന്നു. ഇതേസമയം മാതാപിതാക്കൾ തങ്ങളുടെ മക്കൾക്കുവേണ്ടിയാണു ജീവിതം നയിച്ചിരിക്കുന്നതു്. മക്കളുടെ സംതൃപ്തിയാണു് അവരുടെ സംതൃപ്തി.

മഴയും വെയിലുമേറ്റു മറ്റുള്ളവർക്കു ഫലം നല്കുന്ന വൃക്ഷംപോലെ, തന്റെ കടയ്ക്കൽ മഴുവെറിയുമ്പോഴും വെട്ടുന്നവനു തണൽ വിരിക്കുന്ന വൃക്ഷംപോലെയാണു ഭാരതീയ മാതൃത്വം. മക്കളുടെ ഉന്നതിമാത്രം കാംക്ഷിക്കുന്ന മാതാപിതാക്കൾ, അവരുടെ ശുശ്രൂഷ മാത്രം ലക്ഷ്യമാക്കുന്ന മക്കൾ – ഈ ബന്ധത്തിന്റെ കണ്ണിയാണു് ഇന്നു് അറ്റുകൊണ്ടിരിക്കുന്നതു്. ഈ കണ്ണി അറ്റുപോകാതെ സംരക്ഷിക്കേണ്ടതും ദൃഢപ്പെടുത്തേണ്ടതും നമ്മുടെ ഓരോരുത്തരുടെയും പവിത്ര ധർമ്മമാണു്. അങ്ങനെ മാതാവിനോടും, ഈ സംസ്കാരം പകർന്നുതന്ന മാതൃഭൂമിയോ

ടും നമുക്കുള്ള കടപ്പാടും കടമയും നിർവ്വഹിക്കുവാൻ മക്കൾ ഒന്നിച്ച് ഒരൊറ്റ മനസ്സായി പ്രയത്നിക്കുക.

മക്കളുടെ പ്രയത്നം സഫലമാകുവാൻ അമ്മ പരമാത്മാവിൽ അർപ്പിക്കുന്നു.

മക്കളേ, വിദേശരാജ്യങ്ങളുടെതിൽനിന്നും വ്യത്യസ്തമാണു ഭാരതത്തിലെ സാമൂഹികവും സാംസ്കാരികവുമായ അന്തരീക്ഷം. അതിനാൽ അവയെ അനുകരിക്കുന്നതു വളരെ ശ്രദ്ധയോടെ വേണം. അവരിലെ പല നല്ല അംശങ്ങളും നമുക്കു സ്വീകരിക്കാവുന്നതാണു്. അവയെ സ്വാംശീകരിക്കുന്ന തിലൂടെ നമുക്കു് ഒന്നുകൂടി വികസിക്കുവാൻ കഴിയും. ഏതു സ്വീകരിക്കണം ഏതു തള്ളിക്കളയണം എന്നതു നൂറ്റാണ്ടുകൾ പഴക്കമുള്ള നമ്മുടെ സാംസ്കാരികാടിത്തറയിൽ ഉറച്ചു നിന്നു വേണം തീരുമാനിക്കേണ്ടതു്. പെട്ടെന്നുള്ള ആകർഷണത്തിൽപ്പെട്ടു്, വേണ്ട ആലോചനയില്ലാതെ സ്വീകരിച്ചാൽ അതിനു നമ്മളുമായി ഇഴുകിച്ചേരാൻ കഴിഞ്ഞെന്നു വരില്ല. കാലക്രമത്തിൽ അതൊരു ഭാരമായിത്തീരും.

പല വിദേശരാജ്യങ്ങളിലും പതിനെട്ടു വയസ്സു കഴിഞ്ഞാൽ തൊണ്ണൂറു ശതമാനം കുട്ടികളും ലോൺ എടുത്തോ സ്വയം ജോലി കണ്ടെത്തിയോ പഠനം തുടരും. മാതാപിതാക്കളെ ആശ്രയിക്കാറില്ല. എന്നാൽ ഇവിടുത്തെ സ്ഥിതി അങ്ങനെയല്ല. നാല്പതു വയസ്സു കഴിഞ്ഞ മകനാണെങ്കിലും ജോലിയില്ലെങ്കിൽ അമ്മയ്ക്കാണു വിഷമം. അവർ അടുത്ത വീട്ടിൽ ജോലി ചെയ്തും പണം സമ്പാദിച്ചു മകനു നല്കും. സ്വയം പട്ടിണി കിടന്നും മക്കളെ ഊട്ടുന്നതിൽ ഇവിടുത്തെ അമ്മമാർ സംതൃപ്തി കാ

ണുന്നു. ഈയൊരു സ്നേഹം, കുടുംബബന്ധം അതാണു നമ്മുടെ അടിസ്ഥാനസ്വത്തു്. അന്ധമായ അനുകരണത്തിലൂടെ നഷ്ടമാകുന്നതു സ്നേഹം എന്ന ഈ ധനമാണു്.

ഇന്നു മൂന്നു പേരുണ്ടെങ്കിൽ ഒരു കൂരയുടെ കീഴിലാണെങ്കിലും മൂന്നു ദ്വീപുകളിൽ കഴിയുന്നവരെപ്പോലെയാണു്. പരസ്പരം ചേർച്ചയില്ല. എനിക്കു്, എനിക്കു് എന്ന ചിന്തയാണു് അവരെ നയിക്കുന്നതു്. നമ്മുടെ സംസ്കാരം അതല്ല പഠിപ്പിക്കുന്നതു്. മക്കൾ അമ്മയ്ക്കുവേണ്ടി, അമ്മമാർ മക്കൾക്കു വേണ്ടി, ഭാര്യ ഭർത്താവിനുവേണ്ടി, ഭർത്താവു ഭാര്യയ്ക്കുവേണ്ടി എന്നു കരുതി പരസ്പരസ്നേഹത്തോടും സഹകരണത്തോടും വിട്ടു വീഴ്ചാമനോഭാവത്തോടുംകൂടി കഴിയുക, സ്നേഹത്തിന്റെ കണ്ണി ഒരിക്കലും മുറിയാതിരിക്കാൻ ശ്രദ്ധിക്കുക – അതാണു നമ്മുടെ സംസ്കാരം പഠിപ്പിക്കുന്നതു്. ഒരു ചങ്ങലയിലെ കണ്ണിപോലെ ഒന്നു ചേർന്നുള്ള ജീവിതം– അതാണു വേണ്ടതു്.

ഞാൻ, ഞാൻ എന്ന ചിന്ത ആസുരഭാവമാണു്. അവർക്കൊന്നും നേടുവാനാവില്ല. അവരിലുള്ളതുകൂടി നഷ്ടമാകും. വിത്തു കൈയിലിരുന്നാൽ കിളിർക്കില്ല. ഫലം കിട്ടില്ല വിത്തു മണ്ണിനടിയിൽ പോകുന്നതിന്റെ ഫലമായാണു കിളിർത്തു മരമാകുന്നതും കായ്കനികൾ ലഭിക്കുന്നതും. ഇതുപോലെ സമർപ്പണഭാവമാണു നമ്മുടെ കഴിവുകളെ പുറത്തേക്കു കൊണ്ടുവരുന്നതു്.

ഇന്നത്തെ രീതിയിൽ നമ്മുടെ സംസ്കാരത്തിൽനിന്നു് അകന്നുപോയാൽ വിദേശരാജ്യങ്ങളിലേതുപോലെ ഇവിടെയും വൃദ്ധസദനങ്ങളുടെ എണ്ണം വർദ്ധിക്കും. കാരണം, മാതാപിതാക്കൾക്കു പ്രായമെത്തിയാൽ അവരുടെ കാര്യം നോക്കുവാൻ മക്കൾക്കു നേരമില്ല. അഥവാ നേരമുണ്ടെങ്കിൽ

താത്പര്യമില്ല. മക്കൾ അവരുടെ കടമ മറക്കുന്നു. ഇരുപതോ മുപ്പതോ വർഷം മുൻപുള്ള ഒരു ലോകമല്ല ഇന്നത്തെതു്. അന്യോന്യമുള്ള കടമകൾ നിറവേറ്റപ്പെടുന്നില്ല. അവയെന്തെന്നുപോലും അറിയാതെയായി, മറന്നു കഴിഞ്ഞു. പത്തുമാസം വയറ്റിൽ ചുമന്നു നൊന്തു പ്രസവിച്ച ഒരമ്മയോടുള്ള കടമ ഒരു മകനു്, മകൾക്കു് എങ്ങനെ മറക്കുവാൻ കഴിയും? ചെറുപ്പത്തിൽ ആ മടിത്തട്ടിൽ എത്രയോ പ്രാവശ്യം മലമൂത്രവിസർജ്ജനം ചെയ്തു! എത്ര മാത്രം ഉപദ്രവിച്ചു. സ്വസ്ഥമായി ഒന്നു് ഉറങ്ങുവാൻ കൂടി അനുവദിച്ചില്ല. എന്നാൽ ആ അമ്മ അതെല്ലാം ക്ഷമയോടെ സ്വീകരിച്ചു. യാതൊരു പരിഭവവും കൂടാതെ സ്നേഹിച്ചു. മാറോടണച്ചു ലാളിച്ചു. അതിനു പ്രതിഫലമായി ഒരു പ്രാവശ്യമെങ്കിലും സ്വന്തം അമ്മയെ വാരിപ്പുണരുക. സ്വന്തം പിതാവിനെ നമിക്കുക. അതു പൂജയാണു്. 'മാതൃദേവോ ഭവ, പിതൃദേവോ ഭവ, ആചാര്യദേവോ ഭവ, അതിഥിദേവോ ഭവ' എന്നെല്ലാം പഠിക്കുകയും ആചരിക്കുകയും ചെയ്തിരുന്നവരാണു നമ്മൾ. ഇന്നതെല്ലാം നഷ്ടപ്പെടുകയാണു്. ഇതൊക്കെ തിരികെ കൊണ്ടു വന്നാൽ എത്ര മനോഹരമായിരിക്കും! പക്ഷേ, ഇന്നു പുതുമ തേടി മൂല്യങ്ങൾ നഷ്ടപ്പെടുത്തുന്നു. അതിനു് ഒരു പരിഹാരമാകട്ടെ മക്കളുടെ പ്രയത്നം.

ഈ ലോകത്തെ ഒരു മരുഭൂമിയാക്കി മാറ്റരുതു്. സ്നേഹവും കാരുണ്യവും വറ്റിപ്പോകാൻ നമ്മൾ അനുവദിക്കരുതു്. അങ്ങനെ സംഭവിച്ചാൽ പിന്നെയിവിടെ മനുഷ്യനുണ്ടാകില്ല. മനോഹരമായ ഈ ലോകം മനുഷ്യമൃഗങ്ങൾ നിറഞ്ഞ കാടാകും. ഇന്നത്തെ സ്ഥിതി കാ

ണുമ്പോൾ അമ്മയ്ക്കു തോന്നിപ്പോകുന്നു, 'ഇവിടെ ശാന്തിയും സമാധാനവും ആഗ്രഹിക്കുന്നവർ ദിനംപ്രതി കുറഞ്ഞുവരുന്നോ' എന്നു്.

മനസ്സിലുറങ്ങിക്കിടക്കുന്ന മൃഗീയവാസനകളെ മനഃപൂർവ്വം ഉണർത്തുകയാണോ മനുഷ്യൻ? അതോ സാഹചര്യങ്ങൾക്കടിമയായി മനുഷ്യൻ നിസ്സഹായനാവുകയാണോ? രണ്ടായാലും, ഇനിയും മനുഷ്യന്റെ കഴിവിൽ മാത്രം വിശ്വസിക്കുന്നതു് അബദ്ധമാണു് – അവരെത്ര വലിയവരായാലും.

ഈശ്വരശക്തിയെ മടികൂടാതെ കൂട്ടുപിടിക്കാൻ നമ്മൾ സന്നദ്ധരാകണം. ഈശ്വരശക്തി എന്നുപറയുമ്പോൾ അതു പുറത്തുള്ളതല്ല. നമ്മിൽത്തന്നെയുള്ളതാണു്. ആ ശക്തിയെ ഉണർത്തണം.

ആരെങ്കിലും നമുക്കുമേൽ അടിച്ചേല്പിച്ച സമാധാനമോ അല്ലെങ്കിൽ മരണശേഷമുള്ള ശാന്തിയോ അല്ല നമുക്കു വേണ്ടതു്. എല്ലാ ജനങ്ങളും സ്വന്തം ധർമ്മം അനുഷ്ഠിക്കുമ്പോഴാണു സമൂഹത്തിൽ സമാധാനം ഉണ്ടാകുന്നതു്. പരസ്പരം മനുഷ്യൻ മനുഷ്യനെ ആത്മനിഷ്ഠമായിക്കണ്ടു് ആദരിച്ചാലേ യഥാർത്ഥ ശാന്തിയുണ്ടാകൂ.

മറ്റേതു കാലഘട്ടത്തെക്കാളും പ്രാർത്ഥനയ്ക്കും ആത്മീയസാധനകൾക്കും പ്രാധാന്യം കൂടിയിരിക്കുകയാണിപ്പോൾ.

'എന്റെ ഒരാളുടെ പ്രാർത്ഥനകൊണ്ടു് എന്തു നേടാനാണു്' എന്നു വിചാരിക്കുന്നവരുണ്ടാകും. അങ്ങനെ ചിന്തിക്കരുതു്. പ്രാർത്ഥനയിലൂടെ സ്നേഹത്തിന്റെ വിത്താണു നമ്മൾ വിതയ്ക്കുന്നതു്. മരുഭൂമിയിൽ ഒരു പുഷ്പം വിടർന്നാൽ അത്രയുമായില്ലേ? അവിടെ ഒരു വൃക്ഷമെ

ങ്കിലും വളർന്നാൽ കുറച്ചു തണലെങ്കിലുമുണ്ടാകില്ലേ?

പ്രാർത്ഥന സ്നേഹമാണു്. സ്നേഹത്തിന്റെ ശുദ്ധമായ തരംഗങ്ങളാണു് അതിലൂടെ ലോകമെങ്ങും പരക്കുന്നതു്.

അക്രമികളും ഭീകരവാദികളും യുദ്ധക്കൊതിയന്മാരുമെല്ലാം സ്നേഹം വറ്റിയവരാണു്. കാരുണ്യമില്ലാത്തവരാണു്. നമ്മളെപ്പോലെയുള്ള കോടിക്കണക്കിനാളുകളുടെ പ്രാർത്ഥനയിലൂടെ അന്തരീക്ഷത്തിൽ നിറയുന്ന സ്നേഹവും കാരുണ്യവും അവരുടെ മനസ്സിനെ അല്പമെങ്കിലും മാറ്റാൻ സഹായിക്കട്ടെ...

ഇന്നു ലോകത്തിനു വേണ്ടതു് 'ഒറ്റയാൻ'മാരെയല്ല. അവർ സ്വാർത്ഥരാണു്. അവർക്കു കൊല്ലും കൊലവിളിയും മാത്രമേ അറിയൂ. അവരുടെ ഭാഷ അഹങ്കാരത്തിന്റെതാണു്. സ്നേഹിക്കാനും കാരുണ്യപൂർവ്വം മറ്റുള്ളവരെ പരിഗണിക്കാനും അവർക്കറിയില്ല. ഇന്നു നമുക്കാവശ്യം ഹൃദയത്തിൽ സ്നേഹവും കാരുണ്യവുമുള്ളവരെയാണു്. അങ്ങനെയുള്ളവരാണു സമൂഹത്തിന്റെ ശക്തി. അവരിലൂടെ മാത്രമേ പരിവർത്തനമുണ്ടാകൂ.

മനുഷ്യമനസ്സിന്റെ വളവില്ലാതാക്കാൻ സ്നേഹത്തിനു മാത്രമേ സാധിക്കൂ. അതുകൊണ്ടു കഴിയുന്നത്ര സ്നേഹവും കാരുണ്യവും ഉള്ളിലുണ്ടാകുവാനുള്ള മാർഗ്ഗങ്ങൾ കണ്ടു പിടിച്ചു പ്രാവർത്തികമാക്കണം. ഇല്ലെങ്കിൽ കാര്യങ്ങൾ ഇനിയും വഷളാകും. അതുണ്ടാകാതിരിക്കട്ടെ...

അമ്മയ്ക്കൊരാഗ്രഹമുണ്ടു്. ലോകത്തിലെല്ലാവർക്കും ഒരു ദിവസമെങ്കിലും ഭയമില്ലാതെ ഉറങ്ങാൻ കഴിയണം. എല്ലാവർക്കും ഒരുദിവസമെങ്കിലും വയറുനിറച്ചു ഭക്ഷണം കിട്ടണം. ആക്രമണമോ, ഹിംസയോ കാരണം ആരും ആശുപത്രിയിൽ എത്താത്ത ഒരുദിവസമെങ്കിലും ഉണ്ടാ

കണം. കൊച്ചുകുട്ടികൾ മുതൽ മുതിർന്നവർവരെ കളിപ്പാട്ടം ഉണ്ടാക്കി വിറ്റായാലും ശരി ഒരുദിവസമെങ്കിലും നിസ്സ്വാർത്ഥമായി സേവനം ചെയ്തു്, ആ പണംകൊണ്ടു പാവപ്പെട്ടവരെ, ലോകത്തുള്ള അഭയാർത്ഥികളെ സഹായിക്കണം. ഈയൊരു സ്ഥിതിയെങ്കിലും കാണാനിടവരട്ടെ എന്നു് അമ്മ പ്രാർത്ഥിക്കുന്നു.

ഉല്ലാസവും സംസ്കാരവും ഒത്തുചേരുമ്പോഴാണു ജീവിതം ഉത്സവമായി മാറുന്നതു്. എന്നാൽ നമ്മൾ പലപ്പോഴും ഉല്ലാസത്തിനുവേണ്ടി സംസ്കാരത്തെ ബലികഴിക്കുന്നതായിട്ടാണു കാണുന്നതു്. സംസ്കാരം ഉണ്ടാക്കിയെടുക്കാൻ വളരെക്കാലത്തെ ക്ഷമയും അദ്ധ്വാനവും ആവശ്യമുണ്ടു്. അതു നശിപ്പിക്കാൻ എളുപ്പമാണു്. അങ്ങനെ ചെയ്യുമ്പോൾ നമ്മുടെ ജീവിതവും നരകത്തിലേക്കാണു പോകുന്നതെന്നു നമ്മൾ അറിയുന്നില്ല. അഗാധമായ കുഴിയിൽച്ചെന്നു വീണു കഴിഞ്ഞിട്ടു കരകേറാൻ പാടുപെടുന്നതിലും നല്ലതു് ആദ്യമേ വീഴാതെ ശ്രദ്ധിക്കുകയല്ലേ?

ഓണം സമത്വസുന്ദരമായ ഒരു ഭൂതകാലത്തിന്റെ ഓർമ്മയ്ക്കാണു നമ്മൾ കൊണ്ടാടുന്നതു്. മഹാബലിയുടെ കാലത്തെപ്പോലെ ധർമ്മം പുലരുന്ന, സമ്പത്തും സമൃദ്ധിയും എല്ലാവർക്കും ഒരുപോലെ അനുഭവിക്കാൻ പറ്റുന്ന ഒരു സമൂഹം ഉണ്ടാകണമെന്നു നമ്മളെല്ലാവരും ആഗ്രഹിക്കുന്നു. എല്ലാവർക്കും അങ്ങനെ ആഗ്രഹമുണ്ടെങ്കിൽ എന്തുകൊണ്ടാണു നമ്മുടെ രാജ്യം അതുപോലെ ആയിത്തീരാത്തതു്? നമുക്കു് ഏതൊരു സാധനം കിട്ടണമെങ്കിലും അതിനു് ഒരു വില കൊടുക്കണം. അങ്ങോട്ടു് ഒന്നും കൊ

ടുക്കാതെ എന്തെങ്കിലും നേടാൻ കർമ്മ രംഗത്തു സാദ്ധ്യ മല്ല. നല്ല ഉദ്യോഗം കിട്ടണമെങ്കിൽ ഉറക്കമൊഴിച്ചു കഷ്ടപ്പെട്ടു പഠിക്കണം. നല്ല വിളവു കിട്ടണമെങ്കിൽ സമ യത്തു വിത്തു വിതച്ചു വേണ്ട വളവും വെള്ളവുമെല്ലാം കൊടുക്കണം. അതുപോലെ സമൂഹത്തിൽ നല്ല മാറ്റം വരണമെന്നു നമ്മൾ ആത്മാർത്ഥമായി ആഗ്രഹിക്കു ന്നുവെങ്കിൽ അതിനു നമ്മുടെ ഭാഗത്തുനിന്നു് ഒരു പ്രയ ത്നം ഉണ്ടാകണം. നമ്മൾ എന്തെങ്കിലും ക്രിയാത്മകമായി ചെയ്യണം. നമ്മൾ നന്നാകണമെന്നു വെറുതെ ആഗ്രഹി ച്ചാൽ മാത്രം പോരാ. ഒരല്പം ത്യാഗം, ഒരല്പം പ്രയത്നം മക്കളുടെ ഭാഗത്തുനിന്നു് ഉണ്ടാകണം.

ത്യാഗത്തിന്റെ മഹത്ത്വമാണു മഹാബലിയിൽ നാം കാണുന്നതു്. മഹാബലി ദാനശീലനായിരുന്നു. സത്യ വ്രതനായിരുന്നു. ഇക്കാരണത്താൽ അദ്ദേഹം ഐശ്വര്യവാ നും പ്രതാപവാനും ആയി. ത്രിലോകത്തിന്റെയും ചക്ര വർത്തിയായി. എന്നാൽ അതോടുകൂടി അല്പം അഹങ്കാരവും ബലിയെ ബാധിച്ചു. തന്റെ ഭക്തന്മാരുടെ അഹങ്കാരത്തെ നശിപ്പിക്കുക എന്നതു ഭഗവാന്റെ ധർമ്മമാണു്. ബലിയുടെ ധനമദവും അഹങ്കാരവും നശിപ്പിച്ചു് അദ്ദേഹത്തെ തന്നോ ടൊന്നാക്കിത്തീർക്കുകയാണു ഭഗവാൻ ചെയ്തതു്. അതു് അവിടുത്തെ കൃപയാണു്.

പലരും പറഞ്ഞു കേൾക്കാറുണ്ടു്, ഭഗവാൻ മഹാ ബലിയെ പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തിയതു് അധർമ്മമായിപ്പോയി എന്നു്. ഭാഗവതത്തിൽ ബലിയെ പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തിയതായി പറയുന്നെന്നു തോന്നുന്നില്ല. സ്വർഗ്ഗത്തെക്കാൾ ശ്രേഷ്ഠമായ ഒരു ലോ കത്തിന്റെ ആധിപത്യം മഹാബലിക്കു നല്കുകയും

ഭഗവാൻ സ്വയം അദ്ദേഹത്തിന്റെ കാവൽക്കാരനായി നില്ക്കാൻ തയ്യാറാവുകയും ചെയ്തെന്നാണു പറയുന്നതു്. വാസ്തവത്തിൽ ഭഗവാൻ മഹാബലിയുടെ ത്യാഗത്തിനു് അനശ്വരമായ കീർത്തി നേടിക്കൊടുക്കുകയാണു ചെയ്തതു്. ജന്മംകൊണ്ടു് അസുരവംശത്തിലാണു പിറന്നതെങ്കിലും കർമ്മംകൊണ്ടു്, ത്യാഗംകൊണ്ടു്, ജനങ്ങളുടെ ഹൃദയത്തിൽ പ്രതിഷ്ഠ നേടാൻ അദ്ദേഹത്തിനു സാധിച്ചു. ബലി തനിക്കായി ഒന്നും പിടിച്ചുവയ്ക്കാൻ ആഗ്രഹിച്ചില്ല. തന്റെ സമ്പത്തു മാത്രമല്ല, തന്നെത്തന്നെയും ഭഗവാനു മുന്നിൽ സമർപ്പിച്ചു. വിനയപൂർവ്വം തന്റെ ശിരസ്സു് അവിടുത്തെ മുന്നിൽ കുനിച്ചുകൊടുത്തു. ആ പൂർണ്ണസമർപ്പണത്തിലൂടെ ബലി എല്ലാം നേടുകയാണു ചെയ്തതു്.

ഒരിക്കൽ വളരെ ധർമ്മശീലനായ ഒരു കൃഷിക്കാരൻ തന്റെ ഭാര്യയുമൊത്തു് ഒരു കൊച്ചുകുടിലിൽ കഴിഞ്ഞിരുന്നു. ഒരു ദിവസം രാത്രി നല്ല മഴ പെയ്യുകയാണു്. അപ്പോൾ വാതിലിൽ ആരോ മുട്ടുന്ന ശബ്ദം കേട്ടു. ഭർത്താവു പറഞ്ഞു, "പാവം മഴ നനഞ്ഞു വിഷമിക്കുന്ന ഏതെങ്കിലും വഴിപോക്കനായിരിക്കും. നീ വാതിൽ തുറന്നു കൊടുക്ക്." ഭാര്യ മടിച്ചു നിന്നു. "ഈ മുറിയിൽ നമുക്കു രണ്ടുപേർക്കും കഷ്ടിച്ചു കിടക്കാനുള്ള സ്ഥലമേയുള്ളൂ. ഇവിടെ ഒരാളെക്കൂടി കയറ്റുന്നതെങ്ങനെ?" "രണ്ടു പേർക്കു കിടക്കാനിടമുണ്ടെങ്കിൽ മൂന്നുപേർക്കു് ഇരിക്കാൻ സ്ഥലം കാണാതിരിക്കുമോ? നീ വാതിൽ തുറന്നു കൊടുക്കു്." ഭാര്യ പോയി വാതിൽ തുറന്നു കൊടുത്തു. നനഞ്ഞൊലിച്ചു് ഒരു യാത്രക്കാരൻ അകത്തു കയറി. മൂന്നുപേരും മുറിയിൽ ഇരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ പിന്നെയും വാതിലിൽ തട്ടുന്നതു കേട്ടു. കൃഷിക്കാരൻ വാതിലിനടുത്തിരുന്ന യാത്രക്കാരനോടു തുറന്നു കൊ

ടുക്കാൻ പറഞ്ഞു. "ഇവിടെ നമുക്കു മൂന്നു പേർക്കും കഷ്ടിച്ചു് ഇരിക്കാനുള്ള സ്ഥലമല്ലേയുള്ളൂ? ഇനിയൊരാളെ എങ്ങനെ കയറ്റാനാണു്?" "മൂന്നുപേർക്കു് ഇരിക്കാമെങ്കിൽ എന്തുകൊണ്ടു നാലുപേർക്കു നിന്നുകൂടാ? നിങ്ങൾ വാതിൽ തുറന്നു കൊടുക്കൂ." വാതിൽ തുറന്നപ്പോൾ കണ്ടതു് ഒരു കഴുത നനഞ്ഞൊലിച്ചു നില്ക്കുന്നതാണു്. "ഈ കഴുതയെ ഇതിനകത്തു കയറ്റുന്നതെന്തിനാണു്? ഇവിടെ മനുഷ്യനു കൂടി സ്ഥലമില്ല." യാത്രക്കാരനും ഭാര്യയും ഒരുപോലെ പ്രതിഷേധിച്ചു. "മനുഷ്യർക്കു മറ്റെവിടെയെങ്കിലും സ്ഥലം കിട്ടിയെന്നിരിക്കും. പാവം ഈ കഴുതയ്ക്കു പോകാൻ ഒരിടവുമില്ലാഞ്ഞതുകൊണ്ടല്ലേ ഈ വാതിലിൽ തട്ടിയതു്? ആദ്യമായി വരുന്ന അതിഥിയെ മടക്കി അയയ്ക്കുന്നതു ശരിയല്ല." അങ്ങനെ കഴുതയെയും അകത്തുകയറ്റി, നാലുപേരും നില്പായി.

അല്പം കഴിഞ്ഞപ്പോൾ പിന്നെയും വാതിലിൽ ആരോ മുട്ടി വിളിക്കുന്നതു കേട്ടു. "ഇനിയിപ്പോൾ ആരായാലും ശരി, ഇതി നകത്തു കയറ്റാൻ ഒരിഞ്ചു സ്ഥലം പോലുമില്ല." യാത്രക്കാരൻ പറഞ്ഞു. അപ്പോഴും കൃഷിക്കാരൻ പറഞ്ഞു, "ശരിയാണു് ഇതിനകത്തു് ഇനിയൊരാളിനു് ഇടമില്ല. എന്നാൽ ഇത്രനേരവും മഴ നനയാതെ ഇരുന്ന ഞാൻ പുറത്തിറങ്ങി നിന്നാൽ പുറത്തു നില്ക്കുന്ന ആളിനു കുറച്ചു നേരം മഴ കൊള്ളാതെ ഇരിക്കാമല്ലോ?" ഇതു പറഞ്ഞു് അദ്ദേഹം പുറത്തിറങ്ങി, വഴിയാത്രക്കാരനെ അകത്തു കടത്തി.

നേരം വെളുത്തപ്പോൾ ഓരോരുത്തരായി യാത്ര പറഞ്ഞു പിരിഞ്ഞു. അവസാനമായി വന്ന യാത്രക്കാരൻ പോകാൻനേരം പറഞ്ഞു, "സഹോദരാ, ഞാൻ ഈ രാ

ജ്യത്തിലെ രാജാവാണു്. ജനങ്ങളുടെ ക്ഷേമം അന്വേഷിക്കാൻ വേഷം മാറി ഇറങ്ങിയതാണു്. കഴിഞ്ഞ രാത്രി അഭയം തേടി ഞാൻ പല വാതിലുകളിലും മുട്ടിവിളിച്ചു. വലിയ പണക്കാരായവർപോലും വാതിൽ തുറന്നില്ല. എന്നാൽ നിങ്ങൾ സ്വയം മഴ നനഞ്ഞും അതിഥിക്കു് അഭയം നല്കി. ഈ രാജ്യത്തിന്റെ ഐശ്വര്യം നിലനില്ക്കുന്നതു നിങ്ങളെപ്പോലെയുള്ള പ്രജകളുടെ ധർമ്മബോധത്തിലാണു്. നിങ്ങൾ എന്തുവേണമെങ്കിലും ആവശ്യപ്പെട്ടുകൊള്ളുക. ഞാൻ തരാൻ തയ്യാറാണു്."

കൃഷിക്കാരൻ പറഞ്ഞു, "മഹാരാജാവേ! അങ്ങയെപ്പോലെ ഒരു വിശിഷ്ടാതിഥിക്കു് ഒരു രാത്രി തങ്ങാൻ ഇടം നല്കാൻ കഴിഞ്ഞതു് എന്റെ പുണ്യമാണെന്നു ഞാൻ കരുതുന്നു. അതിഥിയെ സ്വീകരിക്കുന്നതു പ്രതിഫലം മോഹിച്ചിട്ടല്ല. എന്നാൽ അഭയം തേടി കൊട്ടാരവാതിലിൽ മുട്ടുന്ന ഒരു യാചകനെപ്പോലും നിരാശനായി മടക്കി അയയ്ക്കാതിരിക്കാൻ അവിടുന്നു മനസ്സു വയ്ക്കുമെങ്കിൽ അതിൽക്കൂടുതലൊന്നും എനിക്കാവശ്യമില്ല."

ഈ കൃഷിക്കാരനെപ്പോലെ നിസ്സ്വാർത്ഥതയും ധർമ്മബോധവും വളർത്തുവാൻ നമുക്കു സാധിച്ചാൽ മാത്രമേ സമത്വസുന്ദരമായ സമൂഹം എന്ന സ്വപ്നം യാഥാർത്ഥ്യമാകുകയുള്ളൂ.

ഓണക്കാലത്തു നാം പൂക്കളം ഒരുക്കാറുണ്ടു്. ഭഗവാനോടുള്ള കൃതജ്ഞതയുടെയും ഭക്തിയുടെയും പ്രകടനമാണു പൂക്കളം. യഥാർത്ഥത്തിൽ നമ്മുടെ ഉള്ളിലാണു നമ്മൾ ഭഗവാനു പൂക്കളം ഒരുക്കേണ്ടതു്. ഓരോ ഹൃദയത്തിലും കാരുണ്യവും സ്നേഹവും നിറയുമ്പോൾ ആ ഹൃദയങ്ങളെല്ലാം ചേർന്നു ഭഗവാനു് ഏറ്റവും ഇഷ്ടപ്പെട്ട

പൂക്കളമായിത്തീരും.

ആ വിധമുള്ള ഹൃദയപുഷ്പങ്ങളാൽ തീർത്തതാകട്ടെ നാം ഭഗവാനെ വരവേല്ക്കാനൊരുക്കുന്ന പൂക്കളം. ധർമ്മബോധവും ഈശ്വരചിന്തയും ഉൾക്കൊണ്ടു പുതിയൊരു ജീവിതം കെട്ടിപ്പടുക്കുവാനുള്ള നമ്മുടെ തീരുമാനമാവട്ടെ നാം ധരിക്കുന്ന ഓണക്കോടികൾ. നമുക്കു് ആഹ്ലാദം തരുന്നതെന്തും മറ്റുള്ളവർക്കുകൂടി ആനന്ദം പകരുന്നതാകാൻ ഓണക്കളികൾ നമുക്കു മാതൃകയാകട്ടെ. ഓണക്കളികളിൽ ജാതിമതചിന്തകളൊന്നും കൂടാതെ എല്ലാവരും ഒത്തുചേരുന്നതുപോലെ നമ്മിലെല്ലാം സഹോദരഭാവം നിറയട്ടെ. അങ്ങനെ ഐക്യത്തിലും സ്നേഹത്തിലും ആനന്ദത്തിലും നാമെല്ലാവിധ വ്യത്യാസങ്ങളും മറന്നു് ഒറ്റ മനസ്സായിത്തീരട്ടെ.

ദ്വാപരയുഗത്തിൽ വസുദേവർക്കും ദേവകിക്കും പുത്രനായി ജനിച്ച ശ്രീകൃഷ്ണന്റെ ജന്മനാളാണു് അഷ്ടമിരോഹിണി. എന്നാൽ ജനനമരണങ്ങളില്ലാത്ത ഭഗവാൻ ശ്രീകൃഷ്ണൻ എല്ലായിടവും നിറഞ്ഞ ചൈതന്യമായി ഇന്നും ജീവിക്കുന്നു. ആ കൃഷ്ണൻ നമ്മുടെ ഉള്ളിലെ പ്രേമമാകുന്ന ഗർഭപാത്രത്തിൽ ജനിക്കേണ്ടതാണു്.

ജീവിതത്തിൽ സംഭവിക്കുന്ന ജയവും പരാജയവും ഒരു പോലെ സ്വീകരിക്കുവാൻ കഴിയുന്നവർ വളരെ കുറവാണു്. ശ്രീകൃഷ്ണൻ രണ്ടും തുല്യപ്രാധാന്യത്തോടെ സ്വീകരിച്ച കൂട്ടത്തിലാണു്. അതുകൊണ്ടാണു് അദ്ദേഹത്തിനു് എപ്പോഴും ചിരിക്കാൻ കഴിഞ്ഞതു്.

ചിരിച്ചുകൊണ്ടു ജനിച്ചു്, ചിരിച്ചുകൊണ്ടു ജീവിച്ചു്, ചിരിച്ചു കൊണ്ടു ശരീരം വെടിഞ്ഞ ഭഗവാൻ ശ്രീകൃഷ്ണന്റെ

തിരുനാളായ അഷ്ടമിരോഹിണി, ജീവിതം ഒരു വലിയ പൊട്ടിച്ചിരിയാക്കാനുള്ള സന്ദേശമാണു നമുക്കു നല്കുന്നതു്. ചെറിയ ചെറിയ ഉത്തരവാദിത്വങ്ങളിൽ വലിയ അഭിമാനംകൊണ്ടു് അഹങ്കരിക്കുന്നവരാണു നമ്മൾ. എന്നാൽ കൊച്ചുകൊച്ചു ജീവിതഭാരങ്ങൾ ചുമക്കുമ്പോൾ ചിരിക്കാനും സന്തോഷിക്കാനും നമ്മൾ പലപ്പോഴും മറന്നുപോകുന്നു. നേരെമറിച്ചു കൃഷ്ണനെ നോക്കൂ; എത്രയായിരുന്നു അദ്ദേഹത്തിന്റെ ഉത്തരവാദിത്വങ്ങൾ. ഏതെല്ലാം കർമ്മരംഗങ്ങളിലായിരുന്നു ആ മഹാത്മാവു് ഏർപ്പെട്ടിരുന്നതു്. എല്ലാം ഭംഗിയായി നിറവേറ്റി. വലുപ്പ ചെറുപ്പമില്ലാതെ സകല ജോലികളും ഒരേപോലെ ഏറ്റെടുക്കുകയും പൂർണ്ണതയിൽ എത്തിക്കുകയും ചെയ്തു.

തലയിൽ ഭാരവും ചുമന്നു നില്ക്കുന്ന ഒരാളോടു നല്ലൊരു തമാശ പറഞ്ഞുനോക്കു. ഭാരത്തിന്റെ കാഠിന്യം കാരണം അയാൾ ചിരിക്കില്ല, ചിരിക്കാൻ കഴിയില്ല. ഭഗവാൻ കൃഷ്ണൻ അങ്ങനെ ആയിരുന്നില്ല. ഹിമാലയപർവ്വതംപോലെ ചുമതലകൾ ഉണ്ടായിരുന്നു. പക്ഷേ, ഒരിക്കൽപ്പോലും ചിരിക്കാൻ മറന്നില്ല.

യുദ്ധത്തിൽ പരാജയപ്പെട്ടിട്ടുണ്ടു കൃഷ്ണൻ. അപ്പോഴെല്ലാം അദ്ദേഹം പുഞ്ചിരിയോടെ തോല്വി ഏറ്റുവാങ്ങിയിട്ടുമുണ്ടു്. അതിനു് അദ്ദേഹത്തിനു യാതൊരുമടിയും ഉണ്ടായിട്ടില്ല. തന്റെ പരാജയത്തിന്റെ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കാതെ മറ്റുള്ളവരുടെ തലയിൽ കെട്ടിവയ്ക്കുന്നവരാണു സമൂഹത്തിൽ കൂടുതലും. എന്നാൽ ജയിച്ചാലോ? അതു തന്റെ കഴിവും. പക്ഷേ, അത്തരക്കാരനായിരുന്നില്ല ശ്രീകൃഷ്ണൻ. തോല്വിയുടെ പൂർണ്ണ ചുമതല തുറന്ന മനസ്സോടെ ഏറ്റെടുക്കാനുള്ള ചങ്കൂറ്റം– ആ മാ

തൃക ഭഗവാനെപ്പോലെ മറ്റാരും നമുക്കു കാട്ടിത്തന്നിട്ടില്ല.

ജീവിതത്തിൽ ജയം മാത്രമേ സ്വീകരിക്കൂ എന്ന മനോഭാവം തെറ്റാണു്. പരാജയത്തെയും സ്വാഗതം ചെയ്യാൻ കഴിയണം. ജയത്തിന്റെയും തോല്വിയുടെയും എണ്ണവും കണക്കും നോക്കിയല്ല ജീവിതത്തെ വിലയിരുത്തുന്നതു്. നേരെമറിച്ചു്, അതിനെ രണ്ടിനെയും എങ്ങനെ ഉൾക്കൊണ്ടു എന്നതാണു പ്രധാനം. അതാണു ഭഗവാന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നതു്.

അല്പസ്വല്പം സ്ഥാനമാനങ്ങൾ കിട്ടിയാൽ അതിന്റെ ഹുങ്ക് തലയ്ക്കുപിടിച്ചു്, താൻ മനുഷ്യനാണെന്ന കാര്യം പോലും മറന്നുപോകുന്നവരാണിന്നു സമൂഹത്തിൽ ഏറെ. എന്നാൽ, സർവ്വശക്തനായിട്ടും, സ്വന്തം ശക്തിയിൽ അല്പം പോലും അഹന്ത ഇല്ലായിരുന്നു ഭഗവാനു്. സാധാരണക്കാരനാകേണ്ട സന്ദർഭങ്ങളിൽ സാധാരണക്കാരിൽ സാധാരണക്കാരനായി കണ്ണൻ. ഭൂമിയോളം ക്ഷമിച്ചു. എന്നാൽ തീരെ നിവൃത്തിയില്ലാതെ വന്നപ്പോൾ കംസനെപ്പോലെയുള്ള അഹങ്കാരികളെ നല്ല പാഠം പഠിപ്പിക്കുകയും ചെയ്തു.

സദാ കർമ്മനിരതനായ കൃഷ്ണൻ ജീവിതത്തിൽ തനിക്കു് അണിയാൻ വച്ചുനീട്ടിയ വേഷങ്ങളെല്ലാം സന്തോഷത്തോടെ അണിഞ്ഞു. എല്ലാം വൈവിദ്ധ്യമാർന്ന വേഷങ്ങളായിരുന്നു. രാജാവിന്റെയും പ്രജയുടെയും അച്ഛന്റെയും മകന്റെയും സഹോദരന്റെയും സഹപാഠിയുടെയും യോദ്ധാവിന്റെയും ദൂതന്റെയും ഗോപികാനാഥന്റെയും തേരാളിയുടെയും ഭക്തവത്സലനായ ഭഗവാന്റെയും അങ്ങനെ ഒരുപാടൊരുപാടു വേഷങ്ങൾ. എല്ലാ വേഷങ്ങളും കെട്ടി, പൂർണ്ണമായി ആടുകയും ചെയ്തു. ഒന്നും പകുതിയാക്കി

യില്ല, മുഴുവനാക്കിയിട്ടേ വേഷങ്ങളൊക്കെ അഴിച്ചുവച്ചുള്ളൂ.

എല്ലാവരെയും എല്ലാത്തിനെയും ഒരുപോലെ തഴുകിത്തലോടിയ ഒരു കുളിർകാറ്റുപോലെ ആയിരുന്നു കൃഷ്ണന്റെ ജീവിതം. ഒരു മുറിയിൽനിന്നു മറ്റൊരു മുറിയിലേക്കു പോകുന്ന ലാഘവത്തോടെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതയാത്ര. തന്നോടു ബന്ധപ്പെട്ടവർക്കെല്ലാം സന്തോഷം വാരിവിതറി ആ പരമാത്മാവു ശരീരം വെടിഞ്ഞപ്പോഴും സ്വന്തം കാലിൽ അമ്പെയ്ത വേടനു പരമപദം നല്കി അനുഗ്രഹിച്ചിട്ടാണു യാത്രയായതു്.

ജീവിതത്തോടുള്ള ആ പുണ്യപുരുഷന്റെ ആനന്ദകരമായ സമീപനവും, കർമ്മകുശലതയും മറക്കാതെ എല്ലാവരുടെയും ഓർമ്മയിൽ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ആ കാലടികളെ പിന്തുടരാനുള്ള ശക്തിയും വീര്യവും എല്ലാവരിലും നിറയട്ടെ എന്നും ആശംസിക്കുന്നു.

കേരളത്തിന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ചു പറയുമ്പോൾ ജീവിതത്തിൽ വലിയ വിജയങ്ങൾ നേടിയ ഒരാളുടെ കാര്യം അമ്മ ഓർമ്മിക്കുകയാണു്. പത്രക്കാർ അയാളോടു ചോദിച്ചു,

"അങ്ങയുടെ വിജയരഹസ്യം എന്താണു്?"

"രണ്ടു വാക്കു്!"

"എന്താണു് ആ രണ്ടു വാക്കുകൾ?"

"ശരിയായ തീരുമാനങ്ങൾ."

"എങ്ങനെയാണു് എപ്പോഴും ശരിയായ തീരുമാനങ്ങൾ എടുക്കാൻ കഴിഞ്ഞതു്?"

"ഒരു വാക്കു്."

"ഒരു വാക്കോ, എന്താണതു്?"

"അനുഭവം!"

"എങ്ങനെ ആ അനുഭവസമ്പത്തു നേടി?"

"രണ്ടു വാക്കു് – തെറ്റായ തീരുമാനങ്ങൾ" അയാൾ പറഞ്ഞു നിർത്തി.

'ദൈവത്തിന്റെ സ്വന്തം നാടു്' എന്നാണു നാം കേരളത്തെ വിളിക്കാറുള്ളതു്. കേരളം സുന്ദരമാണു്. മലകളും കാടുകളും പുഴകളും എങ്ങും നിറഞ്ഞ പച്ചപ്പുകളും കേരളത്തെ മനോഹരമാക്കുന്നു. എന്നാൽ ഇന്നു നാം നോക്കിനോക്കിനില്ക്കേ കേരളത്തിന്റെ സുന്ദരമുഖം വികൃതമായി വരുന്ന കാഴ്ചയാണു നാം കാണുന്നതു്. നമ്മുടെ തെറ്റായ തീരുമാനങ്ങളും തെറ്റായ പ്രവൃത്തികളും ഇന്നു നമുക്കു തിക്തഫലങ്ങൾ തന്നുകൊണ്ടിരിക്കുന്നു. അനുഭവത്തിൽനിന്നു പാഠങ്ങൾ പഠിച്ചു ശരിയായ തീരുമാനത്തിലേക്കും ശരിയായ പ്രവൃത്തിയിലേക്കും കേരളീയർ തിരിച്ചുവന്നില്ലെങ്കിൽ ഭൂമിയിലെ ഈ സ്വർഗ്ഗം താമസിയാതെ ഭൂമിയിലെ നരകമായി മാറും.

പറയാറുണ്ടു്, 'ഈശ്വരൻ സൃഷ്ടിച്ചതാണു ഗ്രാമങ്ങൾ; നഗരങ്ങളാവട്ടെ മനുഷ്യൻ സൃഷ്ടിച്ചതും.' ഈശ്വരസൃഷ്ടിയിൽ എല്ലാറ്റിനും ഒരു ക്രമമുണ്ടു്. എല്ലാ ജീവജാലങ്ങൾക്കും അവയുടെതായ സ്ഥാനമുണ്ടു്. കാടിനും പുഴയ്ക്കും മലയ്ക്കുമെല്ലാം അവയുടെ സ്ഥാനമുണ്ടു്, ധർമ്മമുണ്ടു്. ജീവജാലങ്ങൾക്കെല്ലാം വേണ്ട ആഹാരത്തിനുള്ള വക പ്രകൃതി കരുതിയിട്ടുണ്ടു്. പ്രകൃതിയിലുണ്ടാകുന്ന മാലിന്യങ്ങൾ വീണ്ടും പ്രയോജനമുള്ളതാക്കി മാറ്റാനും അങ്ങനെ പരിസ്ഥിതി സംരക്ഷിക്കാനുമുള്ള മാർഗ്ഗങ്ങൾ പ്രകൃതിയിൽത്തന്നെയുണ്ട്. എന്നാൽ മനുഷ്യൻ സ്വാർത്ഥത

കാരണം പ്രകൃതിസമ്പത്തുകളിൽ ക്രമാതീതമായ മാറ്റമുണ്ടാക്കുമ്പോൾ പ്രകൃതിയുടെ താളം തെറ്റുന്നു. പ്രകൃതിയുടെ മുഖം വികൃതമാകുന്നു. അതിന്റെ ഫലം പ്രകൃതിയിലെ മറ്റു ജീവജാലങ്ങളോടൊപ്പം മനുഷ്യനും അനുഭവിക്കേണ്ടിവരുന്നു. ശാസ്ത്രം പുരോഗമിക്കുമ്പോൾ നഗരങ്ങളും ഫാക്ടറികളും ഉണ്ടാകും. ചില സ്ഥലങ്ങളിൽ ജനപ്പെരുപ്പമുണ്ടാകും. മാലിന്യങ്ങൾ കുന്നുകൂടും. എന്നാൽ ആ മാലിന്യങ്ങൾ വേണ്ടപോലെ കൈകാര്യം ചെയ്യാനുള്ള ശാസ്ത്രീയസംവിധാനങ്ങൾ കണ്ടെത്തുകയും അവ പ്രാവർത്തികമാക്കുകയും വേണം. അല്ലെങ്കിൽ പരിസ്ഥിതി വളരെയേറെ മലിനമാകും. രോഗങ്ങൾ പടർന്നുപിടിക്കും. ആശുപത്രികൾ നിർമ്മിച്ചതുകൊണ്ടോ, പുതിയ ഔഷധങ്ങൾ കണ്ടെത്തിയതുകൊണ്ടോ മാത്രം ആ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയില്ല. ഇന്നു സർവ്വത്രമാലിന്യങ്ങളാണു്. വായു മലിനമാണു്. വെള്ളം മലിനമാണു്. ആഹാരവസ്തുക്കൾ മലിനമാണു്. രാസവളങ്ങൾകൊണ്ടുള്ള മാലിന്യങ്ങൾക്കു പുറമെ നമ്മൾ ലാഭത്തിനുവേണ്ടി ചേർക്കുന്ന മായങ്ങളും ആഹാരവസ്തുക്കളെ വിഷപദാർത്ഥങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. കാടുകൾ വെട്ടിത്തെളിക്കുന്നതിനാൽ ഭൂമി വരളുന്നു. പുഴകൾ നീർച്ചാലുകളായിത്തീരുന്നു. ചപ്പുചവറുകളും പഴത്തൊലികളും കുപ്പികളും സിഗറ്റുകുറ്റികളും നഗരങ്ങളുടെ മുഖങ്ങൾ വികൃതമാക്കുന്നു.

നമ്മുടെ തിക്താനുഭവങ്ങളിൽനിന്നു മോചനത്തിനുവേണ്ടിയുള്ള പ്രയത്നം- ശരിയായ തീരുമാനങ്ങളും ശരിയായ പ്രവൃത്തികളും നാം സ്വീകരിക്കേണ്ടിയിരിക്കുന്നു. അവയെല്ലാ തലങ്ങളിലും ഉണ്ടാകണം. സർക്കാരിന്റെ തലത്തിൽ, സംഘടനകളുടെ തലത്തിൽ, വ്യക്തികളുടെ

തലത്തിൽ ഒറ്റയ്ക്കും കൂട്ടായുമുള്ള പ്രവർത്തനങ്ങൾ ഇതിനു് ആവശ്യമാണു്.

ശുചിത്വത്തിന്റെ പാഠങ്ങൾ ബാല്യത്തിൽത്തന്നെ നാം കുട്ടികളെ പഠിപ്പിക്കണം. വീടും പരിസരവും ശുചിയായി സൂക്ഷിക്കുവാനും ചപ്പുചവറുകൾ വലിച്ചെറിയാതിരിക്കാനും അവർക്കു ശിക്ഷണം വേണം. ആ ശിക്ഷണം വീട്ടിൽ വച്ചും സ്കൂളിൽവച്ചും ലഭിക്കണം. പരിസ്ഥിതി സംരക്ഷണത്തിന്റെ പാഠങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാകണം, പ്രായോഗികമായ മാർഗ്ഗദർശനവും ലഭിക്കണം. അങ്ങനെ നമ്മുടെ കുട്ടികൾ പരിസ്ഥിതിസംരക്ഷണത്തിന്റെ പാഠങ്ങൾ ഉൾക്കൊണ്ടു വളർന്നാൽ നല്ലൊരു മാറ്റമുണ്ടാക്കാൻ നമുക്കു കഴിയും. വിദേശസംസ്കാരത്തെ അനുകരിക്കാൻ വെമ്പുന്ന നമ്മുടെ ഇളംതലമുറ വിദേശികളുടെ ശുചിത്വബോധവും അദ്ധ്വാനശീലവും അനുകരിക്കുമെങ്കിൽ അതു വലിയൊരു നേട്ടമായിത്തീരും.

ബസ്സ്റ്റേഷനുകളിലും റെയിൽവേസ്റ്റേഷനുകളിലും പരിസരശുചിത്വത്തെക്കുറിച്ചുള്ള അറിയിപ്പുകൾ ഇടയ്ക്കിടെ നല്കുന്നതും അത്തരം പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നതും നന്നായിരിക്കും. ചപ്പുചവറുകൾ വലിച്ചെറിയുന്നവരിൽനിന്നു പിഴ ഈടാക്കുന്നതും പ്രായോഗികമായിരിക്കും. ആവശ്യമെങ്കിൽ ഇതിനുവേണ്ടിയുള്ള നിയമനിർമ്മാണങ്ങൾ കൊണ്ടുവരണം. ചപ്പുചവറുകൾ നിക്ഷേപിക്കാനുള്ള വീപ്പകൾ നമുക്കു താരതമ്യേന കുറവാണു്. അവ ഉപയോഗപ്പെടുത്തുന്ന ശീലം ജനങ്ങളിലും കുറവാണു്. നഗരങ്ങളിൽ ഇത്തരം വീപ്പകൾ പല ഭാഗത്തും സ്ഥാപിക്കാനുള്ള മുൻകൈ സന്നദ്ധസംഘടനകൾക്കും വാണിജ്യസ്ഥാപനങ്ങൾക്കും ഏറ്റെടുക്കാൻ

കഴിയും. ചപ്പുചവറുകൾ യഥാസ്ഥാനത്തു മാത്രം ഇടുന്ന സംസ്കാരം നമ്മൾ ജനങ്ങളിൽ വളർത്തിയെടുക്കണം. ശുചിത്വപരിപാലനത്തിനുവേണ്ടി പ്രത്യേകം സ്കാഡുകൾ രൂപവല്ക്കരിച്ചു് ഊർജ്ജിതമായി പ്രവർത്തനം നടത്തണം. മാലിന്യങ്ങൾ ഇടയ്ക്കിടെ നീക്കം ചെയ്യാൻ ബന്ധപ്പെട്ട ജോലിക്കാർക്കു കഴിയുന്നില്ലെങ്കിൽ സന്നദ്ധസംഘടനകൾ അക്കാര്യത്തിൽ മുൻകൈയെടുക്കണം. ഇതിനുവേണ്ടി പ്രത്യേക ഫണ്ടു രൂപവല്ക്കരിക്കുന്നതിനു ജനങ്ങളും വാണിജ്യസ്ഥാപനങ്ങളും സംഘടനകളും എല്ലാം പങ്കാളികളാവണം. വിദ്യാലയങ്ങളുടെയും ആശുപത്രികളുടെയും പരിസരങ്ങൾ മലിനമാകാതെ സൂക്ഷിക്കുവാൻ പ്രത്യേക ശ്രദ്ധ ആവശ്യമാണു്. നാടിനെ മലിനവിമുക്തമാക്കുന്നതിൽ ഭരണകർത്താക്കളും ജനങ്ങളും ഒരുപോലെ പങ്കാളികളാകണം. അതിനു ബോധവല്ക്കരണത്തിന്റെ ഒരു അന്തരീക്ഷം നാട്ടിലെങ്ങും ഉണ്ടാവണം. പത്രങ്ങളും ടി.വി. യും മറ്റു മാദ്ധ്യമങ്ങളും ഇതിനു പ്രചോദനമായിത്തീരണം. ജലാശയങ്ങളും കാവുകളും സംരക്ഷിക്കുന്നതിന്റെയും വായുവും വെള്ളവും മലിനമാകാതെ സൂക്ഷിക്കുന്നതിന്റെയും പ്രാധാന്യം ജനങ്ങൾ മനസ്സിലാക്കണം.

മലിനീകരണത്തിന്റെ മൂലകാരണം മനുഷ്യന്റെ സ്വാർത്ഥതയാണു്. താത്കാലിക സ്വാർത്ഥലാഭങ്ങൾക്കു് ഉപരിയായി സമൂഹത്തിന്റെയും ഭാവിതലമുറകളുടെയും താത്പര്യങ്ങൾ കാണാൻ കഴിഞ്ഞില്ലെങ്കിൽ ഒരു വലിയ ദുരന്തമാണു നമ്മെ കാത്തിരിക്കുന്നതു്. സ്വാർത്ഥലാഭത്തിനുവേണ്ടി പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്നതു് ഇരിക്കുന്ന കൊമ്പു വെട്ടുന്നതിനു തുല്യമാണു്. അതു നാം ഇനിയും മനസ്സിലാക്കുന്നില്ലെങ്കിൽ വളരെ

വൈകിപ്പോകും. ചെടികളെയും വൃക്ഷങ്ങളെയും കാടുകളെയും പുഴകളെയും എല്ലാം ഈശ്വരരൂപമായി കണ്ടു സ്നേഹിക്കാനും ആരാധിക്കാനും പഠിപ്പിച്ച ഒരു സംസ്കാരമാണു നമുക്കുള്ളതു്. മതവും പ്രായോഗികതയും യുക്തിചിന്തയും സമ്മേളിച്ച ഒരു സംസ്കാരമായിരുന്നു അതു്. ഈശ്വരൻ ആകാശത്തിനപ്പുറം സപ്രമഞ്ചത്തിൽ ഇരിക്കുന്ന ഒരാളല്ല, അവിടുന്നു സർവ്വചരാചരങ്ങളിലും കുടി കൊള്ളുന്നു. പ്രകൃതിയോടും സഹജീവികളോടും ഇണങ്ങി ജീവിക്കുന്നതുതന്നെയാണു് ഏറ്റവും വലിയ ഈശ്വരപൂജ. അങ്ങനെ മാത്രമേ 'ഈശാവാസ്യമിദം സർവ്വം' എന്ന ഋഷിവചനം നമുക്കു് അനുഭവത്തിൽ കൊണ്ടുവരാൻ കഴിയുകയുള്ളൂ. മനുഷ്യനും പ്രകൃതിയും ഈശ്വരനും ഒന്നെന്നു പഠിപ്പിച്ച ആ സംസ്കാരത്തിന്റെ മൂല്യങ്ങൾ പ്രാണവായുപോലെ ഉൾക്കൊണ്ടാൽ നമ്മുടെ 'സുന്ദരകേരളം' ഭൂമിയിലെ സ്വർഗ്ഗമായിത്തന്നെ നിലനില്ക്കും.

ഓമനമക്കളേ,

മക്കളിൽ പലരും ചിന്തിച്ചേക്കാം, ആശ്രമത്തിനു് ആശുപത്രി നടത്തേണ്ട ആവശ്യമെന്താണു് എന്നു്!

മക്കളേ, ഭഗവാൻതന്നെ ധന്വന്തരമൂർത്തിയായി അവതാരമെടുത്തിട്ടില്ലേ! ചികിത്സയും മരുന്നും ആവശ്യമാണെന്നു് അവിടുന്നു കാട്ടിത്തരുകയല്ലേ ചെയ്തതു്? ശരീരം നിലനിർത്തേണ്ടതു് ആവശ്യമാണെന്നാണു ശാസ്ത്രം പറയുന്നതു്. ഇതുവരെയുള്ള മഹാത്മാക്കളുടെ ചരിത്രം എടുത്തുനോക്കിയാലും ഇതു സത്യമാണെന്നു കാണുവാൻ കഴിയും. രാമകൃഷ്ണദേവനും വിവേകാനന്ദനും രമണമഹർഷിയും എല്ലാംതന്നെ അസുഖം വന്ന സമയ

ങ്ങളിൽ ചികിത്സിച്ചിട്ടുണ്ടു്. ഞാൻ ബ്രഹ്മമാണു്, ശരീര മല്ല എന്നു പറഞ്ഞുകൊണ്ടു ചികിത്സിക്കാതിരുന്നിട്ടില്ല. അസുഖം ശരീരത്തിന്റെ സ്വഭാവമായതിനാൽ വേണ്ട ചികിത്സ ചെയ്തു ശരീരം നിലനിർത്തേണ്ടതു് ആവശ്യ മാണു്. വിറകുണ്ടെങ്കിലേ തീയുണ്ടാവുകയുള്ളൂ. അതുപോ ലെ ആത്മാവിനെ അറിയണമെങ്കിൽ ഉപാധി നില നില്ക്കേണ്ടതു് ആവശ്യമാണു്. അതുകൊണ്ടു് ആശുപത്രിയും ചികിത്സയുമൊന്നും ആദ്ധ്യാത്മികതയ്ക്കു വിരുദ്ധമല്ല. മറി ച്ചു്, ആത്മാവിനെ അറിയുന്നതിനുള്ള ഉപാധിയായ ഈ ശരീരത്തെ നിലനിർത്തുവാൻ അവയൊക്കെ സഹായ കവുമാണു്.

അമ്മയെക്കണ്ടതു വച്ചുകൊണ്ടു മാത്രം ആശ്രമത്തിൽ വന്നുനില്ക്കുന്ന ധാരാളം മക്കളുണ്ടു്. ഭാരതത്തിലും വിദേ ശത്തുമുള്ള മക്കളുണ്ടു്. അക്കൂട്ടത്തിൽ ഡോക്ടർമക്കളും വളരെ അധികമുണ്ടു്. അവർക്കു് അമ്മയുടെ കൂടെ നി ല്ക്കണം. എങ്കിൽ അവർക്കറിയാവുന്ന സേവനം ചെയ്യാൻ അവസരം ഒരുക്കിക്കൊടുക്കാമെന്നു് അമ്മയും കരുതി. കാരണം, ഇരുപത്തിനാലു മണിക്കൂറും ധ്യാനിക്കാൻ കഴിവുള്ളവർ എത്ര പേരുണ്ടു്? വെറുതെ ഇരുന്നാലും മനസ്സിൽ പലവിധ ചിന്തകൾ വന്നു കൊണ്ടേയിരിക്കും. അതും കർമ്മംതന്നെ. അതുകൊണ്ടു് ആർക്കുമൊരു ഗുണവുമില്ല. എങ്കിൽ കൈകാലുകൾകൊണ്ടു് എന്തെ ങ്കിലും ചെയ്താൽ അതു ലോകത്തിനു് ഉപകാര പ്രദമാ കുമല്ലോ.

തങ്ങൾക്കു 'മോക്ഷം മാത്രം മതി, വേറൊന്നും വേണ്ട. ചികിത്സയും വേണ്ട. രോഗംവന്നു മരിക്കുന്നെങ്കിൽ മരി ക്കട്ടെ' എന്നു പറയുന്നവരുണ്ടായിരിക്കും. പക്ഷേ, അവർ

ക്കു മുക്തി കിട്ടണമെങ്കിലും അവിടുത്തെ കൃപ വേണമല്ലോ. ആ കൃപയെത്തണമെങ്കിൽ അന്തഃകരണ ശുദ്ധി വരണം. അതിനു നിഷ്കാമമായ കർമ്മമാണു വേണ്ടതു്. അതിൽക്കൂടിയാണു് അവർ അവിടുത്തെ കൃപയ്ക്കു് അർഹരാകുന്നത്. അങ്ങനെയുള്ള നിഷ്കാമകർമ്മം ചെയ്യാൻ വേണ്ടിയെങ്കിലും രോഗത്തിനു്, വേണ്ട ചികിത്സ നല്കി ശരീരം നിലനിർത്തേണ്ടതു് ആവശ്യമാണു്.

ഒരു നാണയത്തിന്റെ രണ്ടു വശംപോലെയാണു ജ്ഞാനവും ഭക്തിയും. എന്നാൽ കർമ്മം അതിന്റെ മുദ്രയാണു്. ഏതു നാണയത്തിനും മുദ്രയുണ്ടെങ്കിലേ വിലയുണ്ടാവുകയുള്ളൂ. ഭക്തിയും കർമ്മവും ഒരു പക്ഷിയുടെ രണ്ടു ചിറകും ജ്ഞാനം അതിന്റെ വാലുമാണു്. ഇതു മൂന്നുമുണ്ടെങ്കിലേ ഉയരങ്ങളിലേക്കു് അതിനു പറക്കുവാൻ കഴിയൂ.

പണ്ടും ഗുരുകുലങ്ങളിൽ ശിഷ്യർ ജോലി ചെയ്തിരുന്നു. എന്നാൽ അതിനെ അവർ കർമ്മമായിട്ടല്ല കണ്ടിരുന്നതു്; ഗുരുസേവയായിട്ടാണു്. വാസ്തവത്തിൽ ഗുരുവിനുവേണ്ടി ചെയ്യുന്ന കർമ്മം കർമ്മമല്ല; അതു ധ്യാനംതന്നെയാണു്. ആശ്രമത്തെ ഗുരുവിന്റെ ശരീരമായിക്കണ്ടു സേവ ചെയ്യണം എന്നു പറയും. പിന്നീടു് ഈ ലോകത്തെത്തന്നെ ഗുരുശരീരമായിക്കണ്ടു സ്നേഹിക്കാനും സേവിക്കാനും കഴിയണം. അതാണു യഥാർത്ഥ ധ്യാനം. ആ തത്ത്വത്തെ വിടാതെ സ്മരിക്കുന്നതുതന്നെ ധ്യാനം.

ഗുരുവിന്റെ വയലിൽ മഴക്കാലത്തു വരമ്പു മുറിഞ്ഞു വെള്ളം കയറിയപ്പോൾ അതു തടയുവാൻ അവിടെക്കിടന്ന ശിഷ്യന്റെ കഥ എല്ലാവർക്കും അറിവുള്ളതാണു്. ആ വയൽ ശിഷ്യൻ വെറും വയലായല്ല കണ്ടതു്. ഗുരുവിന്റെ

പാടത്തെ വിളവു നശിക്കാതിരിക്കാനായി തന്റെ ശരീരം പോലും സമർപ്പിക്കുവാനുള്ള ഭാവമായിരുന്നു ആ ശിഷ്യനുണ്ടായിരുന്നതു്. അതിനെ വെറും കർമ്മമെന്നു പറയുവാനാവുകയില്ല. തന്നെത്തന്നെ മറക്കുന്ന അവസ്ഥ! അതു ധ്യാനത്തിന്റെ ഉച്ചാവസ്ഥയാണു്. പണ്ടു ഗുരുകുലങ്ങളിലെ ജോലികളെല്ലാം ചെയ്തിരുന്നതു ശിഷ്യരായിരുന്നു. വനത്തിൽനിന്നു വിറകു ശേഖരിക്കാൻ പോയിരുന്നതും പശുവിനെ മേച്ചിരുന്നതും എല്ലാം ശിഷ്യരായിരുന്നു. അവയൊന്നും അവർ കർമ്മമായിട്ടല്ല കണ്ടിരുന്നതു്. അതെല്ലാം അവർക്കു സാധനയായിരുന്നു, ധ്യാനമായിരുന്നു, ഗുരുസേവയായിരുന്നു.

ഇവിടെ വിദ്യാഭ്യാസവും ജോലിപരിചയവുമുള്ള നൂറുകണക്കിനു മക്കൾ വരുന്നുണ്ടു്. വന്നപാടെ ദിവസം മുഴുവൻ എല്ലാവർക്കും എങ്ങനെ ഇരുന്നു ധ്യാനിക്കുവാൻ കഴിയും? ധ്യാനിക്കാൻ കഴിയാതെ വെറുതെ ഇരുന്നു ചിന്തകൾ കൂട്ടി മനസ്സിനെ ദുഷിപ്പിക്കുന്നതിനെക്കാൾ എത്രയോ നല്ലതാണു്, അത്രയും സമയം ലോകോപകാരപ്രദമായ കർമ്മങ്ങൾ ചെയ്യുന്നതു്! ഓരോരുത്തർക്കും അവരവരുടെ കഴിവിനനുസരിച്ചുള്ള കർമ്മം മന്ത്രജപത്തോടെ ചെയ്യുവാൻ കഴിയും. അവ ലോകത്തിനും തനിക്കും പ്രയോജനമാവുകയും ചെയ്യും. അതവനു് അന്തഃകരണശുദ്ധി കൈവരുത്തുന്നു. അതിലൂടെ അവൻ ലക്ഷ്യത്തോടടുക്കുന്നു. പ്രയത്നിക്കാതെ ആർക്കും ലക്ഷ്യം പ്രാപിക്കാൻ കഴിയില്ല. ആദ്ധ്യാത്മികതയിലായാലും ഭൗതികതയിലായാലും പ്രയത്നം കൂടിയേ കഴിയൂ. എന്നാൽ ആ പ്രയത്നത്തിനു പൂർണ്ണത കൈവരുത്തുന്നതു്, അതിനു് മാധുര്യം പകരുന്നതു്, ഈശ്വരകൃപയാണു്. ഒരുവനിലെ നിഷ്കാമഭാവമാണു് ആ കൃപയ്ക്കവനെ പാത്രമാക്കുന്നതു്.

നിസ്സ്വാർത്ഥമായ ലോകസേവനത്തിൽ ഏർപ്പെടുമ്പോൾ മക്കൾ ചിന്തിച്ചേക്കാം, 'ഓ! ഈ ജോലികൾ കാരണം ഈശ്വരനെക്കുറിച്ചു ചിന്തിക്കുവാൻ എനിക്കു് ഒരു നിമിഷം കൂടി കിട്ടുന്നില്ല. എന്റെ മുഴുവൻ സമയവും കർമ്മത്തിൽത്തന്നെ നഷ്ടപ്പെടുകയാണല്ലോ! എന്റെ ജീവിതം വ്യർത്ഥമായിത്തീരുമോ!' എന്നും മറ്റും. മക്കളേ, നിസ്വാർത്ഥസേവനം ചെയ്യുന്നവർ ഈശ്വരനെത്തേടി എങ്ങും അലയേണ്ടതില്ല. നിഷ്കാമസേവനം ചെയ്യുന്നവന്റെ ഹൃദയമാണു് ഈശ്വരന്റെ യഥാർത്ഥ ശ്രീകോവിൽ.

ഇവിടെ ഓരോരോ സ്ഥാപനം ഉയർന്നുവന്നിട്ടുള്ളതു് അങ്ങനെയാണു്. വിദ്യാഭ്യാസരംഗത്തു പരിചയമുള്ള മക്കൾ വന്നു, അവർ വിദ്യാലയങ്ങൾ തുടങ്ങി. കമ്പ്യൂട്ടർ പഠിച്ച മക്കൾ വന്നു, അവർ കമ്പ്യൂട്ടർ സ്ഥാപനങ്ങൾ തുടങ്ങി. എഞ്ചിനീയറിങ് കഴിഞ്ഞ മക്കൾ വന്നു, അവർ ഇവയ്ക്കു വേണ്ട കെട്ടിടങ്ങൾ നിർമ്മിക്കുവാൻ തയ്യാറായി. ഡോക്ടർമക്കൾ വന്നു, അവർ ആശുപത്രി തുടങ്ങുവാൻ കാരണമായി. ഇതൊന്നും അവർക്കു ജോലിയല്ല, സാധനയാണു്. ധ്യാനമാണു്. ഗുരു സേവയാണു്. തന്നെ മറന്നും ലോകത്തിന്റെ നന്മയ്ക്കുവേണ്ടി പ്രയത്നിക്കുന്നവന്റെ ശ്വാസം ഏല്ക്കുന്നതുപോലും ഗുണപ്രദമാകുമെന്നാണു് അമ്മ പറയുന്നതു്.

ചില വേദാന്തികൾ പറയും, ലോകോപകാരാർത്ഥമായാലും കർമ്മം പുതിയ വാസനയ്ക്കു കാരണമാകുന്നു എന്നു്. അതു മടിയന്മാരുടെ വാക്കാണു്. "അർജ്ജുനാ, മൂന്നു ലോകങ്ങളിലും എനിക്കു നേടേണ്ടതായിട്ടു യാതൊന്നും ഇല്ല. എന്നിട്ടും ഞാനിതാ കർമ്മം ചെയ്യുന്നു" എന്നാണു ഭഗവാൻ പറയുന്നതു്. ബന്ധമില്ലാതെ കർമ്മം

ചെയ്യുക. ഞാൻ ചെയ്യുന്നു എന്ന ഭാവമില്ലാതെ കർമ്മം ചെയ്യുക. അവിടുന്നു ചെയ്യിക്കുന്നു എന്ന ഭാവത്തോടെ കർമ്മം ചെയ്യുക. അതൊരിക്കലും ബന്ധന കാരണമാകുന്നില്ല. മോക്ഷത്തിനേ വഴിതെളിക്കൂ. ഗീതയിൽ എവിടെ നോക്കിയാലും പുരുഷപ്രയത്നത്തിനാണു പ്രാധാന്യം നല്കിയിരിക്കുന്നതു്.

'ഞാൻ ബ്രഹ്മം, പിന്നെയെന്തിനു കർമ്മം' എന്നു പറയുന്ന വേദാന്തികളും രോഗം വന്നാൽ ചികിത്സിക്കാൻ പോകാറുണ്ടു്. കൃത്യം പന്ത്രണ്ടു മണിക്കു് അവർക്കു ഭക്ഷണം നല്കണം. രാത്രി പത്തു മണിക്കുതന്നെ കിടക്ക വിരിച്ചുകൊടുക്കണം. അവർക്കു് ഈ സേവയൊക്കെ ആവശ്യമെങ്കിൽ ലോകത്തിനും ഇതൊക്കെ ആവശ്യമുണ്ടു് എന്നു് എന്തുകൊണ്ടു ചിന്തിച്ചുകൂടാ? എല്ലാം ഏകമായ ആത്മാവുതന്നെ എന്നുള്ള ഭാവമാണെങ്കിൽ ഒന്നും തള്ളുവാനില്ല, എല്ലാം കൊള്ളുവാനേയുള്ളൂ. ഒരുവനിലെ ആദ്ധ്യാത്മികഭാവം അറിയുന്നതു് അവനിലെ നിഷ്കാമഭാവം കണ്ടിട്ടാണു്.

2

സന്ന്യാസിമാർ ഹിമാലയത്തിൽ പോയിരുന്നാൽ മതിയെന്നാണു മറ്റു ചിലരുടെ അഭിപ്രായം. മക്കളേ, നിസ്സ്വാർത്ഥമായ ലോകസേവനമാണു് ആത്മാന്വേഷണത്തിന്റെ തുടക്കം. അതിന്റെ ഒടുക്കവും അതുതന്നെ. പാവങ്ങളോടും കഷ്ടപ്പെടുന്നവരോടുമുള്ള കാരുണ്യമാണു് ഈശ്വരനോടുള്ള കടമ. ഈ ലോകത്തു നമ്മുടെ ഏറ്റവും പ്രധാനകർത്തവ്യം സഹജീവികളെ സഹായിക്കുക എന്നതാണു്. ഈശ്വരനു നമ്മുടെ അടുക്കൽനിന്നും ഒന്നും വേണ്ട.

അവിടുന്നു സദാ പൂർണ്ണനാണു്. സൂര്യനു മെഴുകുതിരിയുടെ പ്രകാശത്തിന്റെ ആവശ്യമില്ല. സമസ്തപ്രപഞ്ചത്തിന്റെയും രക്ഷിതാവാണു് ഈശ്വരൻ. അവിടുന്നു പ്രേമത്തിന്റെയും കാരുണ്യത്തിന്റെയും മൂർത്തിയാണു്. ആ കാരുണ്യവും സ്നേഹവും ഉൾക്കൊള്ളാൻ കഴിഞ്ഞാലേ നമുക്കു വികസിക്കാൻ കഴിയൂ. ബന്ധമില്ലാതെ സ്നേഹിക്കാനും പ്രതീക്ഷയില്ലാതെ സേവിക്കാനുമാണു് ഒരു സന്ന്യാസി പഠിക്കുന്നതു്. സ്വാർത്ഥതയുടെ ഭാണ്ഡം ഉപേക്ഷിച്ചു ലോകസേവനമാകുന്ന ഭാണ്ഡമാണു് അവർ ചുമലിലേറ്റേണ്ടതു്.

സകലജീവരാശികളെയും നിഷ്കാമമായി സ്നേഹിക്കാനും സേവിക്കാനും കഴിഞ്ഞാൽ മാത്രമേ അവിടുത്തെ കൃപയ്ക്കു പാത്രമാകുവാൻ നമുക്കു കഴിയൂ. നിഷ്കാമസേവനത്തിലൂടെ അന്തഃകരണശുദ്ധി കൈവരുന്നു. അന്തഃകരണശുദ്ധി നേടാതെയുള്ള ധ്യാനം, കഴുകാത്ത പാത്രത്തിൽ പാലു പകരുന്നതുപോലെ വ്യർത്ഥമാണു്. എന്നാൽ ഈ സത്യം നമ്മൾ മറന്നുപോകുന്നു. കഷ്ടപ്പെടുന്നവരെ സേവിക്കുവാനുള്ള നമ്മുടെ കടപ്പാടു നാം വിസ്മരിക്കുന്നു. നമ്മൾ ക്ഷേത്രത്തിൽ പോകാറുണ്ടു്. ഭഗവന്നാമങ്ങൾ ജപിച്ചു മൂന്നു തവണ ശ്രീകോവിലിനു വലംവയ്ക്കും. എന്നാൽ ക്ഷേത്രത്തിൽനിന്നു പുറത്തേക്കു വരുമ്പോൾ ജോലി ചെയ്യാൻ കഴിയാത്തവരോ, രോഗികളോ ഒരു പിടി ആഹാരത്തിനു വേണ്ടി കൈ നീട്ടിയാൽ നമ്മൾ ആട്ടിപ്പായിക്കുകയും ചെയ്യും. മക്കളേ, ദുഃഖിതരോടു കാണിക്കുന്ന കാരുണ്യമാണു യഥാർത്ഥ ഈശ്വരപൂജ.

ഒരിക്കൽ ഒരാൾ ഈശ്വരനെത്തേടി സർവ്വദിക്കുകളിലും അലഞ്ഞു. ഒരിടത്തും ഈശ്വരനെ മാത്രം കാണുവാൻ

കഴിഞ്ഞില്ല. അങ്ങനെ അദ്ദേഹം തളർന്നു് ഒരു വൃക്ഷച്ചുവട്ടിൽ ഇരിക്കുമ്പോൾ ഒരു ഭാര്യയും ഭർത്താവും കൂടി ആനന്ദത്തോടെ നടന്നുപോകുന്നതു കണ്ടു. അവരുടെ മുഖത്തെ ആഹ്ലാദം കണ്ടപ്പോൾ അവർ എവിടേക്കു പോകുകയാണെന്നു് അറിയാൻ ഇദ്ദേഹത്തിനു് ആഗ്രഹമായി. ആ സാധുവും അവരെ പിന്തുടർന്നു. അവർ ചെന്നെത്തിയതു് ഒരു കോളനിയിലാണു്. അവിടെ കൂടുതലും കുഷ്ഠരോഗികളാണു് ഉണ്ടായിരുന്നതു്. ദമ്പതികൾ ആ രോഗികളുടെ അടുത്തിരുന്നു് അവരുടെ വ്രണങ്ങൾ കഴുകി വൃത്തിയാക്കി തുടച്ചു മരുന്നു വച്ചുകെട്ടി. കൊണ്ടുവന്നിരുന്ന ഭക്ഷണം അവർക്കു വിളമ്പി. ആശ്വാസവാക്കുകളും മറ്റും പറഞ്ഞു് അവരെ ആനന്ദിപ്പിച്ചു. ഇതു കണ്ടതോടെ ഈശ്വരനെത്തേടി നടന്ന ആ സാധുവിനു് ആനന്ദം അടക്കാനായില്ല. അദ്ദേഹം ഉറക്കെ വിളിച്ചുപറയാൻ തുടങ്ങി, "ഞാൻ ഈശ്വരനെ കണ്ടേ!" എന്നു്. ഇതു കേട്ടു വന്നവർ അദ്ദേഹത്തിനു ഭ്രാന്താണെന്നു കരുതി. നിങ്ങൾ കണ്ട ഈശ്വരൻ എവിടെയാണെന്നു് അവർ ചോദിച്ചു. സാധു പറഞ്ഞു, "എവിടെ കാരുണ്യമുണ്ടോ, അവിടെയാണു് ഈശ്വരൻ". മക്കളേ, കാരുണ്യമുള്ളവരുടെ ഹൃദയത്തിലാണു് അവിടുന്നു വസിക്കുന്നതു്. മക്കളേ, ദുഃഖിക്കുന്നവരെ ആശ്വസിപ്പിക്കുക എന്നതു ധ്യാനത്തിനും ഉപരിയായ അവസ്ഥയാണു്. ധ്യാനം സ്വർണ്ണംപോലെ മൂല്യമുള്ളതാണു്. എന്നാൽ ധ്യാനത്തോടൊപ്പം സഹജീവികളോടു കാരുണ്യം കൂടിയുണ്ടായാൽ അതു സ്വർണ്ണത്തിനു പരിമളംകൂടി വന്നതുപോലെയാണു്. അതിന്റെ വിലയും മഹത്ത്വവും വാക്കുകൾക്കതീതമാണു്. അതിനാൽ മക്കൾ ദുഃഖിതരുടെ ഇടയിൽ ഇറങ്ങിച്ചെല്ലണം.

എന്നാൽ സേവനത്തോടൊപ്പം അവർക്കു സംസ്കാരം

കൂടി പകരുവാൻ നാം തയ്യാറാകണം. വിശക്കുന്നവനു് ആഹാരം നല്കിയതുകൊണ്ടു മാത്രമായില്ല. വയർ നിറഞ്ഞാലും അല്പസമയം കഴിഞ്ഞാൽ വീണ്ടും വിശക്കും. അതിനാൽ ആദ്ധ്യാത്മികതത്ത്വങ്ങൾ അവർക്കു പറഞ്ഞു കൊടുക്കണം. ജീവിതത്തിന്റെ ലക്ഷ്യമെന്തെന്നും ലോകത്തിന്റെ സ്വഭാവമെന്തെന്നും അവരെ മനസ്സിലാക്കിക്കണം. എങ്കിൽ ഏതു സാഹചര്യത്തിലും സംതൃപ്തിയോടും സന്തോഷത്തോടും ജീവിക്കാൻ അവർ പഠിക്കും. അപ്പോഴേ, സേവനത്തിന്റെ ഫലം പൂർണ്ണമാവുകയുള്ളൂ.

ഇന്നു് എല്ലാവർക്കും തങ്ങളെക്കാൾ ഉയർന്നതലത്തിലേക്കു നോക്കുവാനാണു താത്പര്യം. തങ്ങളെക്കാൾ താണവരുടെ അവസ്ഥയെക്കുറിച്ചു ചിന്തിക്കുവാൻ കൂടി ആരും കൂട്ടാക്കുന്നില്ല. അമ്മ ഒരു കഥ ഓർക്കുകയാണു്. ഒരു പണക്കാരന്റെ വീട്ടിൽ വേല ചെയ്തിരുന്ന ഒരു സാധുസ്ത്രീയുണ്ടായിരുന്നു. അവരുടെ ഭർത്താവു മരിച്ചുപോയി. ഒരു മകൾ ഉള്ളതിനു് അംഗവൈകല്യവുമുണ്ടു്. ജോലിക്കു പോകുമ്പോൾ അവർ അംഗവൈകല്യമുള്ള കുട്ടിയെക്കൂടി കൂടെകൊണ്ടു പോകും. കുട്ടിയെ എവിടെയെങ്കിലും ഇരുത്തിയിട്ടു് അവർ ജോലികൾ ചെയ്യും. പണക്കാരനും ഒരു മകളുണ്ടായിരുന്നു. ആ കുട്ടിക്കു വേലക്കാരിയുടെ കുട്ടിയെ വലിയ സ്നേഹമായിരുന്നു. തന്നെക്കാൾ ചെറിയ കുട്ടിയായ അതിനെയെടുത്തു ലാളിക്കുകയും മധുരപലഹാരങ്ങൾ നല്കുകയും കഥകൾ പറഞ്ഞുകൊടുക്കുകയും മറ്റും ഈ കുട്ടി ചെയ്തിരുന്നു. എന്നാൽ ഇതൊന്നും ആ കുട്ടിയുടെ അച്ഛനു് ഇഷ്ടമായില്ല. അച്ഛൻ ദിവസവും മകളെ ശാസിക്കും, "നീ അതിന്റെ കൂടെ കളിക്കരുതു്. അംഗവൈകല്യമുള്ള, വൃത്തികെട്ട അതിനെ നീ എന്തിനാണു് എടുക്കുന്നതു്?" കുട്ടിയൊ

ന്നും മിണ്ടിയില്ല. തന്റെ മകൾക്കു കൂടെ കളിക്കാൻ കൂട്ടി ല്ലാത്തതുകൊണ്ടാവാം വേലക്കാരിയുടെ കുട്ടിയെ കൂടെ ക്കൂട്ടുന്നതു് എന്നു കരുതിയ അദ്ദേഹം തന്റെ ഒരു കൂട്ടു കാരന്റെ മകളെ വീട്ടിൽ കൂട്ടി വന്നു. മകൾ ആ കുട്ടിയെ കണ്ടു, ചിരിച്ചു, കുശലപ്രശ്നങ്ങൾ നടത്തി. എന്നിട്ടു വേലക്കാരിയുടെ കുട്ടിയെ എടുത്തു ലാളിക്കാൻ തുടങ്ങി. ഇതു കണ്ടു് അച്ഛൻ ചോദിച്ചു, "മോളേ, അച്ഛൻ കൊണ്ടു വന്ന കുട്ടിയെ നിനക്കെന്താ ഇഷ്ടമല്ലേ?" ആ കുട്ടി പറഞ്ഞു, "അച്ഛൻ കൊണ്ടുവന്ന കുട്ടിയെ എനിക്കിഷ്ടമാണു്. പക്ഷേ ഒരു കാര്യം ഞാൻ പറയട്ടെ, അച്ഛൻ കൊണ്ടു വന്ന കുട്ടി യെ ഞാൻ സ്നേഹിച്ചില്ലെങ്കിലും മറ്റു് എത്രയോ ആളു കൾ സ്നേഹിക്കാനുണ്ടു്! എന്നാൽ ഈ കുട്ടിയെ അച്ഛാ, ഞാൻ സ്നേഹിച്ചില്ലെങ്കിൽ വേറെ ആരു സ്നേഹിക്കും? അതിനു സ്വന്തമായി ആരുമില്ല."

മക്കളേ, ഇതായിരിക്കണം നമ്മുടെ ഭാവം. സാധുക്ക ളെയും കഷ്ടപ്പെടുന്നവരെയും മക്കൾ പൂർണ്ണഹൃദയത്തോ ടെ സ്നേഹിക്കണം. അവരുടെ തലത്തിൽച്ചെന്നു് അവരെ ഉയർത്തിക്കൊണ്ടുവരണം. അതാണു് ഈശ്വരനോടുള്ള നമ്മുടെ കടപ്പാടു്.

മക്കൾ ചോദിച്ചേക്കാം, നിസ്സ്വാർത്ഥസേവനം ഇത്രയും മഹത്ത്വമേറിയതാണെങ്കിൽപ്പിന്നെ ധ്യാനത്തിന്റെയും തപസ്സിന്റെയും ആവശ്യമെന്താണെന്നു്. മക്കളേ, ഒരു സാധാരണക്കാരൻ ഒരു ഇലക്ട്രിക്ക്പോസ്റ്റുപോലെയാ ണെങ്കിൽ തപസ്വി ഒരു ട്രാൻസ്ഫോമർപോലെയാണു്. തപസ്സിലൂടെ മഹത്തായ ശക്തി നേടാൻ കഴിയും. ധാരാ ളം കൈവഴികളുള്ള ഒരു നദി അണകെട്ടി അതിൽനിന്നു ശക്തി സംഭരിക്കുന്നതുപോലെയാണു് അതു്. എന്നാൽ

തപസ്സിലൂടെ നേടുന്ന ഈ ശക്തിയും ലോകനന്മയ്ക്കായി സമർപ്പിക്കാൻ ഒരുവൻ തയ്യാറാകണം. സ്വയം പുകഞ്ഞു ലോകത്തിനു പരിമളം പരത്തുന്ന ചന്ദനത്തിരിപോലെ സർവ്വതും സമർപ്പിക്കാൻ അവൻ തയ്യാറാകണം. അങ്ങനെയുള്ള വിശാലഹൃദയത്തിൽ ഈശ്വരന്റെ കൃപ ഒഴുകിയെത്തും.

മക്കളേ, കാരുണ്യമുള്ള ഒരു ഹൃദയം വളർത്തിയെടുക്കാൻ നമ്മൾ ശ്രമിക്കണം. കഷ്ടപ്പെടുന്നവരെ സേവിക്കാനുള്ള വെമ്പൽ നമുക്കുണ്ടാവണം. ഏതു സാഹചര്യത്തിലും ലോകത്തിന്റെ നന്മയ്ക്കായി സേവനം അനുഷ്ഠിക്കാനുള്ള ഒരു മനസ്സ് നാം സമ്പാദിക്കണം.

പലരും ധ്യാനിക്കുന്നത്, ലോകത്തെ കാണുന്ന രണ്ടു കണ്ണും കാണാതെയായി മൂന്നാമത്തെ കണ്ണു തുറക്കുന്നതിനു വേണ്ടിയാണ്. അത് ഒരിക്കലും ഉണ്ടാവില്ല. ആദ്ധ്യാത്മികതയുടെ പേരിൽ ഈ ലോകത്തിനുനേരെ കണ്ണടയ്ക്കാൻ പറ്റില്ല. രണ്ടു കണ്ണും തുറന്നിരിക്കെത്തന്നെ സർവ്വജീവജാലങ്ങളിലും നമ്മെത്തന്നെ ദർശിക്കാൻ കഴിയുക എന്നതാണ് ആത്മ സാക്ഷാത്കാരം. നമ്മെത്തന്നെ മറ്റുള്ളവരിൽക്കണ്ട് അവരെ സ്നേഹിക്കുവാനും സേവിക്കുവാനും നമുക്കു കഴിയണം. അതിലാണ് ആദ്ധ്യാത്മികസാധനയുടെ പൂർണ്ണത.

അമൃത –ഐ.എസ്.ആർ.ഒ. ഗ്രാമവിഭവശേഷി ഉപഗ്രഹ ശൃംഖലയുടെ ഉദ്ഘാടനം ഭാരതരാഷ്ട്രപതിയുടെ സാന്നിദ്ധ്യത്തിൽ നടക്കുന്നുവെന്നറിഞ്ഞതിൽ അമ്മയ്ക്കു സന്തോഷമുണ്ട്. ഭാരതത്തിലെ ഗ്രാമങ്ങൾ വികാസത്തിന്റെ മാർഗ്ഗത്തിലാണെന്നറിയുന്നതുതന്നെ ഹൃദയം

നിറയ്ക്കുന്ന വാർത്തയാണു്.

നമ്മുടെ ഗ്രാമങ്ങൾ വികസിക്കുമ്പോൾ മാത്രമേ ഭാരതം വളരുകയുള്ളൂ. എന്നാൽ, ഗ്രാമങ്ങളുടെ വികാസം ലക്ഷ്യമാക്കി നമ്മൾ പ്രവർത്തിക്കുമ്പോൾ, അതിന്റെ സൗന്ദര്യം നഷ്ടപ്പെടാതെ നോക്കേണ്ടതും അത്യാവശ്യമാണു്. ആ സൗന്ദര്യം, അവിടുത്തെ ജനങ്ങളുടെ നിഷ്കളങ്കതയിലും ലാളിത്യത്തിലും അവർ തലമുറകളായി അനുഷ്ഠിച്ചുവരുന്ന ആചാരങ്ങളിലുമാണു്. ഗ്രാമങ്ങൾക്കു് ആധുനികതയുടെ മുഖച്ഛായ നല്കാൻ നമുക്കുള്ള ഉത്തരവാദിത്വംപോലെതന്നെ, നമ്മുടെ സംസ്കാരം ഗ്രാമങ്ങൾക്കു നല്കുന്ന മനോഹാരിത നഷ്ടമാകാതെ സൂക്ഷിക്കേണ്ടതും നമ്മുടെ ഉത്തരവാദിത്വമായി കാണണം.

വിദ്യാഭ്യാസം ബുദ്ധിവളർത്താൻ മാത്രമുള്ളതല്ല, ഹൃദയത്തെ സ്പർശിച്ചുണർത്താൻകൂടിയുള്ളതാണു്.

ഭാവിയിലെ കമ്പ്യൂട്ടറിനെക്കുറിച്ചൊരു കഥ കേട്ടിട്ടുണ്ടു്. ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന ഈ കമ്പ്യൂട്ടർ നടത്തുന്നതു് ഒരു മനുഷ്യനും ഒരു പട്ടിയും കൂടിയായിരിക്കും. ഇതിൽ മനുഷ്യന്റെ ജോലി പട്ടിക്കു് ആഹാരം കൊടുക്കുക എന്നുള്ളതാണു്. പട്ടിയുടെ ജോലി മനുഷ്യനെക്കൊണ്ടു കമ്പ്യൂട്ടറിൽ തൊടുവിക്കാതിരിക്കുകയെന്നതും.

തമാശയാണെങ്കിലും ഈ കഥയിൽ ഒരു മുന്നറിയിപ്പുണ്ടു്. ഏതുതരത്തിലുള്ള അറിവും തുടക്കത്തിൽ മാനവരാശിയുടെ നന്മയെ ലക്ഷ്യമാക്കിയാണു് ആരംഭിച്ചതെങ്കിലും, കാലക്രമേണ, മനുഷ്യന്റെ സ്വാർത്ഥതകാരണം അതു നാശത്തിനു ഇടയാക്കിയിട്ടുണ്ടു്.

കമ്പ്യൂട്ടർവിദ്യാഭ്യാസത്തിലും ഇന്റർനെറ്റു് പരീക്ഷണങ്ങളിലും നമ്മൾ അസാമാന്യമായ വളർച്ച കൈവരിക്കുമ്പോൾ, അറിവിനെ വിവേകബുദ്ധിയോടെ ഉപയോഗിക്കാൻ പഠിപ്പിക്കുന്നതു് ആത്മീയതയാണെന്ന സത്യം നമ്മൾ മറക്കരുതു്.

മനുഷ്യനു മാത്രമേ നന്മയെ തിന്മയാക്കാനും, തിന്മയെ നന്മയാക്കാനും കഴിവുള്ളൂ. വിദ്യാഭ്യാസരംഗത്തു കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും പ്രാധാന്യം കൂടിവരുന്ന ഈ കാലഘട്ടത്തിൽ, അതിന്റെ നന്മയും തിന്മയും കൂടി വേർതിരിച്ചറിയാനുള്ള അറിവും ബോധവും നമ്മൾ കുട്ടികൾക്കു നല്കേണ്ടതു് അത്യാവശ്യമാണു്. ഇവിടെ ഇന്നു നടപ്പാക്കുന്ന ഈ പരിപാടികൾക്കു് അതിനു കഴിയട്ടെ എന്നു അമ്മ പരമാത്മാവിൽ സമർപ്പിക്കുന്നു.

ഓം നമഃശിവായ

പ്രേമസ്വരൂപികളും ആത്മസ്വരൂപികളുമായ എല്ലാവർക്കും നമസ്കാരം.

പരസ്പരം കൈകോർത്തുകൊണ്ടു് ഉന്നത ശാസ്ത്രസാങ്കേതികരംഗത്തെ അറിവും അനുഭവവും പങ്കുവയ്ക്കുകയും അങ്ങനെ, ഭാരതത്തിലും ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള വിജ്ഞാനദാഹികൾക്കു്, പ്രത്യേകിച്ചു്, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഗവേഷകർക്കും അറിവിന്റെ പുതിയ ചക്രവാളങ്ങൾ തുറന്നുകൊടുക്കുന്ന ഒരു മഹാസംരംഭത്തിനു് ഈ ശുഭമുഹൂർത്തത്തിൽ തുടക്കം കുറിക്കുകയാണെന്നറിഞ്ഞു് അമ്മയ്ക്കു് അതിയായ സന്തോഷമുണ്ടു്. ഈ യജ്ഞത്തിൽ പങ്കാളികളാകുന്ന അമേരിക്കയിലെ സർവ്വകലാശാലകൾക്കും ഭാരത സർവ്വകലാ

ശാലകൾക്കും ഐ.എസ്.ആർ.ഒ. യ്ക്കും ഭാരതസർക്കാരിന്റെ ശാസ്ത്രസാങ്കേതികവകുപ്പിനും അമ്മയുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. അവർ പ്രകടമാക്കുന്ന വിശാലതയെയും പ്രയത്നശീലത്തെയും അമ്മ നമിക്കുന്നു.

എല്ലാ രംഗങ്ങളിലും പരസ്പരസഹകരണം ഊട്ടിയുറപ്പിച്ചു കൊണ്ടു രാഷ്ട്രങ്ങൾ ഒന്നായിത്തീരുകയും ലോകംതന്നെ ഒരു ഗ്രാമമായിത്തീരുകയും ചെയ്യുന്ന കാഴ്ചയാണല്ലോ നാം ഇന്നു കണ്ടുകൊണ്ടിരിക്കുന്നതു്. ആ അടുപ്പത്തിലും സഹകരണത്തിലും മറ്റൊരു വലിയ കാൽവയ്പ്പാണു് ഇന്നു് ഇവിടെ ഉദ്ഘാടനം ചെയ്യപ്പെടുന്ന ഈ വിജ്ഞാനസഹകരണപദ്ധതി.

ജ്ഞാനമെന്നതു് നദിയെപ്പോലെയാണു്. ഒഴുകുകയെന്നതാണു് അതിന്റെ സ്വഭാവം. എവിടെയെല്ലാം ഒഴുകിയെത്താമോ അവിടെയെല്ലാം ഒഴുകിയെത്തി സംസ്കാരങ്ങളെ പുഷ്ടിപ്പെടുത്തുകയെന്നതാണു അതിന്റെ ധർമ്മം. അതിനെ നാമൊരിക്കലും കെട്ടിക്കിടക്കുന്ന ജലാശയമാക്കി മാറ്റരുതു്.

ദാനങ്ങളിൽവച്ചു് ഏറ്റവും മഹത്താണു ജ്ഞാനദാനമെന്നു പറയാറുണ്ടു്. കാരണം, ജ്ഞാനം അക്ഷയമാണു്. ഒരു ദീപത്തിൽനിന്നു് ആയിരം ദീപങ്ങൾ കൊളുത്തിയാലും, ആദ്യത്തെ ദീപത്തിന്റെ ശോഭയ്ക്കു് ഒരു കുറവും വരുന്നില്ല. ഇതു പോലെയാണു ജ്ഞാനത്തിന്റെ മഹിമ. എത്ര കൊടുത്താലും അതു കുറയുന്നില്ല. മറിച്ചു്, കൊടുക്കുന്തോറും വർദ്ധിക്കുകയും വളരുകയും ചെയ്യുന്നതേയുള്ളൂ.

ലോകം ഒരു പുഷ്പമാണു്. ഓരോ രാഷ്ട്രവും ആ പുഷ്പത്തിലെ ഓരോ ദളമാണു്. ഒന്നിച്ചുനില്ക്കുമ്പോൾ

മാത്രമാണു് അതിന്റെ സൗന്ദര്യവും ഐശ്വര്യവും നമുക്കു സാക്ഷാത്കരിക്കുവാൻ കഴിയുന്നതു്. അറിവും അനുഭവവും പങ്കുവച്ചുകൊണ്ടു് ആ ലോകപുഷ്പത്തെ ഒരിക്കലും വാടാതെ നിത്യസുന്ദരമായി നമുക്കു സൂക്ഷിക്കാം. അറിവിന്റെ അരുവികളെ ഒന്നിച്ചുചേർത്തുകൊണ്ടു നമുക്കു് അതിനെ ഒരു മഹാനദിയാക്കി മാറ്റാം. വിജ്ഞാനത്തിന്റെ ആ മഹാപ്രവാഹം ലോകത്തിലെ ജനസമൂഹങ്ങളെയും രാഷ്ട്രങ്ങളെയും തഴുകിത്തലോടട്ടെ. മനുഷ്യനെയും രാഷ്ട്രങ്ങളെയും വേർതിരിക്കുന്ന അതിർവരമ്പുകളെ അതിക്രമിക്കുന്ന ആ പ്രവാഹം മനുഷ്യജീവിതങ്ങൾക്കു ജീവജലം പകരും, അതിലൂടെ സംസ്കാരത്തിന്റെ പുഷ്പവാടികളെ നമുക്കു സൃഷ്ടിക്കാം.

ലോകത്തിനു മുഴുവൻ മംഗളം വരുത്തുന്ന ആ മഹായജ്ഞത്തിന്റെ തുടക്കമാകട്ടെ ഈ ശുഭമുഹൂർത്തം. മക്കളുടെ ഈ മഹാസംരംഭം വിജയകരമാകുവാൻ അമ്മ പരമാത്മാവിൽ അർപ്പിക്കുന്നു.

സന്ത് ജ്ഞാനേശ്വരന്റെ നാമത്തിൽ മക്കൾ ചെയ്യുന്ന നല്ല പ്രവൃത്തികളിൽ അമ്മയ്ക്കു് അതിയായ സന്തോഷമുണ്ടു്. ജ്ഞാനേശ്വരൻ എല്ലാം തികഞ്ഞ ഒരു മഹാത്മാവായിരുന്നു. അവിടുന്നു മഹായോഗിയും മഹാഭക്തനും മഹാജ്ഞാനിയുമായിരുന്നു. അമൃതതുല്യമായ വാക്കുകളിലൂടെ അദ്ദേഹം ആദ്ധ്യാത്മികതയുടെ സന്ദേശം സാധാരണ ജനങ്ങളിൽ എത്തിച്ചു. അദ്ദേഹത്തിന്റെ ജീവിതവും വാക്കുകളും മഹാരാഷ്ട്രയിലെ ജനങ്ങൾക്കു മാത്രമല്ല ലോകമെങ്ങുമുള്ള സത്യാന്വേഷികൾക്കു് എന്നും പ്രചോദനമാണു്.

പരമാത്മതത്ത്വത്തെ മഞ്ഞുമലകൾ നിറഞ്ഞ ഹിമാലയ പർവ്വതത്തോടു് ഉപമിക്കാം. മഞ്ഞു്, വെള്ളം തന്നെയാണെങ്കിലും ജനങ്ങൾക്കു കുടിക്കുവാനോ കുളിക്കുവാനോ അതു് ഉപകരിക്കുന്നില്ല. എന്നാൽ സൂര്യന്റെ ചൂടിൽ ഹിമാലയത്തിലെ ആ മഞ്ഞുരുകി ഗംഗയായി ജനമദ്ധ്യത്തിലേക്കു് ഒഴുകിയെത്തുമ്പോൾ എല്ലാവർക്കും അതു് പ്രയോജനപ്പെടുന്നു. ചിലർ ആ അമൃതജലം കുടിച്ചു ദാഹം ശമിപ്പിക്കുന്നു. ചിലർ അതിൽ കുളിക്കുന്നു. ചിലർ അതിൽ നീന്തിക്കളിച്ചു് ആസ്വദിക്കുന്നു. ഈ ഗംഗയെപ്പോലെയാണു മഹാത്മാക്കൾ. ഈശ്വരന്റെ സാന്നിദ്ധ്യവും ഈശ്വരകൃപയും ജനങ്ങൾക്കു് അനുഭവിക്കാൻ കഴിയുന്നതു മഹാത്മാക്കളിലൂടെയാണു്. ആ സാമീപ്യത്തിൽ അവർ ഈശ്വരീയമായ ആനന്ദം നുകരുന്നു. അവരുടെ ഉപദേശങ്ങൾ ശ്രവിച്ചു ജനങ്ങൾ പ്രബുദ്ധരാകുന്നു. മഹാത്മാക്കളുടെ ജീവിതവും കർമ്മങ്ങളും സമൂഹത്തിൽ ധർമ്മവും സംസ്കാരവും വളർത്തുന്നു.

വേദോപനിഷത്തുകൾ കടലുപോലെയാണു്. കടൽ ജലം സൂര്യന്റെ ചൂടിൽ നീരാവിയായിത്തീർന്നു മഴയായി വർഷിക്കുമ്പോൾ ജനങ്ങളുടെ സർവ്വവിധ ആവശ്യങ്ങൾക്കും അതു പ്രയോജനപ്പെടുന്നു. ഇതുപോലെ സത്യത്തിൽ ജീവിക്കുന്ന മഹാത്മാക്കൾ വേദസാരത്തെ സാധാരണ ജനങ്ങൾക്കുപോലും എളുപ്പം ഉൾക്കൊള്ളുവാനും ജീവിതത്തിൽ പകർത്തുവാനും കഴിയുംവിധം കാലോചിതമായി പ്രകാശിപ്പിക്കുന്നു.

മഹാത്മാക്കൾ വിനയമൂർത്തികളാണു്. പണ്ടു ഗുരുവും ശിഷ്യനും ഒന്നിച്ചു പ്രാർത്ഥിച്ചതു് 'പരമതത്ത്വം, ഞങ്ങൾ രണ്ടു പേരെയും രക്ഷിക്കട്ടെ' എന്നായിരുന്നു. ഗുരു വാ

സ്ഥവത്തിൽ ഈശ്വരതുല്യനാണു്, ഈശ്വരൻതന്നെയാണു്. എന്നാൽ ആ വിനയവും എളിമയുമാണു ഗുരുക്കന്മാർ ലോകത്തിനു കാണിച്ചു കൊടുത്തതു്. അന്നു ശിഷ്യന്മാരും വിനയസമ്പന്നരായിരുന്നു. ശിഷ്യന്റെ വിനയവും പ്രേമവും കാണുമ്പോൾ ഗുരുവാത്സല്യം വിദ്യയായി പ്രവഹിക്കുന്നു. ഹൃദയത്തിൽനിന്നു ഹൃദയത്തിലേക്കാണു് അന്നു വിദ്യ പകർന്നതു്. പ്രേമത്തിൽനിന്നാണു വിദ്യ ഉദിക്കുന്നതു്. വിനയത്തിലൂടെയാണതു പുഷ്ടിപ്പെടുന്നതു്. ആ ഗുരുത്വവും വിനയവുമാണു നമ്മൾ കാത്തുസൂക്ഷിക്കേണ്ടതു്.

സംസ്കാരവും സയൻസും രണ്ടും നമുക്കു് ആവശ്യമാണു്. മനുഷ്യജീവിതത്തിനു ലക്ഷ്യബോധവും അർത്ഥവും പകരുന്നതു നല്ല സംസ്കാരമാണു്. ആ സംസ്കാരത്തെ സംരക്ഷിക്കുവാനും ജനങ്ങളുടെ ഭൗതികമായ ആവശ്യങ്ങൾ നിറവേറ്റുവാനും നമുക്കു സയൻസിന്റെ സഹായം ആവശ്യമുണ്ടു്. സംസ്കാരം ശാസ്ത്രത്തിന്റെ കണ്ണാകണം. സയൻസു സംസ്കാരത്തിന്റെ കൈകളായിത്തീരണം. സയൻസിനെയും സംസ്കാരത്തെയും പോഷിപ്പിച്ചുകൊണ്ടാണു മക്കളുടെ പ്രവർത്തനം മുന്നോട്ടുപോകുന്നതു് എന്നതിൽ അമ്മ സന്തോഷിക്കുന്നു.

ജ്ഞാനേശ്വരന്റെ നാമത്തിലുള്ള ഈ പുരസ്കാരം മക്കളുടെ പ്രേമത്തിന്റെ പ്രതീകമെന്ന നിലയ്ക്കു് അമ്മ വിനയപൂർവ്വം സ്വീകരിക്കുന്നു. എന്നാൽ അതിലുമുപരി മക്കളുടെ നിസ്സ്വാർത്ഥതയും ത്യാഗവും സേവനമനഃസ്ഥിതിയും സംസ്കാരത്തോടുള്ള കൂറും കാണുന്നതിലാണു് അമ്മയുടെ ആനന്ദം. മക്കളുടെ പ്രവർത്തനം സഫലമാകുവാൻ അമ്മ പരമാത്മാവിൽ അർപ്പിക്കുന്നു.

മനുഷ്യനും പ്രകൃതിയും താളാത്മകമായി ചേർന്നുപോകുമ്പോഴാണു ജീവിതം പൂർണ്ണമാകുന്നതു്. ശ്രുതിയും താളവും ഭംഗിയായി ഒത്തുചേർന്നാൽ കേൾക്കാൻ സുഖമുള്ള സംഗീതമാകും. അതുപോലെ, മനുഷ്യൻ പ്രകൃതിനിയമങ്ങൾ പാലിച്ചു ജീവിക്കുമ്പോൾ ജീവിതം സംഗീതമാകും.

പ്രപഞ്ചത്തിൽ എല്ലാത്തിനുമൊരു താളമുണ്ടു്. കാറ്റിനും മഴയ്ക്കും കടലിനും തിരമാലകൾക്കും ശ്വാസഗതിക്കും ഹൃദയസ്പന്ദനത്തിനും എല്ലാമുണ്ടൊരു താളം. അതുപോലെ ജീവിതത്തിനുമൊരു താളമുണ്ടു്. നമ്മുടെ ചിന്തയും പ്രവൃത്തിയുമാണു ജീവിതത്തിന്റെ താളവും ശ്രുതിയുമായി മാറേണ്ടതു്. ചിന്തയുടെ താളം തെറ്റിയാൽ അതു പ്രവൃത്തിയിൽ പ്രതിഫലിക്കും. അതുപിന്നെ ജീവിതത്തിന്റെതന്നെ താളംതെറ്റിക്കും.

പ്രകൃതിയുടെ താളം മനുഷ്യനെ ആശ്രയിച്ചിരിക്കുന്നു. മനസ്സിന്റെയും ശരീരത്തിന്റെയും ആരോഗ്യത്തിനും ആയുസ്സിനും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഈ താളലയം നിലനിർത്തേണ്ടതു് ആവശ്യമാണു്. എന്നാൽ ഇന്നു് ഈ താളം തെറ്റുന്നതായാണു നമ്മൾ കാണുന്നതു്. അതാണിന്നു സമൂഹത്തിലും സുനാമിപോലെയുള്ള ദുരന്തങ്ങളായി പ്രകൃതിയിലും പ്രതിഫലിക്കുന്നതു്.

മരണം ജീവിതത്തിന്റെ ഭാഗമാണു്. ഇന്നല്ലെങ്കിൽ നാളെ നമ്മളോരോരുത്തരും അതിനെ നേരിട്ടേ മതിയാവുകയുള്ളൂ. എങ്ങനെ മരിക്കുന്നു എന്നതല്ല പ്രധാനം, എങ്ങനെ ജീവിക്കുന്നു എന്നതാണു്. ചിരിക്കാനും കരയാനുമുള്ള സ്വാതന്ത്ര്യം ഈശ്വരൻ മനുഷ്യനു നല്കിയിട്ടുണ്ടു്. നമ്മുടെ ചുറ്റും ഇരുട്ടു മൂടിയാലും ഉള്ളിലെ വെളിച്ചം

കെടാതെ സൂക്ഷിക്കാൻ നമുക്കു കഴിയണം. മറ്റുള്ളവരുടെ ദുഃഖം നമുക്കു മാറ്റാൻ കഴിഞ്ഞില്ലെങ്കിലും അതു പങ്കു വയ്ക്കുമ്പോൾ കുറയുന്നു. സ്നേഹവും പുഞ്ചിരിയും നല്ല വാക്കുകളും പങ്കുവയ്ക്കുമ്പോൾ കുറയുകയല്ല, കൂടുകയാണു ചെയ്യുന്നതു്. നന്മയുടെ അളവറ്റ ധനം ഏതൊരു പാവപ്പെട്ടവനും അവകാശപ്പെട്ടതാണു്. കിണറ്റിലെ വെള്ളം കോരുന്തോറും ഊറുന്നതുപോലെ നമ്മിലെ നന്മയും കൊടുക്കുന്തോറും കൂടിവരും.

നമ്മുടെ പ്രിയപ്പെട്ടവർ മരിച്ചുപോയി എന്നതുകൊണ്ടു് എന്നും ദുഃഖിക്കേണ്ടതില്ല. മരണം പുതിയ ഒരു ജീവിതത്തിലേക്കുള്ള കാൽവയ്പായിട്ടാണു നമ്മുടെ ശാസ്ത്രങ്ങൾ പറയുന്നതു്. അവരുടെ ആത്മാക്കൾക്കു സദ്ഗതി ലഭിക്കുവാൻ ബന്ധുക്കളും സ്നേഹിതരും മാത്രമല്ല, ലോകത്തെങ്ങുമുള്ള അനേകമനേകം, മക്കളും പ്രാർത്ഥിച്ചിട്ടുണ്ടു്. ആ പ്രാർത്ഥനകളൊരിക്കലും വിഫലമാവുകയില്ല. അതോർത്തു മക്കൾ സമാധാനിക്കൂ. അവർക്കു ശ്രേഷ്ഠമായ ജന്മങ്ങൾ ലഭിക്കാൻ ഈശ്വരനോടു പ്രാർത്ഥിക്കൂ.

ഇങ്ങനെയുള്ള പ്രകൃതിദുരന്തങ്ങൾ നമ്മുടെ നിയന്ത്രണത്തിനു പുറത്താണു്. മനുഷ്യൻ എത്ര പുരോഗമിച്ചാലും അവയെ പൂർണ്ണമായി തടയാൻ കഴിയുകയില്ല. എന്നാൽ മക്കൾ അങ്ങനെയുള്ള സന്ദർഭത്തിൽ ഉണർന്നു് ഒറ്റമനസ്സായി ധൈര്യത്തോടെ പ്രതിബന്ധങ്ങളെ നേരിട്ടതിൽ അമ്മയ്ക്കു വലിയ സന്തോഷമുണ്ടു്. ഈ മനഃശക്തിയും ഒത്തൊരുമയും നിലനിർത്താൻ കഴിഞ്ഞാൽ നമുക്കും നമ്മുടെ മക്കൾക്കും നല്ലൊരു ഭാവി വാർത്തെടുക്കാൻ കഴിയും. മക്കൾക്കു വീടുകൾ ലഭിച്ചതുകൊണ്ടു

മാത്രമായില്ല. ശാന്തിയോടെ ജീവിക്കാൻ ശരിയായ ജീവിതദർശനം കൂടി ആവശ്യമാണു്.

സുനാമി ഏല്പിച്ച മുറിവുകൾ വേഗം ഉണങ്ങാനും ഒരു പുതിയ ജീവിതം തളിരിടാനും എല്ലാ മക്കൾക്കും വേണ്ടി പരമാത്മാവിൽ സമർപ്പിക്കുന്നു.

മക്കളേ, സുനാമിദുരന്തം കഴിഞ്ഞു രണ്ടു വർഷം തികയാൻ പോകുന്നു. സുനാമിയിൽ നഷ്ടപ്പെട്ടുപോയ പ്രിയപ്പെട്ടവരെ ഓർത്തു ബന്ധുക്കളുടെ കണ്ണീരും ഹൃദയംനൊന്തുള്ള നിലവിളിയും ഇന്നും അമ്മയുടെ കണ്മുൻപിൽ തെളിഞ്ഞു നില്ക്കുന്നു. ഇനിയും ഇങ്ങനെയൊരു ദുരന്തം ഒരിക്കലും എവിടെയും ഉണ്ടാകരുതേ എന്നാണു് അമ്മയുടെ ആത്മാർത്ഥമായ പ്രാർത്ഥന. എങ്കിലും പ്രകൃതിയെ നിരന്തരം ചൂഷണം ചെയ്തുകൊണ്ടിരിക്കുന്ന മനുഷ്യന്റെ സ്വാർത്ഥത കാണുമ്പോൾ ഉള്ളിൽ ഭയവുമുണ്ടു്. ഇനിയൊരു സുനാമിയോ കടൽക്ഷോഭമോ താങ്ങാനുള്ള ശക്തി ഇത്തരം ദുരന്തങ്ങൾ അനുഭവിക്കുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്കില്ല. അവർ മാനസികമായി തകർന്നു പോകും.

ഇന്നു കേരളത്തിൽ പൊതുവെയും പ്രത്യേകിച്ചു്, വയനാട്ടിലും മറ്റും നടക്കുന്ന കർഷകരുടെ ആത്മഹത്യയെപ്പറ്റി നമുക്കറിയാം. അത്തരം ഒരു ദുർവ്വിധിയിലേക്കു്, കടലിനെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന ഇവരും വലിച്ചിഴയ്ക്കപ്പെടാതിരിക്കട്ടെ. പ്രകൃതി സൃഷ്ടിക്കുന്ന ദുരന്തങ്ങൾ തടുക്കാൻ മനുഷ്യനു സാധിച്ചെന്നു വരില്ല. എന്നാൽ മനുഷ്യൻ തന്റെ സഹജീവികൾക്കു സൃഷ്ടിക്കുന്ന ദുരിതവും കഷ്ടപ്പാടും ഒരു പരിധിവരെയെങ്കിലും ഒഴിവാക്കാൻ

കഴിയും. അതിന്റെ ആദ്യത്തെ ചുവടു പ്രകൃതിയെ സംരക്ഷിക്കുക എന്നതാണു്. ഏറ്റവും അടുത്തകാലത്തെ കണക്കനുസരിച്ചു്, ലോകത്തിലെ നാലുപേരിൽ ഒരാളിനു കാൻസർരോഗം ഉണ്ടെന്നാണു പറയുന്നതു്. ഈ കണക്കു ചിലപ്പോൾ അത്ര കൃത്യം ആയിരിക്കില്ല. നമ്മുടെ ശരീരത്തിൽ ഒരു സൂചി കുത്തിയാൽ, "ഓ! സാരമില്ല, ഒരു സൂചിയല്ലേ" എന്നുപറഞ്ഞു നിസ്സാരമായി തള്ളിക്കളയാം. എന്നാൽ അനേകം സൂചികൾ കുത്തിയാലോ? അതു് അപകടമാണു്. ഇതുപോലെയാണു നമ്മൾ പ്രകൃതിയെ പീഡിപ്പിക്കുന്നതു്. ആ പീഡനം തിരിയെ നമ്മെയും നശിപ്പിക്കും. മനുഷ്യൻ മാറാൻ മടികാട്ടിയാൽ, പ്രകൃതി മനുഷ്യനെ മാറ്റും. പ്രകൃതിയുടെ തിരിച്ചടികളിൽ അത്തരമൊരു സന്ദേശം കൂടിയുണ്ടു്. കലമുണ്ടാക്കാൻ മണ്ണു ചവിട്ടിക്കുഴയ്ക്കുന്ന കുശവനോടു മണ്ണു പറയുന്നതുപോലെ, "ഇന്നു നീ എന്നെ കുഴച്ചോ! നാളെ നിന്നെ ഞാൻ കുഴയ്ക്കാനിരിക്കുകല്ലേ!" പ്രകൃതിവിഭവങ്ങളെ ആവശ്യത്തിൽക്കവിഞ്ഞു ചൂഷണം ചെയ്യാതിരിക്കുക. കടൽസമ്പത്തായാലും തീരപ്രദേശത്തെ മണലായാലും കാടായാലും മലയായാലും നദിയായാലും അവയൊക്കെ സംരക്ഷിക്കേണ്ടതു് ഓരോ വ്യക്തിയുടെയും ചുമതലയാണു്.

സുനാമി കഴിഞ്ഞപ്പോൾ, ഒരു പാലം ഉണ്ടായിരുന്നെങ്കിൽ ഇത്രയും പേർ മരിക്കില്ലായിരുന്നു എന്നു് അമ്മയ്ക്കു തോന്നി. അന്നു തീരുമാനിച്ചതാണിതു്. പരമാത്മാവിന്റെ കൃപകൊണ്ടു് ഇന്നതു പൂർത്തിയായി. അമ്മയ്ക്കു സന്തോഷമുണ്ടു്. എന്നാൽ എന്റെ സന്തോഷം, ഈ ഗ്രാമവാസികൾക്കെല്ലാം ഉപയോഗിക്കാൻവേണ്ടി ഇങ്ങനെയൊരു പാലം ഉണ്ടായല്ലോ എന്നതു മാത്രമല്ല, പാലം ഒരു പ്രതീകംകൂടിയാണു് – മനുഷ്യരെ ഒന്നിപ്പിക്കുന്ന സ്നേഹ

ത്തിന്റെയും ഐക്യത്തിന്റെയും പ്രതീകം. നദിയുടെ ഒഴുക്കു് ഒരു വശത്തേക്കു മാത്രമാണു്. എന്നാൽ സ്നേഹത്തിന്റെ ഒഴുക്കു് ഇരുവശങ്ങളിലേക്കുമാണു്. ഞാൻ 'ഇക്കരക്കാരൻ' നീ 'അക്കരക്കാരൻ' എന്ന ചിന്തയ്ക്കും അതിന്റെ പേരിലുള്ള വിവേചനങ്ങൾക്കും ഒരു അവസാനം ഉണ്ടാകുമല്ലോ എന്ന പ്രതീക്ഷയും അമ്മയ്ക്കുണ്ടു്. ആരെയും ഒന്നും അടിച്ചേല്പിക്കാൻ കഴിയില്ല എന്നു് അമ്മയ്ക്കറിയാം. എന്നാലും കാലക്രമേണ മാറ്റം സ്വാഭാവികമായുണ്ടാകുമെന്നു വിശ്വസിക്കുന്നു.

നഗരങ്ങളുടെ അതിരുകൾ കടന്നു ഭാരതത്തിലെ ഗ്രാമങ്ങളിലും കളങ്കവും വിഭാഗീയചിന്തകളും ഇന്നു വ്യാപിച്ചിരിക്കുന്നു. ഒരു കാലഘട്ടത്തിൽ ഭാരതത്തിലെ ഗ്രാമങ്ങൾ ശാലീനതയും പരിശുദ്ധിയും നിഷ്കളങ്കതയും നിറഞ്ഞതായിരുന്നു. എന്നാൽ ഇന്നു്, ആ സ്ഥിതി മാറിയിരിക്കുന്നു. കുറ്റം അവരുടെതല്ല. നമ്മളോരോരുത്തരുടെയും ആണു്. ആ ഉത്തരവാദിത്വം ചങ്കൂറ്റത്തോടെ ഏറ്റെടുത്തു് ഒരു മാറ്റത്തിനു നമ്മൾ തുടക്കം കുറിക്കണം. ഇന്നിവിടെ സമർപ്പിച്ച ഈ പാലം അത്തരം മാറ്റത്തിനുള്ള ഒരു ചെറിയ സംരംഭമാണു്. അക്കരെയും ഇക്കരെയും മാറി ഒരുകരയായി, ജനങ്ങൾ സ്നേഹപൂർവ്വം കൈകോർക്കാൻ ഈ പാലം സഹായിച്ചാൽ അതും വലിയ ഒരു നേട്ടമല്ലേ? ആ ഐക്യം ഒരുപാടു പ്രശ്നങ്ങൾക്കുള്ള ഉത്തരമാണു്.

ഒരിടത്തു് ഒരു ഡോക്ടറുണ്ടായിരുന്നു. പ്രായംകൊണ്ടും അനുഭവംകൊണ്ടും പക്വതയാർജ്ജിച്ച ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ഒരുദിവസം അദ്ദേഹത്തിന്റെ കീഴിൽ ജോലി ചെയ്യുന്ന ഡോക്ടർ വെപ്രാളത്തോടെ അദ്ദേഹത്തെ ഫോണിൽ വിളിച്ചു പറഞ്ഞു, "സർ! ഒരു രോഗിയെ

ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. അയാൾ ചെറിയ ഒരു ഏറു പന്ത് എങ്ങനെയോ വിഴുങ്ങി. അതു തൊണ്ടയിൽ കുടുങ്ങിയിരിക്കുകയാണ്. രോഗി ശ്വാസംമുട്ടി മരിക്കാൻ പോവുകയാണു സർ! എന്തു ചെയ്യണമെന്ന് എനിക്കൊരു എത്തുംപിടിയും കിട്ടുന്നില്ല സർ! എന്തെങ്കിലും ഒരു മാർഗ്ഗം വേഗം പറഞ്ഞുതരൂ!"

അദ്ദേഹം അല്പസമയം നിശ്ശബ്ദനായിരുന്നു. എന്നിട്ടു പറഞ്ഞു, "നിങ്ങൾ ഒരു കാര്യം ചെയ്യൂ. ഒരു തൂവലെടുത്ത് അയാളെ നന്നായിട്ടൊന്ന് ഇക്കിളിപ്പെടുത്തൂ."

അല്പം കഴിഞ്ഞ് ജൂനിയർ ഡോക്ടർ വീണ്ടും അദ്ദേഹത്തെ വിളിച്ചു. അയാൾ സന്തോഷത്തോടെ പറഞ്ഞു, "സർ! ഇക്കിളിപ്പെടുത്തിയപ്പോൾ രോഗി പൊട്ടിച്ചിരിച്ചു. അതോടെ പന്തു പുറത്തുവരുകയും ചെയ്തു. സർ! അദ്ഭുതമായിരിക്കുന്നു! ഈ ടെക്നിക്ക് അങ്ങ് എവിടെനിന്നാണു പഠിച്ചത്?"

മുതിർന്ന ഡോക്ടർ പറഞ്ഞു, "രോഗിയുടെ സ്ഥിതി കേട്ടപ്പോൾ എനിക്കു ദുഃഖം തോന്നി. അങ്ങനെ ഉടനെത്തന്നെ ഞാൻ കണ്ടുപിടിച്ചതാണതു്. എന്തു ചെയ്യണമെന്ന് അറിയാത്ത അവസരങ്ങളിൽ എന്തെങ്കിലും ചെയ്യുക. എന്നും അതാണ് എന്റെ ആദർശം!"

വലിയ കാര്യങ്ങൾ ചെയ്യാൻ സാധിച്ചില്ല എങ്കിലും ചെറുതും നിസ്സാരവും എന്നു തോന്നുന്ന തൂവൽകൊണ്ട് ഒരാളെ മരണത്തിൽനിന്നു രക്ഷിക്കാൻ കഴിഞ്ഞതുപോലെ നമുക്കും ചെറിയ കാര്യങ്ങളിലൂടെ വലിയ നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിച്ചേക്കും.

ഒരു ചുവടു് ആത്മാർത്ഥമായി മുന്നോട്ടുവച്ചാൽ, അടുത്ത ചുവടു സ്വാഭാവികമായി സംഭവിക്കും. എന്നാൽ ഇന്ന

ത്തെ കടുത്ത മത്സരവും സ്വാർത്ഥതയും കാരണം ആരും ഒരു ചുവടും വയ്ക്കാതെ വെറുതെ നോക്കിനില്ക്കുകയാണു്. ഒന്നിനും ഒരു തീരുമാനവും ഇല്ല.

സമൂഹത്തിന്റെ നന്മയ്ക്കുതകുന്ന ഒരു ആദർശത്തിനോടുള്ള അടിപതറാത്ത സ്നേഹത്തിലൂടെയും വിശ്വാസത്തിലൂടെയും മാത്രമേ ശരിയായ തീരുമാനവും അതു നടപ്പാക്കലും സാധിക്കുകയുള്ളൂ. അല്ലെങ്കിൽ എന്നും വാഗ്വാദവും അങ്ങുമിങ്ങും തൊടാതെയുള്ള പ്രസ്താവനകളും മാത്രമേ ഉണ്ടാവുകയുള്ളൂ.

ഒരു തീരുമാനം എടുത്തു കാര്യങ്ങൾ മുന്നോട്ടു കൊണ്ടു പോകണം. ജനങ്ങളുടെ ആവശ്യം അറിയണം. അവരുടെ പ്രശ്നങ്ങൾ ആഴത്തിൽ പഠിക്കണം. എന്നിട്ടു കർമ്മം ചെയ്യണം. അല്ലാതെ ഉള്ളവരെ മാത്രം പ്രീതിപ്പെടുത്തുകയും ഇല്ലാത്തവനു കുറച്ചു വാഗ്ദാനങ്ങൾ മാത്രം നല്കി അവനെ പ്രതീക്ഷയുടെ അന്തമില്ലാത്ത കയത്തിലേക്കു തള്ളിയിടുകയുമല്ല വേണ്ടതു്. അപ്പോഴാണു്, നിരാശയും ഡിപ്രഷനും കാരണം ജീവിതം വഴിമുട്ടി അവർ ആത്മഹത്യ ചെയ്യുന്നതു്.

ഒരിക്കൽ ഒരു ഭാര്യ ഭർത്താവിനോടു പറയുകയാണു്, "അതേ, അപ്പുറത്തുചെന്നു നമ്മുടെ മോൻ എന്താണു ചെയ്യുന്നതെന്നു നോക്കിയേ! എന്തായാലും അവനോടു് അതു് ഉടൻ നിർത്താൻ പറയുക..." ആ കുട്ടി എന്താണു ചെയ്യുന്നതെന്നു പോലും തള്ളയ്ക്കറിയില്ല. എന്താണെങ്കിലും 'ഉടൻ നിർത്താൻ പറയുക' എന്നതാണു് ആജ്ഞ. നമ്മളിൽ പലരും ഇതുപോലെയാണു്. നല്ലതാണെങ്കിലും ചീത്തയാണെങ്കിലും തിരസ്കരിക്കലാണു മനുഷ്യനെ ഭരിക്കുന്നതു്. ആർക്കും ആരെയും വിശ്വാസമില്ല. അതുകൊണ്ടുതന്നെ

യാണു് ഇവിടെ ക്രിയാത്മകമായ തീരുമാനങ്ങളോ അതു നടപ്പാക്കാനുള്ള സംവിധാനമോ ഉണ്ടാകാത്തതു്.

മനുഷ്യനെ ഒന്നിപ്പിക്കലാണു മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും ലക്ഷ്യം. ഭിന്നിപ്പിക്കൽ ഈ രാജ്യത്തെ തളർത്തും. പക്ഷേ, ഭാവിതലമുറയിൽ എനിക്കു് ആശയുണ്ടു്. അവരെ മാനസികമായും ബുദ്ധിപരമായും ആത്മീയമായും വളരാൻ അനുവദിക്കുക. അതിനു നേതാക്കന്മാരുടെയും ഭരണാധികാരികളുടെയും പിന്തുണ ഉണ്ടാകണം. 'ഞാൻ പിടിച്ച മുയലിനു മൂന്നു കൊമ്പു്' എന്ന മനോഭാവം മാറ്റി ഒന്നിച്ചു് ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ നമുക്കു കഴിയട്ടെ! ഈ പാലം ഇരുകരകളെ മാത്രമല്ല, മനുഷ്യഹൃദയങ്ങളെയും ബന്ധിപ്പിക്കുന്ന സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ഒരു പ്രതീകമായി നിലകൊള്ളാൻ പരമാത്മാവു് അനുഗ്രഹിക്കട്ടെ...

ചോദ്യം: അമ്മയ്ക്കു് എല്ലാവരും മക്കളാണല്ലോ. അമ്മയിൽ നിന്നു മന്ത്രം സ്വീകരിച്ചിട്ടുള്ള അനവധി ആളുകൾ അമ്മയെ ഗുരുവായി കണ്ടു് ആരാധിക്കുന്നുണ്ടു്. അമ്മയുടെ കുഞ്ഞു് എന്ന ഭാവമാണോ ശിഷ്യൻ എന്ന ഭാവമാണോ ഒരുവനെ ആദ്ധ്യാത്മികമായി വളരാൻ കൂടുതൽ സഹായിക്കുന്നതു്?

അമ്മ: ശിഷ്യഭാവം എന്നാൽ വിവേകവും ഗുരുവിലുള്ള അനുസരണയും സമർപ്പണവുമാണു്. കുഞ്ഞുഭാവം നിഷ്കളങ്കതയും കുഞ്ഞിനു തള്ളയോടുള്ള ആശ്രയത്വവുമാണു്. ആദ്ധ്യാത്മികപുരോഗതിക്കു് ഇവ രണ്ടും കൂടിയേതീരൂ.

ശിഷ്യൻ ഒരു ഉപാധിയാണു് – ഗുരുവിന്റെ ജ്ഞാനം

ലോകത്തിനു ലഭിക്കുവാനുള്ള ഉപാധി. ഒരു വലിയ ടാങ്കിലെ വെള്ളം മുഴുവൻ ഒരു ചെറിയ പൈപ്പിലൂടെ ജനങ്ങൾക്കു് എത്തിച്ചുകൊടുക്കാൻ കഴിയുന്നതുപോലെ.

ഞാൻ ഒന്നുമല്ലാത്തവനാണെന്ന ഭാവം ഉണ്ടായാലേ, ഗുരുവിനു നമ്മളിൽ എന്തെങ്കിലും ചെയ്യുവാനാകൂ. ഇന്നു നമ്മുടെ മനസ്സു് 'ഞാൻ' ഭാവത്തിൽ നിറഞ്ഞു നില്ക്കുകയാണു്. പാത്രം നിറഞ്ഞിരുന്നാൽ അതിലേക്കു് എന്തൊഴിച്ചാലും പുറത്തേക്കു തൂകിപ്പോകും. അതിനാൽ ഞാനെന്ന ഭാവത്തെ ഉപേക്ഷിച്ചു്, അന്തഃകരണം ശൂന്യമാക്കണം. അപ്പോൾ അവിടുത്തെ കൃപ താനേ ഹൃദയത്തിൽ വന്നുനിറയും.

ഇന്നു നമ്മളിലുള്ള 'ഞാൻ' ഭാവം ശരിയായ 'ഞാനി'ന്റെതല്ല. ശരീരമനോബുദ്ധി തലത്തിൽ മാത്രം ഒതുങ്ങുന്ന 'ഞാനാ'ണു്. ഇതിൽനിന്നുകൊണ്ടു കർമ്മം ചെയ്യുന്നതു പാത്രം കമഴ്ത്തിവച്ചു പാൽ ഒഴിക്കുന്നതുപോലെയാണു്. എത്ര പാലൊഴിച്ചാലും നഷ്ടമാകുന്നതല്ലാതെ പാത്രത്തിൽ ഒരു തുള്ളിയും ശേഷിക്കില്ല. 'ഞാൻ' ചെയ്യുന്നു എന്ന ഭാവത്തോടെ എത്ര കർമ്മം ചെയ്താലും ഈശ്വരകൃപ നേടുവാൻ ആവില്ല.

രാത്രിയിൽ വാഹനങ്ങൾ ഹൈവേയിൽക്കൂടി ഓടിവരുമ്പോൾ, വഴികാണിക്കുന്ന പല ബോർഡുകളും കാണാം. നല്ല തിളക്കത്തിൽ അവ കാണുവാൻ സാധിക്കും. ആ ബോർഡു ചിന്തിക്കുകയാണു്, 'കണ്ടില്ലേ, ഞാനിവിടെ തെളിഞ്ഞു നില്ക്കുന്നതുകൊണ്ടു വാഹനങ്ങൾക്കു പോകുവാൻ കഴിയുന്നു!' വാസ്തവത്തിൽ ആ വാഹനങ്ങളുടെ ലൈറ്റിലാണു് അവ തിളങ്ങുന്നതു്. സ്വയം തിളങ്ങുവാനുള്ള ശക്തി അവയ്ക്കില്ല. ഇതുപോലെ നമ്മളെല്ലാം

ഞാൻ ചെയ്യുന്നു എന്നു പറയും. എന്നാൽ നമുക്കു പ്രവർത്തിക്കുവാനുള്ള ശക്തി എവിടെ നിന്നുമാണു ലഭിക്കുന്നതെന്നു നമ്മൾ ചിന്തിക്കുന്നില്ല. ആ ബോർഡിനെപ്പോലെ സ്വയം അഹങ്കരിക്കുന്നു. അവിടുത്തെ ശക്തിയില്ലെങ്കിൽ ഒരു ചെറുവിരലനക്കാൻക്കൂടി നമുക്കു കഴിയില്ല.

ഞാനെല്ലാം ചെയ്തുകൊണ്ടിരിക്കുന്നു എന്നു പറയുന്നതി നിടയിൽത്തന്നെ നമ്മുടെ കൈയിന്റെ ചലനശേഷി നഷ്ടമാകാം. അപ്പോൾപ്പിന്നെ എന്തു ചെയ്യുവാൻ സാധിക്കും? എന്തിനു്, ശ്വാസം ഒന്നു നിലയ്ക്കാൻ എത്ര സെക്കൻഡു വേണം? അതു് ഏതു സമയത്താണു് ഉണ്ടാവുകയെന്നു് ആർക്കാണു് നിശ്ചയമുള്ളതു്? ലോകത്തിൽ എല്ലാം അവിടുത്തെ ഇച്ഛ അനുസരിച്ചു മാത്രമാണു നടന്നു കാണുന്നതു്. ഇതിനർത്ഥം നമ്മൾ പ്രയത്നിക്കേണ്ട എന്നല്ല. ഞാനവിടുത്തെ കൈയിലെ വെറുമൊരു ഉപാധി മാത്രമാണു് എന്ന ഭാവത്തിൽ വിനയം വിടാതെ വേണം കർമ്മം ചെയ്യുവാൻ. കൈകൾ എല്ലാം ചെയ്യുന്നു എങ്കിലും കൈകൾക്കു ഞാൻ ചെയ്യുന്നു എന്ന കർത്തൃത്വഭാവമില്ല. ഇതുപോലെ എല്ലാം അവിടുന്നു ചെയ്യുന്നു എന്നു കണ്ടു കർത്തൃത്വഭാവം നമ്മളെ ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കണം. എങ്കിൽ മാത്രമേ അവിടുത്തെ കൃപ നമ്മളിൽ വന്നു ചേരുകയുള്ളൂ.

ഒരു കുട്ടി അതിന്റെ അമ്മയുടെ പിറന്നാളിനു് ഒരു സമ്മാനവും വാങ്ങിക്കൊണ്ടു് അമ്മയുടെ അടുത്തെത്തി "അമ്മാ അമ്മാ ഞാൻ അമ്മയ്ക്കു് ഒരു നല്ല സമ്മാനം കൊണ്ടുവന്നിട്ടുണ്ടു്. ഇതാ നോക്കൂ," എന്നു പറഞ്ഞുകൊണ്ടു സമ്മാനം എടുത്തു നീട്ടി.

"നിനക്കിതു വാങ്ങുവാൻ പൈസ എവിടെനിന്നു കിട്ടി?"

സമ്മാനം കണ്ട അമ്മ ചോദിച്ചു. "ഞാൻ അമ്മയുടെ പേഴ്സിൽനിന്നും പണമെടുത്തു". ഇതായിരുന്നു കുട്ടിയുടെ മറുപടി.

ഇതുപോലെ നമ്മൾ എല്ലാവരും 'ഞാൻ ചെയ്യുന്നു, ഞാൻ ചെയ്യുന്നു' എന്നു പറയും. വാസ്തവത്തിൽ ഈ ചെയ്യുവാനും പറയുവാനുമുള്ള ശക്തി എവിടെനിന്നു ലഭിച്ചതാണു്? ഈ ശ്വരനിൽനിന്നു്. അതു മറക്കുവാൻ പാടില്ല. അതിനാൽ ആ ഒരു ഭാവം ഉൾക്കൊണ്ടു് ഈ ശ്വരന്റെ ഉപാധിയാണു് 'ഞാനെ'ന്ന ബോധം നിലനിർത്താൻ നമ്മൾ സദാ ശ്രമിക്കണം. ഈ ഭാവം വളർത്തിയാൽ മാത്രമേ ഗുരുകൃപ നേടുവാൻ കഴിയൂ. ഞാൻ അവിടുത്തെ കൈയിലെ ഒരു ഉപകരണം മാത്രമെന്നു കാണുമ്പോൾ നമ്മുടെ ഓരോ ചിന്തയും വാക്കും ഗുരുവിന്റെ ഹിതം അനുസരിച്ചായിരിക്കും. ഇതിനു് ആവശ്യമായി വേണ്ടതു സമർപ്പണമാണു്.

ഒരു കുഞ്ഞു്, കിടക്കയിൽ കിടക്കുകയാണു്. അതിനൊന്നു തിരിഞ്ഞു കിടക്കണമെങ്കിൽപ്പോലും അതിന്റെ അമ്മ വന്നു സഹായിക്കണം. തനിയെ തിരിഞ്ഞു കിടക്കാൻ അതിനറിയില്ല. കരയാൻ മാത്രമേ അതിനറിയൂ. കുഞ്ഞു കരയുന്നതു കേട്ടാൽ അതിന്റെ അമ്മ എന്തു ജോലി ചെയ്തുകൊണ്ടിരുന്നാലും അതു വിട്ടെറിഞ്ഞു് ഓടിയെത്തും. കുഞ്ഞു പൂച്ച കരയുമ്പോൾ തള്ളപ്പൂച്ച ഓടി വന്നു് അതിനെ കടിച്ചെടുത്തു കൊണ്ടുപോകും. തള്ള കടിക്കുന്നതു കുഞ്ഞിനെ ഉപദ്രവിക്കാനല്ല. അതിനെ സുരക്ഷിതസ്ഥാനത്തു് എത്തിക്കാനാണു്. ഇതുപോലെയാണു ഗുരു തന്റെ ശിഷ്യനെ നയിക്കുന്നതു്. എന്നാൽ ഇതു് ഉൾക്കൊള്ളണമെങ്കിൽ ശിഷ്യനിൽ കുഞ്ഞിന്റെ

നിഷ്കളങ്കതയുണ്ടാകണം.

കുഞ്ഞിനെ അതിന്റെ അമ്മ എത്ര അടിച്ചാലും അത് അതിന്റെ അമ്മയെത്തന്നെ മുറുകെപ്പിടിക്കും. കുഞ്ഞിനു അതിന്റെ അമ്മയെ വിട്ടു് എവിടെ പോകുവാനാണ്? അമ്മ മാത്രമേ അതിനു് ആശ്രയമായിട്ടുള്ളൂ. അമ്മ മാത്രമേ തന്നെ രക്ഷിക്കുവാനുള്ളൂ എന്നു കുഞ്ഞിനറിയാം. ഈ യൊരു മനോഭാവമാണു് ഒരു ശിഷ്യനു ഗുരുവിനോടു് ഉണ്ടായിരിക്കേണ്ടതു്. ഏതു പ്രതിബന്ധത്തിലും തനിക്കു് ആശ്രയിക്കാനുള്ളതു ഗുരു മാത്രമാണു്; തന്റെ രക്ഷയ്ക്കുള്ളതു ഗുരു മാത്രമാണു്. ഇതു ശിഷ്യൻ അറിഞ്ഞിരിക്കണം. അറിയുക മാത്രമല്ല അതിൽ ഉറച്ചു നില്ക്കുവാൻ ശിഷ്യനു കഴിയണം. അതിലാണു ശിഷ്യന്റെ വിജയം. കുഞ്ഞിനു സ്വാർത്ഥതയുണ്ടെങ്കിലും അതൊരിക്കലും അമ്മയെ വിട്ടുനില്ക്കുവാൻ കാരണമാകുന്നില്ല.

ഒരു കുഞ്ഞുമനസ്സു് വേണമെന്നു പറയുമ്പോൾ കുട്ടിത്തമല്ല അമ്മ ഉദ്ദേശിക്കുന്നതു്. കുഞ്ഞുഹൃദയവും കുട്ടിത്തവും തമ്മിൽ വ്യത്യാസമുണ്ടു്. വിവേകത്തോടെയുള്ള കുഞ്ഞുഹൃദയമാണു വേണ്ടതു്. തനിക്കു് ആശ്രയിക്കുവാനായി അമ്മ മാത്രമേയുള്ളൂ എന്ന വിവേകം അവിടെയുണ്ടു്. എത്ര പ്രായം ചെന്നാലും എല്ലാവരുടെയും ഉള്ളിൽ ഒരു കുഞ്ഞുണ്ടു്.

നോബൽ സമ്മാനം കിട്ടിയ ഒരു സയിന്റിസ്റ്റ് ആണെങ്കിലും പുല്ലാങ്കുഴൽ വായന പഠിക്കണമെങ്കിൽ അതറിയാവുന്ന ഒരാളുടെ മുമ്പിൽ ശിഷ്യപ്പെടണം. ഒരുപക്ഷേ ഇതു പഠിപ്പിക്കുന്ന ആളിനു യാതൊരു വിദ്യാഭ്യാസവും ഉണ്ടാകണമെന്നില്ല. ആ പഠിത്തമില്ലാത്തയാളുടെ മുന്നിൽ താൻ സയിന്റിസ്റ്റാണെന്ന ഭാവമെല്ലാം വിട്ടു ശ്രദ്ധയോടും

ക്ഷമയോടും ഒരു കുഞ്ഞിന്റെ നിഷ്കളങ്കതയോടുംകൂടി ഇരുന്നാൽ മാത്രമേ പുല്ലാങ്കുഴൽ വായന പഠിക്കുവാൻ കഴിയുകയുള്ളൂ. ആ വിനയം വരുമ്പോഴേ അറിവു നേടുവാൻ കഴിയൂ. ഏതു വിദ്യയും പഠിക്കുവാൻ സാധിക്കൂ.

കോളേജിൽ പഠിക്കുന്നവരെ നോക്കുക! യുവാക്കളാണെങ്കിലും തനിക്കു് ആ വിഷയം അറിയില്ല എന്ന ഭാവത്തിൽ വിനയത്തോടെ അവിടെ ഇരിക്കുന്നില്ലേ? കുഞ്ഞിന്റെ നിഷ്കളങ്കതയിൽനിന്നുമാണു് ആ വിനയം വരുന്നതു്. തൊണ്ണൂറ്റെട്ടു വയസ്സായാലും സ്നേഹത്തിനു വേണ്ടി നാം വ്യാകുലപ്പെടാറുണ്ടു്. ആ വ്യാകുലത നമ്മുടെ ഉള്ളിലെ കുഞ്ഞുഹൃദയത്തിൽനിന്നുമാണു വരുന്നതു്. എനിക്കു് ഈശ്വരൻ മാത്രമേ ഉള്ളൂ. എന്നെ രക്ഷിക്കാൻ അവിടുന്നു മാത്രമേ ഉള്ളൂ. ഈയൊരു ഭാവം, ആ വ്യാകുലത, അതു കുഞ്ഞുഹൃദയത്തിന്റെ ഭാവമാണു്. നമ്മളിലെ കുഞ്ഞുഹൃദയം ഓരോ സാഹചര്യത്തിലാണു വെളിവാകുന്നതു്. ഗൃഹസ്ഥമക്കളിൽ എഴുപതു കഴിഞ്ഞവർപോലും ചിലപ്പോൾ കുട്ടികളെപ്പോലെ ഡാൻസ് ചെയ്യുന്നില്ലേ? വെളുപ്പിനെഴുന്നേറ്റു 'സരിഗമ..' പഠിക്കുന്നില്ലേ? ഇതിനു വേണ്ടതു മാനാഭിമാനമില്ലാതെ, അമ്മ പറയുന്നതു നിഷ്കളങ്കതയോടെ അനുസരിക്കുവാനുള്ള കുഞ്ഞുഹൃദയമാണു്.

ഇതേപോലെതന്നെ ഒരു കുട്ടിക്കു് അവന്റെ അദ്ധ്യാപകനോടുള്ള ഭാവവും ശിഷ്യനു തന്റെ ഗുരുവിനോടുണ്ടാകണം. ടീച്ചർ പറയുന്നതു് അനുസരിക്കുകയെന്നതു വിദ്യാർത്ഥിയുടെ കടമയാണു്. ശ്രദ്ധ, വിനയം, ഉത്സാഹം തുടങ്ങിയ ഗുണങ്ങൾ ശിഷ്യനുണ്ടാകണമെങ്കിൽ 'തനിക്കൊന്നുമറിഞ്ഞുകൂടാ' എന്ന ബോധം വേണം. അപ്പോൾ

മാത്രമേ ഗുരു പറയുന്നതു് എല്ലാം ഉൾക്കൊള്ളുവാനാകൂ. എല്ലാം സ്വീകരിക്കാനുള്ള മനസ്സു് വരൂ. വിനയമുണ്ടെങ്കിലേ അറിവു നേടാൻ കഴിയൂ. ഒന്നുമല്ലാതായാൽ എല്ലാമായിത്തീരാം 'സീറോ ആയാൽ ഹീറോ ആകാം' എന്നു പറയുന്നതു് ഈ അർത്ഥത്തിലാണു്. ഈ വിനയഭാവത്തിലൂടെയാണു സമർപ്പണം വരുന്നതു്. ഗുരുവാകുന്ന ടാങ്കിനോടു ബന്ധിച്ച ഒരു പൈപ്പുപോലെയാണു ശിഷ്യൻ. ചോർച്ചയില്ലാത്ത ഒരു പൈപ്പാകാനുള്ള വിവേകവും വിനയവും ശിഷ്യനുണ്ടായിരിക്കണം. എങ്കിൽ മാത്രമേ ആ ടാങ്കിലെ വെള്ളം ശിഷ്യനിലൂടെ ലോകത്തിനു് ലഭ്യമായിത്തീരുകയുള്ളൂ.

വഴിയുടെ സ്വഭാവമനുസരിച്ചു് ഓടിക്കൊണ്ടിരിക്കുന്ന കാറിന്റെ ഗിയർ മാറ്റുവാൻ കഴിയും. സാവധാനം പോകുമ്പോഴും വേഗതയിൽ പോകുമ്പോഴും വ്യത്യസ്ത ഗിയറുകളിലാണു് അതു പോകുന്നതു്. ഇറക്കത്തിലും കയറ്റത്തിലും ഒരേ ഗിയറല്ല ഉപയോഗിക്കുന്നതു്. ഇതുപോലെ ഓരോ സാഹചര്യം മനസ്സിലാക്കി പെരുമാറുവാൻ ശിഷ്യനു കഴിയണം. ഉദാഹരണത്തിനു് അമ്മ ഗൗരവമായി എന്തെങ്കിലും സംസാരിക്കുന്ന സമയം ഉത്തമനായ ഒരു ശിഷ്യന്റെ ഭാവത്തിൽ ശ്രദ്ധയോടെ അതുൾക്കൊള്ളണം. അതുപോലെ അമ്മ ഒരു തമാശ പറഞ്ഞു് എല്ലാവരോടുമൊപ്പം കളിച്ചു ചിരിക്കുന്ന സമയം ഒരു കുഞ്ഞിനെപ്പോലെ അതാസ്വദിക്കുവാനും സാധിക്കണം. ഒരു കുഞ്ഞിന്റെ ഭാവവും ശിഷ്യന്റെ ഭാവവും സാഹചര്യമനുസരിച്ചു് ഉണർത്താൻ നമുക്കു കഴിയണം.

ചോദ്യം: സത്യം ഒന്നേയുള്ളൂ. അതിലെത്തിച്ചേരേണ്ടതായ നിരവധി മാർഗ്ഗങ്ങളും ഋഷിമാർ ഉപദേശിച്ചി

ട്ടുണ്ടു്. അവയിൽ ഓരോരുത്തരും അവരവർക്കിഷ്ട മുള്ള മാർഗ്ഗം സ്വയം കണ്ടെത്തി അവനവന്റെ സ്വാതന്ത്ര്യമനുസരിച്ചു നീങ്ങുന്നതല്ലേ നല്ലതു്? അതിനായി ഒരു ഗുരുവിന്റെ കീഴിൽ ശിക്ഷണവും യമനിയമങ്ങളും മറ്റും കൂടിയേ തീരൂ എന്നുണ്ടോ?

അമ്മ: മക്കളേ, വിത്തും ബ്രഹ്മം വൃക്ഷവും ബ്രഹ്മം എന്നു പറയും. പക്ഷേ, വൃക്ഷത്തിന്റെ പ്രയോജനം അതു നല്കുന്ന തണലും ഫലവും വിത്തിനു നല്കുവാനാവില്ല. വിത്തിനതിനു കഴിയണമെങ്കിൽ മണ്ണിനടിയിൽ പോയി, തോടുപൊട്ടി മുള വന്നു് അതു വളർന്നു വൃക്ഷമാകണം. തന്നിൽ എല്ലാമുണ്ടെന്നു ചിന്തിച്ചു പെട്ടിക്കുള്ളിലിരുന്നാൽ, മണ്ണിനു താൻ തലകുനിക്കില്ല എന്നു് അഹങ്കരിച്ചിരുന്നാൽ വിത്തിനു വൃക്ഷമായിത്തീരാൻ പറ്റില്ല. ഏതെങ്കിലും എലിക്കതു് ആഹാരമായിത്തീരുകയേ ഉള്ളൂ. അതുപോലെ എന്നിലെല്ലാം ഉണ്ടു്, ഞാനെന്തിനു് ഒരാളുടെ മുന്നിൽ തലകുനിക്കണം എന്നു ചിന്തിച്ചു് അഹങ്കരിച്ചിരുന്നാൽ ഈശ്വരനെ അറിയാൻ കഴിയില്ല. സംസാരത്തിനടിമയാവുകയേ ഉള്ളൂ.

വിത്തിനു മുളവന്നു ചെറുചെടിയായി വളരുമ്പോൾ ആടു മാടുകൾ തിന്നു നശിപ്പിക്കാതിരിക്കാൻ അതിനെ വേലികെട്ടി സംരക്ഷിക്കണം. വേണ്ട വെള്ളവും നല്കണം. തണൽ നല്കി വാടാതെ നോക്കണം. എന്നാൽ, അതു വൃക്ഷമായിത്തീർന്നാൽ പിന്നെ ശ്രദ്ധിക്കേണ്ടതില്ല. അതിൽ ആനയെയും തളയ്ക്കാം. ഇതുപോലെ ലക്ഷ്യത്തിൽ എത്തുന്നതുവരെ യമനിയമങ്ങൾ ആകുന്ന വേലി ആവശ്യമാണു്. നിരന്തരസാധന ആവശ്യമാണു്. ഗുരുവിന്റെ തണലാവശ്യമാണു്. സത്തിനെ അറിഞ്ഞുകഴിഞ്ഞാൽപ്പിന്നെ അവ

രിൽനിന്നു ലോകത്തിനു പ്രയോജനം മാത്രമേയുള്ളൂ. അവരെ ഒന്നിനും ബന്ധിക്കുവാനും കഴിയില്ല. അഹങ്കാരത്തിന്റെ ഞാനെന്ന ഭാവത്തിന്റെ തോടു പൊട്ടിയാലേ പരമതത്ത്വത്തിലേക്കു വളരാൻ കഴിയൂ.

ഇന്നത്തെ നമ്മുടെ യാത്ര, മാപ്പ് (ഭൂപടം) നോക്കി പോകുന്നതുപോലെയാണു്. ഇന്ന വഴിയേ പോയാൽ ഇന്ന സ്ഥലത്തെത്തും എന്ന അറിവു ഭൂപടത്തിലൂടെ കിട്ടും. എന്നാൽ അനുഭവമില്ല. വഴിയിലെ സാഹചര്യം യാത്രയ്ക്കനുകൂലമാണോ എന്നറിയില്ല. കാട്ടുമൃഗങ്ങളോ കൊള്ളക്കാരോ ഉണ്ടാകാം. റോഡുകൾ നല്ലതാകണമെന്നില്ല. അതുവഴി യാത്ര ചെയ്തിട്ടുള്ള ആരെങ്കിലും ഒരാൾ കൂടെയുണ്ടെങ്കിൽ ധൈര്യമായി മുന്നോട്ടു പോകാം. അങ്ങനെ ഒരാളെ കണ്ടെത്തിയാൽ മാത്രം പോരാ ആ ആളിൽ വിശ്വാസം അർപ്പിക്കാനും നമുക്കു കഴിയണം. എങ്കിലേ സമാധാനത്തോടെ മുന്നോട്ടു പോകുവാൻ സാധിക്കൂ. അയാളിൽ സംശയം ഉണ്ടായാൽ നമ്മുടെ സമാധാനം നഷ്ടമാകും. ഇതുപോലെ സത്യം അറിഞ്ഞ ആളിനു മാത്രമേ നമ്മളെ സത്യത്തിലേക്കു നയിക്കുവാൻ കഴിയൂ. വേണ്ട ഉപദേശം വേണ്ടപ്പോൾ നല്കുവാൻ സാധിക്കൂ. അങ്ങനെയുള്ള ഗുരുവിൽ നമുക്കു പൂർണ്ണവിശ്വാസം വേണം.

എത്രയും വേഗം ശിഷ്യനെ ലക്ഷ്യത്തിലെത്തിക്കുവാനാണു ഗുരു നോക്കുന്നതു്. പുസ്തകം മാത്രം വായിച്ചിരുന്നാൽ നാം ലക്ഷ്യത്തിൽ എത്തില്ല. പഠിച്ചതു പ്രവൃത്തിയിൽകൊണ്ടു വരണം. ഗുരുവിന്റെ മുന്നിൽ ഹൃദയം തുറക്കണം. എങ്കിലേ ഗുരുവിനു നമ്മുടെ ഹൃദയം നിറയ്ക്കുവാനാകൂ. അതിനുവേണ്ടതു് അഹങ്കാരത്തെ ഉപേക്ഷിക്കുക, സമർപ്പണം വളർത്തുക എന്നതാണു്. നനവു

തട്ടി വിത്തു മുളയ്ക്കുന്നതുപോലെ, തള്ളപ്പക്ഷിയുടെ ചൂടിൽ മുട്ട വിരിയുന്നതുപോലെ, ആത്മതത്ത്വം അറിയണമെങ്കിൽ അഹങ്കാരത്തിന്റെ തോടുപൊട്ടണം. അതിനു ഗുരുവിന്റെ കൃപയാകുന്ന ജലം, അവിടുത്തെ ശിക്ഷണത്തിന്റെ ചൂടു് ആവശ്യമാണു്. യഥാർത്ഥഗുരു നമ്മുടെ ഉള്ളിൽത്തന്നെ ഉണ്ടു് എന്നാൽ അഹങ്കാരം മൂലം നാമതറിയുന്നില്ല. അഹങ്കാരം നമ്മളെ ഇരുട്ടിൽ ആഴ്ത്തുന്നു. വാസ്തവത്തിൽ ബാഹ്യഗുരു ശിഷ്യന്റെ ഉള്ളിലെ ഗുരുവിനെ ഉണർത്തുകയാണു ചെയ്യുന്നതു്. ആന്തരികഗുരു ഉണരുന്നതുവരെ ബാഹ്യഗുരുവിനെ ആശ്രയിക്കുകയും അനുസരിക്കുകയുമാണു സാധാരണക്കാരനു സുരക്ഷിതമായിട്ടുള്ളതു്.

ഒരു ഗുരുവും ശിഷ്യനും കൂടി യാത്രകഴിഞ്ഞു തിരിച്ചുവരികയാണു്. ശിഷ്യൻ ആകെ തളർന്നു. വഴിവക്കിൽ ഒരു ആൽമരം കണ്ടപ്പോൾ ശിഷ്യൻ പറഞ്ഞു. "ഗുരോ, എനിക്കിനി ഒരു ചുവടു കൂടി മുന്നോട്ടുവയ്ക്കുവാൻ വയ്യ. ഞാനിപ്പോൾ തളർന്നു വീഴും. ഞാൻ അല്പസമയം ഇവിടെ വിശ്രമിച്ചിട്ടു പിന്നാലെ എത്തിക്കൊള്ളാം." ശിഷ്യന്റെ വിഷമം കണ്ടിട്ടു ഗുരു 'ശരി' എന്നു പറഞ്ഞു മുന്നോട്ടു നടന്നു. ശിഷ്യനാകട്ടെ ആൽമരത്തണലിൽ വിശ്രമിക്കാനായി കിടന്നു. പെട്ടെന്നുറങ്ങുകയും ചെയ്തു.

ഗുരു അല്പദൂരം ചെന്നപ്പോൾ അവിടെ വയലിൽ കുറെ സ്ത്രീകൾ ജോലി ചെയ്തുകൊണ്ടിരിക്കുന്നു. അതിൽ ഒരു പെൺകുട്ടിയെ ഗുരു വേഗം ചെന്നു പൊക്കിയെടുത്തുകൊണ്ടു് ഓടി. ഇതു കേട്ടറിഞ്ഞ ഗ്രാമീണർ പിന്നാലെ പാഞ്ഞു. ഗുരു ആ പെൺകുട്ടിയെ ഉറങ്ങിക്കിടന്ന ശിഷ്യന്റെ സമീപം ഇട്ടിട്ടു് ഓടിമറഞ്ഞു. പെണ്ണിനെ തട്ടി

ക്കൊണ്ടുപോയവനെ പിടിക്കാൻ വന്നവർക്കു കാണാൻ കഴിഞ്ഞതു ശിഷ്യന്റെ സമീപം അവൾ ഇരിക്കുന്നതാണു്. ബഹളം കേട്ടു കണ്ണുതുറന്ന ശിഷ്യൻ മുന്നിലെ കാഴ്ച കണ്ടു ഞെട്ടി വിറച്ചു. തന്റെ സമീപത്തൊരു പെൺകുട്ടി യിരുന്നു കരയുന്നു. കുറച്ചു പുറകിലായി, തന്നെ അടിക്കാ നായി വടിയും ആയുധങ്ങളുമായി ഓടിയടുക്കുന്ന ജന ക്കൂട്ടം. ആകെ പേടിച്ചു വിറച്ചു ശിഷ്യൻ ഒറ്റയോട്ടം ഓടി.

ഗുരു ആശ്രമത്തിൽ ചെല്ലുമ്പോൾ ശിഷ്യൻ അവിടെയി രുന്നു കിതയ്ക്കുന്നു. ഗുരു ഒന്നുമറിയാത്ത ഭാവത്തിൽ ചോ ദിച്ചു. "നീ എങ്ങനെ എന്നെക്കാൾ മുമ്പെ ഇവിടെ എത്തി? ഒരു ചുവടുപോലും നടക്കുവാൻ വയ്യെന്നു പറഞ്ഞു് അവി ടെ കിടന്നതല്ലേ." ശിഷ്യനു് ഒന്നും പറയുവാനുണ്ടായിരു ന്നില്ല.

ഇതുപോലെ ശിഷ്യനെ രക്ഷിക്കാൻവേണ്ടി ഗുരു പല വഴികളും സ്വീകരിക്കും. ഗുരുവിനു് ഒറ്റലക്ഷ്യം മാത്രമേ യുള്ളൂ. എങ്ങനെയും എത്രയും വേഗം ശിഷ്യനെ ലക്ഷ്യ ത്തിലെത്തിക്കുക.

ചോദ്യം: ആദ്ധ്യാത്മികജീവിതത്തിൽ ഗുരു വേണ മെന്നു് അമ്മ പറയുന്നു. എന്നാൽ അമ്മയ്ക്കു ഗുരുവില്ല ല്ലോ?

അമ്മ: ചിലർ സംഗീതം പഠിക്കാതെ ജന്മനാതന്നെ എല്ലാ രാഗങ്ങളും പാടാറുണ്ടു്. ഇങ്ങനെയുള്ളവർ വളരെ അപൂർവ്വമായിരിക്കും. ഇതു കണ്ടിട്ടു മറ്റുള്ളവരും പഠിക്കാ തെ പാടിയാൽ എങ്ങനെയിരിക്കും. അമ്മയുടെ കാര്യം പറയുകയാണെങ്കിൽ അമ്മയ്ക്കു് എല്ലാവരും ഗുരുവാണു്.

ലോകത്തിലുള്ളതെന്തും ഗുരുവാണു്. പുല്ലും പുഴുവും സർവ്വതും ഗുരുവാണു്, ഈശ്വരനാണു്.

ചോദ്യം: ഗുരുവില്ലാതെ സാധന സാദ്ധ്യമല്ലേ?

അമ്മ: ശാസ്ത്രം നമുക്കു പുസ്തകങ്ങളിലൂടെ വായിക്കാം, പഠിക്കാം. മിക്ക ശാസ്ത്രഗ്രന്ഥങ്ങൾക്കും ലളിത വ്യാഖ്യാനങ്ങളും ഇന്നു ലഭ്യമാണു്. എന്നാൽ പുസ്തകങ്ങൾ നോക്കി സാധനകൾ അനുഷ്ഠിക്കുന്നതു പലപ്പോഴും അപകടത്തിനു കാരണമാകും. ശാസ്ത്രപഠനത്തിനും സാധനയ്ക്കും തമ്മിൽ തിയറിയും പ്രാക്ടിക്കലും പോലെയുള്ള വ്യത്യാസമുണ്ടു്. തിയറി വായിച്ചും പഠിക്കാം, എന്നാൽ പ്രാക്ടിക്കൽ അദ്ധ്യാപകന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ വേണം ചെയ്യുവാൻ.

ടോണിക്ക് ശരീരത്തിനുവേണ്ട പോഷകങ്ങൾ നല്കും. എന്നാൽ രണ്ടു സ്പൂൺ കുടിക്കേണ്ട സ്ഥാനത്തു കുപ്പിയോടെ കുടിച്ചാൽ, ഗുണത്തിനു പകരം ദോഷമേ സംഭവിക്കൂ. ഇതുപോലെ ധ്യാനം എന്തുകൊണ്ടും നല്ലതാണു്. ധ്യാനം സ്വർണ്ണംപോലെ മൂല്യമുള്ളതാണു്. അതു ഭൗതികൈശ്വര്യത്തിനും മുക്തിക്കും ശാന്തിക്കും നല്ലതാണു്. പക്ഷേ, ഒരു ഗുരുവിന്റെ നിർദ്ദേശപ്രകാരം ശ്രദ്ധയോടെ അനുഷ്ഠിക്കണം എന്നുമാത്രം.

ഓരോന്നിനും അതാതിന്റെതായ ക്രമമുണ്ടു്. അതു നമ്മൾ പാലിച്ചിരിക്കണം. പുതിയ വാഹനം വാങ്ങിയാൽ കമ്പനിതന്നെ അതിന്റെ വേഗതയിൽ നിയന്ത്രണം വയ്ക്കും. 'ഇത്ര കിലോമീറ്റർ കഴിയുന്നതുവരെ നിശ്ചിതവേഗതയിൽ കൂടുതൽ ഓടിക്കുവാൻ പാടില്ല' എന്നു പറയും. കമ്പനി നിർദ്ദേശിച്ചിട്ടുള്ളതു് അറുപതു കിലോമീറ്റർ സ്പീഡാണെ

ങ്കിൽ അതിൽക്കൂടുതൽ പോകാതിരിക്കുവാനായി അതു പൂട്ടിവയ്ക്കും. ആരെങ്കിലും പൂട്ടുതുറന്നു് അമിതവേഗതയിൽ ഓടിച്ചാൽ വേഗത്തിൽ എഞ്ചിൻ തകരാറിലാകും. ഇതുപോലെ ഒരു സാധകൻ തുടക്കത്തിൽ ഗുരു നിർദ്ദേശിക്കുന്നതിനനുസരിച്ചു് ആ ക്രമത്തിനു മാത്രമേ സാധന ചെയ്യാവൂ. ചിലർ തുടക്കത്തിലെ ആവേശം കാരണം ആദ്ധ്യാത്മികത എന്നു കേൾക്കുമ്പോഴേ ഒരു കുതിപ്പാണു്. നിർത്താതെ സാധനകൾ പലതും ചെയ്യും. എപ്പോഴും കണ്ണടച്ചു ധ്യാനിച്ചുകൊണ്ടിരിക്കും. അവസാനം തലയിലെ ഞരമ്പുകൾ ചൂടായിട്ടു പല വിഭ്യതികളും കാണിക്കും. ഫിറ്റ്സിനും മറ്റു മാനസികരോഗങ്ങൾക്കും അതു കാരണമാകും. സാധാരണ, മിക്സിയും മറ്റും തുടർച്ചയായി പ്രവർത്തിപ്പിച്ചുകൊണ്ടിരുന്നാൽ അതിന്റെ മോട്ടോർ ചൂടായിട്ടു് അതു കത്തിപ്പോകും. ഇതുപോലെയാണു ഗുരുവിന്റെ നിർദ്ദേശം വകവയ്ക്കാതെ സ്വന്തം ഇഷ്ടപ്രകാരം ക്രമത്തിലധികം ധ്യാനിച്ചാലും സംഭവിക്കുന്നതു്.

മാനസികരോഗമുള്ളവർ അമിതമായി ധ്യാനവും ജപവും ചെയ്യുവാൻ പാടില്ല. മാനസികസംഘർഷം ഉണ്ടാകാത്ത ജോലികൾ എന്തെങ്കിലും അവർക്കു നല്കണം. അങ്ങനെ അവരിൽ ആരോഗ്യബുദ്ധി വളരും. ക്രമേണ മനസ്സിനു വേണ്ടത്ര ശക്തി ലഭിക്കും. തുടക്കത്തിലേ ശ്രദ്ധിച്ചില്ല എങ്കിൽ കൂടുതൽ പ്രശ്നങ്ങൾക്കു വഴിതെളിക്കും. ഇതൊക്കെ അനുഭവസ്ഥരായ ഗുരുക്കന്മാർക്കേ നിർദ്ദേശിക്കാൻ കഴിയൂ.

ഒരേ രോഗവുമായി പല ആളുകളും ഡോക്ടറെ സമീപിക്കാറുണ്ടു്. എന്നാൽ എല്ലാവർക്കും ഡോക്ടർ ഒരേ ചികിത്സയല്ല വിധിക്കുന്നതു്. രോഗിയുടെ പ്രായം, ശരീരഘടന,

ആ രോഗ്യസ്ഥിതി ഇതൊക്കെ കണക്കിലെടുത്തിട്ടാണു ചികിത്സ തീരുമാനിക്കുന്നതു്. ചിലർക്കു കുത്തിവയ്പ്പു നല്കും. ചിലർക്കു ഗുളിക മാത്രം കൊടുക്കും. മറ്റു ചിലർക്കു് ഏതെങ്കിലും ടോണിക്കായിരിക്കും നല്കുക. അതുപോലെ, കഴിക്കേണ്ട മരുന്നിന്റെ അളവിലും വ്യക്തിഭേദം അനുസരിച്ചു വ്യത്യാസം കാണും. ഇതുപോലെ, തന്നെ സമീപിക്കുന്ന ആളുടെ ശരീരഘടന, സ്വഭാവം, മനഃശക്തി, ദുർബ്ബലതകൾ ഇതൊക്കെ നോക്കിയിട്ടാണു ഗുരുക്കന്മാർ സാധനകൾ നിർദ്ദേശിക്കുന്നതു്. ചിലരോടു് ഒട്ടും ധ്യാനിക്കാൻ പാടില്ല എന്നു പറയും. ചിലരോടു കീർത്തനം ചൊല്ലിയാൽ മാത്രം മതിയെന്നു പറയും. അതാണു ശാസ്ത്രങ്ങൾ എല്ലാം ചോദ്യോത്തരരൂപത്തിലായതു്. ഓരോ ശിഷ്യന്റെയും സംശയത്തിനുള്ള മറുപടിയാണു് അവയിലുള്ളതു്.

പോയ കാലങ്ങളിൽ ശിഷ്യർ ഗുരുവിനെ തേടിച്ചെന്നിരുന്നു. എന്നാൽ ഇന്നു ഗുരു ശിഷ്യരെത്തേടി നടക്കുന്ന കാലഘട്ടമാണു്. ഈ കലിയുഗത്തിൽ സന്ന്യാസിമാർ ഗ്രാമസേവകരായി മാറും എന്നാണു പറയുന്നതു്. പണ്ടു് ഇന്ദ്രിയസുഖങ്ങൾക്കു് അവസരങ്ങൾ എല്ലാം അടഞ്ഞിരുന്ന ഒരു കാലഘട്ടമായിരുന്നു. എങ്കിൽ ഇന്നെല്ലാം തുറന്നിരിക്കുന്നു. എല്ലാം മുൻപിലുണ്ടു്. അവയുടെ മുന്നിൽനിന്നു കൊണ്ടു വൈരാഗ്യം കിട്ടുവാൻ വളരെ വിഷമമാണു്. നാക്കിൽ പഞ്ചസാര ഇട്ടിട്ടു നാവിൽ വെള്ളമൂറാതിരിക്കാൻ എത്ര വിഷമമാണോ; അതേപോലെ വിഷമമാണു് ഈ ലോകത്തിൽനിന്നുകൊണ്ടു വൈരാഗ്യം ലഭിക്കുവാൻ. അതിനാൽ ഇന്നുള്ളവർക്കു് ആദ്ധ്യാത്മികതയിലൊന്നും അത്ര താത്പര്യമില്ല. ഇതിനൊരു മാറ്റം വരുത്തുന്നതിനായി സന്ന്യാസിമാർപോലും സമൂഹത്തിൽ ഇറങ്ങി

പ്രവർത്തിക്കുന്നു. ധാരാളം ആളുകൾ ആദ്ധ്യാത്മികകാ
ര്യങ്ങൾ ഉപദേശിക്കുവാനുണ്ടു്. കാര്യങ്ങൾ മനസ്സിലാ
ക്കാൻ ഇതുപകരിക്കും. പക്ഷേ, സാധനാക്രമങ്ങൾ അനു
ഭവസ്ഥരായ ഗുരുക്കന്മാരിൽനിന്നേ സ്വീകരിക്കാവൂ. എല്ലാ
ക്രമങ്ങളും എല്ലാവർക്കും ചേർന്നതല്ല. എല്ലാം പൊതു
വായി പറയുവാനും പാടുള്ളതല്ല. സാധനയുടെ കാര്യ
ങ്ങൾ മറ്റുള്ളവർക്കു പറഞ്ഞുകൊടുക്കുമ്പോൾ വളരെ
ശ്രദ്ധിക്കണം. ഉദാഹരണത്തിനു പ്രാണായാമത്തിന്റെ
കാര്യം എടുക്കാം. ഹൃദയത്തിനു് അസുഖമുള്ളവർ പ്രാ
ണായാമം അധികം ചെയ്യരുതു്. ശക്തിയായി ശ്വാസം
വലിച്ചെടുക്കുവാനും വിടുവാനും പാടില്ല. പ്രഷറുള്ളവരും
ശ്രദ്ധിക്കണം. വളരെ ചെറിയ രീതിയിലേ അവർ ചെയ്യാൻ
പാടുള്ളൂ. അവർ അധികം ക്ഷീണിക്കാൻ പാടില്ല.

പണ്ടു കാലങ്ങളിൽ പ്രാണായാമം ചെയ്യുവാൻ ഗുരു
ക്കന്മാരെ സമീപിച്ചാൽ അവർ ഒരു പുല്ലിന്റെ തുമ്പെടുത്തു
മൂക്കിനു നേരെ പിടിക്കും. എന്നിട്ടു ശ്വാസം സാവകാ
ശം വിടാൻ പറയും. അതിശക്തമായി വിടാൻ പറയും.
ആ സമയങ്ങളിൽ പുല്ലിന്റെ ചലനം നോക്കിയിട്ടാണു
പ്രാണായാമം, എത്ര പ്രാവശ്യം ഏതു രീതിയിൽ ചെയ്യണം
എന്നും മറ്റും പറഞ്ഞു കൊടുക്കുന്നതു്. ഇതൊന്നും
ശ്രദ്ധിക്കാതെ യാതൊരു നിയന്ത്രണവുമില്ലാതെ പ്രാണാ
യാമവും കുംഭകവുമൊക്കെ പരിശീലിച്ചാൽ കഴിക്കുന്ന
ഭക്ഷണം ദഹിക്കാതെ അതേപടി പുറത്തേക്കു പോകും.
കഴിച്ച ഭക്ഷണം ദഹിപ്പിക്കുവാനുള്ള ശേഷി നഷ്ടമാകും.
പ്രാണായാമം, യോഗ ഇതൊക്കെ ചെയ്യുന്നതിനു് അതി
ന്റെതായ രീതികളുണ്ടു്. മുറുക്കമുള്ള ബെൽറ്റിട്ടുകൊ
ണ്ടൊന്നും അവ ചെയ്യുവാൻ പാടില്ല. വസ്ത്രം അയവുള്ള
തായിരിക്കണം. പ്രാണായാമം കസേരയിലും മറ്റും ഇരു

ന്നു ചെയ്യരുതു്. അതിനു പ്രത്യേക ആസനത്തിൽത്തന്നെ ഇരിക്കണം.

ചിലർ ശ്വാസം വളരെ ശക്തിയായി വലിച്ചു് എടുക്കുകയും വിടുകയും ചെയ്യും. ഇതു തുടർച്ചയായി ചെയ്യുമ്പോൾ, ശിരസ്സിലെ പ്രാണവായു കുറഞ്ഞിട്ടു് ഏതോ ഒരു ലോകത്തിലേക്കു ഉയർന്നു പോകുന്നതുപോലെ തോന്നും. അതു് ആദ്ധ്യാത്മികാനുഭൂതിയൊന്നുമല്ല. കണ്ണിന്റെ കാഴ്ച കുറയുന്ന സമയത്തു ചിലർ വന്നു പറയാറുണ്ടു്, കണ്ണിൽ പ്രകാശം കാണുന്നു എന്നും മറ്റും. അതു കണ്ണിന്റെ അസുഖം മൂലമാണെന്നു് അവരറിയുന്നില്ല. ആത്മപ്രകാശം ഉള്ളിൽ കാണുന്നതുപോലെയാണു് അവരുടെ വിവരണം. കണ്ണിന്റെ ഡോക്ടറെ കാണുവാനായി അവരെ വേഗം പറഞ്ഞയയ്ക്കും. ചികിത്സ കഴിയുമ്പോൾ പ്രകാശം കാണുന്നതും നില്ക്കും. അഥവാ, സാധനമൂലം ഏതെങ്കിലും അനുഭൂതി ഉണ്ടായാൽക്കൂടി അതത്ര ഗൗരവമായിട്ടെടുക്കേണ്ടതില്ല. അതും ഒരു സ്വപ്നംപോലെയേ ഉള്ളൂ. യാചകൻ സ്വപ്നത്തിൽ താൻ രാജാവായിത്തീർന്നതായി കണ്ടതുകൊണ്ടു യഥാർത്ഥജീവിതത്തിൽ എന്താണു പ്രയോജനം? ഉണർന്നിരിക്കുന്ന വേളയിലെ ഓരോ സാഹചര്യത്തിലുമുള്ള മനസ്സിന്റെ സന്തുലനമാണു നമുക്കു് ആവശ്യം. അതാണു യഥാർത്ഥ ആത്മീയപുരോഗതി. സാധനയിലൂടെ മനസ്സിന്റെ ശക്തി വീണ്ടെടുക്കുകയാണു വേണ്ടതു്. ഏതു സാഹചര്യത്തിലും ക്ഷമ നഷ്ടമാകാതിരിക്കുവാനുള്ള കഴിവാണു നേടേണ്ടതു്. ഏതിലും സഹജമായി നല്ലതുമാത്രം വീക്ഷിക്കുവാനുള്ള ഭാവമാണു നാം സാധനയിലൂടെ വളർത്തിയെടുക്കേണ്ടതു്. അതാണു സാധകന്റെ ശരിയായ വളർച്ച.

നേരത്തെ പഠിച്ചതുവച്ചു് ഇവിടെ കുട്ടികൾ പലരും യോഗാസനം ചെയ്യുന്നുണ്ടായിരുന്നു. ചില കുട്ടികളുടെ ചെവിയിൽനിന്നും ചോര വാർന്നു. അവർ ചെയ്തുകൊണ്ടിരുന്ന പല ആസനങ്ങളും തുടർന്നു ചെയ്യരുതെന്നു പറഞ്ഞു. അവരുടെ ശരീരസ്ഥിതിക്കു ചേർന്നവ ആയിരുന്നില്ല അതു്. ശരീരപ്രകൃതം നോക്കിയേ ചില ആസനങ്ങൾ ചെയ്യുവാൻ പാടുള്ളൂ.

ചോദ്യം: മുഖ്യമന്ത്രി ശ്രീ ആന്റണിയോടു ശീർഷാസനം ചെയ്യാൻ അമ്മ നിർദ്ദേശിച്ചതായി ഒരു പത്രത്തിൽ വായിച്ചല്ലോ?

അമ്മ: ശീർഷാസനം എല്ലാവർക്കും ചെയ്യുവാൻ പറ്റിയതല്ല. ശീർഷാസനം ചെയ്യരുതു് എന്നാണു പെതുവേ അമ്മ പറയാറുള്ളതു്. ആ മോനോടും അങ്ങനെത്തന്നെയാണു പറഞ്ഞതു്.

ചോദ്യം: അപകടം കൂടാതെ പൊതുവേ എല്ലാവർക്കും സ്വയം ചെയ്യുവാൻ പറ്റിയ സാധന എന്തെങ്കിലും ഉണ്ടോ? ഒരു ഗുരുവിനെ ആശ്രയിക്കുന്നതു് എത്രയായാലും ഒരു തരം അടിമത്തമല്ലേ?

അമ്മ: മാനസപൂജയും മറ്റും അമ്മ പൊതുവേ പറയാറുള്ളതാണു്. കാരണം ഇതു വളരെ ലളിതമാണു്. എല്ലാവർക്കും ചെയ്യാവുന്നതാണു്. തറയിൽ ഇരിക്കാൻ ബുദ്ധിമുട്ടുള്ളവർക്കു കസേരയിൽ ഇരുന്നും ചെയ്യാം. ഇഷ്ടദേവതയ്ക്കുള്ള മാനസപൂജയിലൂടെ ഹൃദയത്തിൽ ഭക്തി വളരുന്നു, മനസ്സിനു് ഏകാഗ്രതയും ഉന്മേഷവും ലഭിക്കുന്നു. കുംഭകം കൂടാതെ അല്പനേരം ദീർഘമായി ശ്വാസോച്ഛ്വാസം ചെ

യ്യുന്നതു നല്ലതാണു്. അതിൽ അപകടമില്ല. എന്നാൽ അതും അധികമാകരുതു്. അമ്മ പൊതുവേ പറയാറുള്ളതു ശ്വാസത്തിൽ ശ്രദ്ധിച്ചിരിക്കാനാണു്. ഇതിൽ അപകടമില്ല, ആർക്കും ചെയ്യാവുന്നതാണു്.

ഇഷ്ടദേവതയുടെ മന്ത്രം ജപിക്കുന്നതും അവിടുത്തെ രൂപം ധ്യാനിക്കുന്നതും നല്ല സാധനയാണു്. ഓരോ കർമ്മം ചെയ്യുന്നതിനിടയിലും ജപം തുടരാം. ഇഷ്ടദേവതയുടെ ചിത്രത്തിൽ അല്പനേരം നോക്കിയിരുന്നശേഷം കണ്ണടച്ചു് ആ രൂപം മനസ്സിൽ സ്മരിക്കുന്നതും പൊതുവെ ആർക്കും ചെയ്യാവുന്ന സാധനയാണു്. എന്നാൽ തുടക്കത്തിൽത്തന്നെ അധികനേരം ബലമായി മനസ്സിനെ പിടിച്ചുനിർത്തുന്നതു് അപകടമാണു്. ഒരു ക്രമം വേണം. മാത്രമല്ല ഒരു ഗുരുവിന്റെ മാർഗ്ഗനിർദ്ദേശത്തിൽ സാധന ചെയ്യുന്നതാണു് എപ്പോഴും ഉത്തമം.

ഞാൻ ശരീരമല്ല, മനസ്സല്ല, ബുദ്ധിയല്ല, പുണ്യമല്ല, പാപമല്ല. ഇതേ രീതിയിലുള്ള 'നേതൽ' ഉണ്ടു് വേദാന്തത്തിൽ. ഇതും ദോഷം ചെയ്യില്ല. അതു ഭാവനയാണു്. ചിന്തനമാണു്. എന്നാൽ ഒന്നും ക്രമത്തിലധികം ആകാൻ പാടില്ല. ഒരു സാധകനെ സംബന്ധിച്ചു് അവന്റെ ഏതു കർമ്മവും സാധനയാണു്. അതിനാൽ ഏതു ജോലിയും സാധനയായി മാറണം. അവന്റെ ഓരോ കർമ്മത്തിലും നോട്ടത്തിലും വാക്കിലും ഇതു കാണുവാൻ കഴിയണം.

നാല്പതു വാട്ടിന്റെ ബൾബിൽ നൂറു വാട്ടിന്റെ കറന്റു കടത്തിവിട്ടാൽ അതു ഫ്യൂസാകും. ഇതിനു കറന്റിനെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. സാധന ചെയ്യുന്നതിനുള്ള നമ്മുടെ ഉപാധി ശരീരവും മനസ്സുമാണു്. ഉപാധിക്കനുസരിച്ചാണു ഫലം ലഭിക്കുക. അതിനാൽ അശ്രദ്ധയോ

ടെ സാധനകൾ അനുഷ്ഠിച്ചു് അവയ്ക്കു തകരാറു സംഭവിക്കുവാൻ ഇടനല്കരുതു്.

സാധനയിലൂടെ ശക്തി നേടാൻ കഴിഞ്ഞു എന്നുവരാം. എന്നാൽ സാക്ഷാത്കാരം നേടണമെങ്കിൽ ഗുരുവിന്റെ മുന്നിൽ ശിഷ്യപ്പെടുകതന്നെ വേണം. ശിഷ്യപ്പെടുക എന്നതു് അടിമത്തമല്ല, സ്വീകരിക്കൽ ഭാവമാണു്.

ചെറുപ്രായത്തിൽത്തന്നെ പത്തും അൻപതും സിഗറ്റു വലിക്കുന്നതിനു ചിലർ അടിമപ്പെടും. കഞ്ചാവിനു് അടിമപ്പെടും. മറ്റു ലഹരികൾക്കു് അടിമപ്പെടും. ഇതുപോലെയുള്ള ഒരു അടിമപ്പെടലല്ല ഗുരുവിന്റെ മുന്നിൽ സംഭവിക്കുന്നതു്. അതു് ആത്മചൈതന്യത്തെ ഉണർത്താനുള്ള സമർപ്പണഭാവമാണു്. ഗുരുവിന്റെ മുന്നിൽ ശിഷ്യപ്പെടുന്നതിലൂടെ ഒരുവനു് ലോകത്തോടുള്ള കാഴ്ചപ്പാടിൽത്തന്നെ വ്യത്യാസം സംഭവിക്കുന്നു. അവന്റെ മുമ്പിൽ പുതിയ ഒരു ലോകം തുറക്കുകയാണു്.

കണ്ണിനു ബാധിച്ച തിമിരം മാറ്റണമെങ്കിൽ ഓപ്പറേഷൻ ചെയ്യണം. അതിനുവേണ്ടി ഡോക്ടർ പറയുന്നതുപോലെ കിടന്നുകൊടുക്കണം. അതുപോലെയൊരു പ്രക്രിയയാണു ഗുരുവിന്റെ മുന്നിൽ ശിഷ്യനു സംഭവിക്കുന്നതു്. ലോകത്തോടുള്ള കാഴ്ചപ്പാടിൽ ശിഷ്യനു സംഭവിച്ചിരിക്കുന്ന വൈകല്യം നീക്കുകയാണു ഗുരു ചെയ്യുന്നതു്. പക്ഷേ, ഇതിനു ശിഷ്യൻ ഗുരുവിന്റെ കൈകളിൽത്തന്നെത്തന്നെ ഏല്പിച്ചു കൊടുക്കാൻ തയ്യാറാകണം.

സാക്ഷാത്കാരം എന്നതു മരിച്ചുകഴിഞ്ഞു നാം എത്തിച്ചേരുന്ന ഏതോ ഒരു ലോകമല്ല. ഇന്നു മനുഷ്യനെന്നു പറഞ്ഞാലും നമ്മളിൽ മൃഗമനസ്സാണുള്ളതു്. ആ മൃഗമനസ്സിൽനിന്നും മനുഷ്യമനസ്സിലേക്കെത്തണം. അവിടെ

നിന്നും ഈശ്വരത്വത്തിലേക്കുയരണം. ഈ ഉയർത്തെഴുന്നേല്പാണു്, തന്നിൽത്തന്നെയുള്ള ഉയർത്തെഴുന്നേല്പാണു്, സാക്ഷാത്കാരം.

ഗുരു പറയുന്നതെന്തോ അതനുസരിക്കുക എന്നതാണു ശിഷ്യന്റെ ധർമ്മം. കാരണം ശിഷ്യന്റെ ദൃഷ്ടി സ്ഥൂലമാണു്. ഗുരുവിന്റെതാകട്ടെ സൂക്ഷ്മവും. ശിഷ്യൻ കാണാത്ത പലതും ഗുരു കാണും. തന്നെക്കാൾ തന്റെ മനസ്സിനെ നന്നായറിയാവുന്നതു ഗുരുവിനാണെന്നു ശിഷ്യനറിയണം. എങ്കിൽ മാത്രമേ ശിഷ്യനു വളരുവാൻ കഴിയൂ. നമ്മുടെ കാഴ്ചയിൽ നമുക്കു രോഗമൊന്നും ഇല്ലായിരിക്കാം. എന്നാൽ ഡോക്ടർ പറയും നമുക്കു് ഇന്നയിന്ന രോഗങ്ങളുണ്ടെന്നു്. പ്രത്യക്ഷത്തിൽ നമുക്കു് അനുഭവമില്ലായിരിക്കാം. എന്നാൽ ഡോക്ടർ തന്റെ അറിവും അനുഭവവും വച്ചു്, ചില ലക്ഷണങ്ങൾവച്ചു നമുക്കു നാളെ സംഭവിക്കാൻ പോകുന്ന കാര്യങ്ങൾ മുൻകൂട്ടി പറയുകയാണുണ്ടായതു്. ആ ദൃഷ്ടി നമുക്കില്ല. ഡോക്ടർക്കു മാത്രമേയുള്ളൂ. ഇതേപോലെ ശിഷ്യനു തന്നെക്കുറിച്ചു കാണാൻ കഴിയാത്ത പലതിനെയും ഗുരു കാണുന്നുണ്ടു്. അതനുസരിച്ചു നീങ്ങണമെങ്കിൽ ഗുരുവിൽ പൂർണ്ണവിശ്വാസം അർപ്പിക്കുകയാണു വേണ്ടതു്. എങ്കിലേ ആത്മീയമാർഗ്ഗത്തിൽ വളരാൻ കഴിയൂ.

ഒരിക്കൽ ഒരാൾ ഒരു കുട്ടിയുടെ കൈയിൽ ഒരു മൺകുടം കൊടുത്തിട്ടു വെള്ളം കൊണ്ടുവരുവാൻ പറഞ്ഞു. പോകുന്നതിനു മുൻപു ചെവിക്കു നല്ലൊരു നുള്ളു കൊടുത്തിട്ടു 'ശ്രദ്ധിച്ചു കൊണ്ടുവരണം, കുടം നിലത്തിട്ടു പൊട്ടിക്കരുതു കേട്ടോ' എന്നുകൂടി പറഞ്ഞു. കുട്ടി പോയതിനു ശേഷം അടുത്തുനിന്നയാൾ ചോദിച്ചു. "നിങ്ങൾ

എന്തിനാണു ആവശ്യമില്ലാതെ അവനെ വേദനിപ്പിച്ചതു്? അവൻ കുടമൊന്നും ഉടച്ചില്ലല്ലോ!" "കുടം ഉടച്ചു വന്നതിനുശേഷം അടിച്ചിട്ടു കാര്യമുണ്ടോ?" അദ്ദേഹം മറുപടി നല്കി. ഇതുപോലെ ഗുരു പലതും മുൻകൂട്ടി കണ്ടുകൊണ്ടാണു ശിഷ്യനെ നയിക്കുന്നതു്. പ്രത്യക്ഷത്തിൽ കാരണമൊന്നുമില്ലാതെ ഗുരു ശിഷ്യനെ വഴക്കു പറഞ്ഞെന്നിരിക്കും. ശിഷ്യൻ ചിന്തിക്കും, 'ഞാനൊരു തെറ്റും ചെയ്തില്ലല്ലോ, പിന്നെ എന്തിനെന്നെ വഴക്കു പറഞ്ഞു? എന്നാൽ ഗുരു ചെയ്യുന്നതു് ഒന്നും വെറുതെയല്ല. സംഭവിക്കാൻ സാദ്ധ്യതയുള്ള തെറ്റുകളിൽനിന്നും രക്ഷിക്കാൻ വേണ്ടി ശിഷ്യനിൽ ശ്രദ്ധയുണർത്തുകയാണു ഗുരു ചെയ്യുന്നതു്. താൻ സ്വപ്നത്തിൽപ്പോലും കാണാത്തതിനു ഗുരു വഴക്കു പറയുന്നു എന്നും മറ്റും ശിഷ്യനു തോന്നും. വാസ്തവത്തിൽ നമ്മുടെ മനസ്സിന്റെ ആഴങ്ങളിൽ എന്തൊക്കെയാണുള്ളതെന്നു നന്നായറിയാവുന്നതു ഗുരുവിനു മാത്രമാണു്. അതിനാൽ അവിടുത്തേക്കു നമ്മളെ പൂർണ്ണമായി സമർപ്പിച്ചു് അവിടുന്നു പറയുന്നതു് അതേപടി അനുസരിക്കുക മാത്രമാണു ശിഷ്യനു ലക്ഷ്യത്തിലെത്തുവാനുള്ള എളുപ്പമാർഗ്ഗം. ഉദാഹരണത്തിനു നാരദന്റെ കഥതന്നെ നോക്കുക.

ഒരിക്കൽ നാരദന്റെ മനസ്സിൽ ഒരു ചിന്ത കടന്നുകൂടി. കാമദേവനെ ജയിച്ചവനായി താൻ മാത്രമേയുള്ളൂ. ത്രിമൂർത്തികൾപോലും മായയിൽ കുടുങ്ങി. ശിവൻ പാർവ്വതിയെ പത്നിയാക്കി. വിഷ്ണു ലക്ഷ്മിയെയും ബ്രഹ്മാവു സരസ്വതിയെയും പത്നിമാരാക്കി. ഇക്കാര്യത്തിൽ താൻ മറ്റുള്ളവരെക്കാൾ മേലെത്തന്നെ. ഇക്കാര്യം പരമശിവനെ കണ്ട വേളയിൽ തുറന്നു പറയാനും നാരദൻ മടിച്ചില്ല. ശിവൻ അപ്പോൾത്തന്നെ നാരദനെ ഉപദേശിച്ചു. "നീ

എന്നോടു പറഞ്ഞതിരിക്കട്ടെ. ഇക്കാര്യം വിഷ്ണു അറിയണ്ട." പക്ഷേ, വൈകുണ്ഠത്തിലെത്തിയാൽ ഇക്കാര്യം താൻ പറയുകതന്നെ ചെയ്യുമെന്നു നാരദൻ മനസ്സിലുറച്ചു. എന്നാൽ വൈകുണ്ഠത്തിലെത്തിയപ്പോൾ മറ്റു പല വിഷയങ്ങൾക്കിടയിൽ ഇക്കാര്യം പറയാൻ നാരദൻ മറന്നുപോയി.

നാരദൻ വൈകുണ്ഠത്തിൽനിന്നും ഇന്ദ്രലോകത്തേക്കു പുറപ്പെട്ടു. യാത്രയ്ക്കിടയിൽ താഴെ ഭൂമിയിൽ വലിയ ആഘോഷ ങ്ങൾ കണ്ടു. എന്താണെന്നു് ഒന്നു് അന്വേഷിക്കാം എന്നു കരുതി നാരദൻ അവിടേക്കു ചെന്നു. അവിടത്തെ രാജകുമാരിയുടെ സ്വയംവരം നടക്കുകയാണു്. സൗന്ദര്യവതിയായ രാജകുമാരിയെ സ്വന്തമാക്കുവാനായി പല രാജകുമാരന്മാരും എത്തിയിട്ടുണ്ടു്. എന്നാൽ രാജകുമാരിയാകട്ടെ സ്വയംവരസദസ്സിൽ ഹരിയെയല്ലാതെ മറ്റൊരാളെ പതിയായി സ്വീകരിക്കില്ല എന്ന വ്രതത്തിലാണു്. നാരദൻ അവിടെ ചെന്നെങ്കിലും രാജകുമാരി കണ്ടഭാവം കൂടി നടിച്ചില്ല. അദ്ദേഹത്തെ ഇതു വല്ലാതെ ദ്വേഷ്യം പിടിപ്പിച്ചു. ഇവൾ ഇത്ര അഹങ്കാരിയോ? എങ്കിൽ ഞാനവളെ സ്വന്തമാക്കും– നാരദൻ ഉറച്ചു. പിന്നെ രണ്ടാമതൊന്നു് ആലോചിച്ചില്ല വേഗം വിഷ്ണുവിനെ പ്രാർത്ഥിച്ചു. ഭഗവാൻ പ്രത്യക്ഷനായി. "എന്താണു നാരദരുടെ ആഗ്രഹം? മടിക്കാതെ പറയൂ. ഞാൻ സാധിപ്പിച്ചു തരാം." ഭഗവാൻ വാക്കു നല്കി. നാരദൻ പറഞ്ഞു "ഭഗവാനേ, അടിയനു ഹരിയുടെ മുഖസൗന്ദര്യം നല്കി അനുഗ്രഹിക്കണം." ഭഗവാൻ അങ്ങനെയാകട്ടെ എന്നു നാരദനെ അനുഗ്രഹിച്ചു.

ഭഗവാന്റെ വാക്കിൽ യാതൊരു സംശയവുമില്ലാതിരുന്ന നാരദൻ നേരെ രാജകൊട്ടാരത്തിൽ എത്തി. സ്വയം

വരത്തിനായി ഊഴം കാത്തുനില്ക്കുന്നവരുടെ ഇടയിൽ നാരദൻ സന്തോഷത്തോടെ ഇരുന്നു. രാജകുമാരി വരണമാല്യവുമായി ഓരോരുത്തരുടെയും സമീപത്തേക്കു നടന്നു തുടങ്ങി. ഓരോരുത്തരെയും വീക്ഷിച്ചശേഷം രാജകുമാരി നടന്നു നീങ്ങുമ്പോൾ അവിടെ ഇരിക്കുന്നവരുടെ മുഖം വാടിയ താമരപ്പൂപോലെ കുനിയുന്നു. നാരദനു സന്തോഷം നിയന്ത്രിക്കാൻ വളരെ പാടുപെടേണ്ടി വന്നു. 'സംശയമില്ല ഹരിയുടെ മുഖം എന്നിൽ ദർശിക്കുന്ന രാജകുമാരി മാല എന്റെ കഴുത്തിൽ അണിയിക്കും.' ആ നിമിഷവും കാത്തു നാരദൻ അക്ഷമനായി ഇരിക്കുകയാണു്. രാജകുമാരി അടുത്തടുത്തു വരുകയാണു്. ഓരോരുത്തരുടെയും മുഖത്തൊന്നു നോക്കും പുഞ്ചിരിക്കും; അടുത്തയാളുടെ സമീപത്തേക്കു നടക്കും. അവസാനം നാരദരുടെ മുന്നിലെത്തി. പക്ഷേ, രാജകുമാരി നാരദനെ ഒന്നു നോക്കിയതും, മുഖം വെട്ടിത്തിരിച്ചു് അടുത്തയാളുടെ സമീപത്തേക്കു നടന്നു. ഇതു ശ്രദ്ധിച്ച എല്ലാവരും ഒന്നടങ്കം നാരദനെ നോക്കി ആർത്തുചിരിക്കാൻ തുടങ്ങി. നാരദനു സങ്കടവും ദേഷ്യവും സഹിക്ക വയ്യാതെയായി. വേഗം അവിടെനിന്നും പുറത്തുകടന്നു. തിരികെ നടക്കുമ്പോൾ കൊട്ടാരത്തിലെ ഒരു കണ്ണാടിയിൽ നാരദൻ തന്റെ മുഖം ദർശിച്ചു. അദ്ദേഹത്തിനു വിശ്വസിക്കാനായില്ല. ഒന്നുകൂടി നോക്കി. അപ്പോൾ പൊട്ടിക്കരയണമെന്നു തോന്നി. തന്റെ മുഖത്തിന്റെ സ്ഥാനത്തു് ഒരു കുരങ്ങിന്റെ മുഖം! വിഷ്ണുവിന്റെ ചതിയോർത്തു ദേഷ്യം സഹിക്കാതെ വിഷ്ണുവിനെ ചീത്ത പറഞ്ഞുകൊണ്ടു നേരെ വൈകുണ്ഠത്തിലേക്കു നടന്നു. അവിടുത്തെ കാഴ്ച കണ്ടപ്പോൾ നാരദനു തന്നെത്തന്നെ നിയന്ത്രിക്കുവാനായില്ല. തന്റെ മുഖം കുരങ്ങിനെപ്പോലെ ആക്കിയതിന്റെ പിന്നിലെ

ചതി അപ്പോഴാണു നാരദനു മനസ്സിലായതു്. വിഷ്ണു ആ രാജകുമാരിയെ സ്വന്തമാക്കിയിരിക്കുന്നു! വിഷ്ണുവിന്റെ ഇടതുവശത്തു് ആ രാജകുമാരി ഇരിക്കുന്നു. നാരദൻ പൊട്ടിത്തെറിച്ചു. ഭഗവാൻ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു, "നാരദരേ, ഞാനൊരു ചതിയും ചെയ്തില്ല. നീ ഹരിയുടെ മുഖം വേണമെന്നു് ആവശ്യപ്പെട്ടു. ഞാനതു നല്കി. ഹരിക്കു കുരങ്ങു് എന്നൊരു അർത്ഥമുള്ള കാര്യം നിനക്കറിയാമല്ലോ." അപ്പോൾ മാത്രമാണു നാരദനു തനിക്കു പിണഞ്ഞ അബദ്ധം മനസ്സിലായതു്. ഭഗവാൻ തുടർന്നു, "നാരദരെ, നീ നിത്യബ്രഹ്മചാരിയാണു്, ത്രിമൂർത്തികളെക്കാളും മേലെയാണു്. വലിയ ശക്തനാണു്, എന്നൊക്കെയുള്ള ഒരു ഭാവം നിന്നിലുണ്ടായിരുന്നില്ലേ. അതൊക്കെ ഇപ്പോൾ എവിടെ? ഒരു പെണ്ണിന്റെ മുന്നിൽ എല്ലാം നഷ്ടമായില്ലേ! അഹങ്കാരം കൊണ്ടാണതു സംഭവിച്ചതു്. ആ അഹങ്കാരത്തിൽനിന്നും നിന്നെ രക്ഷിക്കുകയാണു ഞാൻ ചെയ്തതു് എന്ന കാര്യം നീ മനസ്സിലാക്കണം." നാരദന്റെ ശിരസ്സു് നാണംകൊണ്ടു കുനിഞ്ഞു. തന്റെ മനസ്സിലിരുപ്പു് പറയാതെത്തന്നെ ഭഗവാനറിഞ്ഞിരിക്കുന്നു! താനെത്ര നികൃഷ്ടനാണു്!! പശ്ചാത്താപത്താൽ നാരദന്റെ കണ്ണുകൾ നിറഞ്ഞു. അദ്ദേഹത്തിന്റെ അഹങ്കാരം അതിൽ അലിഞ്ഞില്ലാതെയായി. നാരദൻ വിനയപൂർവ്വം തലയുയർത്തിനോക്കുമ്പോൾ ഭഗവാന്റെ സമീപം ആ രാജകുമാരിയെ കാണാനില്ല, ലക്ഷ്മീദേവിയാണുള്ളതു്. തന്റെ അഹങ്കാരത്തെ ഇല്ലായ്മ ചെയ്യാനാണു ഭഗവാൻ ഈ നാടകമെല്ലാം കാട്ടിയതെന്നു നാരദനു ബോദ്ധ്യമായി. നാരദൻ ഭഗവാനെ സാഷ്ടാംഗം പ്രണമിച്ചു.

പല സാഹചര്യങ്ങളിലും ഗുരു നമ്മുടെ ആഗ്രഹങ്ങൾക്കൊത്തു നില്ക്കുന്നില്ല എന്നു ചിന്തിക്കും. ആ സമയം

ഗുരുവിനെ നിന്ദിച്ചു പറയുവാനും മടിക്കില്ല. വാസ്തവത്തിൽ, അതിൽക്കൂടി ഗുരു തന്നെ രക്ഷിക്കുകയാണെന്നു ശിഷ്യൻ മനസ്സിലാക്കുന്നില്ല എന്നതാണു സത്യം. താൻ ചിന്തിച്ച കാര്യം നടക്കാതെ വരുമ്പോൾ, അതിലും ഗുരുവിന്റെ സങ്കല്പമുണ്ടെന്നു കണ്ടു മനസ്സു് ശാന്തമാക്കുകയാണു യഥാർത്ഥത്തിൽ വേണ്ടതു്. എന്നാൽ ഉത്തമരല്ലാത്ത ശിഷ്യർക്കു ഗുരുവിലുള്ള വിശ്വാസം ആ സമയം നഷ്ടമാവുകയാണു ചെയ്യുന്നതു്.

ഭക്തനെ രക്ഷിക്കേണ്ടതു ഭഗവാന്റെ കടമയാണു്. ശിഷ്യനെ രക്ഷിക്കേണ്ടതു ഗുരുവിന്റെ ബാദ്ധ്യതയാണു്. അതിനു് അവിടുന്നു് ഏതു വേഷവും കെട്ടും.

ഒരിക്കൽ മൂന്നു യുവാക്കൾ തങ്ങളുടെ രാജാവിനെ കാണാനായി പുറപ്പെട്ടു. അവർ കൊട്ടാരവാതില്ക്കൽ എത്തി. വലിയ ആ കവാടം അടഞ്ഞുകിടക്കുകയാണു്. ഒന്നാമൻ പറഞ്ഞു, "എന്റെ അച്ഛൻ ഈ കൊട്ടാരത്തിലാണു ജോലി ചെയ്തിരുന്നതു്. അകത്തെ വഴിയെല്ലാം ഞാൻ നന്നായി മനസ്സിലാക്കി വച്ചിട്ടുണ്ടു്. അതിനാൽ എനിക്കു കാത്തുനില്ക്കേണ്ട കാര്യമില്ല ഞാൻ ഉള്ളിലേക്കു കടക്കുകയാണു്." ഇതും പറഞ്ഞു് അയാൾ മതിൽ ചാടി അകത്തുകടന്നു, കുറച്ചുദൂരം മുന്നോട്ടു ചെന്നു. എന്നാൽ പൂന്തോപ്പിന്റെ അടുത്തെത്തിയപ്പോഴേക്കും അനധികൃതമായി ഉള്ളിൽക്കടന്ന അയാളെ കാവൽക്കാർ പിടികൂടി തടവിലാക്കി.

രണ്ടാമൻ തികഞ്ഞ അഭ്യാസിയായിരുന്നു. അയാൾ പറഞ്ഞു, "എനിക്കിനി കാത്തുനില്ക്കാൻ ക്ഷമയില്ല. എനിക്കാരുടെയും കാലു പിടിക്കാനും വയ്യ, ഞാൻ സ്വയം അകത്തു പ്രവേശിക്കും. രാജാവിനെ കാണുന്നതിൽനിന്നും

എന്നെ തടുക്കാൻ ആരാണുള്ളതെന്നു കാണട്ടെ!" ഇതും പറഞ്ഞുകൊണ്ടു് അഹങ്കാരത്തോടെ അയാൾ ഉള്ളിലേക്കു കടന്നു. തടുക്കാൻ ചെന്ന പലരെയും അയാൾ തള്ളി മാറ്റി മുമ്പോട്ടു നടന്നു. കുറെ ദൂരം ചെന്നപ്പോഴേക്കും വഴി അടഞ്ഞിരിക്കുന്നു. എത്ര ശ്രമിച്ചിട്ടും ശരിയായ വഴി കണ്ടെത്തുവാൻ സാധിച്ചില്ല. ഈ സമയത്തിനിടയിൽ ഒരു പറ്റം സൈനികർ തയ്യാറെടുപ്പോടെ വന്നു് അയാളെയും ബന്ധനസ്ഥനാക്കി.

മൂന്നാമനു നല്ല വിനയവും ക്ഷമയും ഉണ്ടായിരുന്നു. അയാൾ ഊണും ഉറക്കവും മറന്നു ക്ഷമയോടെ പുറത്തു വാതിലിനടുത്തു കാത്തുനിന്നു. ഒരു ദിവസം രാജാവു നാടു കാണുവാനായി വേഷപ്രച്ഛന്നനായി ഇറങ്ങിവന്നു. വാതില്ക്കൽ ഇരുന്നിരുന്ന യുവാവിനു രാജാവിനെ തിരിച്ചറിയാൻ കഴിഞ്ഞില്ല. ഏതാനും ദിവസം കഴിഞ്ഞു രാജാവു തിരിച്ചു വരുമ്പോഴും യുവാവു വാതില്ക്കൽത്തന്നെ ഇരിക്കുന്നു. രാജാവു ചോദിച്ചു, "നിങ്ങൾ ആരാണു്? നിങ്ങൾക്കെന്തു വേണം?" താൻ രാജാവിനെ കാണാൻ വന്നതാണെന്നു യുവാവു വിനയപൂർവ്വം അറിയിച്ചു. അയാളുടെ ക്ഷമയും വിനയവും കണ്ടു രാജാവിനു കരുണതോന്നി. "എങ്കിൽ വരൂ, ഞാൻ നിങ്ങൾക്കു രാജാവിനെ കാട്ടിത്തരാം." ഇത്രയും പറഞ്ഞു രാജാവു യുവാവിനെയും കൂട്ടി കൊട്ടാരത്തിനു് അകത്തേക്കു നടന്നു. അകത്തുകൊണ്ടു ചെന്നു് ഒരു കസേരയിൽ ഇരുത്തി. അതിനുശേഷം രാജാവു് അകത്തേക്കു പോയി രാജകീയവേഷത്തിൽ തിരിയെ വന്നു. അപ്പോൾ മാത്രമാണു തന്നെയും കൂട്ടി രാജാവുതന്നെയാണു വന്നതെന്നു യുവാവിനു മനസ്സിലായതു്. യുവാവു രാജാവിനെ വിനയപൂർവ്വം നമസ്കരിച്ചു. അയാളിൽ സന്തുഷ്ടനായ രാജാവു കൊട്ടാരത്തിൽത്തന്നെ

ആ യുവാവിനു താമസിക്കുവാൻ വേണ്ട സൗകര്യങ്ങൾ നല്കി. ക്ഷമയും വിനയവും ആ യുവാവിനെ ഉയർന്ന പദവിയിൽ എത്തിച്ചു.

ഇക്കഥയിൽനിന്നും നമ്മൾ എന്താണു മനസ്സിലാക്കേണ്ടതു്? മുൻഗാമികളിൽനിന്നോ പുസ്തകങ്ങളിൽനിന്നോ കിട്ടിയ അറിവു വച്ചുകൊണ്ടുമാത്രം ഒരുവനു് ലക്ഷ്യത്തിലെത്താൻ കഴിയില്ല. എവിടെയെങ്കിലും പ്രതിബന്ധങ്ങൾ വന്നുചേർന്നു നമുക്കു മുന്നോട്ടു പോകാൻ പറ്റാതാകും. ഇക്കഥയിലെ ഒന്നാമന്റെ പരാജയം നമുക്കു കാണിച്ചു തരുന്നതു് അതാണു്.

ഗുരുവിന്റെ സഹായമില്ലാതെ സ്വപ്രയത്നംകൊണ്ടു മാത്രം ലക്ഷ്യം നേടുമെന്നുള്ള അഹങ്കാരം, ഒരുവനെ ലക്ഷ്യത്തിലെത്തിക്കില്ല. സ്വന്തം കഴിവിൽ വിശ്വസിക്കുന്നതു കൊള്ളാം. അതു കർമ്മം ചെയ്യുവാനുള്ള പ്രേരണയാണു്. പക്ഷേ, അഹങ്കരിക്കാൻ പാടില്ല. അതാണു രണ്ടാമന്റെ ഉദാഹരണം നല്കുന്ന പാഠം. ഗുരുവിനോടുള്ള അനുസരണകൊണ്ടു മാത്രമേ ഒരുവന്റെ അഹങ്കാരം നീങ്ങിക്കിട്ടുകയുള്ളൂ. വിനയത്തിന്റെ വാളുകൊണ്ടേ അഹങ്കാരത്തിന്റെ തല കൊയ്യാൻ കഴിയൂ. അങ്ങനെയുള്ളവർ മാത്രമേ ലക്ഷ്യം പ്രാപിക്കുകയുള്ളൂ.

വിനയവും ക്ഷമയും സമർപ്പണഭാവവുമുണ്ടെങ്കിൽ വഴി കാട്ടിയായി ഉത്തമനായ ഒരു ഗുരു എത്തിച്ചേരുകതന്നെ ചെയ്യും. വാസ്തവത്തിൽ ഈശ്വരൻതന്നെയാണു ഗുരുരൂപത്തിൽ വന്നു ശിഷ്യനെ കൈപിടിച്ചു നയിക്കുന്നതു്. അവിടുത്തോടുള്ള അനുസരണയും സമർപ്പണവും ശിഷ്യനെ തീർച്ചയായും ലക്ഷ്യത്തിലെത്തിക്കും. ഇതാണു മൂന്നാമന്റെ അനുഭവം നമ്മെ പഠിപ്പിക്കുന്നതു്.

ഈശ്വരൻതന്നെയാണു ഗുരുവെന്നു കാണുവാനുള്ള വിനയവും സമർപ്പണവും നമുക്കുണ്ടായിരിക്കണം. അതാണു പറയുന്നതു്, 'സീറോ ആയാൽ ഹീറോ ആകം' എന്നു്. മറ്റെന്തും ചിന്തനംകൊണ്ടു പോയിക്കിട്ടും. എന്നാൽ അഹങ്കാരം, അതു നഷ്ടമാകണമെങ്കിൽ തല കുനിച്ചേ പറ്റൂ. വിത്തു വെള്ളം നനച്ചു മുളപ്പിക്കാം. എന്നാൽ അതു കായ്ച്ചു ഫലം നല്കണമെങ്കിൽ മണ്ണിനടിയിൽ പോകു കതന്നെ വേണം.

ഒരു ശിഷ്യൻ ഇരുട്ടു നിറഞ്ഞ മുറിയിൽ കഴിയുകയാണു്. ഒരു ദിവസം രാത്രി വിളക്കും കൊണ്ടുവന്നു ഗുരു വാതിലിൽ മുട്ടി. ശബ്ദം കേട്ടു് അകത്തുണ്ടായിരുന്ന ശിഷ്യൻ പറഞ്ഞു. "ഗുരോ, അകത്തേക്കു പ്രവേശിച്ചാലും."

"മകനേ, ഈ വാതിലിന്റെ പൂട്ടു് അകത്താണു്. അകത്തുനിന്നു തുറന്നാലേ എനിക്കുള്ളിലേക്കു കടക്കുവാൻ കഴിയൂ," ഗുരു പറഞ്ഞു.

ഉള്ളിൽനിന്നു തുറക്കുവാൻ, ശിഷ്യഭാവം ഉണർത്തുവാൻ അവനവനു മാത്രമേ കഴിയൂ. അപ്പോൾ മാത്രമാണു ഗുരുകൃപയാൽ അഹങ്കാരത്തിന്റെ അന്ധകാരം നീങ്ങി ജ്ഞാനപ്രകാശം നിറയുന്നതു്.

സൂര്യപ്രകാശം എല്ലായിടവും ഉണ്ടെങ്കിലും കതകു തുറന്നാലേ പ്രകാശം അകത്തു കടക്കുകയുള്ളൂ. ഉറങ്ങുന്നവനെ ഉണർത്താം. എന്നാൽ ഉറക്കം നടിക്കുന്നവനെ ഉണർത്തുക പ്രയാസമാണു്. നിറഞ്ഞ പാത്രത്തിൽ വെള്ളമൊഴിച്ചാൽ പുറത്തേക്കു ഒഴുകിപ്പോകും. പാത്രത്തിനകത്തു പ്രവേശിക്കില്ല. അഹങ്കാരം നിറഞ്ഞിരുന്നാൽ ഈശ്വരനു കടക്കാൻ പറ്റില്ല. ശംഖിലെ മാംസം നീക്കിയാൽ മാത്രമേ അതിൽനിന്നു പ്രണവധ്വനി ഉയരുകയുള്ളൂ.

അഹങ്കാരം നീങ്ങുമ്പോഴാണു് ഒരുവന്റെ ജീവിതം ലോകത്തിനു സമർപ്പണമായിത്തീരുന്നതു്. അതാണു യഥാർത്ഥ ജീവിതം.

ചോദ്യം: ജീവിതത്തിൽ ഏറ്റവും അദ്ഭുതകരമായി അനുഭവപ്പെടുന്നതെന്താണു്?

അമ്മ: അങ്ങനെ ജീവിതത്തിൽ പ്രത്യേകിച്ചു് ഒരു കാര്യവും അദ്ഭുതമായി അമ്മയ്ക്കു തോന്നിയിട്ടില്ല. ബാഹ്യമോടിയിൽ അദ്ഭുതപ്പെടാനെന്താണുള്ളതു്? മറിച്ചു്, എല്ലാം ഈശ്വരനാണെന്നു കാണുമ്പോൾ എല്ലാംതന്നെ, ജീവിതം ഓരോ നിമിഷവും അദ്ഭുതകരമാണു്. ഈശ്വരനെക്കാൾ വലിയ അദ്ഭുതമില്ലല്ലോ!

ചോദ്യം: അമ്മയുടെ ചിരി പ്രത്യേകമാണു്! അതിന്റെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ കൊടുക്കാറുണ്ടോ?

അമ്മ: ആത്മാവിനെ അറിഞ്ഞാൽ ആനന്ദമേയുള്ളൂ. അതു സ്വാഭാവികമായി പ്രകടിപ്പിക്കുന്നതാണു പുഞ്ചിരി. അതു വേണമെന്നു വിചാരിച്ചു ചെയ്യുന്നതല്ല.

ചോദ്യം: പ്രവൃത്തിയാണു സ്നേഹത്തിന്റെ അഭിവ്യക്തിയെന്നു പറയും. അഹിംസയും കരുണയും പ്രവൃത്തിയിൽകൊണ്ടുവരാനും പ്രചരിപ്പിക്കാനും വേണ്ടി വ്യക്തികൾക്കെന്തു ചെയ്യാൻ കഴിയും?

അമ്മ: വ്യക്തിബോധം വിട്ടു നാം വിശ്വചൈതന്യത്തിന്റെ ഭാഗമാണെന്നറിഞ്ഞു പ്രവർത്തിക്കുമ്പോൾ മാത്രമേ കരുണയും അഹിംസയും പൂർണ്ണമായി പ്രവൃത്തിയിൽകൊണ്ടുവരാൻ കഴിയുകയുള്ളൂ. അതുവരെ ആ ലക്ഷ്യം

വച്ചു നമുക്കു കഴിവനുസരിച്ചു മറ്റുള്ളവരെ സ്നേഹിക്കാനും സേവിക്കാനും ശ്രമിക്കാമല്ലോ.

ചോദ്യം: ഇന്നത്തെ പരിസ്ഥിതിപ്രശ്നങ്ങളോടു് അമ്മ എങ്ങനെ പ്രതികരിക്കുന്നു?

അമ്മ: മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണെന്നറിഞ്ഞാൽ മാത്രമേ പ്രകൃതിസംരക്ഷണം നടക്കൂ. പ്രകൃതിയെ നിയന്ത്രണമില്ലാതെ ചൂഷണംചെയ്യുന്ന ഇന്നത്തെ മനോഭാവം തുടർന്നാൽ അധികം താമസിയാതെ അതു മനുഷ്യന്റെതന്നെ നാശത്തിനു കാരണമാകും. പ്രകൃതിയുമായി ഇണങ്ങി ജീവിച്ചതായിരുന്നു പണ്ടുണ്ടായിരുന്ന അഭിവൃദ്ധിക്കു കാരണം. ഭൂമിയെ പശുവായി സങ്കല്പിച്ചു് അതിനെ കറന്നു വിഭവങ്ങൾ എടുക്കുന്നതായി പുരാണങ്ങൾ പറയുന്നുണ്ടു്. പശുക്കിടാവിനു് ആവശ്യമായ പാൽ നിർത്തിയിട്ടാണു കറന്നെടുക്കുന്നതു്. എന്നുതന്നെയല്ല, അന്നു പശുവിനെ പെറ്റമ്മയെപ്പോലെ സ്നേഹിച്ചു സംരക്ഷിക്കുകയും ചെയ്തിരുന്നു. പ്രകൃതീദേവിയെയും ഇതുപോലെ കാണുകയാണു് ഇന്നാവശ്യം.

ചോദ്യം: മൃഗങ്ങളെയും മത്സ്യങ്ങളെയും മറ്റും സംരക്ഷി ക്കുന്നതിനെപ്പറ്റി അമ്മ എന്തുപറയുന്നു?

അമ്മ: പ്രകൃതിയും മനുഷ്യനും പരസ്പരം ആശ്രയിച്ചു നിലനില്ക്കുന്നവയാണു്. കൃഷി ചെയ്യാൻ സാദ്ധ്യമല്ലാത്ത കടൽത്തീരത്തും മഞ്ഞുപ്രദേശത്തും ജനങ്ങൾക്കു് ആഹാരത്തിനായി മത്സ്യബന്ധനം നടത്തേണ്ടിവരുന്നു. വീടുവയ്ക്കാനും മറ്റും മരം മുറിക്കേണ്ടി വരുന്നു. എന്നാൽ ദുരാഗ്രഹംകൊണ്ടു ജീവികളുടെ വംശനാശത്തിനും വനങ്ങൾ

ഇല്ലാതാകാനും ഇടയാക്കരുത്. മനുഷ്യൻ ജീവരാശിയുടെ ഭാഗമാണു്. അവന്റെ നിലനില്പിന്നു് ആവശ്യമായതു പ്രകൃതിയിൽനിന്നെടുക്കാം. എന്നാൽ അതു പ്രകൃതിയുടെ താളലയം തകർക്കാനിടയാക്കാതെ നോക്കേണ്ട ഉത്തരവാദിത്വവും അവനുണ്ടു്.

ചോദ്യം: കാരുണ്യത്തിന്റെ കാതലെന്താണു്? അതെങ്ങനെ പ്രകടിപ്പിക്കാം?

അമ്മ: ഉള്ളിൽ പ്രേമം നിറഞ്ഞുകവിഞ്ഞു നമ്മുടെ വാക്കിലും നോക്കിലും പ്രവൃത്തിയിലും പ്രകടമാകുന്നതാണു കാരുണ്യം. അതു പ്രകടിപ്പിക്കാൻ പ്രത്യേകിച്ചു പ്രയത്നം ആവശ്യമില്ല. പൂവിന്റെ സുഗന്ധംപോലെ പ്രേമത്തിന്റെ സുഗന്ധമാണു കാരുണ്യം.

ചോദ്യം: ലോകത്തിൽ പല വിശ്വാസങ്ങളും ദേവതാസങ്കല്പങ്ങളും ഒക്കെയുണ്ടല്ലോ! ഈശ്വരൻ ഒന്നുമാത്രമാണെങ്കിൽ, ഇവയ്ക്കെല്ലാം എന്തർത്ഥമാണുള്ളതു്?

അമ്മ: ഈശ്വരൻ തത്ത്വത്തിൽ ഒന്നാണു്. എന്നാൽ അതു് ഓരോരുത്തരും അവരവരുടെ സംസ്കാരത്തിനനുസരിച്ചു വ്യത്യസ്തരീതിയിൽ ആണു് ഉൾക്കൊള്ളുന്നതു്. ഒരേ ഈശ്വരസങ്കല്പം എല്ലാവരും സ്വീകരിക്കണമെന്നു നിർബ്ബന്ധിക്കുന്നതു ശരിയല്ല. ലക്ഷ്യം ഒന്നാണെങ്കിലും ഓരോരുത്തർ നില്ക്കുന്ന തലത്തിനനുസരിച്ചു മാർഗ്ഗം വ്യത്യസ്തമായിരിക്കും. ലോകമെങ്ങും മാതൃത്വം എന്നതു് ഒന്നുതന്നെയെങ്കിലും ഓരോരുത്തർക്കും അവരവരുടെ അമ്മയെന്നതു തങ്ങൾക്കു മാത്രമായ പ്രത്യേക അനുഭവമാണല്ലോ! ഒരാൾ തന്റെ അമ്മയെ സ്നേഹിക്കുന്നതുപോ

ലെതന്നെ വേണം മറ്റൊരാളും ചെയ്യേണ്ടതു് എന്നുപറയാൻ പറ്റുമോ?

ചോദ്യം: പലരെയും ലൗകികസുഖങ്ങളെല്ലാം ത്യജിച്ചിട്ടു് ആശ്രമത്തിൽ താമസിക്കാൻ പ്രേരിപ്പിക്കുന്ന ഘടകമെന്താണു്?

അമ്മ: ഇന്നു ലോകത്തു ദാരിദ്ര്യമുള്ളതു നിസ്സ്വാർത്ഥസ്നേഹത്തിനാണു്. അതുകിട്ടുമ്പോൾ ശാരീരികസുഖത്തിനു് അതുവരെ കല്പിച്ചിരിക്കുന്ന പ്രാധാന്യം നഷ്ടപ്പെടുന്നു. പ്രേമവും മനഃശാന്തിയും ഇവിടെ ലഭിക്കുന്നതുകൊണ്ടായിരിക്കാം അവർക്കു് ഇവിടെ തുടരുവാൻ കഴിയുന്നതു്.

ചോദ്യം: ശിഷ്യൻ ഗുരുവിനെ ഏതു ഭാവത്തിലാണു സമീപിക്കേണ്ടതു്?

അമ്മ: ഗുരുക്കന്മാർ അനേകവിധത്തിലുണ്ടു്. ഭൗതികവിദ്യകൾ പഠിപ്പിക്കുന്നവരെയും നമ്മൾ ഗുരുക്കന്മാരായിട്ടാണു കാണാറുള്ളതു്. നൃത്തം അഭ്യസിപ്പിക്കുന്നവരും സംഗീതം പഠിപ്പിക്കുന്നവരും അക്ഷരം പഠിപ്പിക്കുന്നവരും നമുക്കു ഗുരുക്കന്മാരാണു്. എന്നാൽ, ആത്മജ്ഞാനത്തിലേക്കു നമ്മെ ഉയർത്തുന്നയാളാണു സദ്ഗുരു. സദ്ഗുരുവിന്റെ സാമീപ്യംതന്നെ ശിഷ്യന്റെ ഹൃദയത്തിൽ ഉണർവ്വുപകരും. പക്ഷേ, ശിഷ്യൻ ശരിയായ ജിജ്ഞാസുവായിരിക്കണം എന്നു മാത്രം. ഗുരുവിനോടു ചോദ്യങ്ങൾ ചോദിച്ചു സംശയനിവൃത്തി വരുത്തുവാൻ ശിഷ്യൻ മടിക്കേണ്ടതില്ല. ഉപനിഷത്തുക്കളും രാമായണവും മഹാഭാരതവും എല്ലാം സംവാദരൂപത്തിലാണു്. അധികവും ചോദ്യോത്തരങ്ങളാണു്. ഭഗവദ്ഗീത, അർജ്ജുനന്റെ ചോ

ദ്യങ്ങൾക്കുള്ള ഭഗവാന്റെ മറുപടിയാണു്. എന്നാൽ അവയൊന്നും അറിയാനുള്ള ചോദ്യങ്ങളായിരുന്നില്ല; അറിയാൻവേണ്ടി ചോദിച്ചവയാണു്. ഇതുപോലെ തുറന്ന മനസ്സോടെ വേണം ഗുരുവിനെ സമീപിക്കുവാൻ. എങ്കിലേ അവിടുത്തെ വാക്കുകൾ ശരിയായ അർത്ഥത്തിൽ ഉൾക്കൊള്ളുവാൻ കഴിയൂ. ജിജ്ഞാസയിൽ നിന്നു ചോദ്യങ്ങൾ ചോദിക്കാം. അവയ്ക്കു തീർച്ചയായും മറുപടി ലഭിക്കും.

ഒരേകാര്യംതന്നെ രണ്ടുപേർ കേട്ടാൽ അവരുടെ സംസ്കാരം അനുസരിച്ചായിരിക്കും അർത്ഥം ഗ്രഹിക്കുക. അവർ എന്താണു് ഉൾക്കൊണ്ടിട്ടുള്ളതെന്നു തുടർന്നുള്ള അവരുടെ പ്രവൃത്തികളിൽനിന്നും അറിയാൻ കഴിയും. ഗുരുവിനെ സമീപിക്കേണ്ടതു്, മുൻവിധികളില്ലാതെ തുറന്ന ഹൃദയത്തോടെ ആയിരിക്കണം. ഗുരു പറഞ്ഞതു പൂർണ്ണമായി ഗ്രഹിക്കാൻ കഴിഞ്ഞില്ലെങ്കിൽക്കൂടി നിഷ്കളങ്കതയുണ്ടെങ്കിൽ ശരിയായ ദിശയിൽത്തന്നെ മുന്നേറുവാൻ സാധിക്കും.

ഒരിക്കൽ ഭൂമിയിൽ മഴയില്ലാതായി. കൃഷിയെല്ലാം നശിച്ചു. ജനങ്ങൾ പട്ടിണിയിലായി. കൊള്ളകൾ വർദ്ധിച്ചു. എവിടെയും ശാന്തിയില്ല. ഇതെങ്ങനെ സംഭവിച്ചു? ഇതിനെന്താണു് ഒരു പരിഹാരം. ഭൂമിയിൽ ശാന്തിയെങ്ങനെ തിരിയെക്കൊണ്ടുവരുവാൻ കഴിയും? ദേവന്മാരും* മനുഷ്യരും അസുരന്മാരും കൂടിയാലോചിച്ചു. അവർക്കു് ഒരു പരിഹാരംകണ്ടെത്തുവാൻ കഴിഞ്ഞില്ല. അവർ എല്ലാവരും കൂടി ബ്രഹ്മാവിനെ സമീപിച്ചു.

അവർ ജിജ്ഞാസുക്കളായിരുന്നു. ലോകത്തിന്റെ അവസ്ഥയിൽ അവർ വിഷമിച്ചിരുന്നു. ലോകം നന്നായിക്കാ

ണുവാൻ അവർ ആഗ്രഹിച്ചിരുന്നു. അവർ സങ്കടം ബ്രഹ്മാവിനോടു് ഉണർത്തിച്ചു. ബ്രഹ്മദേവന്റെ മുഖത്തുനിന്നും 'ദ' എന്ന ഒരക്ഷരം മാത്രമാണു മറുപടിയായി ലഭിച്ചതു്. അതിനെ അവർ ഓരോരുത്തരും തങ്ങൾക്കു ലഭിച്ച ഉപദേശമായിക്കരുതി തിരികെപ്പോന്നു.

ബ്രഹ്മദേവൻ പറഞ്ഞതിന്റെ അർത്ഥമെന്താണെന്നു് അവർ ഓരോരുത്തരും ചിന്തിച്ചു. ദേവന്മാർ വിചാരിച്ചു, 'ദ' എന്നാൽ ദമം – ഇന്ദ്രിയനിയന്ത്രണം. തങ്ങൾ ഇന്ദ്രിയങ്ങൾക്കു കൂടുതലായി അടിമപ്പെട്ടു ഭോഗാസക്തരായിത്തീർന്നിരിക്കുന്നു. ഇന്ദ്രിയങ്ങളെ നിയന്ത്രിക്കാനായാൽ തങ്ങളുടെ പ്രശ്നങ്ങൾ തീരും. ഇന്ദ്രിയസുഖങ്ങൾക്കു പിന്നാലെ, പായുന്നതാണു് ഇന്നുള്ള പ്രശ്നങ്ങൾക്കു മുഖ്യകാരണം. അതൊഴിവാക്കാനായാൽ സ്വന്തം സുഖം മാത്രമല്ല, സമൂഹത്തിലും ശാന്തി കിട്ടും. അങ്ങനെ ദേവന്മാർ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കാൻ ശ്രമംതുടങ്ങി.

മനുഷ്യർ ചിന്തിച്ചതു വേറൊരു വിധത്തിലാണു്. 'ദ' എന്നാൽ ദാനം. ബ്രഹ്മദേവൻ പറഞ്ഞതു വാസ്തവംതന്നെ. തങ്ങളിൽ നിറഞ്ഞിരിക്കുന്നതു സ്വാർത്ഥതയാണു്. അന്യരുടെതുകൂടി സ്വന്തമാക്കണമെന്ന ചിന്തയല്ലാതെ അന്യർക്കെന്തെങ്കിലും നല്കണമെന്ന ചിന്തയേ ഇല്ലാതായി. ദാനം ശീലിച്ചാൽപ്പിന്നെ സമൂഹത്തിൽ ദാരിദ്ര്യം കാണുമോ? അതിനാൽ ദാനം ശീലമാക്കാൻ മനുഷ്യർ തയ്യാറായി.

അസുരന്മാർ ചിന്തിച്ചതു മറ്റൊരു വഴിക്കാണു്. 'ദ' എന്നാൽ ദയ. ശരിയാണു്, തങ്ങളിൽ ദയ കുറവാണു്. തങ്ങളിൽ നിറഞ്ഞിരിക്കുന്നതു സ്നേഹമല്ല ക്രൂരതയാണു്. അതിനാൽ ഇനിമുതൽ മറ്റുള്ളവരെ സ്നേഹിക്കണം. സകലരോടും ദയയോടുകൂടി പെരുമാറണം. അതിനായി മന

സ്സിനെ ശീലിപ്പിക്കണം. അപ്പോൾ സമൂഹത്തിലെ പ്രശ്നങ്ങളും തീരും. അങ്ങനെ അവർ ജീവിതത്തിൽ ദയ ശീലിക്കാൻ തുടങ്ങി. അങ്ങനെ മൂന്നു ഗുണങ്ങളും– ദമം, ദാനം, ദയ– സമൂഹത്തിൽ അഭിവൃദ്ധിപ്പെട്ടു. അതോടെ ലോകത്തെ സ്ഥിതിയും മെച്ചപ്പെട്ടു. അങ്ങനെ 'ദ' എന്ന ഒറ്റ അക്ഷരത്തിലൂടെ അതിലുദ്ദേശിച്ചിരുന്ന അർത്ഥം അവർക്കു ഗ്രഹിക്കുവാൻ കഴിഞ്ഞു. അവരുടെയെല്ലാം മനസ്സിലെ ഉദ്ദേശ്യം ശുദ്ധമായിരുന്നു. അതിനാൽ ഏതിലും നന്മ ദർശിക്കുവാൻ അവർക്കു കഴിഞ്ഞു. താമര ചെളിയിലാണു വളരുന്നതെങ്കിലും നന്മയുള്ള മനസ്സ് കാണുന്നതു ചെളിയല്ല, താമരയുടെ സൗന്ദര്യമാണ്. ഇന്ദ്രിയനിയന്ത്രണവും ദാനവും സ്നേഹവും സമൂഹത്തിൽ വളർന്നതോടെ പ്രകൃതി അനുഗ്രഹം വർഷിച്ചു. ആവശ്യത്തിനു മഴ ലഭിച്ചു. കൃഷി അഭിവൃദ്ധിപ്പെട്ടു. വിളവു വർദ്ധിച്ചു. കഷ്ടതകൾ നീങ്ങി. ഐശ്വര്യം വിളയാടി. സമൂഹത്തിൽ ശാന്തിയും സമാധാനവും നിലവിൽവന്നു. അങ്ങനെ അകവും പുറവും വസന്തമായി.

ജീവിതത്തിൽ രണ്ടുവിധത്തിലുള്ള ദാരിദ്ര്യമാണുള്ളത്. സ്നേഹവും കാരുണ്യവും ലഭിക്കാത്തതിലുള്ള ദാരിദ്ര്യം. മറ്റൊന്ന്, ആഹാരം, വസ്ത്രം, പാർപ്പിടം ഇവയുടെ കുറവ്. സ്നേഹിക്കാനുള്ള മനസ്സുണ്ടെങ്കിൽ രണ്ടിനും പരിഹാരമാകും. അന്യരോടു കാരുണ്യമുണ്ടാകും. സ്നേഹമുണ്ടെങ്കിൽ നമുക്കുള്ള സൗകര്യങ്ങൾ പങ്കിടാൻ മനസ്സു വരും. അതിലൂടെ ഭൗതികദാരിദ്ര്യവും കുറയും. ഇന്ദ്രിയനിയന്ത്രണം സിദ്ധിച്ചാൽ അന്യന്റെ മുതൽ സ്വന്തമാക്കാനുള്ള മോഹവും ഇല്ലാതാകും.

2

കേൾക്കുന്ന കാര്യം ശരിയായ അർത്ഥത്തിൽ ഗ്രഹിക്കാൻ നിഷ്കളങ്കത വേണം. നിഷ്കളങ്കതയുണ്ടെങ്കിൽ സർവ്വതിലും നന്മ ദർശിക്കാൻ സാധിക്കും. ഈശ്വരനെത്തന്നെ ദർശിക്കാൻ കഴിയും. നന്മയാണീശ്വരൻ. ഈശ്വരൻ സർവ്വതിലും കുടികൊള്ളുന്നു. അവിടുത്തെ ദർശിക്കാനുള്ള ദൃഷ്ടിയുണ്ടായാൽ മാത്രം മതി. ശാസ്ത്രജ്ഞർ പറയും, 'സർവ്വതും ഊർജ്ജ'മാണെന്നു്. ഋഷികൾ പറയും, 'സർവ്വം ബ്രഹ്മമയം' എന്നു്. ഏതിലും നല്ല സങ്കല്പം കൊടുത്തു നീങ്ങിയാൽ സർവ്വതിലും നന്മ ദർശിക്കാൻ കഴിയും. കാരണം, നമ്മുടെ മനസ്സിലാണു നന്മ. ഒരാളിൽ നന്മ കാണാൻ കഴിഞ്ഞാൽ, അതിന്റെ തൃപ്തി നമുക്കു തന്നെയാണു്. കാമുകിയെ വിശ്വസിക്കുന്നതിലൂടെ കാമുകനാണു സന്തോഷം. വിശ്വസിക്കുന്നവനാണു നേട്ടം. എന്നാൽ മുൻവിധിയോടെ പോയാൽ ശരിയായതു ഗ്രഹിക്കാൻ നമുക്കാവില്ല. അതിനാൽ ഒരുവൻ ജിജ്ഞാസുവാണെങ്കിൽ മാത്രമേ വേണ്ടതു ഗ്രഹിക്കാൻ കഴിയൂ. എന്നാൽ ഇന്നു പലരും ധരിച്ചിട്ടുള്ളതു നിറമുള്ള കണ്ണടയാണു്. അതിനാൽ സത്യം കാണാൻ കഴിയുന്നില്ല. പച്ചക്കണ്ണടവച്ചു നോക്കിയാൽ സകലതും പച്ചയായിക്കാണും. നമ്മുടെ മനോഭാവമാണു മറ്റുള്ളവയിൽ പ്രതിഫലിക്കുക.

ഒരിക്കൽ ഒരു ഡോക്ടർ ഗ്രാമത്തിൽച്ചെന്നു്, മദ്യപാനത്തിനെതിരെ ബോധവത്ക്കരണം നടത്തുവാൻ തീരുമാനിച്ചു. ഒരുകൂട്ടം മദ്യപന്മാരെ അദ്ദേഹം വിളിച്ചുകൂട്ടി. അവരെ, മദ്യത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിനായി പല കാര്യങ്ങളും പറഞ്ഞുനോക്കി. എന്നാൽ

അതു വേണ്ടത്ര ഫലിക്കുന്നില്ലെന്നു കണ്ടു്, ഒരു പരീക്ഷണത്തിലൂടെ ബോദ്ധ്യപ്പെടുത്താൻ തീരുമാനിച്ചു. അദ്ദേഹം, രണ്ടു ഗ്ലാസ്സുകൾ എടുത്തു. ഒന്നിൽ ശുദ്ധജലവും മറ്റൊന്നിൽ നല്ല സ്പിരിറ്റും നിറച്ചു. തുടർന്നു് ഒരു മണ്ണിരയെ എടുത്തു വെള്ളം നിറച്ച ഗ്ലാസ്സിലേക്കിട്ടു. ആ മണ്ണിര നീന്തിക്കളിക്കാൻ തുടങ്ങി. മറ്റൊരു മണ്ണിരയെ എടുത്തു സ്പിരിറ്റു നിറച്ച ഗ്ലാസ്സിലേക്കിട്ടു. അതു് ഒന്നു പിടഞ്ഞു, പിന്നെ പല കഷ്ണങ്ങളായി. അവസാനം അതു പൊടിഞ്ഞു പൊടിഞ്ഞു് ഇല്ലാതായി. ശരീരം ദ്രവിച്ചുപോയി. സകലരും ഇതുകണ്ടു് അമ്പരന്നിരിക്കുകയാണു്. മദ്യപാനത്തിന്റെ ദൂഷ്യവശങ്ങൾ ഇപ്പോൾ എല്ലാവർക്കും ബോദ്ധ്യമായിട്ടുണ്ടായിരിക്കും എന്നു ഡോക്ടർ കരുതി. അദ്ദേഹം അവിടെയിരുന്നവരോടു ചോദിച്ചു, "ഈ പരീക്ഷണത്തിൽനിന്നു നിങ്ങൾ എന്താണു മനസ്സിലാക്കിയതു്?" ഉടനെ, കുടിച്ചു നേരെ നില്ക്കുവാൻപോലും കഴിയാത്ത ഒരു മദ്യപൻ എഴുന്നേറ്റുനിന്നു് ഉറക്കെവിളിച്ചു പറഞ്ഞു, "പൊളിയടി – അല്ല അടിപൊളി. എല്ലാവരും കുടിക്കുവിൻ! കണ്ടില്ലേ, കുടിച്ചാൽ വയറ്റിലെ വിരകളെല്ലാം ചത്തുപോകും."

ഏതൊന്നിനെയും മുൻവിധിയോടെ സമീപിച്ചാൽ ശരിയായ തത്ത്വം ഗ്രഹിക്കാൻ കഴിയില്ല. സ്വന്തം ഇഷ്ടമനുസരിച്ചു കേൾക്കുന്നതിനെ വ്യാഖ്യാനിക്കും. എന്നാൽ ജിജ്ഞാസയുണ്ടെങ്കിൽ, ഉള്ളിൽ നിഷ്കളങ്കതയുണ്ടെങ്കിൽ ഏതിന്റെയും ശരിയായ അർത്ഥം ഗ്രഹിക്കാൻ പ്രയാസമില്ല. കൂരിരുട്ടിൽ മിന്നൽ വഴിതെളിയിക്കുന്നതുപോലെ, നിഷ്കളങ്കത നമുക്കു ശരിയായ ദിശ കാട്ടിത്തരും.

ചിലപ്പോൾ, ഗുരുക്കന്മാരുടെ വാക്കുകളുടെ പൊരുൾ എന്താണെന്നു മനസ്സിലായില്ല എന്നു വരും. അതിനു

കാരണം, അവർ പറയുന്ന വാക്കുകളുടെ പോരായ്മയല്ല. മറിച്ച്, നമ്മുടെ മനസ്സിനു് അതു ഗ്രഹിക്കുവാൻ വേണ്ട ശേഷി ഇല്ലാത്തതാണു്. നമ്മൾ മനോബുദ്ധിതലത്തിൽ നില്ക്കുന്നവരാണു്. ഭൗതികതലത്തിൽ പലതിനോടുമുള്ള ബന്ധവും മമതയും കാരണം മനസ്സിന്റെ കാഴ്ച മങ്ങിയിരിക്കുന്നു. ഗുരുക്കന്മാരുടെ വാക്കുകൾ ശരിയായി ഗ്രഹിക്കുവാൻ കഴിഞ്ഞില്ലെങ്കിലും, അതിന്റെ കാര്യകാരണങ്ങളെക്കുറിച്ചു ചിന്തിക്കാതെ അതേ പടി അനുസരിക്കുന്നതിലൂടെ ഗുരുകൃപയ്ക്കു പാത്രമാകുവാനും വേഗം ലക്ഷ്യം പ്രാപിക്കുവാനും കഴിയും. ഗുരുക്കന്മാർ ശിഷ്യരെ കുറ്റപ്പെടുത്തുന്നതും തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നതും അവരെ നന്മയിലേക്കു നയിക്കുവാനാണു്. മുറിവിലെ അഴുക്കു നീക്കാതെ ബാൻഡേജു വച്ചതുകൊണ്ടു മാത്രം മുറിവുണങ്ങുകയില്ല. അഴുക്കു നീക്കുന്നതു വേദനയാണെന്നു കരുതി അതിനു തടസ്സംനിന്നാൽ മുറിവൊരിക്കലും ഉണങ്ങില്ല. ഗുരുക്കന്മാർ നമ്മുടെ കുറവുകൾ ചൂണ്ടിക്കാണിക്കാതെ എങ്ങനെ നമുക്കവയെ അതിജീവിക്കാൻ കഴിയും? നമ്മുടെ കുറവുകൾ പരിഹരിക്കാൻ സഹായിക്കുക മാത്രമാണു ഗുരു ചെയ്യുന്നതു്.

3

ഓരോരുത്തരുടെയും സംസ്കാരം അനുസരിച്ചാണു ഗുരു ഉപദേശങ്ങൾ നല്കുന്നതു്. ഒരേ സാഹചര്യത്തിൽ രണ്ടുപേരോടു്, വ്യത്യസ്തരീതികളിൽ ഉപദേശിച്ചെന്നിരിക്കും. മറ്റൊരാളിനു നല്കിയ അതേ ഉപദേശം എനിക്കു നല്കാത്തതെന്തുകൊണ്ടു് എന്നു ശിഷ്യൻ ചിന്തിക്കുന്നതു വിഡ്ഢിത്തമാണു്. ഓരോ സാഹചര്യത്തിലും ഏതു രീതി

യിൽ ശിഷ്യനെ നയിക്കണം എന്നു ശിഷ്യനെക്കാൾ നന്നായി അറിയാവുന്നതു ഗുരുവിനാണു്. അതിനാൽ ഗുരുവിനെ പൂർണ്ണമായി അനുസരിക്കുകയാണു ശിഷ്യനു ലക്ഷ്യത്തിലെത്തുവാനുള്ള എളുപ്പവഴി.

രണ്ടുപേർ ഒരാശ്രമത്തിൽ ജോലി ചെയ്യുകയാണു്. ആ സമയം ഒരാളിനു പുകവലിക്കണം. കൂട്ടുകാരൻ പറഞ്ഞു, "ഇവിടെ പുകവലിക്കാൻ പാടില്ല, തെറ്റാണു്."

സുഹൃത്തു പറഞ്ഞു, "പുകവലിക്കുന്നതിൽ ഒരു തെറ്റുമില്ല, പ്രാർത്ഥിക്കുമ്പോഴും പുകവലിക്കാം."

"എങ്കിൽ ഗുരുവിനോടു ചോദിച്ചിട്ടുതന്നെ കാര്യം?" എന്നു പറഞ്ഞുകൊണ്ടു് ഒന്നാമൻ ഗുരുവിനോടു ചോദിക്കാനായി പുറപ്പെട്ടു. അദ്ദേഹം മടങ്ങിവന്നിട്ടു സുഹൃത്തിനോടു പറഞ്ഞു, പുകവലിക്കുന്നതു തെറ്റാണു്. പ്രത്യേകിച്ചു പ്രാർത്ഥനാനേരത്തു പുകവലിക്കുന്നതു തെറ്റാണെന്നാണു ഗുരു പറഞ്ഞതു്.

'എങ്കിൽ ഞാൻകൂടി ഒന്നു ചോദിക്കട്ടെ' എന്നു പറഞ്ഞുകൊണ്ടു രണ്ടാമൻ ഗുരുവിനോടു ചോദിക്കാനായി പുറപ്പെട്ടു. അയാൾ മടങ്ങിവന്നതു് ഒരു സിഗറ്റും പുകച്ചുകൊണ്ടാണു്.

"നീ എന്താണു് ഈ ചെയ്യുന്നതു്, പുകവലിക്കാൻ പാടില്ലെന്നു ഗുരു പറഞ്ഞില്ലേ?"

ഒന്നാമന്റെ ചോദ്യം കേട്ടു സുഹൃത്തു പറഞ്ഞു, "എനിക്കു പുകവലിക്കാൻ ഗുരു അനുമതിതന്നു."

"നീ എന്താണു ഗുരുവിനോടു ചോദിച്ചതു്?" ഒന്നാമൻ. ചോദിച്ചു.

സുഹൃത്തു പറഞ്ഞു, "ഞാൻ ഇത്രമാത്രമേ ചോദി

ച്ചുള്ളൂ, ഗുരോ! പുകവലിക്കുമ്പോൾ പ്രാർത്ഥിക്കാമോ? ഗുരു പറഞ്ഞു, അതിൽ ഒരു തെറ്റുമില്ല. അങ്ങനെയാണു വേണ്ടതെന്നും പറഞ്ഞു."

ഒന്നിൽ, പ്രാർത്ഥിക്കുമ്പോഴും മനസ്സു് കർമ്മത്തിലാണു്. മറ്റെതിലാകട്ടെ, കർമ്മത്തിലും മനസ്സു് പ്രാർത്ഥനയിലാണു്.

ഗുരുവിനോടു് ഒരുകാര്യം ചോദിക്കുന്നതു തുറന്ന മനസ്സോടെ ആയിരിക്കണം. മറിച്ചു്, പ്രത്യേകലക്ഷ്യം മുൻനിർത്തി ചോദ്യംചോദിക്കുമ്പോൾ, അവിടുത്തെ ഉത്തരത്തെ നമുക്കനുകൂലമാക്കി മാറ്റുവാൻ മനസ്സു് ശ്രമിക്കും. അതിന്റെ പരിണതഫലം പിന്നീടു് അനുഭവിക്കേണ്ടിവരും. അപ്പോൾ മാത്രമേ നമുക്കു പറ്റിയ തെറ്റു മനസ്സിലാകുകയുള്ളൂ. അപ്പോഴേക്കും കാലം വളരെ വൈകിയിരിക്കും. ഇതൊഴിവാക്കാൻ നിഷ്കളങ്കതയോടെ അവിടുത്തെ സമീപിക്കുകയും ആ വാക്കുകൾ ഉൾക്കൊള്ളുകയും ചെയ്യുകയെന്നതു മാത്രമാണു മാർഗ്ഗം.

ഒരുപക്ഷേ, ഒരേ ചോദ്യത്തിനു് ഒരേ മറുപടിതന്നെ ഗുരുവിൽനിന്നു ലഭിച്ചില്ല എന്നും വരാം. ഓരോരുത്തർക്കും അവരവരുടെ മാനസികതലത്തിനനുസരിച്ചായിരിക്കും ഗുരു മറുപടി നല്കുക. വർഷങ്ങളായി പുകവലിശീലമാക്കി അതു് ഉപേക്ഷിക്കുവാൻ കഴിയാത്ത ഒരു വ്യക്തിയോടു്, പെട്ടെന്നു പുകവലി നിർത്താൻ ഗുരു ഉപദേശിച്ചെന്നു വരില്ല. ക്രമേണ അതിനോടുള്ള ആഭിമുഖ്യം കുറയ്ക്കാനുള്ള മാർഗ്ഗമായിരിക്കും അവിടുന്നു പറയുക. പുകവലിക്കുമ്പോഴും പ്രാർത്ഥന തുടരാൻ നിർദ്ദേശിക്കുന്നതിലൂടെ ആ വ്യക്തിയുടെ മനസ്സിനെ പുകവലിക്കുന്ന നേരത്തും പ്രാർത്ഥനയിൽ ബന്ധിക്കുവാനാണു

ഗുരു ശ്രമിക്കുന്നതു്. അതു ക്രമേണ ശക്തമാകുമ്പോൾ, സ്വാഭാവികമായും ആ വ്യക്തിയിൽ പുകവലിയോടുള്ള താത്പര്യം കുറയും. ഒടുവിൽ ആ വ്യക്തിക്കു പുകവലി ഉപേക്ഷിക്കാൻ സാധിക്കും. അതേസമയം, വേണ്ടത്ര ഇച്ഛാശക്തിയുള്ള ഒരുവനാണെങ്കിൽ പുകവലി പെട്ടെന്നു നിർത്താനും ഗുരു നിർദ്ദേശിച്ചെന്നിരിക്കും.

പാലുകുടി മാറാത്ത കുഞ്ഞിനു് ഇറച്ചികൊടുത്താൽ അതിനു ദഹിക്കില്ല. അതു ഛർദ്ദിക്കും. അതുപോലെ ഓരോരുത്തരുടെയും ശാരീരികവും മാനസികവുമായ ഘടന നോക്കിയാണു ഗുരു ഉപദേശിക്കുന്നതു്. ശിഷ്യന്റെ മനോഭാവം അനുസരിച്ചാണു ഗുരു ഉപദേശം നല്കുന്നതു്. ഈ കഥകൊണ്ടു സിഗറ്റു വലിക്കാനല്ല അമ്മ പറയുന്നതു്. ഒരാളിനു സിഗറ്റു വലിക്കുന്നതിലാണു് ആനന്ദമെങ്കിൽ, മറ്റൊരാളിനു അതിന്റെ മണംതന്നെ സഹിക്കാൻ കഴിയുന്നില്ല. അപ്പോൾ വസ്തുവിലല്ല ആനന്ദം, ആനന്ദം ഉള്ളിലാണു്.

ഒരു കർമ്മവും ചെയ്യാതെ മടിപിടിച്ചിരിക്കുന്ന ഒരുവനോടു്, 'ഇതിലും ഭേദം പോയി മോഷ്ടിക്കുന്നതാണു്' എന്നു ഗുരു പറഞ്ഞെന്നിരിക്കും. തിന്നും കുടിച്ചും മടിപിടിച്ചും കഴിയുന്നതിലും നല്ലതു മോഷ്ടിക്കുന്നതാണെന്നു പറയുമ്പോൾ അവിടുന്നു് എന്താണു് ഉദ്ദേശിക്കുന്നതെന്നു് അറിയുവാനുള്ള നിഷ്കളങ്കത മനസ്സിനുണ്ടാവണം. മടിയന്മാരായിക്കഴിയുന്ന താമസന്മാരോടു തമസ്സകറ്റി രജസ്സിലേക്കു യരാനാണു ഗുരു പറയുന്നതു്. ഒന്നും ചെയ്യാതെ മടിപിടിച്ചു സമയംകളയുന്ന തമസ്സുബാധിച്ചവരെക്കാൾ വേഗം ലക്ഷ്യത്തിലെത്താൻ കഴിയുക രാജസസ്വഭാവമുള്ളവർക്കാണു്. തമസ്സിനെക്കാൾ ഭേദമാണു രജസ്സു് എന്നേ ഇവിടെ

അർത്ഥമാക്കുന്നുള്ളൂ.

4

ഗുരുവിനു നമ്മെ പൂർണ്ണമായും സമർപ്പിക്കുക. അതാണു ശിഷ്യനു തന്റെ വളർച്ചയ്ക്കു വേഗത കൂട്ടാൻ ലളിതമാർഗ്ഗം. അവിടുത്തെ ഏതു വാക്കും സംശയലേശമെന്യേ അനുസരിക്കുക. അതിനുള്ള ഒരു മനസ്സിനെ വളർത്തിയെടുക്കുക. പിന്നെയെല്ലാം എളുപ്പമാണു്.

ഗുരു എന്തൊക്കെ ഉപദേശിച്ചാലും ആദ്യം ശിഷ്യനിൽ ഉയരുന്നതു്, അവന്റെ ഇച്ഛയായിരിക്കും. അതനുസരിച്ചു പ്രവർത്തിക്കും. തെറ്റുകൾ സംഭവിക്കും. അതു ദുഃഖകാരണമായിത്തീരും. അപ്പോൾ ബോദ്ധ്യമാകും താൻ അനുസരിച്ചതു സ്വന്തം ഇച്ഛയെയാണു്, ഗുരുവിന്റെ ഇച്ഛയെയല്ല എന്നു്. ഈ തിരിച്ചറിവു്, പിന്നീടു ഗുരുവിന്റെ ഇച്ഛയ്ക്കൊത്തു നീങ്ങുവാൻ ശിഷ്യനെ പ്രാപ്തനാക്കും. ആ സമർപ്പണത്തിലൂടെ അനുഭവിക്കുവാനാകുന്ന ശാന്തിയും ആനന്ദവും ഗുരുവിനോടുള്ള സമർപ്പണത്തിൽ ഉറച്ചുനില്ക്കുവാൻ ശിഷ്യനു പ്രേരണയാകും. ഒടുവിൽ ഗുരുവിന്റെ ഇച്ഛയ്ക്കു മുമ്പിൽ തന്റെ ഇച്ഛകൾ പൂർണ്ണമായും സമർപ്പിക്കാൻ ശിഷ്യൻ തയ്യാറാകും. അങ്ങനെ ശിഷ്യന്റെ ആത്മാർത്ഥമായ ശ്രമംകൊണ്ടു അവനുള്ളിൽത്തന്നെ ഗുരു ഉണരും. അങ്ങനെ സംഭവിക്കണമെങ്കിൽ ശ്രദ്ധ, ക്ഷമ, അർപ്പണഭാവം, ശുഭാപ്തിവിശ്വാസം ഇവയൊക്കെ ആവശ്യമാണു്.

ആദ്ധ്യാത്മികപാതയിൽ തെറ്റുകൾ സംഭവിക്കുക സ്വാഭാവികമാണു്. എന്നാലതിൽ പതറേണ്ടതില്ല. കാരണം, തെറ്റിൽനിന്നാണു ശരിയിലേക്കു പോകുന്നതു്. ചെളി

യിൽനിന്നാണു താമര വിരിയുന്നതു്. നിഷ്കളങ്കതയുണ്ടെങ്കിൽ തെറ്റുതിരുത്തി നമുക്കു മുന്നോട്ടുപോകുവാൻ കഴിയും. എന്നാൽ തെറ്റു തിരുത്തി ശരിയിലേക്കു മുന്നേറാൻ ശ്രമിക്കാതിരിക്കുന്നതാണു് ഏറ്റവും വലിയ അപരാധം. കൊച്ചുകുഞ്ഞുങ്ങൾ നടക്കാൻ ശ്രമിക്കും. അവർ മറിഞ്ഞു വീഴും. വീണ്ടും എഴുന്നേറ്റു നടക്കാൻ ശ്രമിക്കും. വീണ്ടും വീഴും. വീണാൽ എന്നെ രക്ഷിക്കാൻ അമ്മയുണ്ടെന്ന വിശ്വാസം അവനെ വീണ്ടും മുന്നോട്ടു പോകുവാൻ പ്രേരിപ്പിക്കുന്നു. ഇതുപോലെ, ഏതു് ആപത്തിലും നമ്മളെ രക്ഷിക്കാൻ പരമാത്മാവുണ്ടെന്ന വിശ്വാസം നമുക്കു മുന്നോട്ടുപോകുവാനുള്ള പ്രേരണയാണു്, ശക്തിയാണു്. ശിഷ്യന്റെ 'അഹം' കാരണം ഇതൊന്നും തുടക്കത്തിൽ ഉണ്ടായില്ലെന്നുവരും. നിഷ്കളങ്കതയും ലക്ഷ്യബോധവുമുണ്ടെങ്കിൽ ഇവയെല്ലാം ക്രമേണ വന്നുകൊള്ളും.

നമ്മുടെ ശരീരം വളർന്നു. എന്നാൽ മനസ്സു് വളർന്നില്ല. മനസ്സു് വളരണമെങ്കിൽ കുഞ്ഞാകണം. അതിനുവേണ്ടതു തുടക്കക്കാരനായിരിക്കാൻ പഠിക്കുകയെന്നതാണു്. തനിക്കെല്ലാം അറിയാം എന്ന ഭാവത്തിൽനിന്നാൽ ഒന്നും പഠിക്കാൻ കഴിയില്ല. പാത്രം നിറഞ്ഞിരുന്നാൽ അതിലേക്കെന്താണു പകരാൻ കഴിയുക? വെള്ളത്തിലേക്കു ബക്കറ്റു താഴുമ്പോൾ മാത്രമേ അതു നിറയുന്നുള്ളൂ. നോബൽസമ്മാനം നേടിയ ശാസ്ത്രജ്ഞനാണെങ്കിലും ഓടക്കുഴൽ വായിക്കാൻ പഠിക്കണമെങ്കിൽ ഒരു തുടക്കക്കാരനായി ഒരു ഗുരുവിന്റെ മുന്നിൽ ശിഷ്യപ്പെടണം. താനൊരു നോബൽജേതാവായ ശാസ്ത്രജ്ഞനല്ലേ എന്നു ചിന്തിച്ചുകൊണ്ടിരുന്നാൽ ഓടക്കുഴൽ വായന പഠിക്കാൻ കഴിയില്ല. ഒരാൾ ഭൗതികലോകത്തു പല വിദ്യകളിലും വലിയ ആളാ

യിരിക്കാം. പക്ഷേ, ആത്മവിദ്യയിൽ തുടക്കക്കാരൻതന്നെയാണു്. അതുനേടാൻ തലകുനിച്ചേ പറ്റൂ. ഒരേ താക്കോലുകൊണ്ടു് എല്ലാ പെട്ടികളും തുറക്കാൻ സാധിക്കില്ല. തലകുനിക്കാൻ കഴിയാത്തിടത്തോളം, ആത്മവിദ്യയിൽ ഒരിഞ്ചു മുന്നേറാൻ കഴിയില്ല.

ജിജ്ഞാസയോടെയും നിഷ്കളങ്കതയോടെയുമാണു നാം ഗുരുവിനെ സമീപിക്കുന്നതെങ്കിൽ അവിടുത്തെ വാക്കുകൾ ശരിയായ അർത്ഥത്തിൽ ഗ്രഹിക്കുന്നതിനു തടസ്സമുണ്ടാകില്ല. ആത്മവിദ്യയാകുന്ന പെട്ടി തുറക്കാനുള്ള താക്കോൽ, നിഷ്കളങ്കതയും ഗുരുവിങ്കലുള്ള സമർപ്പണവുമാണു്.

ഈശ്വരനെ പ്രാപിക്കുന്നതിനുള്ള ആത്മാർത്ഥമായ ആഗ്രഹവും മറ്റുള്ളവരുടെ മുന്നിലുള്ള വിനയവും അതാണു ഒരു ശിഷ്യനുവേണ്ടതു്. ഇതിനെ ഉണർത്തിയെടുക്കുക. അപ്പോൾ നമ്മൾ എല്ലാം സ്വീകരിക്കാൻ പ്രാപ്തരാകും. അതോടെ നമ്മൾ നിറയുകയാണു്. നമ്മളറിയാതെ നമ്മുടെയുള്ളിൽ ആത്മജ്ഞാനം നിറയുകയാണു്.

ചോദ്യം: ഭാരതത്തിലും വിദേശങ്ങളിലും വർഷങ്ങളായി അമ്മ യാത്രചെയ്യുന്നു. ഈ കാലയളവിനുള്ളിൽ യൂറോപ്പിലും അമേരിക്കയിലും എന്തെല്ലാം മാറ്റങ്ങളാണു സംഭവിച്ചതു്?

അമ്മ: മക്കളേ, അമ്മയ്ക്കു ഭാരതം, അമേരിക്ക, യൂറോപ്പു് എന്നിങ്ങനെ വ്യത്യാസങ്ങളൊന്നുമില്ല. അവിടെയുള്ളവരും ഇവിടെയുള്ളവരും അമ്മയുടെ മക്കൾതന്നെ. എന്നാൽ പാശ്ചാത്യരാജ്യങ്ങളും ഭാരതവും തമ്മിൽ സംസ്കാരത്തിൽ വ്യത്യാസമുണ്ടു്. ഓരോ സ്ഥലത്തെയും

ഭൂപ്രകൃതിയും സാമ്പത്തികസ്ഥിതിയും ജനങ്ങളുടെ മാനസികവളർച്ചയുമെല്ലാമാണു ജനതയുടെ സംസ്കാരത്തെ രൂപപ്പെടുത്തുന്നതു്. ആ തലത്തിൽ വ്യത്യാസങ്ങളുണ്ടെന്നു പറയാം. ഇവിടെ റോഡിന്റെ ഇടതുവശത്തുകൂടിയാണു വാഹനം ഓടിക്കുന്നതെങ്കിൽ അവിടെ വലതുവശത്തുകൂടി വേണം വാഹനങ്ങൾ ഓടിക്കുവാൻ. ഇതുപോലെയുള്ള വ്യത്യാസങ്ങൾ സംസ്കാരങ്ങൾ തമ്മിലുമുണ്ടു്.

എന്നാൽ സ്നേഹത്തിന്റെയും ശാന്തിയുടെയും സ്വരൂപം എവിടെയും ഒന്നുതന്നെ. രാഷ്ട്രങ്ങളുടെ അതിർവരമ്പുകൾക്കു് ഇതിനു വ്യത്യാസം സൃഷ്ടിക്കാനാവില്ല. ഇവിടുത്തെ പശുവിന്റെ പാലും അമേരിക്കയിലെ പശുവിന്റെ പാലും യൂറോപ്പിലെ പശുവിന്റെ പാലും വെളുത്തതുതന്നെയാണു്. ഇവിടുത്തെ തീയുടെയും അവിടുത്തെ തീയുടെയും സ്വഭാവം ഒന്നുതന്നെ. ഇവിടുത്തെ തേനിനും അവിടുത്തെ തേനിനും മധുരംതന്നെ. ഇതുപോലെ സ്നേഹം ഏതു രാജ്യത്തുള്ള ജനങ്ങൾക്കും പകരുന്ന അനുഭൂതി ഒന്നുതന്നെയാണു്. ശാന്തിയുടെ അനുഭവവും ഒരുപോലെയാണ്. സ്നേഹവും ശാന്തിയും നുകരുന്നതിനു ഭാഷയോ, വർഗ്ഗമോ, വർണ്ണമോ ഒരിക്കലും തടസ്സമാകുന്നില്ല. അതൊന്നുമാത്രമാണു് ഏതു രാജ്യത്തു ചെന്നാലും അമ്മയെയും മക്കളെയും ഒന്നിപ്പിക്കുന്ന ഘടകം. അമ്മ അതുമാത്രമേ കാണുന്നുള്ളൂ.

ഇത്രയും കാലത്തെ അനുഭവം വച്ചുനോക്കുമ്പോൾ അവിടുത്തെ ജനങ്ങളിൽ പൊതുവെ ആദ്ധ്യാത്മികജിജ്ഞാസ വർദ്ധിച്ചുവരുന്നതായി അമ്മ കാണുന്നുണ്ടു്. അവിടുത്തെ ജനങ്ങൾക്കു് എല്ലാത്തരം സ്വാതന്ത്ര്യവുമുണ്ടു്. കറുത്ത തൊലി വെളുപ്പിക്കാം. വെളുത്ത തൊലി കറുപ്പി

ക്കാം. സ്ത്രീക്കു പുരുഷനാകാം. പുരുഷനു സ്ത്രീയാകാം. പ്രായംകൊണ്ടുണ്ടാകുന്ന തൊലിയുടെ ചുളിവു ഓപ്പറേഷനിലൂടെ മാറ്റിയെടുക്കാം. മുടിയുടെ ഒരു ഭാഗം നീലയാക്കാം. ഒരു ഭാഗം മഞ്ഞയാക്കാം. മറ്റൊരു ഭാഗം ചെമപ്പാക്കാം. മുടിക്കു് ഏതു നിറം വേണമെങ്കിലും നല്കാം. പെണ്ണിനു പെണ്ണിനെ കല്യാണം കഴിക്കാം. ആണിനു് ആണിനെ കല്യാണം കഴിക്കാം. ഏതു സിറ്റിയിലും മാറിമാറിത്താമസിക്കാം. എങ്ങനെയും വസ്ത്രം ധരിക്കാം. എന്നാൽ ഇത്രയൊക്കെ സ്വാതന്ത്ര്യമുണ്ടായിട്ടും അവർക്കും ദുഃഖമുണ്ടു്; നിരാശയുണ്ടു്. ഇതിൽനിന്നു് അവർ മനസ്സിലാക്കി, ശരിയായ സ്വാതന്ത്ര്യം എന്നാൽ പുറമെയുള്ളതല്ല, അതു് ഉള്ളിൽനിന്നു വരേണ്ടതാണു്, തന്നിൽത്തന്നെ കണ്ടെടുക്കേണ്ടതാണെന്നു്. ഈ അറിവു് അവരെ ഉള്ളിലേക്കു നോക്കുവാൻ പ്രേരിപ്പിച്ചു. അവരെ ആദ്ധ്യാത്മിക ജിജ്ഞാസയുള്ള വരാക്കി മാറ്റി.

അവർ ഭൗതികത വിട്ടു് ആത്മീയതയിലേക്കു തിരിയുന്നു. പാശ്ചാത്യർ, ഭാരതീയസംസ്കാരത്തെക്കുറിച്ചു പഠിക്കുവാനും അതു് ഉൾക്കൊള്ളുവാനും തുടങ്ങി. എന്നാൽ നമ്മൾ ഭൗതികതയിൽ കൂടുതൽ മുഴുകുകയും പാശ്ചാത്യരെ അനുകരിക്കുവാൻ തിരക്കുകൂട്ടുകയും ചെയ്യുന്നു. ഇതിലൊന്നുമല്ല സംതൃപ്തി എന്നറിഞ്ഞു് അവർ ചവച്ചുതുപ്പിയതു്, നമ്മൾ വലുതെന്നു കരുതി എടുത്തു വിഴുങ്ങുന്നു. നമ്മുടെ സനാതനമൂല്യങ്ങളെ അവഗണിക്കുന്നു. എന്നാൽ വിലപ്പെട്ട ആ മൂല്യങ്ങളെ ഉൾക്കൊള്ളാൻ അവർ വെമ്പുന്നു.

ഒരു കാര്യം പറഞ്ഞാൽ അതു മനസ്സിലാക്കുവാൻ ശ്രമിക്കുന്നവരാണു പാശ്ചാത്യർ. ഇവിടെയുള്ള മക്കൾക്കു

ബുദ്ധിയുണ്ടു്, പക്ഷേ, ബോദ്ധ്യപ്പെട്ടാലും അംഗീകരിക്കാൻ ബുദ്ധിമുട്ടാണു്. (എല്ലാവരും അങ്ങനെയാണെന്നു് അമ്മ പറയുന്നില്ല.) പാശ്ചാത്യർ അങ്ങനെയല്ല. ഒരു കാര്യം ബോദ്ധ്യപ്പെട്ടു കഴിഞ്ഞാൽ അംഗീകരിക്കുന്നതിൽ അവർക്കു യാതൊരു വിഷമവുമില്ല. അവരുടെ ഭൗതികപുരോഗതിക്കു് ഒരു കാരണം ഈ മനോഭാവമാണെന്നു പറയാം.

ഭാരതത്തിന്റെ യഥാർത്ഥ മൂല്യം അതിന്റെ സംസ്കാരമാണു്. അതു് ഇവിടെയുള്ളവർ മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. അതിന്റെ ആഴത്തിലേക്കു പോകുന്നില്ല. വിശ്വാസം ക്ഷേത്രത്തിൽ മാത്രം ഒതുങ്ങുന്നു. മറ്റുള്ളവരുടെ വാക്കുകളാൽ നഷ്ടമാകുവാൻ മാത്രം ശക്തിയേ ആ വിശ്വാസത്തിനുള്ളൂ. അതു് ആഴത്തിൽ വേരോടുന്നില്ല. അതിനാൽ നമ്മുടെ സംസ്കാരത്തിന്റെ ശാസ്ത്രീയത ഉൾക്കൊള്ളുവാൻ ഇവിടുള്ളവർ തയ്യാറാകണം.

പാശ്ചാത്യർ, അവർ ഏതിനെയും പഠിച്ചതിനുശേഷമാണു വിശ്വസിക്കുന്നതു്. ആ വിശ്വാസത്തിൽ അവർ ഉറച്ചുനില്ക്കുകയും ചെയ്യും. പക്ഷേ, നേരെമറിച്ചാണു നമ്മുടെ ജീവിതരീതി. അച്ഛൻ ക്ഷേത്രത്തിനു വലത്തിടുന്നതു കണ്ടു. അച്ഛന്റെ കൈപിടിച്ചു മകനും വലത്തിടുന്നു. മകൻ വലുതാകുമ്പോൾ തന്റെ മകനെയും അതു ശീലിപ്പിക്കുന്നു. എന്നാൽ ആരും ഇതെന്തിനാണെന്നോ, ഇതിന്റെ പ്രയോജനം എന്താണെന്നോ ചിന്തിക്കുന്നില്ല. ഭാരതീയസംസ്കാരത്തെക്കുറിച്ചു പഠിക്കുവാൻ പാശ്ചാത്യർ എഴുതിയ പുസ്തകങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണു് ഇപ്പോൾ വന്നുചേർന്നിട്ടുള്ളതു്.

2

ഇവിടെയുള്ളവർതന്നെ വിമർശിക്കുന്നതു കേട്ടിട്ടുണ്ടു്, 'ഹിന്ദുക്കൾ പ്രാകൃതന്മാരാണു്, അവരുടെതു പ്രാകൃതഭക്തിയാണു്. കുരങ്ങിനെയും ആനത്തലയുള്ള ഗണപതിയെയും ആരാധിക്കുന്നവരാണു്' എന്നും മറ്റും. എന്നാൽ ഇതിന്റെ പിന്നിലുള്ള ശാസ്ത്രീയത എത്രപേർ ഉൾക്കൊണ്ടിട്ടുണ്ടു്? ഇതിനെ അറിയാൻ എത്രപേർ ശ്രമിച്ചിട്ടുണ്ടു്? അറിയണമെന്നു് ആഗ്രഹിച്ചാൽത്തന്നെ അറിയാൻ എന്താണു മാർഗ്ഗം? ഇതൊക്കെ നമ്മൾ ഗൗരവമായി ചിന്തിക്കേണ്ട വിഷയങ്ങളാണു്.

വിദേശരാജ്യങ്ങളിൽച്ചെല്ലുമ്പോൾ, അവിടെ പലരുടെയും വീടുകളിൽ പല പെയിന്റിങ്ങുകളും കാണാറുണ്ടു്. ഒരു വീട്ടിൽ വരച്ചുവച്ചിരിക്കുന്നതു കണ്ടിട്ടു് എന്താണെന്നു പറയുവാൻ കഴിയുന്നില്ല. നാലഞ്ചു കളറും അഞ്ചാറു വരയും മാത്രം. ചൂലു പെയിന്റിൽ മുക്കി വരച്ചതാണെന്നു തോന്നും. ചോദിച്ചപ്പോഴാണറിയുന്നതു്, അഞ്ചു ലക്ഷം ഡോളറാണു് അതിന്റെ വില. അതു മോഷണം പോകാതിരിക്കാൻ ശമ്പളത്തിനു കാവൽക്കാരനെ നിർത്തിയിട്ടുണ്ടു്, എപ്പോഴും ശ്രദ്ധിക്കാൻ ക്യാമറ ഘടിപ്പിച്ചിട്ടുണ്ടു്. നമുക്കൊന്നും മനസ്സിലായില്ലെങ്കിലും അവർക്കതിനെക്കുറിച്ചു മണിക്കൂറുകളോളം വിശദീകരിക്കാനുണ്ടു്. അതു വരച്ചവരെ ആരും വിഡ്ഢികളെന്നു പറയാറില്ല. മറിച്ചു്, അവരെ വലിയ കലാകാരന്മാരായി അംഗീകരിക്കുന്നു. എത്രയോ പാവങ്ങൾ പട്ടിണികിടക്കുമ്പോൾ എന്തിനിത്ര വില നല്കി ഈ ചിത്രങ്ങൾ വാങ്ങി എന്നു് അതിന്റെ ഉടമസ്ഥരോടു് ആരും ചോദിക്കാറുമില്ല. എന്നാൽ സാധാരണക്കാർക്കു് ആ ചിത്രത്തിന്റെ അർത്ഥം വ്യക്തമായില്ല എന്നുകരുതി അതിന്റെ മൂല്യം കുറയുന്നുമില്ല. ഇതുപോലെ ഹിന്ദുമതത്തിലെ ദേവതകളുടെ

രൂപകല്പനകൾക്കു പിന്നിലെ തത്ത്വം മനസ്സിലാക്കുമ്പോഴേ അതിന്റെ മഹത്ത്വം അറിയാൻ കഴിയൂ.

ഹനുമാനെ ആരാധിക്കാൻ നിർദ്ദേശിക്കുന്നതിന്റെ പിന്നിലെ തത്ത്വത്തിലൂടെയും ഗണപതിയിലൂടെ നല്കുന്ന സന്ദേശത്തിലൂടെയും നമ്മുടെ പൂർവ്വികരുടെ അറിവും ബുദ്ധിയും അനുഭവവും എത്ര വലുതായിരുന്നു എന്നു മനസ്സിലാക്കുവാൻ കഴിയും.

പിന്നെ മറ്റു രാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളെക്കുറിച്ചു് എന്തെങ്കിലും പറയുവാൻ അമ്മ ഇഷ്ടപ്പെടുന്നില്ല. ഓരോ രാജ്യത്തു ചെല്ലുമ്പോഴും ആവക കാര്യങ്ങളെക്കുറിച്ചു് അവർ പലതും ചോദിക്കാറുണ്ടു്. അമ്മ ഒന്നും പറയാറില്ല. അക്കാര്യങ്ങൾ ചിന്തിക്കാൻ അവർക്കു സ്വാതന്ത്ര്യമുണ്ടു്. ആ രാജ്യങ്ങളിലെ ജനങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കേണ്ട കാര്യങ്ങളാണു് അവ. ഒരു കാര്യം പറയാതെവയ്യ. കഴിഞ്ഞ കുറെ വർഷങ്ങളായി അമ്മ അമേരിക്കയിൽപ്പോകുന്നു. ഇത്രയും കാലംകൊണ്ടു് സാധനങ്ങൾക്കു് അമേരിക്കയിലുണ്ടായ വില വർദ്ധനവിന്റെ എത്രയോ മടങ്ങു വിലക്കയറ്റം ഭാരതത്തിലുണ്ടായിരിക്കുന്നു.

വിദേശിമക്കൾ ഇവിടെയുള്ളവരെപ്പോലെ മടിയന്മാരല്ല, ഏതു ജോലി ചെയ്യുവാനും മനസ്സുള്ളവരാണു്. അവിടെ ഇവിടെക്കാണുന്നതുപോലെ മാസത്തിൽ ഇരുപതുദിവസം സമരമില്ല. (ശേഷിക്കുന്ന പത്തുദിവസം ഇവിടെയുള്ളവർ ജോലി ചെയ്യുന്നുണ്ടോ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു.) എന്നാൽ ഭാരതത്തിലെ മക്കൾതന്നെ വിദേശത്തു ചെന്നാൽ സംഗതി മാറും. ഇരുപത്തിരണ്ടു മണിക്കൂർവരെ വിദേശത്തു ജോലി

ചെയ്യാൻ ഇവിടെയുള്ളവർക്കു മടിയില്ല. അതിലധികം ജോലി ചെയ്യുന്നവരെ അമ്മയ്ക്കറിയാം! ഇരുപത്തിരണ്ടു മണിക്കൂർ ജോലി കഴിഞ്ഞുവന്നു്, സ്വന്തമായി ഭക്ഷണം പാകം ചെയ്തു കഴിച്ചിട്ടു കാലിഫോർണിയ ആശ്രമത്തിൽ വന്നു സേവനം ചെയ്യുന്ന ഭാരതത്തിലെ മക്കളുണ്ടു്. ഇവിടെനിന്നും പോയിക്കഴിഞ്ഞാൽ നമുക്കു് അദ്ധ്വാനിക്കാൻ മടിയില്ല.

ജപ്പാനിൽ പന്ത്രണ്ടു മണിക്കൂറെങ്കിലും ജോലി ചെയ്തില്ലെങ്കിൽ ഭാര്യമാർ വഴക്കുപറയും. അല്പം നേരത്തെ എത്തിയാൽ ഭാര്യമാർ ചോദിക്കും, 'എന്താ മനുഷ്യാ ഇന്നു ജോലിക്കു പോയിട്ടു നേരത്തെ മടങ്ങിയതു്' എന്ന്. എന്നാൽ ഇവിടെയാകട്ടെ ദിവസം എട്ടു മണിക്കൂർതന്നെ ജോലി ചെയ്യുന്നുണ്ടോ എന്നു സംശയം. ഊണും വിശ്രമവും ചായകുടിയും കഴിഞ്ഞാൽപ്പിന്നെ എത്ര സമയം ജോലിചെയ്യുവാൻ ലഭിക്കും! വിദേശരാജ്യങ്ങളിലെ ഉയർച്ചയ്ക്കു കാരണം അവിടെയു ള്ളവരുടെ അദ്ധ്വാനമാണു്.

ഇവിടെയുള്ളവരിൽ അങ്ങേയറ്റം ബുദ്ധിയും കഴിവുമുണ്ടെങ്കിലും അവരിൽ മടിയാണു മുന്നിട്ടു നില്ക്കുന്നതു്. ഉള്ള ജോലിതന്നെ എങ്ങനെ കുറയ്ക്കാമെന്നാണു ചിന്ത. എന്നാൽ വേതനത്തിന്റെ കാര്യത്തിൽ ഒരു കുറവും അംഗീകരിക്കില്ല. നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി എന്തുചെയ്യാൻ കഴിയും എന്നു ചിന്തിക്കുന്നില്ല. ഈ മനോഭാവം മാറാതെ എങ്ങനെ രാഷ്ട്രം പുരോഗതി പ്രാപിക്കും? അഥവാ പുരോഗതി നേടിയാൽത്തന്നെ അതിനെ താങ്ങിനിർത്തുവാനുള്ള ശേഷിയില്ലാതെ പോകുന്നു. അമ്മ ഇങ്ങനെ പറഞ്ഞുവെങ്കിലും ഭാരതം പുരോഗതിയുടെ പാതയിൽത്തന്നെയാണു്. പക്ഷേ, അതിനെ

നിലനിർത്താനുള്ള ശക്തി ചോർന്നുപോകുവാൻ പാടില്ല. നമ്മൾ ഉണർന്നെങ്കിലും കിടക്കവിട്ടു് എഴുന്നേറ്റി ട്ടില്ല. ഉണർന്നതുകൊണ്ടു മാത്രമായില്ല. എഴുന്നേല്ക്കണം... എഴുന്നേറ്റു പ്രവർത്തിക്കണം... എങ്കിലേ, ഉണർന്നതിന്റെ പ്രയോജനം ലഭിക്കൂ. രാഷ്ട്രം പുരോഗതി പ്രാപിക്കൂ. ഭാരതം മറ്റു രാഷ്ട്രങ്ങൾക്കും വെളിച്ചമാകൂ.

മക്കളെ.

നമ്മുടെ പാതയിലെ വിഘ്നങ്ങൾ കണ്ടു നാം നിരാശരാകരുതു്. ചുറ്റുമുള്ള ഇരുൾകണ്ടു മക്കൾ ഭയക്കരുതു്. മക്കളുടെ കൈയിൽ ഒരു ദീപമുണ്ടു്. വിശ്വാസമാകുന്ന ദീപം. ഓരോ കാൽവയ്പിലും ആ വെളിച്ചം, ആ കൃപ നമ്മെ നയിച്ചുകൊള്ളും. ചിലപ്പോൾ മുന്നോട്ടുള്ള യാത്രയിൽ നാം വീണുപോയെന്നിരിക്കും. എന്നാൽ വീണുപോയെന്നു കരുതി അവിടെത്തന്നെ കിടക്കരുതു്. എഴുന്നേല്ക്കണം. പതറാതെ വീണ്ടും മുന്നോട്ടു നടക്കണം. ഓരോ പരാജയവും നമുക്കു പഠിക്കാനുള്ള പാഠമാണു്. നിരാശനാകാനല്ല; കൂടുതൽ കരുത്താർജ്ജിച്ചു പ്രയത്നം തുടരാനുള്ള സമയമാണു്. പ്രഭാതത്തെ ഗർഭത്തിലേറ്റിയാണു് ഓരോ സന്ധ്യയും വരുന്നതെന്നു നാം ഓർക്കണം. ഇരുൾ ഒരിക്കലും അധികം നീണ്ടുനില്ക്കില്ല. സമയമാകുമ്പോൾ തീർച്ചയായും പ്രഭാതം പൊട്ടിവിടരും. ഈ യാത്രയിൽ നാം ഒറ്റയ്ക്കല്ല, അവിടുന്നു് എപ്പോഴും നമ്മുടെ കൂടെയുണ്ടു്. നമ്മുടെ കൈപിടിക്കാൻ അവിടുത്തെ അനുവദിക്കുക. എവിടെ സമർപ്പണമുണ്ടോ, അവിടെ തീർച്ചയായും കൃപയുണ്ടാവും, വിജയമുണ്ടാവും.

-അമ്മ

Amritavahini (Malayalam)

അമ്മ പല അവസരങ്ങളിലായി
പല സദസ്സുകളിൽ നല്കിയ
അമൃതസന്ദേശങ്ങൾ മാതൃവാണിയിൽ
'അമ്മയുടെ സന്ദേശ'മായി
പ്രതിമാസം പ്രസിദ്ധീകരിച്ചു വന്നവ,
25 ശീർഷകങ്ങളിലായി 'അമൃതവാഹിനി'
എന്ന ഈ അമൂല്യഗ്രന്ഥത്തിൽ
സംഗ്രഹിച്ചിരിക്കുന്നു. ജീവിതത്തിന്റെ
എല്ലാ വശങ്ങളെയും സ്പർശിക്കുന്നതും
ലോകം ഇന്നു നേരിടുന്ന
എല്ലാ പ്രശ്നങ്ങൾക്കും
പരിഹാരമേകുന്നതുമായ അമ്മയുടെ
പ്രായോഗിക ഉപദേശങ്ങളാണിതിൽ.

MATA AMRITANANDAMAYI MISSION TRUST
Amritapuri P.O., Kollam Dist., Keralam, India 690 546
www.amritapuri.org